**പതിമൂന്നാം കേരള നിയമസഭ**

# ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി
# (2011-2014)

**പതിനഞ്ചാമത് റിപ്പോർട്ട്**

( 2012 ഡിസംബർ മാസം 18-ാം തീയതി സഭയിൽ സമർപ്പിച്ചത്)

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2012

പതിമൂന്നാം കേരള നിയമസഭ

## ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി
## (2011-2014)

## പതിനഞ്ചാമത് റിപ്പോർട്ട്

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2002–2003 മുതൽ 2004–2005 വരെ വർഷങ്ങളിലേക്കുള്ള സമാഹൃത ഓഡിറ്റ് റിപ്പോർട്ടുകളിൽ ഉൾപ്പെട്ടിട്ടുള്ള കേരള സംസ്ഥാന സർവ്വവിജ്ഞാനകോശ ഇൻസ്റ്റിറ്റ്യൂട്ട്, ബാല സാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്, സംസ്ഥാന ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, സ്പോർട്ട്സ് ആന്റ് യൂത്ത് അഫയേഴ്സ് ഡയറക്ടറേറ്റ് എന്നിവയുമായി ബന്ധപ്പെട്ട ഓഡിറ്റ് ഖണ്ഡികകൾ സംബന്ധിച്ച്]

2370/2012.

## ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| മുഖവുര | .. | vii |
| റിപ്പോർട്ട് | .. | 1 |
| അനുബന്ധം : പ്രധാനപ്പെട്ട നിഗമനങ്ങളും ശുപാർശകളും | .. | 63 |

## ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി (2011-2014)

### ഘടന

അദ്ധ്യക്ഷൻ :

ശ്രീ. വർക്കല കഹാർ

അംഗങ്ങൾ :

ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി
,, കെ. അച്ചുതൻ
,, എം. ചന്ദ്രൻ
,, കെ. കെ. ജയചന്ദ്രൻ
,, എൻ. ഷംസുദ്ദീൻ*
,, മുല്ലക്കര രത്നാകരൻ
,, കെ. ശിവദാസൻ നായർ
,, പി. ശ്രീരാമകൃഷ്ണൻ
,, ജി. സുധാകരൻ
,, എം. എ. വാഹീദ്.

നിയമസഭാ സെക്രട്ടേറിയറ്റ് :

ശ്രീ. പി. ഡി. ശാരംഗധരൻ, സെക്രട്ടറി
,, എസ്. തുളസീധരൻ, ജോയിന്റ് സെക്രട്ടറി
ശ്രീമതി ജി. സുമകുമാരി, ഡെപ്യൂട്ടി സെക്രട്ടറി
,, എ. ഷൈല, അണ്ടർ സെക്രട്ടറി.

---

* ശ്രീ. കെ. എൻ. എ. ഖാദർ, എം.എൽ.എ. സമിതി അംഗത്വം രാജിവച്ച ഒഴിവിലേക്ക് 2012 ജൂൺ 20 പ്രാബല്യത്തിൽ തെരഞ്ഞെടുക്കപ്പെട്ടു.

# മുഖവുര

ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ അദ്ധ്യക്ഷനായ ഞാൻ, കമ്മിറ്റിയുടെ നിയോഗാനുസരണം സമിതിയുടെ (2011-14) പതിനഞ്ചാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടുകളിൽ (2002-2003 മുതൽ 2004-2005 വരെയുള്ള) ഉൾപ്പെട്ടിട്ടുള്ള കേരള സംസ്ഥാന സർവ്വ വിജ്ഞാനകോശ ഇൻസ്റ്റിറ്റ്യൂട്ട്, ബാല സാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്, സംസ്ഥാന ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, സ്പോർട്ട്സ് ആന്റ് യൂത്ത് അഫയേഴ്സ് ഡയറക്ടറേറ്റ് എന്നിവയെ സംബന്ധിച്ച ഓഡിറ്റ് ഖണ്ഡികകളുടെ പരിശോധനയുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയിതാണ് ഈ റിപ്പോർട്ട്.

2012 സെപ്റ്റംബർ മാസം 20-ാം തീയതി ചേർന്ന സമിതി യോഗത്തിലാണ് ഈ റിപ്പോർട്ട് അംഗീകരിച്ചത്.

ഓഡിറ്റ് ഖണ്ഡികകളുടെ പരിശോധനയിൽ സമിതിക്കാവശ്യമായ സഹായ സഹകരണങ്ങൾ നൽകിയ ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറോട് സമിതിക്കുള്ള നന്ദി രേഖപ്പെടുത്തുന്നു.

**വർക്കല കഹാർ,**

*അദ്ധ്യക്ഷൻ,*
*ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി.*

തിരുവനന്തപുരം,
2012 ഡിസംബർ 18.

# റിപ്പോർട്ട്

## കേരള സംസ്ഥാന സർവ്വവിജ്ഞാനകോശ ഇൻസ്റ്റിറ്റ്യൂട്ട്, ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്, സംസ്ഥാന ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, സ്പോർട്ട്സ് ആന്റ് യൂത്ത് അഫയേഴ്സ് ഡയറക്ടറേറ്റ് എന്നിവയെ സംബന്ധിച്ചത്

## കേരള സംസ്ഥാന സർവ്വവിജ്ഞാനകോശ ഇൻസ്റ്റിറ്റ്യൂട്ട്

ഓഡിറ്റ് ഖണ്ഡിക

**സർവ്വവിജ്ഞാനകോശം ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ കൈവരിക്കുന്നതിലുണ്ടാകുന്ന കാലതാമസം**

സർവ്വവിജ്ഞാനകോശങ്ങളുടെ പ്രസിദ്ധീകരണം 1961-ൽ ആരംഭിച്ചുവെങ്കിലും, ഇതുവരെ 11 വാല്യങ്ങൾ മാത്രമേ പ്രസിദ്ധീകരിച്ചിട്ടുള്ളൂ. ഈ നില തുടർന്നാൽ ഒരു വർഷം ഒരു വാല്യം എന്ന പ്രഖ്യാപിത ലക്ഷ്യത്തോടെ മൊത്തം 20 വാല്യങ്ങളുടെ പ്രസിദ്ധീകരണം പൂർത്തിയാക്കാൻ ഇനിയും അനേകം വർഷങ്ങൾ വേണ്ടിവരും. വിശ്വസാഹിത്യ വിജ്ഞാനകോശങ്ങളുടെ പ്രസിദ്ധീകരണത്തിലും വളരെയധികം കാലതാമസം നേരിടുന്നുണ്ട്. 10 വർഷത്തിനുള്ളിൽ 10 വാല്യങ്ങൾ പ്രസിദ്ധീകരിക്കണമെന്ന ലക്ഷ്യത്തോടെ 2/1984-ൽ ആരംഭിച്ച ഈ പദ്ധതിയിൽ ഇതുവരെ 2 വാല്യങ്ങൾ മാത്രമേ പ്രസിദ്ധീകരിച്ചിട്ടുള്ളൂ. സ്ഥാപനത്തിൽ ഉയർന്ന വിദ്യാഭ്യാസ യോഗ്യതയുള്ള എഡിറ്റോറിയൽ വിഭാഗം നിലവിലുള്ളപ്പോൾ തന്നെ വിജ്ഞാന കോശങ്ങൾക്ക് ആവശ്യമായ ലേഖനങ്ങൾ അവയുടെ സംശോധന മുതലായവയുടെ സിംഹഭാഗവും പുറത്തുള്ളവരെ കൊണ്ട് ചെയ്യിക്കുന്നതിനാൽ സ്ഥാപനത്തിന് കടുത്ത സാമ്പത്തിക ബാധ്യത വന്നിട്ടുള്ളതായി ഓഡിറ്റിൽ കണ്ടെത്തി. വിജ്ഞാനകോശം വാല്യങ്ങൾ പ്രസിദ്ധീകരിക്കുന്നതിൽ കാണുന്ന അസാധാരണമായ കാലതാമസം ഒഴിവാക്കുന്നതിനും ലക്ഷ്യപ്രാപ്തിയിൽ എത്തുന്നതിനും വേണ്ട കർശന നടപടികൾ സ്വീകരിക്കുന്നതിനായി ഇക്കാര്യങ്ങൾ ഭരണവകുപ്പിന്റേയും സർക്കാരിന്റേയും പ്രത്യേക ശ്രദ്ധയിൽപ്പെടുത്തുന്നു.

[ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2002-03-ലെ സമാഹൃത റിപ്പോർട്ടിലെ ഓഡിറ്റ് ഖണ്ഡിക നമ്പർ V(1)(i)]

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി ചുവടെ ചേർക്കുന്നു :

"സർവ്വവിജ്ഞാനകോശം 20 വാല്യങ്ങളിലായും വിശ്വസാഹിത്യ വിജ്ഞാനകോശം 10 വാല്യങ്ങളിലായും പ്രസിദ്ധീകരിക്കുക എന്ന അതിബൃഹത്തായ സംരംഭമാണ് ഈ സ്ഥാപനം ഏറ്റെടുത്തിരിക്കുന്നത്. അതിൽ സർവ്വവിജ്ഞാനകോശം 13 വാല്യങ്ങളും വിശ്വസാഹിത്യ വിജ്ഞാനകോശം 5 വാല്യങ്ങളും പരിസ്ഥിതി വിജ്ഞാനകോശം എന്ന ഏകവാല്യവും പ്രസിദ്ധീകരിച്ചു. ഇതിനുപുറമെ പ്രസിദ്ധീകരിച്ച സർവ്വവിജ്ഞാനകോശം 1 മുതൽ 10 വരെയുള്ള വാല്യങ്ങൾ പരിഷ്ക്കരിച്ച് പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും അതനുസരിച്ച് പരിഷ്ക്കരിച്ച ഒന്നാം വാല്യം പ്രസിദ്ധീകരിക്കുകയും ചെയ്തു.

സർവ്വവിജ്ഞാനകോശത്തിന്റെയും വിശ്വസാഹിത്യ വിജ്ഞാനകോശത്തിന്റെയും ശേഷിക്കുന്ന വാല്യങ്ങൾ സമയബന്ധിതമായി പ്രസിദ്ധീകരിക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിച്ചിട്ടുണ്ട്. 1999-ൽ ഇൻസ്റ്റിറ്റ്യൂട്ടിലെ നിയമനങ്ങൾ പി.എസ്.സി.യ്ക്കു വിടുകയും, അതനുസരിച്ചുള്ള തുടർനടപടികൾ പൂർത്തിയാക്കി വരുന്നതിനാൽ ഇൻസ്റ്റിറ്റ്യൂട്ടിൽ നിന്നും വിരമിച്ച എഡിറ്റോറിയൽ വിഭാഗം ജീവനക്കാർക്ക് പകരം ജീവനക്കാരെ ഇതുവരെ നിയമിക്കുവാൻ കഴിഞ്ഞിട്ടില്ല.

ജീവനക്കാരുടെ അഭാവം ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനത്തെയും സാരമായി ബാധിക്കുന്നു എന്നിരുന്നാലും നിലവിലുള്ള ജീവനക്കാരുടെ സഹകരണത്തോടെ സർവ്വവിജ്ഞാനകോശം 14-ാം വാല്യം, പരിഷ്കരിച്ച സർവ്വവിജ്ഞാനകോശം 2-ാം വാല്യം എന്നിവ 2007 ഡിസംബർ മാസത്തോടുകൂടി പ്രസിദ്ധീകരിക്കുന്നതാണ്. ഇതിനുപുറമെ സാഹിത്യ വിജ്ഞാനകോശം 6-ാം വാല്യം 2007 ഡിസംബർ മാസത്തിൽ തന്നെ പ്രസിദ്ധീകരിക്കുന്ന തരത്തിൽ പ്രവർത്തനം പുരോഗമിക്കുകയാണ്. വിജ്ഞാനകോശ വാല്യങ്ങൾ സമയബന്ധിതമായി പ്രസിദ്ധീകരിക്കുന്ന ലക്ഷ്യത്തിനായി 31-7-2007-ൽ കൂടിയ സ്റ്റാന്റിംഗ് കമ്മിറ്റി യോഗം ചർച്ച ചെയ്യുകയും, ജീവനക്കാരുടെ അഭാവം ഒഴിവാക്കുന്നതിനായി ഒഴിവുള്ള വിഷയങ്ങളിൽ 10 എഡിറ്റോറിയൽ അസിസ്റ്റന്റുമാരെ കരാർ അടിസ്ഥാനത്തിൽ നിയമിക്കുവാനും തീരുമാനിച്ചു. പ്രസ്തുത തീരുമാനപ്രകാരം നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

ഇതിനുപുറമെ വിജ്ഞാനകോശ വാല്യത്തിനാവശ്യമുള്ള പല ലേഖനങ്ങളും പുറത്തുള്ള ഭാഷാവിദഗ്ദ്ധരിൽ നിന്നും ശേഖരിക്കുന്നുണ്ട്. പലപ്പോഴും ലേഖനങ്ങൾ ലഭിക്കുന്നതിന് കാലതാമസം ഉണ്ടാകുന്നുണ്ട്.

സർവ്വവിജ്ഞാനകോശം എന്നത് എല്ലാ വിജ്ഞാനമേഖലകളിലും വ്യാപിച്ചുകിടക്കുന്ന അറിവിന്റെ സമഗ്രമായ സമന്വയമാണ്. ഇക്കാരണങ്ങളാൽ വിജ്ഞാനകോശങ്ങളിൽ ഉൾപ്പെടുത്തുന്ന വിവരങ്ങളുടെ പൂർണതയും ആധികാരികതയും ഉറപ്പുവരുത്തുന്നതിനുള്ള ബാധ്യത ഈ സ്ഥാപനത്തിനുണ്ട്. വാല്യങ്ങളിൽ ഉൾപ്പെടുത്തേണ്ട ശീർഷകങ്ങളെ സംബന്ധിച്ച വിവരങ്ങൾ ശേഖരിക്കുന്നതിന് പല രാജ്യങ്ങളിൽ നിന്നും പ്രസിദ്ധീകൃതമായ ആധികാരിക ഗ്രന്ഥങ്ങൾ പരിശോധിക്കുകയും ബന്ധപ്പെട്ട പ്രഗല്ഭ വ്യക്തികളുമായി ചർച്ച നടത്തുകയും, ആവശ്യമായി വന്നാൽ ചരിത്രപ്രാധാന്യമുള്ള സ്ഥലങ്ങൾ സന്ദർശിക്കുകയും ചെയ്യേണ്ടിവരും. അതുപോലെ എഡിറ്റർമാർ തയ്യാറാക്കുന്ന ലേഖനങ്ങൾ വിവിധ തലങ്ങൾ സൂക്ഷ്മപരിശോധനയ്ക്ക് വിധേയമാക്കി എഡിറ്റു ചെയ്യേണ്ടതുണ്ട്. ഇക്കാരണങ്ങളാൽ ഒരു സമയപരിധി നിർണയിക്കുക എന്നത് എപ്പോഴും പ്രായോഗികമാകാറില്ല. മുകളിൽ വിശദീകരിച്ച കാരണങ്ങളാലാണ് പ്രസിദ്ധീകരണങ്ങളിൽ കാലതാമസം ഉണ്ടാകുന്നത്".

സമിതി യോഗത്തിന്റെ സംക്ഷിപ്തം ചുവടെ ചേർക്കുന്നു :

ഓഡിറ്റ് തടസ്സങ്ങൾക്ക് യഥാസമയം വിശദീകരണം നൽകാത്തത് എന്തുകൊണ്ടാണെന്ന സമിതിയുടെ ചോദ്യത്തിന് വർഷംതോറുമുള്ള ഓഡിറ്റ് റിപ്പോർട്ടിന് മറുപടി കൊടുക്കാൻ ശ്രമിക്കാറുണ്ടെന്നും പുതിയ നിയമനം നടക്കാത്തതിനാൽ ആവശ്യത്തിനുള്ള സ്റ്റാഫിന്റെ അഭാവം ഗുരുതരമാണെന്നും എസ്.ഐ.ഇ.പി. ഡയറക്ടർ സമിതിയെ അറിയിച്ചു. ഇതുവരെ സർവ്വവിജ്ഞാന കോശത്തിന്റെ എത്ര വാല്യം പ്രസിദ്ധീകരിച്ചി

ട്ടുണ്ട് എന്നും വർഷത്തിൽ ഒന്ന് എന്ന ലക്ഷ്യത്തോടെ തുടങ്ങിയ പദ്ധതി എന്തുകൊണ്ടാണ് ഇപ്രകാരം ഇഴഞ്ഞുനീങ്ങുന്നത് എന്നുമുള്ള സമിതിയുടെ ചോദ്യത്തിന് വർഷത്തിൽ ഒന്ന് എന്ന ലക്ഷ്യത്തോടെ 1972-ലാണ് ആദ്യത്തെ വാല്യം പ്രസിദ്ധപ്പെടുത്തിയതെന്ന് എസ്.ഐ.ഇ.പി. ഡയറക്ടർ വ്യക്തമാക്കി. വർഷത്തിൽ ഒരു വാല്യം എന്ന ലക്ഷ്യം അന്നത്തെ ധാരണയിൽ വന്ന പിശകായിരിക്കാമെന്നും 800-900 പേജുവരുന്ന ഒരു വാല്യം നന്നായി ചെയ്യാൻ രണ്ടു വർഷമെങ്കിലും വേണ്ടിവരുമെന്നും അദ്ദേഹം അറിയിച്ചു. ഇൻസ്റ്റിറ്റ്യൂട്ടിന് സ്വന്തമായി കെട്ടിടമില്ലാത്തിനാൽ എട്ടു പ്രാവശ്യം പല സ്ഥലങ്ങളിലായി പ്രവർത്തിക്കേണ്ടിവന്നിട്ടുണ്ട്. ഓഫീസ് ഓരോ പ്രാവശ്യം ഷിഫ്റ്റ് ചെയ്യപ്പെടുമ്പോഴും അഞ്ചാറ് മാസം പ്രവർത്തനം തടസ്സപ്പെടുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. ഡയറക്ടറുടെ തസ്തികയിൽ ആളെ നിയമിക്കുന്നതിനുവന്ന കാലതാമസവും സ്റ്റാഫിന്റെ കുറവും പ്രസിദ്ധീകരണം വൈകുന്നതിനുള്ള പ്രധാന കാരണങ്ങളാണെന്നും SIEP ഡയറക്ടർ മറുപടി നൽകി.

2. യോഗ്യതയുള്ള 32 ഉദ്യോഗസ്ഥർ സ്ഥാപനത്തിൽ ഉണ്ടായിട്ടും മിക്കവാറും ജോലികൾ പുറത്തുള്ളവരെക്കൊണ്ട് ചെയ്യിക്കുന്നതിന്റെ കാരണം സമിതി ആരാഞ്ഞതിന് ചെറിയ ലേഖനങ്ങളെ മാത്രം ഉദ്ദേശിച്ചാണ് എഡിറ്റേഴ്സിനെ ഇവിടെ നിയമിക്കുന്നതെന്നും പ്രധാനപ്പെട്ട ലേഖനങ്ങളെല്ലാം പ്രൊഫസർമാർ, ശാസ്ത്രജ്ഞർ തുടങ്ങിയവരെ കൊണ്ടാണ് എഴുതിപ്പിക്കുന്നതെന്നും ഇപ്പോൾ ഇവിടെ 19 എഡിറ്റർമാർ മാത്രമേ ഉള്ളൂവെന്നും സ്റ്റാഫിന്റെ അഭാവം കാരണം വർഷത്തിൽ ഒരു വാല്യം എന്ന നിലയിൽ പ്രസിദ്ധീകരിക്കുന്നതിനുള്ള സാധ്യത ഇപ്പോൾ കുറവാണെന്നും SIEP ഡയറക്ടർ വ്യക്തമാക്കി.

3. ഉദ്യോഗസ്ഥരുടെ നിയമനം, സർവ്വീസ് കണ്ടീഷൻസ് എന്നിവ സംബന്ധിച്ച് സ്പെഷ്യൽ റൂൾസ് നിലവിലുണ്ടോയെന്നും സർവ്വവിജ്ഞാനകോശം ഇൻസ്റ്റിറ്റ്യൂട്ടിൽ നിലവിലുള്ള തസ്തികകളേയും അവയുടെ ശമ്പള സ്കെയിലുകളേയും സംബന്ധിക്കുന്ന ആധികാരിക രേഖകൾ ലഭ്യമാക്കാത്തതിന്റെ കാരണവും സമിതി ആരാഞ്ഞതിന് പ്രൊമോഷനെ സംബന്ധിച്ച് സ്പെഷ്യൽ റൂൾസ് ഉണ്ടെന്നും പക്ഷേ റൂൾസിന്റെ പേരിൽ തർക്കങ്ങൾ നിലവിലുണ്ടെന്നും പുതിയ പോസ്റ്റ് വരുമ്പോൾ പ്രൊമോഷൻ കൊടുക്കുമെന്നും, അധികംപേരും ഓരോ വിഷയത്തിനും റാങ്കുള്ളവരായതിനാൽ പ്രൊമോഷന് ജനനത്തീയതി ആണോ ജോയിനിംഗ് ഡേറ്റ് ആണോ കണക്കിലെടുക്കേണ്ടത് എന്നുള്ള തർക്കമാണ് പ്രധാനമായിട്ടുള്ളതെന്നും ഈ പ്രശ്നം കോടതിയുടെ പരിഗണനയിലാണെന്നും എസ്.ഐ.ഇ.പി. ഡയറക്ടർ വ്യക്തമാക്കി.

4. ശ്രീ. തമ്പാനെ ഡയറക്ടറാക്കി അവിടെ നിയമിക്കുമ്പോൾ സ്കെയിൽ ഓഫ് പേ നിയമന ഉത്തരവിൽ നൽകിയിട്ടില്ലായിരുന്നുവെന്നും അപ്രകാരം ചെയ്യാനുണ്ടായതിന്റെ കാരണമെന്താണെന്നും സമിതി ആരാഞ്ഞതിന് ഡയറക്ടറെ നിയമിക്കുമ്പോൾ ശമ്പളം ഫിക്സ് ചെയ്യുന്നത് ഗവൺമെന്റാണെന്ന് ഡയറക്ടർ വ്യക്തമാക്കി. താൻ കോളേജിൽ നിന്ന് വിരമിച്ച ശേഷം ഡയറക്ടറായി ചുമതല ഏറ്റെടുത്തതാണെന്നും പെൻഷൻ കഴിച്ച് ബാക്കി തുക ശമ്പളമായി നൽകും എന്ന വ്യവസ്ഥയിലാണ് താൻ ചുമതല ഏറ്റെടുത്തതെന്നും അത് ഫിക്സ് ചെയ്യുവാൻ കുറച്ച് കാലമെടുക്കുമെന്നും ഇവിടെ ശമ്പള സ്കെയിൽ ഉണ്ടെങ്കിലും ആ സ്കെയിലിലല്ല നിയമിക്കുന്നതെന്നും എസ്.ഐ.ഇ.പി. ഡയറക്ടർ മറുപടി നൽകി.

5. ഒരു സ്ഥാപനമെന്ന നിലയിൽ സ്പെഷ്യൽ റൂൾസ്, സ്റ്റാഫ് പാറ്റേൺ എന്നിവ ഉണ്ടായിരിക്കണമെന്നും കരാർ വ്യവസ്ഥയിലാണെങ്കിലും അതിനും വ്യവസ്ഥ വേണ മെന്നും ഇൻസ്റ്റിറ്റ്യൂട്ടിൽ നിലവിലുള്ള തസ്തികകളും അവരുടെ ശമ്പള സ്കെയിലും സംബന്ധിക്കുന്ന ആധികാരികമായ രേഖകളൊന്നും ലഭ്യമല്ലാത്തതിനാൽ എന്തടിസ്ഥാന ത്തിലാണ് പ്രൊമോഷനും മറ്റും നടത്തിവരുന്നതെന്നും വ്യക്തമല്ലെന്ന് സമിതി അഭിപ്രാ യപ്പെട്ടു.

സമിതി ആവശ്യപ്പെട്ടതനുസരിച്ച് സാംസ്കാരികകാര്യ (സി) വകുപ്പ് 23-9-2008-ലെ 4250/സി.1/08/CAD നമ്പർ കത്ത് മുഖേന ലഭ്യമാക്കി യിട്ടുള്ള മറുപടി ചുവടെ ചേർക്കുന്നു :

6. "ഉദ്യോഗസ്ഥരുടെ നിയമനം, സർവീസ് കണ്ടീഷൻസ് എന്നിവ സംബന്ധി ക്കുന്ന സ്പെഷ്യൽ റൂൾസിന്റെ കോപ്പിയും ഇൻസ്റ്റിറ്റ്യൂട്ടിൽ നിലവിലുള്ള തസ്തികക ളെയും അവയുടെ ശമ്പളസ്കെയിലുകളെയും സംബന്ധിക്കുന്ന സർക്കാർ ഉത്തരവുക ളുടെ കോപ്പിയും ഉള്ളടക്കം ചെയ്യുന്നു. 18-8-1999-ലെ ജി.ഒ. (പി) 35/99/സി.എ.ഡി. നമ്പർ പ്രകാരം കേരള സംസ്ഥാന സർവ്വവിജ്ഞാനകോശ ഇൻസ്റ്റിറ്റ്യൂട്ടിലെ നിയമനങ്ങൾ പി.എസ്.സി.ക്ക് വിട്ടുകൊണ്ട് സർക്കാർ ഉത്തരവായിട്ടുണ്ട്. അതനുസരിച്ചുള്ള നടപടികൾ സർക്കാർ/പി.എസ്.സി. തലത്തിൽ നടന്നുവരുന്നു."

**നിഗമനങ്ങൾ/ശുപാർശകൾ**

7. **കേരള സംസ്ഥാന സർവ്വവിജ്ഞാനകോശ ഇൻസ്റ്റിറ്റ്യൂട്ട് വർഷത്തിൽ ഒരു വാല്യം എന്ന പ്രഖ്യാപിത ലക്ഷ്യത്തോടെ സർവ്വവിജ്ഞാനകോശത്തിന്റെ 20 വാല്യങ്ങളുടെ പ്രസിദ്ധീകരണം പൂർത്തിയാക്കാൻ തീരുമാനിക്കുകയും 1961-ൽ അതിനുള്ള പ്രവർത്തനങ്ങൾ ആരംഭിക്കുകയുമുണ്ടായി. എന്നാൽ, തീരുമാനിച്ച തിൽനിന്നും വ്യത്യസ്തമായി 1972-ൽ മാത്രമാണ് ഇൻസ്റ്റിറ്റ്യൂട്ടിന് സർവ്വവിജ്ഞാന കോശത്തിന്റെ ആദ്യവാല്യം പ്രസിദ്ധീകരിക്കുവാനായത്. മാത്രമല്ല, അമ്പതുവർഷം പിന്നിട്ടിട്ടും, 20 വാല്യങ്ങളുടെ പ്രസിദ്ധീകരണമെന്ന ലക്ഷ്യം പൂർത്തീകരിക്കുവാൻ സ്ഥാപനത്തിന് ഇതുവരെ കഴിഞ്ഞിട്ടില്ല. വിശ്വസാഹിത്യ വിജ്ഞാനകോശത്തിന്റെ 10 വാല്യങ്ങളുടെ പ്രസിദ്ധീകരണമെന്ന ലക്ഷ്യമിട്ട് 1984-ൽ പ്രവർത്തനമാരംഭിച്ചു എങ്കിലും. നാളിതുവരെയായിട്ടും പ്രസ്തുത ലക്ഷ്യം കൈവരിക്കുവാനും ഇൻസ്റ്റിറ്റ്യൂട്ടിന് സാധിച്ചിട്ടില്ല എന്ന് സമിതി മനസ്സിലാക്കുന്നു.**

8. **സ്വന്തമായ ആസ്ഥാനമന്ദിരത്തിന്റെ അഭാവംമൂലം ഓഫീസ് കെട്ടിടങ്ങൾ നിരന്തരം മാറേണ്ടിവന്നതിന്റെ ഫലമായുണ്ടായ പ്രവർത്തന തടസ്സം, അവശ്യം വേണ്ട ജീവനക്കാരുടെ അഭാവം, വിജ്ഞാനകോശങ്ങളിൽ ഉൾക്കൊള്ളിക്കുന്ന വിവരങ്ങളുടെ പൂർണ്ണതയും ആധികാരികതയും ഉറപ്പുവരുത്തുവാനാവശ്യമായ സമയം എന്നിവ യാണ് കാലതാമസത്തിന് ഇൻസ്റ്റിറ്റ്യൂട്ട് നിരത്തുന്ന പ്രധാന കാരണങ്ങൾ. കേരള സംസ്ഥാന സർവ്വവിജ്ഞാനകോശ ഇൻസ്റ്റിറ്റ്യൂട്ട് ഏറ്റെടുത്ത വിജ്ഞാനകോശങ്ങളുടെ പ്രസിദ്ധീകരണമെന്നത് അതിബൃഹത്തായ ഒരു പദ്ധതിയാണെന്ന് സമിതി മനസ്സിലാ ക്കുന്നു. എന്നാൽ, പ്രസ്തുത ലക്ഷ്യം കൈവരിക്കുവാൻ മതിയായ മുന്നൊരുക്കം സ്ഥാപനത്തിന്റെ ഭാഗത്തുനിന്നുണ്ടായതായി കാണുന്നില്ല. അതിവിപുലമായൊരു കർത്തവ്യം ഏല്പിക്കപ്പെട്ട സ്ഥാപനത്തിന് അരനൂറ്റാണ്ടായിട്ടും സ്വന്തമായി ഒരു**

**ആസ്ഥാനമന്ദിരമോ ലക്ഷ്യപ്രാപ്തിക്ക് പര്യാപ്തമാകുംവിധം ജീവനക്കാരെയോ നൽകുന്നതിൽ ഭരണവകുപ്പ് പരാജയപ്പെട്ടതായി സമിതി നിരീക്ഷിക്കുന്നു. വ്യക്തമായ ആസൂത്രണത്തിന്റെയും അർപ്പണബോധത്തിന്റെയും അഭാവവും പ്രഖ്യാപിത ലക്ഷ്യത്തിലെത്തുവാൻ വിഘാതമായതായി സമിതി വിലയിരുത്തുന്നു. വിജ്ഞാനകുതുകികളായ ലക്ഷക്കണക്കിനാളുകൾക്ക് പ്രയോജനപ്രദമാകുമായിരുന്ന ഒരു സംരംഭം വിജയതീരത്തെത്തിക്കുന്നതിൽ ഭരണവകുപ്പിന്റെയും ഇൻസ്റ്റിറ്റ്യൂട്ടിന്റെയും ഭാഗത്തു നിന്നുമുണ്ടായ ഗുരുതരമായ വീഴ്ചയും അനാസ്ഥയും വിലങ്ങുതടിയായി എന്നത് സമിതി ഗൗരവത്തോടെയാണ് കാണുന്നത്.**

9. **ഈ സാഹചര്യത്തിൽ, സർവ്വവിജ്ഞാന കോശം, വിശ്വസാഹിത്യവിജ്ഞാന കോശം എന്നിവയുടെ എത്ര വാല്യങ്ങൾ ഇതുവരെ പ്രസിദ്ധീകരിച്ചിട്ടുണ്ടെന്നും ഇനിയും അവശേഷിക്കുന്നവയുടെ പ്രസിദ്ധീകരണം സംബന്ധിച്ച നിലവിലെ സ്ഥിതിയെന്തെന്നും അറിയിക്കുവാൻ സമിതി ആവശ്യപ്പെടുന്നു. ഇൻസ്റ്റിറ്റ്യൂട്ട് ലക്ഷ്യമിട്ട പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുവാനാവശ്യമായ സത്വരമായ കർശനനടപടികൾ സ്വീകരിച്ച് ആയത് സംബന്ധിച്ച റിപ്പോർട്ട് നൽകുവാൻ സമിതി ശുപാർശ ചെയ്യുന്നു. കൂടാതെ, കേരള സംസ്ഥാന സർവ്വവിജ്ഞാനകോശ ഇൻസ്റ്റിറ്റ്യൂട്ടിന്റെ സുഗമമായ പ്രവർത്തനം സർക്കാർ ഉറപ്പുവരുത്തണമെന്നും ഇൻസ്റ്റിറ്റ്യൂട്ടിന് സ്വന്തമായി ആസ്ഥാനമന്ദിരം നൽകുവാനും ആവശ്യമായ ജീവനക്കാരെ നിയമിക്കുവാനും നടപടി സ്വീകരിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**ഫെയർ കോപ്പി സൂപ്രണ്ട് തസ്തികയ്ക്കുള്ള പ്രൊമോഷൻ സംബന്ധിച്ച്**

സർവ്വവിജ്ഞാനകോശം ഇൻസ്റ്റിറ്റ്യൂട്ടിൽ നിലവിലുള്ള തസ്തികകളും അവയുടെ ശമ്പളസ്കെയിലുകളും സംബന്ധിക്കുന്ന ആധികാരികമായ രേഖകൾ ഒന്നും ലഭ്യമല്ല. അതിനാൽ എന്ത് അടിസ്ഥാനത്തിലാണ് പ്രൊമോഷനും മറ്റും നടത്തിവരുന്നത് എന്ന് വ്യക്തമല്ല. യു.ഡി. കോപ്പിയിസ്റ്റ് ആയ ശ്രീ. എ. എം. ഷെറീഫിനെ 1-7-1999 മുതൽ താല്ക്കാലികമായി ഫെയർ കോപ്പി സൂപ്രണ്ടായി പ്രൊമോട്ട് ചെയ്യുകയും ടിയാൻ 1-2-2000 മുതൽ ശമ്പളമില്ലാത്ത അവധിയിൽ പ്രവേശിച്ചതിനാൽ ശ്രീമതി കെ. നാണിക്കുട്ടി അമ്മയെ 1-2-2000 മുതൽ ഫെയർ കോപ്പി സൂപ്രണ്ടായി പ്രൊമോട്ട് ചെയ്യുകയും ചെയ്തു. 5000-8150 എന്ന ശമ്പള സ്കെയിലിലാണ് ഇരുവരെയും പ്രൊമോട്ട് ചെയ്തത്. എന്നാൽ റിവൈസ്ഡ് ബഡ്ജറ്റ് പ്രകാരം മേൽ തസ്തിക നിലവിലുള്ളതായി കാണുന്നില്ല. ഇൻസ്റ്റിറ്റ്യൂട്ടിൽ ഇല്ലാത്ത ഒരു പ്രൊമോഷൻ തസ്തികയിൽ പ്രൊമോഷൻ നല്കിയത് ഏത് അടിസ്ഥാനത്തിലാണെന്ന് വ്യക്തമാക്കിയിട്ടില്ല.

[ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2002-03-ലെ സമാഹൃത റിപ്പോർട്ടിലെ ഓഡിറ്റ് ഖണ്ഡിക നമ്പർ V(1)(ii)]

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി ചുവടെ ചേർക്കുന്നു :

"ഇൻസ്റ്റിറ്റ്യൂട്ടിന്റെ വികസന പ്രവർത്തനങ്ങൾക്കായി ഭരണ സമിതി സൃഷ്ടിച്ച തസ്തികയാണ് ഫെയർകോപ്പി സൂപ്രണ്ട് തസ്തിക. എന്നാൽ സംസ്ഥാന സർവ്വവിജ്ഞാന കോശ ഇൻസ്റ്റിറ്റ്യൂട്ടിലെ ഭരണസമിതി സർക്കാരിന്റെ അനുമതി കൂടാതെ സൃഷ്ടിച്ച

തസ്തികകളിൽ ജോലി ചെയ്തു വിരമിച്ച ജീവനക്കാർക്ക് പെൻഷൻ ആനുകൂല്യങ്ങൾ ലഭിക്കുന്നതിനായി പ്രസ്തുത തസ്തികയിൽ സേവനം അനുഷ്ഠിച്ച് വിരമിച്ച ദിവസം വരെ മാത്രം സൂപ്പർ ന്യൂമററിയായി തുടരുന്നതിന് അനുവാദം നൽകിക്കൊണ്ട് [30-3-2007-ലെ സ.ഉ. (കൈ.) 42/2007 സി.എ.ഡി. നമ്പർ ഉത്തരവ്] സർക്കാർ ഉത്തര വായിട്ടുണ്ട്. എന്നാൽ ഇപ്പോൾ ഈ തസ്തികകളിൽ ജീവനക്കാരെ പ്രൊമോട്ടു ചെയ്ത് നിയമിക്കുന്നില്ല. അതിനാൽ ഫെയർകോപ്പി സൂപ്രണ്ട് തസ്തികയിലേക്കുള്ള പ്രൊമോഷൻ സംബന്ധിച്ച് പരാമർശം ഒഴിവാക്കേണ്ടതാണ്.''

സമിതി യോഗത്തിന്റെ സംക്ഷിപ്തം ചുവടെ ചേർക്കുന്നു :

10. യു.ഡി. കോപ്പിയിസ്റ്റായ ശ്രീ. എ. എം. ഷെറീഫിനെ 1-7-1999 മുതൽ ഫെയർകോപ്പി സൂപ്രണ്ടായി പ്രൊമോട്ട് ചെയ്തതായി കാണുന്നുവെന്നും ഇൻസ്റ്റിറ്റ്യൂട്ടിൽ ഫെയർ കോപ്പി സൂപ്രണ്ട് എന്നൊരു തസ്തികയുണ്ടോയെന്നുള്ള 21-11-2007-ലെ തെളിവെടുപ്പ് വേളയിലെ സമിതിയുടെ ചോദ്യത്തിന് അന്നത്തെ മുഖ്യമന്ത്രിയുൾപ്പെട്ട ഭരണസമിതി റിട്ടയർ ചെയ്യുന്നതുവരെ ഈ പോസ്റ്റ് നിലനിർത്താനും അതിനുശേഷം നിയമനം പാടില്ലെന്നുമായിരുന്നു തീരുമാനിച്ചിരുന്നതെന്നും ഇപ്പോൾ പുതുതായി ആരെയും നിയമിച്ചിട്ടില്ലായെന്നും എസ്.ഐ.ഇ.പി. ഡയറക്ടർ സമിതിയെ അറിയിച്ചു.

11. ഭരണസമിതിയുടെ തീരുമാനപ്രകാരം ഫെയർകോപ്പി സൂപ്രണ്ട് എന്ന തസ്തിക സൃഷ്ടിച്ച് അവിടെ ഒരാളെ പ്രൊമോട്ടു ചെയ്ത പ്രവൃത്തിക്ക് പിന്നീട് സർക്കാർ അനുമതി വാങ്ങേണ്ടതായിരുന്നുവെന്നും അപ്രകാരം സാധൂകരണം വാങ്ങാത്തത് ഇൻസ്റ്റി റ്റ്യൂട്ടിന്റെ ഭാഗത്തുള്ള വീഴ്ചയാണെന്നും സമിതി ചൂണ്ടിക്കാട്ടി.

12. പ്രസ്തുത പ്രവൃത്തിയിൽ തെറ്റു സംഭവിച്ചിട്ടുണ്ടെന്ന് എസ്.ഐ.ഇ.പി. ഡയറക്ടർ സമ്മതിച്ചു. ജി.ഒ. 79/07/CAD തീയതി 1-9-2007 പ്രകാരം 15-1-2007-ലെ ഒരു കത്ത് പ്രകാരം സർക്കാർ അനുമതിയില്ലാതെ തുടരുന്ന തസ്തികകൾ ഉടൻ നിർത്തലാക്കേണ്ടതാണെന്നിരിക്കെ മേൽപ്പറഞ്ഞ തസ്തികയും അനുവദിക്കുവാൻ പാടില്ലായിരുന്നുവെന്ന് സമിതി അഭിപ്രായപ്പെട്ടു. നേരത്തെ അങ്ങനെ നിയമിച്ചിരുന്നു വെന്നും ഇപ്പോൾ നിയമിക്കുന്നില്ലെന്നും എസ്.ഐ.ഇ.പി. അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ സമിതിയെ അറിയിച്ചു.

സമിതി നിർദ്ദേശമനുസരിച്ച് സാംസ്കാരികകാര്യ (സി) വകുപ്പ് 23-9-2008-ലെ 4250/സി.1/08/CAD നമ്പർ കത്ത് മുഖേന ലഭ്യമാക്കിയ മറുപടി ചുവടെ ചേർക്കുന്നു :

13. ''ഫെയർ കോപ്പി സൂപ്രണ്ട് തസ്തിക സൃഷ്ടിച്ച് നിയമനം നടത്തിയ നടപടി 30-3-2007-ലെ സ.ഉ. (കൈ.) 42/2007/സി.എ.ഡി. നമ്പർ സർക്കാർ ഉത്തരവ് പ്രകാരം സാധൂകരിച്ചിട്ടുണ്ട്.''.

**നിഗമനങ്ങൾ/ശുപാർശകൾ**

14. **ഓഡിറ്റ് പരാമർശ വിഷയത്തിൻമേൽ സാധൂകരണം ലഭിച്ചിട്ടുണ്ടെന്ന സാംസ്കാരിക വകുപ്പിന്റെ മറുപടി പരിഗണിച്ച് പ്രസ്തുത ഓഡിറ്റ് തടസ്സം ഒഴിവാ ക്കാൻ സമിതി ശുപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**ദിവസക്കൂലി വേതനാടിസ്ഥാനത്തിൽ നിയമവിരുദ്ധമായി ജീവനക്കാരെ നിയമിച്ചു**

സർവ്വവിജ്ഞാനകോശം ഇൻസ്റ്റിറ്റ്യൂട്ടിൽ വിവിധ തസ്തികകളിൽ ദിവസക്കൂലി അടിസ്ഥാനത്തിൽ തുടർച്ചയായി ആളുകളെ നിയമിച്ചുവരുന്നു. ഈ നടപടി 28-2-1992-ലെ 14896/ഡി.പി.ഇ.-2/91 Planning എന്ന സർക്കാർ സർക്കുലറിന് വിരുദ്ധമാണ്. കരാറടിസ്ഥാനത്തിൽ ജീവനക്കാരെ നിയമിച്ചതിനെ സർക്കാർ നിരോധിച്ചതിനാൽ അതേ ജീവനക്കാരെ തന്നെ ദിവസക്കൂലി അടിസ്ഥാനത്തിൽ നിയമിച്ചിട്ടുണ്ട്. ഇപ്രകാരമുള്ള നിയമനത്തിന് സർക്കാരിന്റെ മുൻകൂട്ടിയുള്ള അനുവാദമോ അംഗീകാരമോ വാങ്ങിയിട്ടില്ലാത്തതിനാൽ 2000-01 വർഷത്തിൽ ഈ ഇനത്തിൽ ചെലവഴിച്ച 1,05,360 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

[ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2002-03-ലെ സമാഹൃത റിപ്പോർട്ടിലെ ഖണ്ഡിക നമ്പർ V(1)(iii)]

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി ചുവടെ ചേർക്കുന്നു :

"ഇൻസ്റ്റിറ്റ്യൂട്ട് നിയമനങ്ങൾ 1999 മുതൽ പി.എസ്.സി. മുഖേന നടത്തുവാൻ സർക്കാർ ഉത്തരവാകുകയും അതനുസരിച്ച് നടപടികൾ തുടർന്നുവരികയുമായിരുന്നു. ഇൻസ്റ്റിറ്റ്യൂട്ടിന്റെ റിട്ടയർമെന്റ് വേക്കൻസികളിലൊന്നും നിയമനം ഇതേവരെ നടത്തിയിരുന്നില്ല. ഈ കാലഘട്ടത്തിൽ സർവ്വവിജ്ഞാനകോശം, സാഹിത്യവിജ്ഞാനകോശം എന്നീ വാല്യങ്ങളുടെ പ്രവർത്തനം പുരോഗമിച്ചു വരുകയാണ്. അതുകൊണ്ടാണ് സർക്കാർ നിശ്ചയിച്ചിട്ടുള്ള അധികാരപരിധി ഉപയോഗിച്ച് അത്യാവശ്യഘട്ടങ്ങളിൽ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർക്ക് 15 ദിവസം വരെ ദിവസവേതനാടിസ്ഥാനത്തിൽ ജീവനക്കാരെ നിയമിക്കേണ്ടിവന്നത്. വിജ്ഞാനകോശങ്ങളുടെ പ്രവർത്തനവുമായി പരിചയമുള്ള ജീവനക്കാരെയാണ് നിയമിച്ചിരുന്നത്. ഇൻസ്റ്റിറ്റ്യൂട്ടിൽ 107 ജീവനക്കാരുണ്ടായിരുന്നതിൽ ഇപ്പോൾ 49 ജീവനക്കാർ മാത്രമേ ഉള്ളൂ. ജീവനക്കാരുടെ അഭാവം ഇൻസ്റ്റിറ്റ്യൂട്ടിന്റെ ദൈനംദിന പ്രവർത്തനത്തെ സാരമായി ബാധിച്ചിരുന്നു. സർക്കാരിൽ നിന്നും ദിവസവേതനാടിസ്ഥാനത്തിൽ ജോലി നോക്കുന്ന ജീവനക്കാരെ പിരിച്ചുവിടുന്നതിനുള്ള നിർദ്ദേശം ലഭിച്ചതിന്റെ അടിസ്ഥാനത്തിലും 2002-03 സാമ്പത്തിക വർഷത്തിൽ ഓഡിറ്റ് പരാമർശത്തിന്റെയും വെളിച്ചത്തിൽ ദിവസവേതനാടിസ്ഥാനത്തിൽ ജോലി ചെയ്തവരെ പിരിച്ചുവിടുകയുണ്ടായി.

ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീകരിക്കുന്ന വിജ്ഞാനകോശ വാല്യങ്ങളുടെ DTP ജോലികൾ പുറത്തുള്ള ഏജൻസികൾ മുഖേനയാണ് ചെയ്തുവന്നിരുന്നത്. ഇത് വളരെയധികം കാലതാമസം ഉണ്ടാക്കുന്നുണ്ടായിരുന്നു. അതിനാൽ ഇതിന് പരിഹാരമെന്ന നിലയിൽ ഇൻസ്റ്റിറ്റ്യൂട്ട് സ്വന്തമായി കമ്പ്യൂട്ടർ വാങ്ങുകയും വാല്യങ്ങളുടെ DTP ജോലികൾ ആഫീസിൽ തന്നെ ചെയ്യുവാനും തുടങ്ങി. ഇതുകാരണം ലേഖനങ്ങൾ തയ്യാറാക്കുമ്പോൾ ഉണ്ടാകുന്ന തെറ്റുകൾ ഉടനെ പരിശോധിക്കുവാനും കാലതാമസം ഒഴിവാക്കുവാനും കഴിയുന്നു. DTP ഓപ്പറേറ്റർ എന്ന തസ്തിക ഇൻസ്റ്റിറ്റ്യൂട്ട് അംഗീകരിച്ചിട്ടില്ലായെങ്കിലും, ഇപ്പോൾ ഒഴിവുള്ള Typist തസ്തികയിൽ ഒരാൾ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ജോലി ചെയ്തുവരുന്നു.

പി.എസ്.സി. അംഗീകരിച്ച നിയമാവലിയിൽ ഭരണവിഭാഗത്തിൽ കമ്പ്യൂട്ടർ പരിജ്ഞാനം ഉള്ള ജീവനക്കാരെ നിയമിക്കുവാനാണ് നിശ്ചയിച്ചിട്ടുള്ളത്. ഇനിയുള്ള നിയമനങ്ങൾവഴി ഈ അപാകതകൾ പരിഹരിക്കുന്നതാണ്. ആയതിനാൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കേണ്ടതാണ്".

സമിതി യോഗത്തിന്റെ സംക്ഷിപ്തം ചുവടെ ചേർക്കുന്നു :

15. ടി സ്ഥാപനത്തിൽ ദിവസക്കൂലി അടിസ്ഥാനത്തിൽ ആളുകളെ നിയമിച്ചിട്ടുണ്ടോ എന്നുള്ള സമിതിയുടെ ചോദ്യത്തിന് ഇപ്പോൾ ഡി.റ്റി.പി. ഓപ്പറേറ്റർ എന്ന പോസ്റ്റ് ഇല്ലെന്നും ഡി.റ്റി.പി. ഓപ്പറേറ്റർ ഇല്ലാതെ ഒരു വാല്യം പോലും ഇറക്കാൻ കഴിയില്ലെന്നും അങ്ങനെയുള്ള അവസരങ്ങളിൽ ദിവസക്കൂലി നിയമനങ്ങൾ ഒഴിവാക്കാൻ കഴിയാതെ വരുമെന്നും എസ്.ഐ.ഇ.പി. ഡയറക്ടർ സമിതിയെ അറിയിച്ചു.

16. സർക്കാരിൽ നിന്നും അനുമതി വാങ്ങാതെ ഇല്ലാത്ത തസ്തികയിൽ ആളെ നിയമിച്ചാൽ അത് നിയമിക്കുന്ന ആളിന്റെ പേഴ്സണൽ ലയബിലിറ്റിയായി വരുമെന്ന് സമിതി ചൂണ്ടിക്കാട്ടി.

17. സ്ഥാപനത്തിന് ആവശ്യമുള്ള ആളുകളുടെ എണ്ണം, യോഗ്യത, ശമ്പളസ്കെയിൽ എന്നിവ പി.എസ്.സി. യെ അറിയിച്ചിട്ടുണ്ടോയെന്നും ഭരണ സമിതി കൂടാറുണ്ടോയെന്നും ഉള്ള ചോദ്യത്തിന് സ്പെഷ്യൽ റൂൾസ് ഗവൺമെന്റ് അപ്രൂവ് ചെയ്ത് നല്കിയിട്ടില്ലെന്നും മുഖ്യമന്ത്രിക്ക് സൗകര്യം കിട്ടുമ്പോഴാണ് ഭരണ സമിതി കൂടാറുള്ളത് എന്നും എസ്.ഐ.ഇ.പി. ഡയറക്ടർ സമിതിയെ അറിയിച്ചു.

18. പ്ലാനിംഗ് ഡിപ്പാർട്ടുമെന്റിലെ 28-2-1992-ലെ 14896/DPE-2/91 Planning എന്ന ഉത്തരവ് അനുസരിച്ച് കരാർ അടിസ്ഥാനത്തിലുള്ള ജീവനക്കാരുടെ നിയമനം നിരോധിച്ചതിനാൽ അതേ ജീവനക്കാരെ ദിവസക്കൂലി അടിസ്ഥാനത്തിൽ നിയമിച്ചതിന് സർക്കാരിന്റെ മുൻകൂട്ടിയുള്ള അനുവാദമോ അംഗീകാരമോ വാങ്ങിയിട്ടില്ലാത്തതിനാൽ 2000-01 വർഷത്തിൽ ഈ ഇനത്തിൽ ചെലവഴിച്ച 1,05,360 രൂപയുടെ ഓഡിറ്റ് ഒബ്ജക്ഷന് വിശദീകരണം നൽകാത്തതിന്റെ കാരണം സമിതി ആരാഞ്ഞു. അതിന് ശരിയായ വിശദീകരണം നൽകിയില്ലെങ്കിൽ ആർ.ആർ. നടപടിയനുസരിച്ച് ആ തുക ഈടാക്കുമെന്നും സമിതി കൂട്ടിച്ചേർത്തു.

19. ചില സമയത്ത് കൂടുതൽ വാല്യം ഇറക്കാൻ ഡി.റ്റി.പി. ഓപ്പറേറ്റേഴ്സും പ്രൂഫ് റീഡേഴ്സും അത്യാവശ്യമായി വേണ്ടിവരുമെന്നും നിയമനമൊന്നും നടത്താത്ത അവസരത്തിൽ ജനറൽ ബോഡി കൂടി എടുത്ത ഒരു തീരുമാനമാണിതെന്നും SIEP ഡയറക്ടർ സമിതിയെ അറിയിച്ചു.

20. ജനറൽ ബോഡിയുടെ തീരുമാനത്തിന് സർക്കാരിൽ നിന്നും സബ്സിക്വന്റ് റാറ്റിഫിക്കേഷൻ വാങ്ങിയിട്ടില്ലാത്ത സാഹചര്യത്തിൽ പ്രസ്തുത ഖണ്ഡിക സംബന്ധിച്ച വിശദീകരണം 2 ആഴ്ചയ്ക്കുള്ളിൽ ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറെ ബോധ്യപ്പെടുത്തണമെന്ന് സമിതി നിർദ്ദേശിച്ചു.

ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 4-12-2008-ലെ എൽ.എഫ്. 20039/സ്പെ. സെൽ. ജി.3/08 നമ്പർ കത്ത് മുഖേന ലഭ്യമാക്കിയ മറുപടി ചുവടെ ചേർക്കുന്നു :

21. "സർവ്വവിജ്ഞാനകോശ ഇൻസ്റ്റിറ്റ്യൂട്ടിലെ വിവിധ തസ്തികകളിൽ ദിവസക്കൂലി അടിസ്ഥാനത്തിൽ ജീവനക്കാരെ നിയമിച്ചിരുന്നു. സർക്കാരിന്റെ അനുമതി യോടുകൂടി മാത്രമേ മേലിൽ കരാർ നിയമനം നടത്താവൂ എന്നും നിർദ്ദേശിച്ചിരുന്നു. കരാർ നിയമനം സർക്കാർ നിരോധിച്ചതിനാൽ അതേ ജീവക്കാരെ തന്നെ ദിവസക്കൂലി അടിസ്ഥാനത്തിൽ നിയമിക്കുകയാണ് ഉണ്ടായത്. എന്നാൽ ഈ നിയമനങ്ങൾ സർക്കാ രിന്റെ അനുവാദമോ അംഗീകാരമോ വാങ്ങാതെയാണ് നടത്തിയിട്ടുള്ളത്. (അത്യാവശ്യ ഘട്ടങ്ങളിൽ 15 ദിവസത്തേക്ക് മാത്രം താൽക്കാലിക നിയമനം നടത്തുന്നതിനാണ് ഡയറക്ടർക്ക് അനുവാദമുള്ളത്) നാളിതുവരെ ഈ നിയമനങ്ങൾക്ക് സർക്കാരിന്റെ അനുവാദമോ അംഗീകാരമോ വാങ്ങാത്ത സാഹചര്യത്തിൽ തടസ്സവാദം നിലനിൽക്കുന്നു. "

**നിഗമനങ്ങൾ/ശുപാർശകൾ**

22. **സർവ്വവിജ്ഞാനകോശ ഇൻസ്റ്റിറ്റ്യൂട്ടിലെ വിവിധ തസ്തികകളിൽ ദിവസക്കൂലി അടിസ്ഥാനത്തിൽ ജീവനക്കാരെ നിയമിച്ചതിന് നാളിതുവരെ സർക്കാ രിന്റെ അംഗീകാരം ലഭിച്ചിട്ടില്ലെന്ന് സമിതി മനസ്സിലാക്കുന്നു. ദിവസക്കൂലി അടിസ്ഥാ നത്തിൽ ജീവനക്കാരെ നിയമിച്ചത് ന്യായീകരിക്കാവുന്നതാണെങ്കിൽ ആയതിന് സർക്കാർ സാധൂകരണം നൽകണമെന്നും, അല്ലാത്തപക്ഷം ഇപ്രകാരമുള്ള ദിവസ വേതന നിയമനം നടത്തിയ ഉദ്യോഗസ്ഥരിൽനിന്നും ഈയിനത്തിൽ നൽകിയ തുക ഈടാക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു. ഇൻസ്റ്റിറ്റ്യൂട്ടിലെ വിവിധ തസ്തിക കളിലേക്കുള്ള സ്പെഷ്യൽ ചട്ടങ്ങളും നാളിതുവരെ അംഗീകരിച്ചിട്ടില്ലെന്നും സമിതി മനസ്സിലാക്കുന്നു. ആയതിനാൽ, അടിയന്തിരമായി ഇൻസ്റ്റിറ്റ്യൂട്ടിന്റെ സുഗമമായ പ്രവർത്തനത്തിന് സ്പെഷ്യൽ റൂൾസ് അംഗീകരിക്കുന്നതിനും ആവശ്യമായ തസ്തികകളുടെ എണ്ണം, യോഗ്യത, ശമ്പള സ്കെയിൽ എന്നിവ തിട്ടപ്പെടുത്തി ജീവനക്കാരെ നിയമിക്കുന്നതിനും വേണ്ട നടപടി സ്വീകരിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**ഇൻസ്റ്റിറ്റ്യൂട്ട് ഏറ്റെടുത്ത ഭൂമിയിൽ കെട്ടിടം പണി ആരംഭിച്ചിട്ടില്ല-സ്വകാര്യ കെട്ടിട ത്തിലെ പണി പ്രതിവർഷം ഭീമമായ തുക വാടക നൽകേണ്ടിവരുന്നു.**

ഇൻസ്റ്റിറ്റ്യൂട്ടിന് സ്വന്തമായി കെട്ടിടം പണിയുന്നതിന് തിരുവനന്തപുരം ജില്ലയിലെ വികാസ് ഭവനിൽ 18 സെന്റ് സർക്കാർ ഭൂമി 25 വർഷത്തേക്ക് പാട്ടത്തിന് അനുവദി ക്കുകയുണ്ടായി. എന്നാൽ 22-3-2001-ൽ ഇൻസ്റ്റിറ്റ്യൂട്ട് ഏറ്റെടുത്ത പ്രസ്തുത ഭൂമിയിൽ നാളിതുവരെയായിട്ടും കെട്ടിടം പണിയുന്നതിനുള്ള നീക്കങ്ങൾ നടത്തുകയോ സർക്കാ രിന്റെ സഹായം ആവശ്യപ്പെടുകയോ ചെയ്തിട്ടുള്ളതായി കാണുന്നില്ല. ഇതുമൂലം സ്വകാര്യ കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ഇൻസ്റ്റിറ്റ്യൂട്ടിന് വാടകയിനത്തിൽ പ്രതിമാസം 60,000 രൂപ നിരക്കിൽ ഓരോ വർഷവും 7,20,000 രൂപയുടെ സാമ്പത്തിക നഷ്ടം സംഭവിച്ചുകൊണ്ടിരിക്കുന്നു. ഇക്കാര്യം ഭരണ വകുപ്പിന്റെ അടിയന്തിര ശ്രദ്ധയിൽപ്പെടു ത്തുന്നു.

[ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2002-03-ലെ സമാഹൃത റിപ്പോർട്ടിലെ ഖണ്ഡിക നമ്പർ V(1)(iv)]

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി ചുവടെ ചേർക്കുന്നു :

"സംസ്ഥാന സർവ്വവിജ്ഞാനകോശ ഇൻസ്റ്റിറ്റ്യൂട്ടിന് സ്വന്തമായി ഓഫീസ് മന്ദിരം നിർമ്മിക്കുന്നതിനായി വികാസ് ഭവനിൽ പാട്ടവ്യവസ്ഥയിൽ 18 സെന്റ് ഭൂമി അനുവദിക്കുകയും ടി സ്ഥലത്തിന്റെ മതിപ്പുവിലയുടെ 10% തുകയായ 4.50 ലക്ഷം രൂപ ഇൻസ്റ്റിറ്റ്യൂട്ട് റവന്യൂ വകുപ്പിൽ അടയ്ക്കുകയും ചെയ്തു. എന്നാൽ ടി വസ്തുവിൽ കെട്ടിടം പണിയുന്നതിനുള്ള നടപടികൾ സ്വീകരിക്കവെ 23-12-2006-ലെ ജി.ഒ. (എംഎസ്.) 371/06/റവന്യൂ നമ്പർ ഉത്തരവ് പ്രകാരം റദ്ദുചെയ്ത് പ്രസ്തുത സ്ഥലം സർക്കാർ ഏറ്റെടുത്തു. പ്രസ്തുത സ്ഥലം സർക്കാർ ഏറ്റെടുത്തുവെങ്കിലും ഇൻസ്റ്റിറ്റ്യൂട്ട് അടച്ച 4.50 ലക്ഷം രൂപ മടക്കി നല്കിയിട്ടില്ല. ഈ സ്ഥാപനം ഇപ്പോൾ ടൂറിസം വകുപ്പിൻ കീഴിൽ ഡി.പി.ഐ. ജംഗ്ഷനിലുള്ള കല്പന ബംഗ്ലാവിൽ പ്രതിമാസം 25,934 രൂപ (ഇരുപത്തിഅയ്യായിരത്തി തൊള്ളായിരത്തി മുപ്പത്തിനാല് രൂപ) വാടക നൽകിയാണ് പ്രവർത്തിച്ചുവരുന്നത്. സർക്കാർ ഗ്രാന്റ് കൊണ്ട് പ്രവർത്തിച്ചുവരുന്ന ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനത്തിനായി പാട്ടവ്യവസ്ഥയിൽ സ്ഥലം അനുവദിച്ച സർക്കാർ ഉത്തരവ് റദ്ദുചെയ്ത സാഹചര്യത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ചെയർമാനും ബഹു. സാംസ്കാരിക വകുപ്പുമന്ത്രി വൈസ് ചെയർമാനുമായ ഭരണസമിതി യോഗം 26-3-2007-ൽ കൂടുകയും ഇൻസ്റ്റിറ്റ്യൂട്ട് ഇപ്പോൾ പ്രവർത്തിച്ചുവരുന്ന കല്പന ബംഗ്ലാവ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ പേരിൽ സൗജന്യമായി ലഭിക്കുന്നതിന് സാംസ്കാരിക വകുപ്പ് മുഖേന ടൂറിസം വകുപ്പിനോട് ആവശ്യപ്പെടുവാനും തീരുമാനിച്ചു. അതനുസരിച്ച് പ്രസ്തുത തീരുമാനം സർക്കാർ പരിഗണനയിലാണ്. ഈ സ്ഥലം ലഭിക്കുന്ന മുറയ്ക്ക് ഇൻസ്റ്റിറ്റ്യൂട്ടിന് സ്വന്തമായി ആസ്ഥാനം പണിയുന്നതും വാടകയിനത്തിലുള്ള ഭീമമായ നഷ്ടം ഒഴിവാക്കുന്നതുമാണ്. ആയതിനാൽ ഈ പരാമർശം ഒഴിവാക്കേണ്ടതാണ്."

സമിതി യോഗത്തിന്റെ സംക്ഷിപ്തം ചുവടെ ചേർക്കുന്നു :

23. 25 വർഷത്തേക്ക് പാട്ടമായി നൽകിയ 18 സെന്റ് സ്ഥലത്ത് ഒരു കെട്ടിടം ഉണ്ടാക്കാനുള്ള പദ്ധതിയുടെ ഇപ്പോഴത്തെ അവസ്ഥയെ പറ്റി സമിതി ആരാഞ്ഞതിന് നാലരലക്ഷം രൂപ കെട്ടിട നിർമ്മാണത്തിന് റവന്യൂ വകുപ്പിൽ അടച്ചെന്നും എന്നാൽ സർക്കാർ ഭൂമി തിരിച്ചെടുത്തുവെന്നും ഈ വിവരം അറിയിച്ച് മറുപടി നൽകിയിട്ടുണ്ടെന്നും എസ്.ഐ.ഇ.പി. ഡയറക്ടർ സമിതിയെ അറിയിച്ചു.

24. 2004-ലെ ഈ വിഷയത്തിന്മേൽ വളരെ വൈകി 2007 നവംബർ മാസത്തിൽ വിശദീകരണം ലഭ്യമാക്കിയതിൽ സമിതി അസംതൃപ്തി രേഖപ്പെടുത്തി. ഇൻസ്റ്റിറ്റ്യൂട്ട് ഇപ്പോൾ പ്രവർത്തിക്കുന്ന കെട്ടിടത്തിന്റെ വാടക എത്രയാണെന്ന സമിതിയുടെ ചോദ്യത്തിന് 30,000 രൂപയാണ് വാടകയെന്ന് എസ്.ഐ.ഇ.പി. ഡയറക്ടർ സമിതിയെ അറിയിച്ചു.

25. 7,20,000 രൂപ പ്രതിവർഷം എസ്.ഐ.ഇ.പി. നഷ്ടം വരുത്തിക്കൊണ്ടിരിക്കുകയാണെന്ന ഓഡിറ്റ് വിലയിരുത്തലിന്റെ നിജസ്ഥിതിയെക്കുറിച്ചുള്ള സമിതിയുടെ ചോദ്യത്തിന്, ഒരു സ്ഥിരസ്ഥാപനം നൽകണമെന്ന് സർക്കാരിനോട് ആവശ്യപ്പെട്ടിരി

ക്കുകയാണെന്നും സർക്കാർ അനുവദിച്ച 18 സെന്റിൽ കെട്ടിടം പണിയാൻ 4 $^{1}/_{2}$ ലക്ഷം രൂപ റവന്യൂ വകുപ്പിന് കൈമാറിയെന്നും ആ സ്ഥലമാകട്ടെ സർക്കാർ പിടിച്ചെടുത്തു വെന്നും ചെലവായ 4 $^{1}/_{2}$ ലക്ഷം രൂപ തിരികെ ലഭിക്കാൻ സർക്കാരിലേക്ക് എഴുതിയി ട്ടുണ്ടെന്നും എസ്.ഐ.ഇ.പി. ഡയറക്ടർ സമിതിയിൽ വെളിപ്പെടുത്തി.

**നിഗമനങ്ങൾ/ശുപാർശകൾ**

26. **സർവ്വവിജ്ഞാനകോശം ഇൻസ്റ്റിറ്റ്യൂട്ടിന് സ്വന്തമായി മന്ദിരം നിർമ്മിക്കുന്ന തിന് റവന്യൂ വകുപ്പിൽനിന്നും പാട്ടവ്യവസ്ഥയിൽ തിരുവനന്തപുരം വികാസ്ഭവന് സമീപം അനുവദിച്ച 18 സെന്റ് ഭൂമിക്ക് സ്ഥലത്തിന്റെ മതിപ്പുവിലയുടെ 10% തുകയായ 4½ ലക്ഷം രൂപ അടയ്ക്കുകയും കെട്ടിടനിർമ്മാണത്തിന് ശിലാസ്ഥാപനം നടത്തുകയും ചെയ്തതിനുശേഷം പ്രസ്തുത ഭൂമി റവന്യൂ വകുപ്പ് തിരിച്ചെടുത്ത തായും ഇൻസ്റ്റിറ്റ്യൂട്ട് അടച്ച തുക നാളിതുവരെ തിരികെ നൽകിയിട്ടില്ലെന്നും സമിതി മനസ്സിലാക്കുന്നു. ഇൻസ്റ്റിറ്റ്യൂട്ടിന് ഭൂമി പാട്ടവ്യവസ്ഥയിൽ അനുവദിച്ചു കൊണ്ടുള്ള ഉത്തരവ് റദ്ദു ചെയ്യുവാനിടയായ സാഹചര്യവും, ഭൂമി തിരിച്ചെടുത്തിട്ടും ഇൻസ്റ്റിറ്റ്യൂട്ട് അടച്ച 4½ ലക്ഷം രൂപ തിരികെ നൽകാതിരിക്കുന്നതിന്റെ കാരണവും അറിയിക്കുവാൻ സമിതി ആവശ്യപ്പെടുന്നു. ഈ വിഷയത്തിൽ റവന്യൂ വകുപ്പിന്റെ ഭാഗത്തുനിന്നും ഗുരുതരമായ വീഴ്ചയാണ് സംഭവിച്ചിരിക്കുന്നതെന്ന് സമിതി വിലയിരുത്തുന്നു. മാത്രമല്ല, പ്രസ്തുത തുക റവന്യൂ വകുപ്പിന്റെ പക്കലുണ്ടാ യിരുന്ന കാലയളവിലെ പലിശയ്ക്ക് ഇൻസ്റ്റിറ്റ്യൂട്ടിന് അർഹതയുണ്ടെന്നും ആയതിനാൽ, റവന്യൂ വകുപ്പിൽ ഇൻസ്റ്റിറ്റ്യൂട്ട് അടച്ച 4½ ലക്ഷം രൂപ സാധാരണ നിരക്കിലുള്ള പലിശ സഹിതം ഇൻസ്റ്റിറ്റ്യൂട്ടിന് തിരികെ നൽകണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. കൂടാതെ, പലിശയിനത്തിൽ നൽകുന്ന തുക, യഥാസമയം ഇൻസ്റ്റിറ്റ്യൂട്ടിന് തുക തിരികെ നൽകുന്നതിൽ വീഴ്ച വരുത്തിയതിന് ഉത്തരവാദി കളായ റവന്യൂ വകുപ്പ് ഉദ്യോഗസ്ഥരിൽനിന്നും ഈടാക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു. ഈ വിഷയത്തിൻമേലും, ഇൻസ്റ്റിറ്റ്യൂട്ട് ഇപ്പോൾ പ്രവർത്തിച്ചു വരുന്ന കൽപ്പന ബംഗ്ലാവ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ പേരിൽ സൗജന്യമായി നൽകുന്ന കാര്യത്തിലും സർക്കാർ തലത്തിൽ സ്വീകരിച്ച നടപടികളുടെ റിപ്പോർട്ട് അടിയന്തിര മായി നൽകുവാനും സമിതി ശുപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**പുരയിടം വൃത്തിയാക്കുന്നതിനുള്ള ചെലവ് സംബന്ധിച്ച്**

ഇൻസ്റ്റിറ്റ്യൂട്ടിന് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിലേക്കുവേണ്ടി സർക്കാർ അനുവദിച്ച 18 സെന്റ് പുറമ്പോക്ക് ഭൂമി വൃത്തിയാക്കി നിരപ്പാക്കി ചുറ്റും കമ്പിവേലി കെട്ടുന്നതിനും ശിലാഫലകം സ്ഥാപിക്കുന്നതിനും തറക്കല്ലിടൽ കർമ്മം നടത്തുന്ന തിലേക്കും വേദി, ഇരിപ്പിടം എന്നിവ സജ്ജീകരിക്കുന്നതിനും വേണ്ടി ക്വട്ടേഷൻ ക്ഷണിക്കുകയുണ്ടായി. ലഭിച്ച ക്വട്ടേഷനുകളിൽ ഏറ്റവും കുറഞ്ഞ തുകയായ 23,000 രൂപ ക്വാട്ട് ചെയ്ത വ്യക്തി നൽകിയ ക്വട്ടേഷനിൽ സ്ഥലം നിരപ്പാക്കി ചുറ്റും കമ്പി വേലി കെട്ടുന്നതിനായി 7,000 രൂപ കാണിച്ചതിനു പുറമേ വീണ്ടും കമ്പിവേലി കെട്ടുന്ന ഇനത്തിൽ 5,000 രൂപ കാണിച്ചിട്ടുണ്ട്. ഈ ചെലവ് ഇരട്ടിപ്പായതിനാൽ ഓഡിറ്റ് നിരാകരിക്കുന്നു. 23-3-2001-ൽ തറക്കല്ലിടൽ കർമ്മം നടത്തുന്നതിലേക്കുവേണ്ടി

22-3-2001-ൽ ക്വട്ടേഷൻ ക്ഷണിക്കുകയും അതേ ദിവസം തന്നെ ക്വട്ടേഷൻ അംഗീകരിക്കുകയും ചെയ്തിരിക്കുന്നു. ഒറ്റ ദിവസം കൊണ്ട് ടി പണികൾ എപ്രകാരമാണ് ചെയ്ത് തീർത്തത് എന്ന് വ്യക്തമല്ലാത്തതിനാലും ടി ജോലികൾക്ക് വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടില്ലാത്തതിനാലും 18,000 രൂപയുടെ ചെലവുകൾ തടസ്സപ്പെടുത്തുന്നു.

[ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2002-03-ലെ സമാഹൃത റിപ്പോർട്ടിലെ ഖണ്ഡിക നമ്പർ V(1)(v)].

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി ചുവടെ ചേർക്കുന്നു :

"ഇൻസ്റ്റിറ്റ്യൂട്ടിന് സ്വന്തമായി കെട്ടിടം പണിയുന്നതിനായി വികാസ് ഭവനിൽ അനുവദിച്ച പുറമ്പോക്ക് ഭൂമി മുഴുവനും കാടുപിടിച്ച് കിടക്കുകയായിരുന്നു. ഇതിനു പുറമേ പുറത്തുള്ള പല സ്ഥലങ്ങളിൽ നിന്നും മണ്ണ്, മറ്റ് അവശിഷ്ടങ്ങൾ എന്നിവ കൊണ്ടിട്ട് പുരയിടം കുന്നുപോലെ കിടക്കുന്ന അവസ്ഥയിലായിരുന്നു. ടി വസ്തുവിൽ പല തരത്തിലുള്ള വ്യാപാരസ്ഥാപനങ്ങൾ (ഉദാ. ചായത്തട്ട്, മുറുക്കാൻ കട മുതലായവ) എന്നിവയും ഉണ്ടായിരുന്നു. അതുകൊണ്ട് വസ്തു ഇൻസ്റ്റിറ്റ്യൂട്ടിന്റെ പേരിൽ റവന്യൂ അധികാരികൾ അളന്ന് തിട്ടപ്പെടുത്തിയപ്പോൾ തന്നെ അവരുടെ സാന്നിധ്യത്തിൽ പ്രസ്തുത സ്ഥലത്ത് ഉണ്ടായിരുന്ന വ്യാപാരസ്ഥാപനങ്ങൾ മാറ്റി മൊത്തം കമ്പിവേലി കെട്ടി അതിരുകൾ സംരക്ഷിച്ചു. എന്നാൽ ഈ സ്ഥലത്തിൽ ബഹു. സാംസ്കാരികകാര്യ വകുപ്പുമന്ത്രി ശിലാസ്ഥാപനം നടത്തുന്ന വിവരം പെട്ടെന്ന് അറിയിക്കുകയുണ്ടായി. അതനുസരിച്ച് ടി സ്ഥലം വളരെ അടിയന്തിരമായി വൃത്തിയാക്കേണ്ടിവന്നു. ടി സ്ഥലം വൃത്തിയാക്കണമെങ്കിൽ ഒരു ജെ.സി.ബി.യുടെ സഹായം ഇല്ലാതെ ചെയ്യുവാൻ കഴിയുകയില്ലായിരുന്നു. മാത്രവുമല്ല ടി സ്ഥലം വൃത്തിയാക്കി കഴിഞ്ഞാലുടൻ തന്നെ അതിരുകൾ കമ്പിവേലി കെട്ടി സംരക്ഷിക്കേണ്ട അവസ്ഥയുമായിരുന്നു. അതുകൊണ്ട് പെട്ടെന്ന് തന്നെ ടി സ്ഥലം ഒരു ജെ.സി.ബി.യുടെ സഹായത്താൽ ഇടിച്ചു നിരത്തുകയും, വസ്തുവിലുണ്ടായിരുന്ന കാടുകൾ മൊത്തം വെട്ടി വൃത്തിയാക്കി ശിലാഫലകം സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടിവന്നു. ശിലാഫലകം സ്ഥാപിച്ച് ബഹു. സാംസ്ക്കാരികകാര്യ വകുപ്പുമന്ത്രി ഉദ്ഘാടനകർമ്മം നിർവ്വഹിച്ച ശേഷം ടി സ്ഥലം വീണ്ടും കമ്പിവേലി കെട്ടി സംരക്ഷിച്ചു. അതുകൊണ്ട് കമ്പിവേലി കെട്ടിയ ചെലവ് ഇരട്ടിയായി കാണരുതെന്നും, ഈ ചെലവ് ഒഴിവാക്കാൻ പറ്റാത്തതുമായിരുന്നതിനാൽ ഈ പരാമർശം ഒഴിവാക്കേണ്ടതാണ്".

സമിതി യോഗത്തിന്റെ സംക്ഷിപ്തം ചുവടെ ചേർക്കുന്നു :

27. പുരയിടം സർക്കാരിന്റേതാണോയെന്നും, സ്ഥലം നിരപ്പാക്കി കമ്പിവേലി കെട്ടുന്നതിന് ആദ്യം 7,000 രൂപയും വീണ്ടും അതേയിനത്തിൽ 5,000 രൂപ കാണിച്ചിരിക്കുകയും ചെയ്തിരിക്കുന്നതിന് എന്ത് വിശദീകരണമാണുള്ളതെന്നും സമിതി ആരാഞ്ഞു. സ്ഥലം കിട്ടിയപ്പോൾ തന്നെ കമ്പിവേലി കെട്ടിയെന്നും പിന്നീട് ആ വേലി പൊളിച്ച് വാഹനങ്ങൾ കയറ്റേണ്ടിവന്നുവെന്നും S.I.E.P. ഡയറക്ടർ അറിയിച്ചു.

28. രണ്ടാമത്തെ ചെലവായ 5,000 രൂപ ചെലവാക്കിയ ഉദ്യോഗസ്ഥൻ ആരാണെന്നുള്ളത് രണ്ടാഴ്ചയ്ക്കകം അറിയിക്കണമെന്ന് സമിതി S.I.E.P. ഡയറക്ടറെ ചുമതലപ്പെടുത്തി. ക്വട്ടേഷൻ ക്ഷണിച്ച അന്നുതന്നെ അത് അംഗീകരിച്ചതുമൂലം ഉണ്ടായ 18,000 രൂപയുടെ ഓഡിറ്റ് തടസ്സത്തിനുള്ള വിശദീകരണവും കമ്പിവേലി കെട്ടുന്നതിന്

ആദ്യം ചെലവാക്കിയ 7,000 രൂപയ്ക്കു പുറമേ ചെലവാക്കിയ 5,000 രൂപയുടെ ചെലവും സംബന്ധിച്ച ഓഡിറ്റ് തടസ്സത്തിനുമുള്ള വിശദീകരണം രണ്ടാഴ്ചയ്ക്കുള്ളിൽ ലഭ്യമാക്കണമെന്ന്  സമിതി എസ്.ഐ.ഇ.പി. ഡയറക്ടറോട് നിർദ്ദേശിച്ചു.

സമിതി നിർദ്ദേശമനുസരിച്ച് സാംസ്കാരികകാര്യ (സി) വകുപ്പ് 23-9-2008-ലെ 4250/സി1/08/CAD നമ്പർ കത്ത് മുഖേന സർക്കാർ ലഭ്യമാക്കിയ മറുപടി ചുവടെ ചേർക്കുന്നു:

29. ഏറ്റവും കുറഞ്ഞ തുകയ്ക്ക് ശ്രീ. വിക്രമൻ, ടി.സി. 1/270, വികാസ് ഭവൻ, പാളയം എന്ന വ്യക്തി നൽകിയ ക്വട്ടേഷനിൽ ഒന്നാമത്തെ ഇനമായി ജെ.സി.ബി. ഉൾപ്പെടെ വാഹനം ഉപയോഗിച്ച് വസ്തു ഇടിച്ച് നിരപ്പാക്കുക, കമ്പിവേലി കെട്ടുക എന്ന ജോലിക്ക് 7,000 രൂപയും രണ്ടാമതു ഇനമായി കമ്പിവേലി കെട്ടുന്നതിന് 5,000 രൂപയും എഴുതിയിരുന്നു. യഥാർത്ഥത്തിൽ ജെ.സി.ബി. ഉപയോഗിച്ച് തറ നിരപ്പാക്കുന്നതിനുമാത്രമാണ് 7,000 രൂപ ക്വാട്ട് ചെയ്തിരുന്നത്. ഇത് ക്വട്ടേഷൻ എഴുതിയതിൽ സംഭവിച്ച പിശകാണ്.  ധൃതിയിൽ കാര്യങ്ങൾ ചെയ്യേണ്ടിവന്നതിനാൽ നോട്ടപിശകു കാരണം ക്വട്ടേഷനിൽ വന്ന തെറ്റ് യഥാസമയം കണ്ടെത്തുവാൻ കഴിഞ്ഞില്ല. ജെ.സി.ബി. ഉപയോഗിച്ച് സ്ഥലം നിരപ്പാക്കുന്നതിന് ഭീമമായുള്ള വാടക അന്നും നിലവിലുണ്ട്. ബഹുമാനപ്പെട്ട സാംസ്ക്കാരികകാര്യവകുപ്പുമന്ത്രി ശിലാസ്ഥാപന കർമ്മം നിർവ്വഹിച്ച ശേഷം ചില സാമൂഹികവിരുദ്ധർ വീണ്ടും പ്രസ്തുത സ്ഥലത്തെ കമ്പിവേലിയുടെ കുറെ ഭാഗം പൊളിച്ചുമാറ്റുകയും കച്ചവടസ്ഥാപനങ്ങൾ പുനഃസ്ഥാപിക്കുകയും ചെയ്തു. ടി  സാഹചര്യത്തിൽ ടി സ്ഥലത്ത് നേരത്തെ ഉപേയോഗിച്ച വേലിക്കല്ല്, മുള്ളുകമ്പി എന്നിവയുപയോഗിച്ച് ശ്രീ. വിക്രമനെ കൊണ്ടുതന്നെ വീണ്ടും കമ്പിവേലി കെട്ടേണ്ടതായി വന്നു. ഇപ്രകാരം കമ്പിവേലി കെട്ടിയതിന് ഇൻസ്റ്റിറ്റ്യൂട്ടിൽ നിന്നും കൂടുതലായി തുക അനുവദിച്ചിരുന്നില്ല. അതുകൊണ്ട് കമ്പിവേലി കെട്ടിയ ചെലവ് ഇരട്ടിയായി കാണരുതെന്നും ജെ.സി.ബി. ഉൾപ്പെടെയുള്ള വാഹനങ്ങൾ ഉപയോഗിച്ച് തറ നിരപ്പാക്കിയതിന് 7,000 രൂപയും വസ്തുവിന് ചുറ്റും കമ്പിവേലി കെട്ടിയതിന് 5,000 രൂപയും പുതിയ ശിലാഫലകം ഉണ്ടാക്കി സ്ഥാപിച്ചതിന് 7,000 രൂപയും ഉദ്ഘാടനത്തോടനുബന്ധിച്ചുള്ള യോഗത്തിനാവശ്യമായ ഷാമിയാന കെട്ടി അലങ്കരിച്ച് കസേര നിരത്തിയതിന് 4,000 രൂപയും ഉൾപ്പെടെ മൊത്തം 23,000 രൂപാ മാത്രമാണ് സ്ഥാപനത്തിന് ചെലവായിട്ടുള്ളത് എന്നതിനാൽ ഇത് അംഗീകരിക്കണമെന്നും അഭ്യർത്ഥിക്കുന്നു. ക്വട്ടേഷൻ ക്ഷണിച്ച് അംഗീകരിച്ചത് അന്നത്തെ ഡയറക്ടറായിരുന്ന പ്രൊഫ. വി. അരവിന്ദാക്ഷൻ ആയിരുന്നു."

**നിഗമനങ്ങൾ/ശുപാർശകൾ**

30. **സാംസ്ക്കാരികകാര്യവകുപ്പിന്റെ മറുപടിയുടെ വെളിച്ചത്തിൽ പ്രസ്തുത ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിന് സമിതി ശുപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**വരവുകൾ ട്രഷറിയിൽ ഒടുക്കാതെ നേരിട്ട് ചെലവഴിച്ചതും ഭാഗികമായും കാലതാമസം വരുത്തിയും ഒടുക്കിയത് സംബന്ധിച്ച്**

കേരളാ ഫിനാൻഷ്യൽ കോഡ് ആർട്ടിക്കിൾ 7 പ്രകാരം ദിവസേനയുള്ള വരവ് അടുത്ത പ്രവർത്തി ദിവസം തന്നെ ട്രഷറിയിൽ ഒടുക്കേണ്ടതാണ്.  ഇതിനു വിരുദ്ധമായി വരവ് നേരിട്ട് ചെലവഴിക്കുന്നതും ഭാഗികമായി മാത്രം ഒടുക്കുന്നതും ശരിയായ

നടപടിയല്ല. 2000-01 വർഷത്തെ ഇൻസ്റ്റിറ്റ്യൂട്ടിന്റെ റിവോൾവിംഗ് ഫണ്ടിന്റെ കണക്കുകൾ പരിശോധിച്ചതിൽ വിറ്റുവരവ് ഇനത്തിൽ ഇൻസ്റ്റിറ്റ്യൂട്ടിന് ലഭിക്കുന്ന വരുമാനം പലപ്പോഴും കൃത്യസമയത്ത് ട്രഷറിയിൽ ഒടുക്കാതെ നേരിട്ട് ദൈനംദിന ആവശ്യങ്ങൾക്കായി ചെലവഴിച്ചശേഷം ഭാഗികമായി മാത്രം അടവ് വരുത്തിയതായി കാണുന്നു. ഈ ഇനത്തിൽ 15-5-2000 മുതൽ 31-3-2001 വരെ ആകെ 1,01,926 രൂപ നേരിട്ട് ചെലവഴിച്ചതായി ഓഡിറ്റ് കണ്ടെത്തി.

[ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2002-03-ലെ സമാഹൃത റിപ്പോർട്ടിലെ ഖണ്ഡിക നമ്പർ V(1)(vi).]

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി ചുവടെ ചേർക്കുന്നു :

"സാമ്പത്തിക അച്ചടക്കത്തിന്റെ ഭാഗമായി കാലാകാലങ്ങളിൽ സർക്കാർ ട്രഷറി നിയന്ത്രണം ഏർപ്പെടുത്തിയിരുന്നതിനാൽ ഇൻസ്റ്റിറ്റ്യൂട്ടിലെ ഒഴിച്ചുകൂടാൻ സാധിക്കാത്ത ദൈനംദിന കാര്യങ്ങളായ പുസ്തക പ്രദർശനം, അതോടനുബന്ധിച്ചുള്ള തപാൽ ചെലവുകൾ, വാഹനത്തിന്റെ പെട്രോൾ ചെലവുകൾ എന്നിവയ്ക്കാണ് ദിനവരവിൽനിന്നു തുക എടുത്തിരുന്നത്. ഇത് നിലവിലുള്ള നിയമങ്ങൾക്ക് വിരുദ്ധമാണെങ്കിലും ഇത് ഒഴിവാക്കാൻ പറ്റാത്ത ചെലവുകളായിരുന്നു. ഇപ്രകാരം ചെലവാക്കിയ തുക മുഴുവനും ജനറൽ ഫണ്ടിൽ നിന്നും റിവോൾവിംഗ് ഫണ്ടിലേക്ക് തിരിച്ചടച്ചിട്ടുണ്ട്. 2005 മുതൽ ട്രഷറിയിൽ ഒടുക്കാതെ ദിനവരവിൽ നിന്നും നേരിട്ട് പണം അത്യാവശ്യചെലവുകൾക്കായി ഉപയോഗിക്കുന്നില്ല. അതുകൊണ്ട് പ്രസ്തുത പരാമർശം ഒഴിവാക്കേണ്ടതാണ്."

സമിതി യോഗത്തിന്റെ സംക്ഷിപ്തം ചുവടെ ചേർക്കുന്നു :

31. ഇൻസ്റ്റിറ്റ്യൂട്ടിന് ലഭിക്കുന്ന വരുമാനം കൃത്യസമയത്ത് ട്രഷറിയിൽ അടയ്ക്കാതെ ദൈനംദിന ആവശ്യങ്ങൾക്കായി എടുത്തതിന്റെ സാംഗത്യമെന്തെന്ന് സമിതി ആരാഞ്ഞതിന് തങ്ങൾക്ക് ഗവൺമെന്റ് ഗ്രാന്റ് മാത്രമേ വരുമാനമായി ഉള്ളൂവെന്നും പുസ്തകം വില്ക്കുന്നതിലൂടെ ലഭിക്കുന്ന തുകപോലും ഉപയോഗിക്കുവാൻ അധികാരമില്ലെന്നും അതും റിവോൾവിംഗ് ഫണ്ടിലിട്ട് അഡ്വാൻസ് ചെയ്യുമെന്നും എസ്.ഐ.ഇ.പി. ഡയറക്ടർ സമിതിയെ അറിയിച്ചു. രണ്ടു മാസം മുൻകൂർ എടുത്തിട്ട് തിരിച്ചടയ്ക്കാത്തതിന്റെ കാരണം സമിതി ആരാഞ്ഞതിന് വർഷാവസാനം ചിലപ്പോൾ സാലറി കൊടുക്കാനില്ലാതെ വരുമ്പോൾ മുൻകൂർ എടുക്കാറുണ്ടെന്ന് S.I.E.P. ഡയറക്ടർ അറിയിച്ചതിനെ തുടർന്ന് ട്രഷറിയിൽ പണം അടച്ചിട്ട് ചെക്ക് കൊടുക്കുകയോ ബിൽ കൊടുക്കുകയോ ആയിരുന്നു ചെയ്യേണ്ടിയിരുന്നതെന്ന് സമിതി S.I.E.P. ഡയറക്ടറോട് നിർദ്ദേശിച്ചു. ഇപ്പോൾ അങ്ങനെ തന്നെയാണ് ചെയ്യുന്നതെന്ന് S.I.E.P. ഡയറക്ടർ മറുപടി നൽകി.

32. പണ്ട് തുടങ്ങിയ മേൽപ്പറഞ്ഞ നടപടിക്രമം ട്രഷറി ബാൻ ഇല്ലാത്തപ്പോഴും തുടരുന്നത് ധനാപഹരണമായി മാത്രമേ കാണാൻ സാധിക്കുകയുള്ളൂവെന്നും അത് തുടരുന്നത് ട്രഷറി കോഡിന് വിരുദ്ധമാണെന്നും കിട്ടുന്ന പണം അടുത്ത ദിവസം തന്നെ ട്രഷറിയിൽ അടയ്ക്കണമെന്നും ട്രഷറി ബാൻ ഉണ്ടായിരുന്നുവെന്ന വിശദീകരണം അംഗീകരിക്കാൻ കഴിയില്ലെന്നും സമിതി വ്യക്തമാക്കി. ഇപ്പോൾ കൃത്യസമയത്തുതന്നെ ട്രഷറിയിൽ പണം അടയ്ക്കുന്നുണ്ടെന്ന് എസ്.ഐ.ഇ.പി. ഡയറക്ടർ മറുപടി നൽകി.

**നിഗമനങ്ങൾ/ശുപാർശകൾ**

33. **ഇൻസ്റ്റിറ്റ്യൂട്ടിന്റെ ചെലവുകൾക്കുള്ള തുക ദൈനംദിന വരവിൽനിന്നും എടുത്തിരുന്ന നടപടി തികച്ചും ക്രമവിരുദ്ധമാണെന്ന് സമിതി വിലയിരുത്തുന്നു. സാമ്പത്തിക അച്ചടക്കത്തിന്റെ ഭാഗമായി ട്രഷറി നിയന്ത്രണം ഏർപ്പെടുത്തിയിരുന്ന സമയത്ത് ഇൻസ്റ്റിറ്റ്യൂട്ടിലെ ഒഴിച്ചുകൂടാൻ സാധിക്കാത്ത ചെലവുകൾക്കാണ് ദിനവരവിൽനിന്നു തുക എടുത്തിരുന്നതെന്ന് വാദിക്കുന്ന ഇൻസ്റ്റിറ്റ്യൂട്ട്, ട്രഷറി നിയന്ത്രണം ഇല്ലാത്തപ്പോഴും ഈ പ്രവണത തുടർന്നിരുന്നതായി സമിതിക്ക് ബോധ്യമാകുന്നു. ട്രഷറി കോഡിന് വിരുദ്ധമായ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഈ നടപടി അംഗീകരിക്കുവാനാകില്ല. ആയതിനാൽ, പണമിടപാടുകൾ നിലവിലുള്ള ചട്ടങ്ങളിലെ വ്യവസ്ഥകൾ അനുശാസിക്കുംപ്രകാരം തന്നെ നടത്തേണ്ടതാണെന്ന് സമിതി നിഷ്കർഷിക്കുന്നു. കൂടാതെ, ഇവ ലംഘിക്കുന്നവരുടെ പേരിൽ കർശന നടപടി സ്വീകരിക്കേണ്ടതാണെന്നും സമിതി ശുപാർശ ചെയ്യുന്നു**

ഓഡിറ്റ് ഖണ്ഡിക

**വിജ്ഞാനകോശം വാല്യങ്ങളുടെ വില്പന കുടിശ്ശിക പിരിച്ചെടുക്കാത്തതുമൂലം ഭീമമായ നഷ്ടം**

സർക്കാർ ജീവനക്കാർ, ബാങ്ക് ജീവനക്കാർ, അധ്യാപകർ തുടങ്ങിയവർക്ക് തവണ വ്യവസ്ഥയിലും വായ്പാ പദ്ധതി പ്രകാരവും വിതരണം ചെയ്തിട്ടുള്ള പുസ്തകങ്ങളിൽ മേൽ ഗഡുക്കളായി പിരിഞ്ഞ് കിട്ടാനുള്ള തുക ഈടാക്കുന്നതിന് യഥാസമയം നടപടി സ്വീകരിക്കാത്തതിനാൽ ഇൻസ്റ്റിറ്റ്യൂട്ടിന് 9,63,338 രൂപയുടെ നഷ്ടം സംഭവിച്ചിട്ടുണ്ട്. ഇതുകൂടാതെ സ്കൂളുകൾ, കോളേജുകൾ, ലൈബ്രറികൾ, ബുക്ക് മാർക്കറ്റിംഗ് സൊസൈറ്റി, സാഹിത്യപ്രവർത്തക സഹകരണ സംഘം എന്നിവിടങ്ങളിൽ നിന്നുമായി 31-3-2001-ൽ ഇൻസ്റ്റിറ്റ്യൂട്ടിന് 16,08,754 രൂപ പിരിഞ്ഞു കിട്ടാനുണ്ട്. ഇക്കാര്യങ്ങൾ ഭരണ വകുപ്പിന്റെ അടിയന്തിര ശ്രദ്ധയിൽപ്പെടുത്തുന്നു. ഭീമമായ കുടിശ്ശികകൾ പിരിച്ചെടുക്കുവാൻ സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.

[ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2002-03-ലെ സമാഹൃത റിപ്പോർട്ടിലെ ഖണ്ഡിക നമ്പർ V(1)(vii).]

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി ചുവടെ ചേർക്കുന്നു :

"കെഡ്രിറ്റ് വ്യവസ്ഥയിൽ നൽകിയ പുസ്തകങ്ങളുടെ വിലയിനത്തിൽ 31-3-2003-ൽ കുടിശ്ശിക ഉണ്ടായിരുന്ന 7,55,096 രൂപയിൽ നിന്നും 4,02,625 രൂപ പിരിച്ചെടുത്തിട്ടുണ്ട്. ബാക്കിതുക പിരിച്ചെടുക്കുന്നതിന് വകുപ്പ് മേധാവികൾ മുഖേന റിക്കവറി നോട്ടീസുകൾ അയച്ച് തുക ഈടാക്കി വരുകയാണ്. ഇപ്പോൾ ക്രെഡിറ്റ് വ്യവസ്ഥയിൽ പുസ്തകങ്ങൾ നല്കിക്കഴിഞ്ഞാൽ അടുത്തമാസം മുതൽ റിക്കവറി നടത്തുന്ന സംവിധാനമാണ് നിലവിലുള്ളത്. വാല്യങ്ങൾ നല്കിയ ഇനത്തിലുള്ള കുടിശ്ശിക വളരെ കൃത്യമായി പിരിച്ചെടുത്തുവരികയാണ്. ആയതിനാൽ ഈ പരാമർശം ഒഴിവാക്കേണ്ടതാണ്."

സമിതി യോഗത്തിന്റെ സംക്ഷിപ്തം ചുവടെ ചേർക്കുന്നു :

34. സാമ്പത്തികമായി ബുദ്ധിമുട്ടുള്ള സ്ഥാപനമായിട്ടുപോലും തവണ വ്യവസ്ഥയിലും മറ്റും പുസ്തകം കൊടുത്തിട്ട് ആ തുക പിരിച്ചെടുക്കാത്തതെന്താണെന്നും

അപ്രകാരം 9,63,338 രൂപയുടെ നഷ്ടം സംഭവിച്ചതിന്റെ കാരണമെന്താണെന്നുമുള്ള സമിതിയുടെ ചോദ്യത്തിന് ആദ്യ കാലത്ത് ചില പിശകുകൾ വന്നെങ്കിലും ഇപ്പോൾ കൃത്യമായി അത് തിരികെ വാങ്ങിക്കാറുണ്ടെന്നും ചിലരൊക്കെ മരിച്ചുപോയ സംഭവങ്ങൾ ഉണ്ടായിട്ടുണ്ടന്നെും എസ്.ഐ.ഇ.പി. ഡയറക്ടർ സമിതിയെ അറിയിച്ചു. മരിച്ചുപോയ വരുടെ കേസുകളിൽ ആ തുക എഴുതിത്തള്ളാൻ ബോർഡ് തീരുമാനിച്ചിരുന്നുവെന്നും ആ തീരുമാനം പുനഃപരിശോധിച്ച് കിട്ടാനുള്ള മാർഗ്ഗം തങ്ങൾ നോക്കുകയാണെന്നും ഡയറക്ടർ കൂട്ടിച്ചേർത്തു.

35. 6-8-2007-ൽ എസ്.ഐ.ഇ.പി.യിൽ നിന്നും ലഭിച്ച മറുപടിയിൽ 16,08,754 രൂപ യുടെയും 9,63,338 രൂപയുടെയും കുടിശ്ശിക എഴുതിത്തള്ളാൻ ഭരണസമിതി തീരുമാനിച്ച തായിട്ടുള്ള മറുപടി ശ്രദ്ധയിൽപ്പെടുത്തിയപ്പോൾ അത്രയും രൂപ എഴുതിത്തള്ളാനല്ല തീരുമാനിച്ചതെന്നും ആളുകൾ മരിച്ചുപോയതോ അഡ്രസ്സ് ഇല്ലാതെ വന്നതോ ആയ ചില കേസുകൾ മാത്രമാണ് എഴുതിത്തള്ളാൻ തീരുമാനിച്ചതെന്നും ഏതാണ്ട് 3 ലക്ഷം രൂപ മാത്രമേ അത്തരത്തിലുള്ളൂവെന്നും എസ്.ഐ.ഇ.പി. ഡയറക്ടർ വ്യക്തമാക്കി.

36. സമിതി മുമ്പാകെ വരുമ്പോൾ കൃത്യമായി കണക്കു വേണമെന്നും 6-8-2007-ലെ ഭരണ സമിതിയുടെ മറുപടിയുടെ കോപ്പി സമിതി മുമ്പാകെ ഹാജരാക്കാത്ത സ്ഥിതിക്ക് വാക്കാൽ പറയുന്നത് സ്വീകരിക്കാൻ നിർവ്വാഹമില്ലെന്നും സമിതി വ്യക്തമാക്കി.

37. കുടിശ്ശിക പിരിച്ചെടുക്കാൻ എസ്.ഐ.ഇ.പി. നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന സമിതിയുടെ ചോദ്യത്തിന് നിരന്തരം കത്തുകൾ അയച്ചുകൊണ്ടിരിക്കുന്നുണ്ടെന്നും 3 ലക്ഷത്തിലധികം രൂപ അപ്രകാരം പിരിച്ചെടുത്തിട്ടുണ്ടെന്നും വ്യക്തികളിൽ നിന്നും കിട്ടാനുള്ള തുകയും, ബുക്ക് മാർക്കറ്റിംഗ് സൊസൈറ്റികൾ, സ്കൂളുകൾ, കോളേജുകൾ, ലൈബ്രറികൾ എന്നിവിടങ്ങളിൽ നിന്നും ലഭിക്കുവാനുള്ള തുകയും തിരിച്ച് കിട്ടുന്നുണ്ടെന്നും എസ്.ഐ.ഇ.പി. ഡയറക്ടർ അറിയിച്ചു.

38. ദിവസവേതനാടിസ്ഥാനത്തിൽ നിയമിച്ചിരിക്കുന്ന ആരെയെങ്കിലും കുടിശ്ശിക ഈടാക്കാനുള്ള സ്ഥാപനങ്ങളിൽ അയച്ച് നിർബന്ധപൂർവ്വം കാശ് ഈടാക്കുന്നതിനുള്ള എന്തെങ്കിലും നടപടി സ്വീകരിക്കാത്തതിന്റെ കാരണം സമിതി ആരാഞ്ഞതിന് സർക്കാർ, അർദ്ധസർക്കാർ ജീവനക്കാർ, പൊതുമേഖലാ സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥർ എന്നിവരുടെ ശമ്പളത്തിൽ നിന്ന് തിരിച്ചു പിടിക്കാമെന്നുള്ള വ്യവസ്ഥയിലാണ് പണം കൊടുത്തതെന്നും പബ്ലിഷ് ചെയ്ത വാല്യങ്ങൾ എല്ലാം ഒരു ഇൻസ്റ്റാൾമെന്റ് വാങ്ങിയിട്ട് ക്രെഡിറ്റ് വ്യവസ്ഥയിൽ കൊടുക്കുമെന്നും ബാക്കി തുക മാസംതോറും ഇൻസ്റ്റാൾമെന്റായി ഈടാക്കുമെന്നും എസ്.ഐ.ഇ.പി. അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ അറിയിച്ചു.

ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 4-12-2008-ലെ LF 20039/Spl.Cell.G3/08 നമ്പർ കത്ത് മുഖേന ലഭ്യമാക്കിയ മറുപടി ചുവടെ ചേർക്കുന്നു :

39. "2000-01-ലെ റിവോൾവിംഗ് ഫണ്ട് ഓഡിറ്റ് റിപ്പോർട്ടുപ്രകാരം 'എ' മുതൽ 'ജി' വരെയുള്ള യൂണിറ്റുകളിൽ നിന്നും 31-3-2001 വരെ 9,63,338 രൂപയാണ് പിരിഞ്ഞുകിട്ടാനുള്ളത്. എന്നാൽ ഇൻസ്റ്റിറ്റ്യൂട്ട് നൽകിയ മറുപടി പ്രകാരം 31-3-2008 വരെ 6,72,271 രൂപ പിരിഞ്ഞുകിട്ടിയിട്ടുണ്ടെന്നും ഇനി കിട്ടാനുള്ളത് 2,91,067

രൂപയാണെന്നും കാണുന്നു. എന്നാൽ ബന്ധപ്പെട്ട ഡിമാന്റ് രജിസ്റ്റർ ഇൻസ്റ്റിറ്റ്യൂട്ട് തയ്യാറാക്കി ഹാജരാക്കിയിട്ടില്ല. ഇപ്പോൾ പരിശോധനയ്ക്ക് ഹാജരാക്കിയ ഡി.സി.ബി. സ്റ്റേറ്റ്മെന്റ് പ്രകാരം ടി കുടിശ്ശികയിൽ നിന്നും 31-3-2008-ൽ പിരിഞ്ഞുകിട്ടാനുള്ള ബാക്കി 2,92,546 രൂപയാണെന്നും കാണിച്ചിരിക്കുന്നു. സമാഹൃത റിപ്പോർട്ടിന് നൽകിയ മറുപടിയോടൊപ്പമുള്ള സ്റ്റേറ്റ്മെന്റുകളും 2007-08-ലെ ഡി.സിബി. സ്റ്റേറ്റ്മെന്റും തമ്മിൽ 1,479 രൂപ വ്യത്യാസം കാണുന്നു. (2,92,546–2,91,067=1,479). ഇത് 'എ' യൂണിറ്റിലെ 696 രൂപയുടെയും 'ഡി' യൂണിറ്റിലെ 783 രൂപയുടെയും വ്യത്യാസം കൊണ്ടാണ്. ഈ വ്യത്യാസത്തിന്റെ നിജസ്ഥിതി ഓഡിറ്റിനെ ബോദ്ധ്യപ്പെടുത്തിയിട്ടില്ല.

40. മുകളിൽ സൂചിപ്പിച്ച 9,63,338 രൂപയ്ക്ക് പുറമേ ബുക്ക്മാർക്ക്, എസ്. പി. സി എസ്, സ്കൂളുകൾ എന്നിവിടങ്ങളിൽ നിന്നായി 31-3-2001 വരെ 16,08,754 രൂപ പിരിഞ്ഞു കിട്ടാനുണ്ട്. ഇതിന്മേൽ നാളിതുവരെ മറുപടി നൽകുകയോ 31-3-2001-നുശേഷം 31-3-2008 വരെ ഈ ഇനത്തിൽ പിരിച്ചെടുത്ത തുകയെ സംബന്ധിച്ച ഡിമാന്റു രജിസ്റ്ററോ ഡി.സി.ബി. സ്റ്റേറ്റ്മെന്റോ മറ്റനുബന്ധരേഖകളോ പരിശോധനയ്ക്ക് ഹാജരാക്കുകയോ ചെയ്തിട്ടില്ല.

41. സർക്കാർ/അർദ്ധസർക്കാർ ജീവനക്കാർക്ക് പുസ്തകം തവണ വ്യവസ്ഥയിൽ നൽകിയാൽ ജീവനക്കാർ വിരമിക്കുംമുമ്പ് തുക മുഴുവനും ഈടാക്കുന്നതിനുള്ള നടപടികൾ ഇൻസ്റ്റിറ്റ്യൂട്ട് സ്വീകരിക്കേണ്ടതായിരുന്നു. ഇക്കാര്യത്തിൽ ഇൻസ്റ്റിറ്റ്യൂട്ടിന് വീഴ്ച യുണ്ട്. മേൽപ്പറഞ്ഞ കാരണങ്ങളാലും കുടിശ്ശിക തുക എഴുതിത്തള്ളൽ സർക്കാരിന്റെ പരിഗണനയിലായതിനാലും മറ്റ് ക്രിയാത്മക നടപടികളൊന്നും സ്വീകരിക്കാത്ത സ്ഥിതിക്കും ഓഡിറ്റ് തടസ്സം നിലനിൽക്കുന്നു."

**നിഗമനങ്ങൾ/ശുപാർശകൾ**

42. **ഇൻസ്റ്റിറ്റ്യൂട്ട്, സർക്കാർ/അർദ്ധസർക്കാർ/ബാങ്ക് ജീവനക്കാർക്ക് പുസ്തകം തവണവ്യവസ്ഥയിൽ നൽകിയ ഇനത്തിൽ 31-1-2001 വരെ കുടിശ്ശികയായിരുന്ന 9,63,338 രൂപയിൽ 31-1-2008 വരെ 6,72,271 രൂപ പിരിച്ചെടുത്തതായി ഓഡിറ്റിന് ലഭ്യമാക്കിയ മറുപടിയിൽ വ്യക്തമാക്കുന്നു. എന്നാൽ, അവശേഷിക്കുന്ന കുടിശ്ശിക യുടെ കാര്യത്തിൽ ലഭ്യമാക്കിയ മറുപടിയിൽ സൂചിപ്പിച്ചിട്ടുള്ള തുകയും (2,91,067 രൂപ) ഓഡിറ്റിന് ഹാജരാക്കിയ ഡി.സി.ബി. സ്റ്റേറ്റ്മെന്റിലെ തുകയും (2,92,546 രൂപ) തമ്മിൽ 1,479 രൂപയുടെ വ്യത്യാസമുള്ളതായും പിരിച്ചെടുത്ത തുക സംബന്ധിച്ച ഡിമാന്റ് രജിസ്റ്ററോ ഡിമാന്റ് സ്റ്റേറ്റ്മെന്റോ അനുബന്ധ രേഖകളോ പരിശോധനയ്ക്കായി ഓഡിറ്റ് വകുപ്പിന് ഹാജരാക്കിയിട്ടില്ല എന്നും ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ പുനഃപരിശോധനാ റിപ്പോർട്ടിൽ പരാമർശിച്ചിരിക്കുന്നു.**

43. **ട്രഷറി/ബാങ്ക് എന്നിവ മുഖേന ശമ്പളം കൈപ്പറ്റുന്ന സർക്കാർ/ അർദ്ധസർക്കാർ/ബാങ്ക് ജീവനക്കാർക്ക് വ്യക്തമായ ധാരണാപത്രത്തിന്റെ അടിസ്ഥാനത്തി ലാണ് തവണവ്യവസ്ഥയിൽ പുസ്തകം നല്കുന്നത് എന്നിരിക്കെ ഇക്കാര്യത്തിൽ കുടിശ്ശികയുണ്ടായതിന് യാതൊരു ന്യായീകരണവും കാണുവാൻ കഴിയില്ല. സ്ഥാപന ങ്ങൾക്ക് തവണ വ്യവസ്ഥയിൽ പുസ്തകം നൽകിയതിലും സ്ഥിതി വ്യത്യസ്തമല്ല. പുസ്തകം തവണ വ്യവസ്ഥയിൽ നല്കിയശേഷം തുക പിരിച്ചെടുക്കുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നും തവണത്തുക ഈടാക്കുന്നതിൽ**

**മതിയായ ശുഷ്കാന്തി ഉണ്ടാകാത്തതാണ് ഇത്രയും ഭീമമായ കുടിശ്ശികയ്ക്ക് ഇടയാക്കിയത് എന്ന് സമിതി നിരീക്ഷിക്കുന്നു. സാമ്പത്തിക ബുദ്ധിമുട്ട് നേരിട്ടിട്ടുപോലും കുടിശ്ശിക സമയബന്ധിതമായി പിരിച്ചെടുക്കുവാനുള്ള ആത്മാർത്ഥമായ യാതൊരു ശ്രമവും ഇൻസ്റ്റിറ്റ്യൂട്ട് നടത്താത്തതിൽ സമിതി കടുത്ത അതൃപ്തി രേഖപ്പെടുത്തുന്നു. പുസ്തകം തവണ വ്യവസ്ഥയിൽ നൽകുന്നത് സംബന്ധിച്ച ഡിമാന്റ് രജിസ്റ്റർ, ഡിമാന്റ് സ്റ്റേറ്റ്മെന്റ്, അനുബന്ധ രേഖകൾ എന്നിവ സൂക്ഷിക്കുന്നതിലും പരിശോധനയ്ക്കായി ഓഡിറ്റ് വകുപ്പിന് ഹാജരാക്കുന്നതിലും സംഭവിച്ച വീഴ്ചയേയും സമിതി ഗൗരവമായി വീക്ഷിക്കുന്നു.**

44. **ആയതിനാൽ, ഇൻസ്റ്റിറ്റ്യൂട്ട്, സ്ഥാപനങ്ങൾക്കും വ്യക്തികൾക്കും തവണ വ്യവസ്ഥയിൽ പുസ്തകം നൽകിയ ഇനത്തിൽ നാളിതുവരെയുള്ള കുടിശ്ശിക സംബന്ധിച്ച വിശദവിവരങ്ങളടങ്ങിയ സ്റ്റേറ്റ്മെന്റും പ്രസ്തുത കുടിശ്ശിക തുക പിരിച്ചെടുക്കുവാൻ സ്വീകരിച്ച നടപടി സംബന്ധിച്ച റിപ്പോർട്ടും ലഭ്യമാക്കുവാൻ സമിതി ആവശ്യപ്പെടുന്നു. കൂടാതെ, ഭാവിയിൽ കുടിശ്ശികയുണ്ടാകാതെ തുക പിരിച്ചെടുക്കണമെന്നും ഇവ സംബന്ധിച്ച രേഖകൾ ഓഡിറ്റിന് യഥാസമയം ഹാജരാക്കണമെന്നും അക്കാര്യത്തിൽ വീഴ്ച വരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ കർശന നടപടി സ്വീകരിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**പൊതു അവലോകനം**

സർവ്വവിജ്ഞാന കോശം ഇൻസ്റ്റിറ്റ്യൂട്ടിന്റെ 2001-02 വർഷത്തെയും 2002-03 വർഷത്തെയും (ജനറൽ ഫണ്ട്, റിവോൾവിംഗ് ഫണ്ട്) വരവ്-ചെലവ് കണക്കുകൾ ഓഡിറ്റിൽ പരിശോധനയ്ക്കു വിധേയമാക്കി. 2004 ജനുവരി മാസം വരെ സർവ്വവിജ്ഞാന കോശത്തിന്റെ 12-ാം വാല്യം വരെമാത്രം പ്രസിദ്ധീകരിക്കുവാൻ ഇൻസ്റ്റിറ്റ്യൂട്ടിന് കഴിഞ്ഞിട്ടുള്ളൂ. ഈ കാലയളവിൽ വിശ്വസാഹിത്യ വിജ്ഞാനകോശത്തിന്റെ 3 വാല്യങ്ങളും പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ ഈ സ്ഥാപനത്തിനുവേണ്ടി ചെലവാക്കുന്ന തുകയും സ്ഥാപനം പ്രകാശനം ചെയ്യുന്ന വിജ്ഞാനകോശം വാല്യങ്ങളും തമ്മിൽ താരതമ്യപ്പെടുത്തുമ്പോൾ ചെലവാക്കപ്പെടുന്ന തുകയ്ക്കു തുല്യമായ പ്രയോജനം ലഭിക്കുന്നില്ലെന്ന് ഓഡിറ്റിൽ വിലയിരുത്തപ്പെടുന്നു.

ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രധാന വരുമാനമാർഗ്ഗങ്ങൾ സർക്കാരിൽ നിന്ന് ലഭിക്കുന്ന ഗ്രാന്റുകളും വിശ്വവിജ്ഞാനകോശം വില്പനയിലൂടെ ലഭിക്കുന്ന തുകയുമാണ്. വിശ്വവിജ്ഞാനകോശം വില്പനയിലൂടെ ലഭിക്കുന്ന തുക നിക്ഷേപിക്കാനായി റിവോൾവിംഗ് ഫണ്ട് എന്നൊരു അക്കൗണ്ട് കൂടി സ്ഥാപനത്തിന് ഉണ്ട്.

2001-02 സാമ്പത്തിക വർഷത്തിൽ റിവോൾവിംഗ് ഫണ്ടിൽ നിന്നും 30,84,757 രൂപ വായ്പയായി എടുത്തിട്ടുണ്ട്. ഇതിൽ 30-3-2002-ൽ 15,32,172 രൂപ റിവോൾവിംഗ് ഫണ്ടിലേക്ക് തിരിച്ചടച്ചിട്ടുണ്ട്. 2002-03 സാമ്പത്തിക വർഷത്തിൽ റിവോൾവിംഗ് ഫണ്ടിൽ നിന്നും വായ്പയായി എടുത്ത 22,45,732 രൂപയിൽ 9,58,894 രൂപ തിരികെ അടച്ചിട്ടുണ്ട്. പദ്ധതിയേതര ഗ്രാന്റായി 2001-02, 2002-03 വർഷത്തിൽ ലഭിച്ച തുക ഇൻസ്റ്റിറ്റ്യൂട്ടിന്റെ നടത്തിപ്പിനു അപര്യാപ്തമാണ്. എന്നാൽ ടി കാലയളവിൽ പദ്ധതി ഗ്രാന്റിനത്തിൽ ലഭിച്ച തുക പ്രസ്തുത ആവശ്യത്തിനു മുഴുവനായി വിനിയോഗിക്കാൻ കഴിഞ്ഞിട്ടില്ല.

അനുവദനീയമല്ലാത്ത ചെലവിനങ്ങൾ പദ്ധതി ചെലവായി ഉൾപ്പെടുത്തി 5,97,677 രൂപ വകമാറി (2002-03-ൽ) ചെലവ് ചെയ്തതായും കാണുന്നു.

2000-01 സാമ്പത്തിക വർഷം ഓരോ ചെലവിനത്തിൽ രണ്ടുപ്രാവശ്യം പണം നൽകിയതുമൂലം (സെക്രട്ടേറിയറ്റ് സർവ്വീസിന് പരസ്യക്കൂലിയിനത്തിൽ നൽകിയ തുക) 2,500 രൂപയുടെ നഷ്ടം ഇൻസ്റ്റിറ്റ്യൂട്ട് ഫണ്ടിന് സംഭവിച്ചിട്ടുണ്ട്. അതുപോലെ 2000-01-ലെ വൗച്ചർ നമ്പർ 350 പ്രകാരം മെസേഴ്സ് മോഡി സിറോക്സ് ലിമിറ്റഡിനു സർവ്വീസ് ചാർജ്ജിനത്തിൽ നൽകിയ 1,365 രൂപ റ്റി.പി.എ. 230-ാം നമ്പർ അക്കൗണ്ടിൽ രണ്ട് പ്രാവശ്യം ഡെബിറ്റ് ചെയ്തതായി കാണുന്നു. അക്കൗണ്ടിൽ സംഭവിച്ച ഇത്തരം വീഴ്ചകൾ യഥാസമയത്ത് കണ്ടുപിടിക്കാതിരുന്നത് ധനവിനിയോഗത്തിലുള്ള വീഴ്ചയായി വിലയിരുത്തുന്നു.

മെമ്മോറാണ്ടം ഓഫ് അസോസിയേഷനും കേരള സ്റ്റേറ്റ് എൻസൈക്ലോപീഡിയ എസ്റ്റാബ്ലിഷ്മെന്റ് റൂൾ 12-ഉം പ്രകാരം നാല് മാസത്തിനുള്ളിൽ ഒരു പ്രാവശ്യമെങ്കിലും ഭരണസമിതി യോഗം ചേരേണ്ടതാണ്. 2001-02 സാമ്പത്തിക വർഷം 1 പ്രാവശ്യം മാത്രമേ യോഗം ചേർന്നിട്ടുള്ളൂയെങ്കിൽ 2002-03 സാമ്പത്തിക വർഷം ഭരണസമിതി യോഗമേ ചേർന്നിട്ടില്ല. ടി റൂൾ 11(2) പ്രകാരം ഓരോ സാമ്പത്തിക വർഷത്തിലും ഇൻസ്റ്റിറ്റ്യൂട്ട് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പ്രവർത്തന പരിപാടികൾ വിലയിരുത്തി വേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ നൽകേണ്ടത് ഭരണസമിതിയാണ്. നിയമപരമായ ഇത്തരം വീഴ്ച ഇൻസ്റ്റിറ്റ്യൂട്ടിന്റെ കാര്യക്ഷമതയില്ലായ്മയെ സൂചിപ്പിക്കുന്നു.

ടി റൂൾ 11(3) പ്രകാരം 1-4-2002-നുമുൻപായി ഭരണസമിതി അംഗീകരിച്ച് സർക്കാരിലേക്കു സമർപ്പിക്കേണ്ടതായ 2002-03-ലെ ബഡ്ജറ്റ് എസ്റ്റിമേറ്റ് 27-12-2001-ൽ അയച്ചതായി കാണുന്നു. എന്നാൽ സർക്കാരിൽ നിന്ന് അംഗീകാരം ലഭിച്ചതായ രേഖകളൊന്നും ഓഡിറ്റിൽ ഹാജരാക്കിയിട്ടില്ല.

എസ്റ്റാബ്ലിഷ്മെന്റ് റൂൾ 11(3) പ്രകാരം വാർഷിക ബഡ്ജറ്റ് എസ്റ്റിമേറ്റ് അംഗീകരിച്ച് സർക്കാരിലേക്ക് നൽകേണ്ട അധികാരസ്ഥാനം ഭരണസമിതിയാണ്. മാത്രവുമല്ല ഇതൊരു നിയമപരവും നയപരവുമായ ബാദ്ധ്യതയാണ്. ഇക്കാരണത്താൽ ബഡ്ജറ്റ് എസ്റ്റിമേറ്റ് സ്റ്റാന്റിംഗ് കമ്മിറ്റി അംഗീകരിച്ച് സർക്കാരിലേക്കു അയച്ച നടപടി ഉചിതമല്ല ; നിയമവിരുദ്ധമാണ്.

[ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2003-04-ലെ സമാഹൃത റിപ്പോർട്ടിലെ ഓഡിറ്റ് ഖണ്ഡിക നമ്പർ 10(1)(1).]

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി ചുവടെ ചേർക്കുന്നു :

സർവ്വവിജ്ഞാനകോശം 20 വാല്യങ്ങളും വിശ്വസാഹിത്യവിജ്ഞാനകോശം 10 വാല്യങ്ങളും പ്രസിദ്ധീകരിക്കുക എന്ന ബൃഹത്തായ പദ്ധതിയാണ് ഇൻസ്റ്റിറ്റ്യൂട്ട് ഏറ്റെടുത്തിരിക്കുന്നത്. ഇതിൽ സർവ്വവിജ്ഞാനകോശത്തിന്റെ 13 വാല്യങ്ങളും വിശ്വസാഹിത്യവിജ്ഞാനകോശത്തിന്റെ 5 വാല്യങ്ങളും പ്രസിദ്ധീകരിച്ചുകഴിഞ്ഞു. സർവ്വവിജ്ഞാനകോശം 14-ാം വാല്യവും വിശ്വസാഹിത്യവിജ്ഞാനകോശം 6-ാം വാല്യവും 2007 ഡിസംബർ മാസത്തിൽ തന്നെ പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു കഴിഞ്ഞു.

ഇൻസ്റ്റിറ്റ്യൂട്ട് ഇതേവരെ പ്രസിദ്ധീകരിച്ച സർവ്വവിജ്ഞാനകോശം 1 മുതൽ 10 വരെയുള്ള വാല്യങ്ങളും പരിഷ്കരിക്കുന്നതിനുള്ള നടപടികളും ആരംഭിച്ചുകഴിഞ്ഞു. പരിഷ്ക്കരിച്ച സർവ്വവിജ്ഞാനകോശം 2-ാം വാല്യവും 2007 ഡിസംബർ മാസത്തിൽതന്നെ പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടിയും സ്വീകരിച്ചുകഴിഞ്ഞു.

1988 മാർച്ച് മാസം മുതൽ 1995 വരെയുള്ള കാലഘട്ടത്തിൽ ചില വർഷങ്ങളിൽ ഇൻസ്റ്റിറ്റ്യൂട്ടിൽ സ്വതന്ത്ര ചുമതലയുള്ള ഡയറക്ടർ ഇല്ലായിരുന്നു. ഈ കാലഘട്ടത്തിൽ സെക്രട്ടേറിയറ്റിൽ നിന്നുള്ള ഉദ്യോഗസ്ഥർക്ക് ഡയറക്ടറുടെ അധിക ചുമതല നൽകിയിരിക്കുകയായിരുന്നു. ഇവർക്ക് വിജ്ഞാനകോശം വാല്യങ്ങളുടെ പ്രവർത്തനവുമായുള്ള പരിചയക്കുറവ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനത്തെയും സാരമായി ബാധിച്ചു. ഇതുകൂടാതെ ഇടയ്ക്കിടയ്ക്കുള്ള ആഫീസ് കെട്ടിടമാറ്റവും ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനത്തെ സാരമായി ബാധിച്ചിട്ടുണ്ട്.

വിജ്ഞാനകോശങ്ങളുടെ പ്രസിദ്ധീകരണം പൂർണ്ണമായും വൈദഗ്ദ്ധ്യത്തോടെയും സൂക്ഷ്മതയോടെയും ചെയ്യേണ്ട കാര്യങ്ങളാണ്. ഇൻസ്റ്റിറ്റ്യൂട്ടിലെ ഉദ്യോഗസ്ഥരുടെയും പുറമെയുള്ള വിദഗ്ദ്ധരുടെയും സഹകരണത്തോടെയാണ് വിജ്ഞാനകോശങ്ങൾ പ്രസിദ്ധീകരിക്കുന്നത്. പലപ്പോഴും ടി സൂചിപ്പിച്ച വ്യക്തികളിൽ നിന്നും ക്ലിപ്ത സമയപരിധിക്കുള്ളിൽ ലേഖനങ്ങളും മറ്റും ലഭിക്കാതിരുന്നത് വിജ്ഞാനകോശങ്ങളുടെ പ്രസിദ്ധീകരണത്തിന് കാലവിളംബം സംഭവിക്കുന്നതിന് കാരണമായി. മാത്രവുമല്ല സ്വകാര്യ പ്രസ്സിലാണ് പുസ്തകങ്ങൾ അച്ചടിക്കുന്നത്. ഇതിന് സർക്കാർ നിർദ്ദേശിച്ചിരുന്ന മാനദണ്ഡങ്ങൾ പൂർണ്ണമായും പാലിക്കുന്നതിലേക്കായി നിർദ്ദിഷ്ട കമ്മിറ്റി നിരവധി തവണ കൂടി തീരുമാനങ്ങൾ എടുക്കേണ്ടിവന്നു. അതിനെല്ലാം ഉദ്ദേശിച്ചതിലും വളരെ കൂടുതൽ സമയം അപഹരിച്ചു. എന്നിരുന്നാലും മൂന്നു വർഷത്തിലൊരിക്കൽ ഒരു വാല്യം പ്രസിദ്ധീകരിച്ചുകൊണ്ടിരുന്ന ഈ സ്ഥാപനം ജീവനക്കാരുടെ കൂട്ടായ്മ പ്രവർത്തനംകൊണ്ട് 2005-06 വർഷത്തിൽ സർവ്വവിജ്ഞാനകോശം 13-ാം വാല്യവും (6-9-2005) വിശ്വസാഹിത്യവിജ്ഞാനകോശം 5-ാം വാല്യവും (21-12-2005) പ്രസിദ്ധീകരിക്കുവാൻ കഴിഞ്ഞു. ഇതിനുപുറമേ പരിഷ്കരിച്ച സർവ്വവിജ്ഞാനകോശം ഒന്നാം വാല്യം 26-3-2007-ലും പ്രസിദ്ധീകരിച്ചു. ഇതുകൂടാതെ സർവ്വവിജ്ഞാനകോശം 14-ാം വാല്യവും വിശ്വസാഹിത്യവിജ്ഞാനകോശം 6-ാം വാല്യവും പരിഷ്കരിച്ച 2-ാം വാല്യവും 2007 ഡിസംബർ മാസത്തോടുകൂടി പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടിയും സ്വീകരിച്ചുകഴിഞ്ഞു. അതോടൊപ്പം തന്നെ മറ്റു വാല്യങ്ങളും സമയബന്ധിതമായി പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുകഴിഞ്ഞു.”

സമിതി യോഗത്തിന്റെ സംക്ഷിപ്തം ചുവടെ ചേർക്കുന്നു :

45. 2001-02-ൽ റിവോൾവിംഗ് ഫണ്ടിൽ നിന്ന് 30,84,757 രൂപ വായ്പ എടുത്തതിൽ 30-3-2002-ൽ 16,32,172 രൂപ തിരിച്ചടച്ചതായും 2002-03-ൽ പ്രസ്തുത ഫണ്ടിൽ നിന്നും വായ്പയായി 22,45,732 രൂപ എടുത്തതിൽ 9,58,894 രൂപ തിരിച്ചടച്ചതായും ഡയറക്ടർ സമിതി മുൻപാകെ ബോധിപ്പിച്ചു. 2001-02, 2002-03 വർഷങ്ങളിൽ ഇൻസ്റ്റിറ്റ്യൂട്ടിന്റെ നടത്തിപ്പിന് ലഭിച്ച തുക അപര്യാപ്തമാണെന്ന് എസ്റ്റിമേറ്റ് കമ്മിറ്റി പറഞ്ഞിട്ടും അതിന് വിശദീകരണം നൽകാത്തതിന്റെ കാരണം എന്താണെന്ന് സമിതി ആരാഞ്ഞതിന്

വകുപ്പ് സെക്രട്ടറിയെ അതൊക്കെ ബോധ്യപ്പെടുത്തിയിട്ടുണ്ടെന്നും മുൻകാലങ്ങളിൽ അങ്ങനെ വീഴ്ച വന്നിട്ടുണ്ടെന്നും, ഇപ്പോൾ എല്ലാത്തിനും മറുപടി അയയ്ക്കുന്നുണ്ടെന്നും എസ്.ഐ.ഇ.പി. ഡയറക്ടർ സമിതിയെ അറിയിച്ചു.

46. നൽകിയ മറുപടികൾ എല്ലാം തന്നെ വ്യക്തമാണെന്നും ഗ്രാന്റ് ലഭിക്കുന്നതിന് എസ്.ഐ.ഇ.പി.യുടെ ഭാഗത്തുനിന്നും സമ്മർദ്ദം ഉണ്ടാകുന്നില്ലെന്നും ഗ്രാന്റ് കിടക്കുന്നതുതന്നെ ഏതു കാര്യത്തിനാണോ ഉപയോഗിക്കേണ്ടത് അതിന് ഉപയോഗിക്കാറില്ലെന്നും പരസ്യക്കൂലിയിനത്തിൽ നഷ്ടമുണ്ടായിട്ടുണ്ടെന്നും ഒരേ ചെലവിനത്തിൽ രണ്ടുപ്രാവശ്യം പണം നൽകിയതുവഴി 2,500 രൂപ നഷ്ടമുണ്ടായിട്ടുണ്ടെന്നും, സിറ്റിയിൽ സർക്കുലേഷനുള്ള ഒരു പത്രത്തിലെങ്കിലും പരസ്യം കൊടുക്കേണ്ടതായിരുന്നുവെന്നും വൗച്ചർ പ്രകാരം 2,500 രൂപയുടെ ഇരട്ടിപ്പ് വന്നിട്ടുണ്ടെന്നും അതുപോലെ 2000-01-ലെ വൗച്ചർ നമ്പർ 350 പ്രകാരം M/s മോഡി സിറോക്സ് ലിമിറ്റഡിന് സർവ്വീസ് ചാർജ്ജിനത്തിൽ നൽകിയ 1,365 രൂപ റ്റി.പി.എ. 230-ാം നമ്പർ അക്കൗണ്ടിൽ രണ്ടുപ്രാവശ്യം ഡെബിറ്റ് ചെയ്തതായി കാണുന്നുവെന്നും ഈ രണ്ട് കേസുകളും വൗച്ചർകൊണ്ട് ബോദ്ധ്യപ്പെടുത്തുകയോ അല്ലെങ്കിൽ ആ കാശ് ഈടാക്കാനുള്ള നടപടി സ്വീകരിക്കുകയോ ചെയ്യണമെന്നും സമിതി നിർദ്ദേശിച്ചു. കൂടാതെ ഫണ്ടുകൾ വകമാറ്റി ചെലവഴിക്കുന്നത് സംബന്ധിച്ച് വിശദീകരണം നൽകണമെന്നും സമിതി ആവശ്യപ്പെട്ടു. 2001-02-ൽ ഒരു പ്രാവശ്യമാണ് ഭരണസമിതി കൂടിയിരുക്കുന്നതെന്നും 2002-03-ൽ ഭരണസമിതി യോഗം കൂടിയിട്ടില്ലെന്നുള്ളതും സമിതി ചൂണ്ടിക്കാട്ടി.

47. റൂൾ 11(2) പ്രകാരം ഓരോ സാമ്പത്തിക വർഷത്തിലും ഇൻസ്റ്റിറ്റ്യൂട്ട് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പ്രവർത്തന പരിപാടികൾ വിലയിരുത്തി വേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ നൽകേണ്ടത് ഭരണസമിതിയാണെന്നും ഇതിനുണ്ടാകുന്ന വീഴ്ചകൾ ഇൻസ്റ്റിറ്റ്യൂട്ടിന്റെ കാര്യക്ഷമതയില്ലായ്മയെ ആണ് സൂചിപ്പിക്കുന്നതെന്നും എസ്റ്റാബ്ലിഷ്മെന്റ് റൂൾ 11(3) പ്രകാരം വാർഷിക ബഡ്ജറ്റ് എസ്റ്റിമേറ്റ് അംഗീകരിച്ച് സർക്കാരിലേക്ക് അയയ്ക്കേണ്ടത് ഭരണസമിതിയായിരുന്നുന്നെന്നും അപ്രകാരം ഭരണസമിതി അയച്ചിട്ടില്ലെന്നും സമിതി വ്യക്തമാക്കി.

48. മുഖ്യമന്ത്രിക്ക് സമയമില്ലാത്തതുകൊണ്ട് ഭരണസമിതി കൂടിയില്ലെന്നും അതുകൊണ്ട് സ്റ്റാന്റിംഗ് കമ്മിറ്റി അംഗീകരിച്ച് അയയ്ക്കുകയാണ് ചെയ്തതെന്നും എസ്.ഐ.ഇ.പി. ഡയറക്ടർ സമിതിയെ അറിയിച്ചു.

49. അപ്രകാരം പ്രവർത്തിച്ചത് ചട്ടവിരുദ്ധമാണെന്നും അതുകൊണ്ടു തന്നെ ചട്ടപ്രകാരമുള്ള ഓഡിറ്റ് തടസ്സം വരുന്നത് സ്വാഭാവികമാണെന്നും സമിതി ചൂണ്ടിക്കാട്ടി.

**നിഗമനങ്ങൾ/ശുപാർശകൾ**

**50. ഇൻസ്റ്റിറ്റ്യൂട്ട് റിവോൾവിംഗ് ഫണ്ടിൽ നിന്നും 2001-02-ലും (30,84,757 രൂപ) 2002-03-ലും (22,45,732 രൂപ) എടുത്ത വായ്പാതുകയുടെ നാളിതുവരെയുള്ള തിരിച്ചടവ് സംബന്ധിച്ച വിശദാംശം ലഭ്യമാക്കുവാൻ സമിതി ആവശ്യപ്പെടുന്നു. കൂടാതെ, പ്രസ്തുത തുക പൂർണ്ണമായും തിരിച്ചടയ്ക്കാത്തപക്ഷം ആയതിനുള്ള കാരണമറിയിക്കുവാനും അവശേഷിക്കുന്ന തുക അടച്ചു തീർക്കുവാനുള്ള നടപടി സ്വീകരിക്കുവാനും സമിതി ശുപാർശ ചെയ്യുന്നു.**

**51. സർക്കാർ വിവിധ ആവശ്യങ്ങൾക്കായി നൽകുന്ന ഗ്രാന്റുകൾ നിർദ്ദിഷ്ട കാര്യത്തിനു വിനിയോഗിക്കാതെ വകമാറ്റി ചെലവാക്കുന്നതായി സമിതി മനസ്സിലാക്കുന്നു. ഇത് പ്രഖ്യാപിത ലക്ഷ്യം നേടുന്നതിന് വിഘാതമാകയാൽ ഇത്തരം പ്രവണത ആവർത്തിക്കരുതെന്നും ഏതു ലക്ഷ്യത്തിനാണോ ഗ്രാന്റുകൾ നൽകുന്നത് ആയതിനുതന്നെ വിനിയോഗിക്കുന്നു എന്ന് ഉറപ്പുവരുത്തേണ്ടതാണെന്നും സമിതി ശുപാർശ ചെയ്യുന്നു.**

**52. പരസ്യക്കൂലിയിനത്തിൽ രണ്ടുപ്രാവശ്യം പണം നൽകിയതുവഴി 2,500 രൂപ നഷ്ടമുണ്ടായതു സംബന്ധിച്ചും M/s മോഡി സിറോക്സ് ലിമിറ്റഡിന് സർവ്വീസ് ചാർജ്ജിനത്തിൽ നൽകിയ 1,365 രൂപ റ്റി.പി.എ. 230-ാം നമ്പർ അക്കൗണ്ടിൽ രണ്ടുപ്രാവശ്യം ഡെബിറ്റ് ചെയ്തത് സംബന്ധിച്ചുമുള്ള രേഖകൾ/വൗച്ചറുകൾ ഓഡിറ്റ് വകുപ്പ് മുൻപാകെ ഹാജരാക്കുന്നതിനോടൊപ്പം അധികമായി നല്കിയ തുക തിരികെ ഈടാക്കുവാനാശ്യമായ നടപടി സ്വീകരിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.**

**53. കേരള സ്റ്റേറ്റ് എൻസൈക്ലോപീഡിയ എസ്റ്റാബ്ലിഷ്മെന്റ് റൂൾ 11(2) പ്രകാരം, ഭരണസമിതി ഓരോ സാമ്പത്തിക വർഷവും ഇൻസ്റ്റിറ്റ്യൂട്ട് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പ്രവർത്തന പരിപാടികൾ വിലയിരുത്തി ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകേണ്ടതാണ്. കൂടാതെ, എസ്റ്റാബ്ലിഷ്മെന്റ് റൂൾ 11(3) പ്രകാരം വാർഷിക ബഡ്ജറ്റ് എസ്റ്റിമേറ്റ് അംഗീകരിച്ച് സർക്കാരിലേക്ക് അയയ്ക്കേണ്ട ചുമതലയും ഭരണസമിതിയിൽ നിക്ഷിപ്തമാണ്. എന്നാൽ, പരാമർശവിധേയമായ വർഷങ്ങളിൽ ഇക്കാര്യത്തിൽ ഭരണസമിതിക്ക് വീഴ്ച സംഭവിച്ചതായി സമിതി വിലയിരുത്തുന്നു. ഇത്തരം വീഴ്ചകൾ ഇൻസ്റ്റിറ്റ്യൂട്ടിന്റെ കാര്യക്ഷമതയില്ലായ്മയെ ആണ് സൂചിപ്പിക്കുന്നതെന്നും ഭാവിയിൽ ഇതുണ്ടാകാതെ ശ്രദ്ധിക്കേണ്ടതാണെന്നും സമിതി അഭിപ്രായപ്പെടുന്നു.**

**54. ഭരണസമിതി അദ്ധ്യക്ഷനായ മുഖ്യമന്ത്രിയുടെ അസൗകര്യത്താൽ ഭരണസമിതിയോഗം കൃത്യമായി കൂടാൻ കഴിയാതെ വരുന്ന സാഹചര്യത്തിൽ, മുഖ്യമന്ത്രിയുടെ അനുമതിയോടെ ഉപാദ്ധ്യക്ഷന്റെയോ മറ്റ് ഉത്തരവാദപ്പെട്ട ഉന്നതാധികാരികളുടേയോ അദ്ധ്യക്ഷതയിൽ യഥാസമയം യോഗം ചേരുന്നതിന് സർക്കാർ നടപടികൾ സ്വീകരിക്കണമെന്നും പ്രസ്തുത യോഗത്തിൽ കൈക്കൊള്ളുന്ന തീരുമാനങ്ങൾക്ക് പിന്നീട് അദ്ധ്യക്ഷന്റെ സാധൂകരണം നേടേണ്ടതുമാണെന്നും സമിതി ശുപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**എസ്.ഐ.ഇ.പി.യുടെ ഓഫീസ് മാറ്റവുമായി ബന്ധപ്പെട്ട സാഹചര്യങ്ങളുടെ വിശകലനം**

തിരുവനന്തപുരം മെഡിക്കൽ കോളേജിനു സമീപത്തുള്ള ട്രിഡയുടെ മന്ദിരത്തിൽ വാടകയ്ക്ക് പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന സർവ്വവിജ്ഞാനകോശം ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഓഫീസും ചാലയിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഗോഡൗണും കിള്ളിപ്പാലത്തുള്ള ഒരു സ്വകാര്യ വ്യക്തിയുടെ കെട്ടിടത്തിലേക്ക് മാറ്റിയതിൽ ദുരൂഹതയുള്ളതായി ഓഡിറ്റിൽ സംശയിക്കുന്നു.

വാല്യങ്ങൾ വാങ്ങുവാൻ വരുന്ന പൊതുജനങ്ങൾക്ക് വളരെയധികം ബുദ്ധിമുട്ട് അനുഭവപ്പെടുന്നു എന്നതുകൊണ്ടും നിലവിലുള്ള കരാർ അവസാനിക്കുമ്പോൾ വാടകയിനത്തിൽ 15% വർദ്ധിപ്പിച്ചുനൽകേണ്ടതാണെന്നുമുള്ള ട്രിഡയുടെ ആവശ്യത്തിന്റെയും

അടിസ്ഥാനത്തിൽ 19-11-2001-ൽ ചേർന്ന ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഭരണസമിതിയോഗം കുറഞ്ഞ വാടക നിരക്കിൽ സൗകര്യപ്രദമായ മറ്റൊരു കെട്ടിടത്തിലേക്ക് ഇൻസ്റ്റിറ്റ്യൂട്ട് മാറ്റുവാൻ തീരുമാനിച്ചു.

തീരുമാനത്തിന്റെ വെളിച്ചത്തിൽ പത്രപ്പരസ്യത്തിലൂടെ ലഭിച്ച 4 ക്വട്ടേഷനുകളിൽ ഏറ്റവും കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്തിരുന്ന വ്യക്തിയുടെ കെട്ടിടം പരിഗണിക്കാതെ ഏറ്റവും കൂടിയ നിരക്ക് ക്വാട്ട് ചെയ്തിരുന്ന കിള്ളിപ്പാലത്തുള്ള രാജധാനി കോംപ്ലക്സിലെ 10,000 സ്ക്വയർഫീറ്റ് സ്ഥലം പ്രതിമാസം 60,000 രൂപ വാടകയ്ക്ക് എടുത്തതായി കാണുന്നു.

ഒരു സാംസ്ക്കാരിക സ്ഥാപനമെന്ന നിലയിൽ വാടക ഇനത്തിൽ ഇളവ് ലഭിക്കുവാനുള്ള സാഹചര്യം ഉണ്ടായിരുന്നിട്ടും ട്രിഡ അധികാരികളുമായി വാടക വർദ്ധനവിനെക്കുറിച്ച് ചർച്ച ചെയ്യാതെ ഗോഡൗണിന്റെ വാടകയുൾപ്പെടെ 59,635 രൂപ വാടകയിനത്തിൽ നൽകിയിരുന്ന സ്ഥാനത്ത് 60,000 രൂപ നൽകേണ്ടിവന്നിരിക്കുന്നു. കൂടാതെ ഓഫീസ് മാറ്റുന്നതിലേക്കുവേണ്ടി 2000-01 വർഷത്തിൽ ആകെ 1,16,266 രൂപയും ചെലവായിട്ടുണ്ട്.

ആകെ എത്ര ചതുരശ്ര അടി സ്ഥലമാണ് വാടകയ്ക്ക് എടുത്തിരിക്കുന്നത് എന്നതിന്റെ അളവ് രേഖകൾ ഫയലിൽ ലഭ്യമല്ല. കൂടാതെ ഇടയ്ക്കിടയ്ക്ക് കെട്ടിടം മാറ്റുന്നതിലൂടെ കയറ്റിറക്ക് മറ്റ് അനുബന്ധ ചെലവുകൾ എന്നിങ്ങനെ ഭീമമായ ചെലവുകൾ ഇൻസ്റ്റിറ്റ്യൂട്ട് വഹിക്കേണ്ടിവരുന്നതിനാൽ ഇക്കാര്യത്തിലേക്ക് അധികാരികളുടെ സത്വര ശ്രദ്ധക്ഷണിക്കുന്നു.

[ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2003-04-ലെ സമാഹൃത റിപ്പോർട്ടിലെ ഓഡിറ്റ് ഖണ്ഡിക നമ്പർ 10(1)(2).]

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി ചുവടെ ചേർക്കുന്നു:

ഇൻസ്റ്റിറ്റ്യൂട്ട് മെഡിക്കൽ കോളേജ് ചാലക്കുഴി ലെയിനിലുള്ള ട്രിഡ വക കെട്ടിടത്തിൽ പ്രതിമാസം 50,922 രൂപ വാടക നൽകി പ്രവർത്തിച്ചുവരുകയായിരുന്നു. ഇതിനുപുറമേ വാല്യങ്ങൾ, അച്ചടിക്കുവാനുള്ള പേപ്പർ മുതലായവ വെയർഹൗസിംഗ് കോർപ്പറേഷൻ വക ചാലയിലുള്ള ഗോഡൗണിൽ പ്രതിമാസം 8,731 രൂപ വാടക നൽകി സൂക്ഷിച്ചിരിക്കുകയായിരുന്നു. ഈയിനത്തിൽ പ്രതിമാസം മൊത്തം 59,653 രൂപ നൽകേണ്ടിവരുന്നു. ഇത് കൂടാതെ ട്രിഡായ്ക്ക് നൽകിവരുന്ന വാടകയ്ക്ക് പുറമേ 15% കൂടി വാടക വർദ്ധിപ്പിക്കണമെന്ന് ആവശ്യപ്പെട്ടിരുന്നു. ഈ നിരക്ക് അംഗീകരിക്കുകയാണെങ്കിൽ ട്രിഡായ്ക്ക് പ്രതിമാസം 58,560 രൂപയും വെയർഹൗസിംഗ് കോർപ്പറേഷനിൽ നൽകുന്ന വാടക ഉൾപ്പെടെ മൊത്തം 67,291 രൂപ നൽകേണ്ടിവരുന്നു. മാത്രവുമല്ല ആഫീസ് മെഡിക്കൽ കോളേജ് ഭാഗത്ത് പ്രവർത്തിക്കുന്നതുകൊണ്ട് വിജ്ഞാനകോശ വാല്യങ്ങൾ വാങ്ങുവാൻ വരുന്ന പൊതുജനങ്ങൾക്ക് ആഫീസിൽ എത്തുവാൻ വളരെയധികം ബുദ്ധിമുട്ട് ഉള്ളതായും അറിയാൻ കഴിഞ്ഞു. ഇത് ഇൻസ്റ്റിറ്റ്യൂട്ടിന്റെ വില്പന വിഭാഗത്തെ കാര്യമായി ബാധിച്ചു. ഈ സാഹചര്യത്തിൽ ആഫീസ് മെഡിക്കൽ കോളേജ് ഭാഗത്തുനിന്നും മാറ്റുന്ന കാര്യത്തെക്കുറിച്ച് 19-11-2001-ൽ കൂടിയ ഭരണസമിതിയോഗം ചർച്ച ചെയ്യുകയും ഇപ്പോൾ നൽകുന്നതിനേക്കാൾ കുറഞ്ഞ

വാടകയ്ക്ക് സൗകര്യപ്രദമായ മറ്റൊരു കെട്ടിടത്തിലേക്ക് മാറ്റുവാനും തീരുമാനിച്ചു. പ്രസ്തുത തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ പ്രമുഖ പത്രങ്ങളിൽ പരസ്യം നൽകുക യുണ്ടായി. ലഭിച്ച ഓഫറുകൾ പരിശോധിക്കുകയും ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനത്തിന് സൗകര്യപ്രദമായ നിരക്കിൽ കിള്ളിപ്പാലത്തുള്ള രാജധാനി കോംപ്ലക്സിൽ ആഫീസ് മാറ്റുവാൻ തീരുമാനിക്കുകയും ചെയ്തു. തിരുവനന്തപുരം റെയിൽവേ സ്റ്റേഷൻ, ബസ് സ്റ്റേഷൻ എന്നിവ വളരെ അടുത്തുമായിരുന്നു. എന്നാൽ പൊതുവായ അന്വേഷണത്തിൽ, രാജധാനി കോംപ്ലക്സിന് ച.അടിക്ക് 12-14 രൂപ വരെ നിരക്ക് ലഭിക്കുവാൻ സാധ്യതയുള്ളപ്പോഴാണ് ഇൻസ്റ്റിറ്റ്യൂട്ട് ഒരു സാംസ്കാരിക സ്ഥാപനമെന്ന നിലയ്ക്ക് ച.അടി 6 രൂപ നിരക്കിൽ 10000 ച.അടി 60,000 രൂപ വാടക നിശ്ചയിച്ച് ടി കെട്ടിടം ഏറ്റെടുക്കുവാൻ തീരുമാനിച്ചത്. ഈ കെട്ടിടം എടുത്ത വകയിൽ പ്രതിമാസം 7,291 രൂപ ഇൻസ്റ്റിറ്റ്യൂട്ടിന് ലാഭമാണ്. ഇൻസ്റ്റിറ്റ്യൂട്ടിന് വികാസ് ഭവനിൽ പാട്ടവ്യവസ്ഥ യിൽ അനുവദിച്ച 18 സെന്റ് പുറമ്പോക്ക് ഭൂമി സർക്കാർ ഏറ്റെടുത്ത സാഹചര്യത്തിൽ ഇൻസ്റ്റിറ്റ്യൂട്ട് ഇപ്പോൾ പ്രവർത്തിച്ചുവരുന്ന ടൂറിസം വകുപ്പിൻകീഴിലുള്ള കൽപ്പനാ ബംഗ്ലാവ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ പേരിൽ സ്വന്തമായി അനുവദിച്ചുതരണമെന്ന് സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. അതിനാൽ കൽപ്പനാ ബംഗ്ലാവ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ പേരിൽ സൗജന്യമായി അനുവദിച്ചുകഴിഞ്ഞാൽ തുടർന്നുള്ള കെട്ടിടമാറ്റം ഒഴിവാക്കുന്ന താണ്. ആയതിനാൽ ടി പരാമർശം ഒഴിവാക്കേണ്ടതാണ്.''

സമിതി യോഗത്തിന്റെ സംക്ഷിപ്തം ചുവടെ ചേർക്കുന്നു :

55. രണ്ട് ലക്ഷത്തോളം രൂപ മുടക്കി കിള്ളിപ്പാലത്തിനടുത്തുള്ള പുതിയ കെട്ടിട ത്തിലേക്ക് ഓഫീസ് മാറ്റാൻ ഉണ്ടായ സാഹചര്യം എന്തായിരുന്നുവെന്ന സമിതിയുടെ ചോദ്യത്തിന് 15% കൂടുതൽ വാടക ആവശ്യപ്പെട്ടതുകൊണ്ടാണ് അപ്രകാരം ഓഫീസ് മാറേണ്ടിവന്നതെന്നും പഴയ ഓഫീസ് പഴയ സ്ഥലത്ത് പ്രവർത്തിച്ചിരുന്നപ്പോൾ പുസ്തക വില്പനയിൽ മാന്ദ്യമുണ്ടായിരുന്നുവെന്നും പുതിയ ഓഫീസിൽ കുറച്ചുകൂടി വിൽപ്പന നടക്കുന്നുണ്ടെന്നും S.I.E.P. ഡയറക്ടർ വ്യക്തമാക്കി. ഇതിനു ക്വട്ടേഷൻ വിളിച്ചിരുന്നെന്നും സൗകര്യങ്ങൾക്ക് മുൻതൂക്കം നൽകിയതിനാലാണ് ഏറ്റവും കൂടിയ നിരക്ക് നൽകി രാജധാനി കോംപ്ലക്സിലെ സ്ഥലം ഏറ്റെടുത്തതെന്നും ഡയറക്ടർ തന്നെ അപ്രകാരം തീരുമാനിച്ചതാണെന്നും എസ്.ഐ.ഇ.പി. ഡയറക്ടർ സമിതിയെ അറിയിച്ചു.

56. ട്രിഡയുമായി ചർച്ച ചെയ്ത് വാടക കുറയ്ക്കാൻ ശ്രമിക്കാതെ ഏറ്റവും കൂടുതൽ തുക ക്വട്ടേഷൻ നൽകിയ ആളിന്റെ കെട്ടിടം വാടകയ്ക്കെടുത്തത് നീതീകരിക്കാ നാവില്ലെന്നും സമിതി ചൂണ്ടിക്കാട്ടി. പുതിയ കെട്ടിടം സ്ഥിതിചെയ്യുന്ന സ്ഥലം ഈർപ്പ മുള്ളതിനാൽ തറ നിരപ്പാക്കാനും, കയറ്റിറക്കുകൂലി ഇനത്തിലും 73,145 രൂപയോളം ചെലവായെന്നും അതിന്റെ വിശദവിവരങ്ങളൊന്നും വൗച്ചറിൽ എഴുതിയിട്ടില്ലെന്നും സമിതി വ്യക്തമാക്കി. ഏതെല്ലാം സാധനങ്ങളാണ് കൊണ്ടുവന്നത്, കയറ്റിറക്കുകൂലിയിനത്തിൽ എത്രരൂപ ചെലവായി, എത്ര രൂപ കൈപ്പറ്റിയിരിക്കുന്നു എന്നീ വിശദാംശങ്ങളെല്ലാം വൗച്ചറിൽ രേഖപ്പെടുത്തണമെന്നും തറ ശരിയാക്കിയ ഇനത്തിൽ വന്ന 8,700 രൂപ വലിയൊരു നഷ്ടമാണെന്നും വിശദീകരിക്കാനുള്ളതെല്ലാം ഓഡിറ്റ് വകുപ്പുമായി ചർച്ച ചെയ്ത് അവരെ ബോധ്യപ്പെടുത്തി ഒഴിവാക്കാൻ കഴിയുന്ന തടസ്സങ്ങൾ ഒഴിവാക്കണ മെന്നും സമിതി S.I.E.P. ഡയറക്ടർക്ക് കർശനമായ നിർദ്ദേശം നൽകി.

ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 4-12-2008-ലെ LF.20039/Spl.Cell $G_3$/08 നമ്പർ കത്ത് മുഖേന ലഭ്യമാക്കിയ പുനഃപരിശോധനാ റിപ്പോർട്ട് ചുവടെ ചേർക്കുന്നു:

57. "ഇൻസ്റ്റിറ്റ്യൂട്ട് പ്രവർത്തിക്കുന്നതിനാവശ്യമായ കെട്ടിടം വാടകയ്ക്ക് ലഭിക്കുന്നതിനുള്ള ക്വട്ടേഷൻ ക്ഷണിച്ചപ്പോൾ ചതുരശ്ര അടിക്ക് ഏറ്റവും കുറഞ്ഞനിരക്ക് (12 രൂപ) ക്വാട്ട് ചെയ്തയാളുടെ ക്വട്ടേഷൻ പരിഗണിക്കാതെ ഏറ്റവും കൂടിയനിരക്ക് (17 രൂപ) ക്വാട്ട് ചെയ്തയാളുടെ ക്വട്ടേഷൻ സ്വീകരിക്കുകയാണ് ചെയ്തത്. വാടകയ്ക്ക് എടുത്ത കെട്ടിടത്തിന് 10000 ചതുരശ്ര അടി വിസ്തീർണ്ണമുണ്ടെന്നു ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടറുടെ കത്തിൽ പറഞ്ഞിട്ടുണ്ട്. എന്നാൽ ഇൻസ്റ്റിറ്റ്യൂട്ട് പ്രവർത്തിക്കുന്നതിന് എത്ര ചതുരശ്ര അടി വിസ്തീർണ്ണമുള്ള കെട്ടിടമാണ് വേണ്ടതെന്നോ മേൽപ്പറഞ്ഞ 10000 ചതുരശ്ര അടിയിൽ എത്ര ചതുരശ്ര അടിയാണ് വാടകയ്ക്കെടുത്തതെന്നോ എങ്ങും പരാമർശിച്ചിട്ടില്ല. കൂടാതെ ഇൻസ്റ്റിറ്റ്യൂട്ട് വാടകയ്ക്കെടുത്ത ടി കെട്ടിടം താഴ്ന്ന സ്ഥലത്തായിരുന്നെന്നും ഇവിടെ പുസ്തകങ്ങൾ സൂക്ഷിക്കുന്നതിനു പ്രയാസമാണെന്നും (സുരക്ഷിതമല്ലെന്നും) മഴക്കാലത്ത് വെള്ളം കെട്ടിനിന്ന് ഈർപ്പമടിച്ച് പുസ്തകങ്ങൾ നശിക്കുമെന്നും ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ മറുപടി വിശദീകരണത്തിൽ എടുത്തു പറഞ്ഞിട്ടുണ്ട്. ചുരുക്കത്തിൽ സ്ഥലത്തെക്കുറിച്ചും സ്ഥാപനത്തെക്കുറച്ചും വ്യക്തമായ ധാരണയില്ലാതെയാണ് ഇൻസ്റ്റിറ്റ്യൂട്ട് പ്രവർത്തിക്കുന്നതിന് അനുയോജ്യമല്ലാത്ത കെട്ടിടം ഉയർന്ന നിരക്കിൽ വാടകയ്ക്കെടുത്തതെന്ന് വ്യക്തമാണ്. ഈ സാഹചര്യത്തിൽ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടറുടെ വിശദീകരണം തൃപ്തികരമല്ല. ആയതിനാൽ തടസ്സം നിലനിൽക്കുന്നു."

**നിഗമനങ്ങൾ/ശുപാർശകൾ**

58. **വാടക വർദ്ധനവ് സംബന്ധിച്ച് ട്രിഡയുമായി ചർച്ച ചെയ്ത് വാടക കുറയ്ക്കാൻ ശ്രമിക്കാതെ സൗകര്യങ്ങൾക്ക് മുൻതൂക്കം നൽകി എന്ന ഒറ്റ കാരണം കാണിച്ച്, പുസ്തകങ്ങൾ സൂക്ഷിക്കുന്നതിന് അനുയോജ്യമാണോ എന്നുപോലും പരിശോധിക്കാതെ ഏറ്റവും കൂടുതൽ തുക ക്വട്ടേഷൻ നൽകിയ വ്യക്തിയുടെ കെട്ടിടം വാടകയ്ക്കെടുത്തത് ന്യായീകരിക്കാനാവില്ല. ആയതിനാൽ, ഇൻസ്റ്റിറ്റ്യൂട്ട് പ്രവർത്തിക്കുന്നതിന് അനുയോജ്യമാണോയെന്ന് ശരിയായി വിലയിരുത്താതെ ഉയർന്ന നിരക്കിൽ കെട്ടിടം വാടകയ്ക്കെടുത്തത് മുഖേന ഇൻസ്റ്റിറ്റ്യൂട്ടിന് സംഭവിച്ച നഷ്ടം സംബന്ധിച്ച് പരിശോധിച്ച് ഉത്തരവാദികളായ ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കി റിപ്പോർട്ട് നൽകണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**വിജ്ഞാനകോശം വാല്യങ്ങൾ—പുതിയ കെട്ടിടത്തിലേക്ക് മാറ്റിയ ചെലവ്—വിശദവിവരം ലഭ്യമല്ല**

സർവ്വവിജ്ഞാനകോശ ഇൻസ്റ്റിറ്റ്യൂട്ട് മെഡിക്കൽ കോളേജിനു സമീപമുള്ള ട്രിഡ കെട്ടിടത്തിൽ നിന്നും കിളളിപ്പാലത്തുള്ള രാജധാനി കോംപ്ലക്സിലേക്ക് മാറ്റുന്നതിന്റെ ഭാഗമായി ചാല വെയർഹൗസിംഗ് കോർപ്പറേഷനിൽ സൂക്ഷിച്ചിരുന്ന വിജ്ഞാനകോശം വാല്യങ്ങൾ പുതിയ കെട്ടിടത്തിലേക്കുള്ള കയറ്റിറക്കു കൂലിയിനത്തിൽ 37,145 രൂപ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ ഏതൊക്കെ സാധനങ്ങൾ, എത്രയെണ്ണം വീതമാണെന്നോ, ഓരോ സാധനത്തിന്റെയും കയറ്റിറക്കു കൂലി നിരക്കോ ഒന്നും തന്നെ ഫയലിലോ വൗച്ചറിലോ രേഖപ്പെടുത്തിയിട്ടില്ല. അതിനാൽ എപ്രകാരമാണ് കൂലി കണക്കാക്കിയിരിക്കുന്നതെന്ന് വ്യക്തമല്ല.

പുതിയ ഓഫീസ് കെട്ടിടം സ്ഥിതി ചെയ്യുന്ന സ്ഥലം മുൻപ് ചതുപ്പ് നിലമായിരുന്നതിനാൽ താഴത്തെ നിലയിലുള്ള ഗോഡൗണിന്റെ തറയിൽ ഈർപ്പമുണ്ടാകാൻ സാധ്യതയുളളതിനാൽ തറയിൽ ഉണങ്ങിയ ആറ്റുമണൽ നിരത്തിയിട്ട് അതിൽ പ്രാണികളേയും കീടങ്ങളേയും നശിപ്പിക്കുവാനുള്ള മരുന്നു തളിക്കുകയും അതിനു മുകളിൽ ടിൻഷീറ്റ് നിരത്തുകയും ചെയ്ത ശേഷമാണ് പുസ്തകങ്ങൾ അടുക്കി വച്ചിട്ടുള്ളത്. വെയർഹൗസ് ജീവനക്കാരുടെ നിർദ്ദേശാനുസരണമാണ് ഇപ്രകാരം ചെയ്തിരിക്കുന്നത്. ഇതിനായി വിദഗ്ദ്ധാഭിപ്രായം തേടിയില്ല. ഈ പ്രവൃത്തിക്കായി 8,750 രൂപ ചെലവാക്കിയിട്ടുണ്ടെങ്കിലും വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കി അംഗീകാരം വാങ്ങിയിട്ടില്ല.

[ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2003-04-ലെ സമാഹൃത റിപ്പോർട്ടിലെ ഓഡിറ്റ് ഖണ്ഡിക നമ്പർ 10(1)(3)]

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി ചുവടെ ചേർക്കുന്നു :

"മെഡിക്കൽ കോളേജ് ചാലക്കുഴിയിലുളള ട്രിഡാ കെട്ടിടത്തിൽ നിന്നും കിള്ളിപ്പാലം രാജധാനി കോംപ്ലക്സിലേക്ക് മാറ്റിയതിനുശേഷം ചാല വെയർഹൗസിംഗ് ഗോഡൗണിൽ സൂക്ഷിച്ചിരുന്ന വാല്യങ്ങൾ, പ്രിന്റിംഗ് പേപ്പർ, മറ്റു സാധനങ്ങൾ മുതലായവ ടി സ്ഥലത്തു നിന്നും കിള്ളിപ്പാലത്തേക്കു മാറ്റിയിരുന്നു. പ്രസ്തുത സാധനങ്ങൾ മാറ്റിയതും ചുമട്ടുതൊഴിലാളികളുമായി ചർച്ച ചെയ്ത് തീരുമാനിച്ച നിരക്കിലായിരുന്നു. വെയർഹൗസിംഗ് കോർപ്പറേഷൻ ഗോഡൗണിൽ നിന്നും മാറ്റുന്ന സാധനങ്ങൾ കിള്ളിപ്പാലം രാജധാനി കോംപ്ലക്സിന്റെ താഴത്തെ നിലയിലും രണ്ടാമത്തെ നിലയിലുമാണ് അടുക്കിവച്ചത്. ഇതിനുപുറമേ പുസ്തകവില്പനയ്ക്കായി ഒരു പ്രത്യേകം കൗണ്ടർ കൂടി തുടങ്ങിയിരുന്നു. ആ സ്ഥലം ക്രമീകരിക്കേണ്ടിയും വന്നു.

വിജ്ഞാനകോശം പോലുള്ള വാല്യങ്ങൾ കേടുകൂടാതെ സൂക്ഷിക്കുന്നതിനായിട്ടാണ് വെയർഹൗസിംഗ് കോർപ്പറേഷൻ ജീവനക്കാരുടെ നിർദ്ദേശപ്രകാരം തറയിൽ മണൽ നിരത്തി പ്രാണികൾ കടക്കാതിരിക്കുന്നതിനുള്ള മരുന്നുകൾ തളിച്ച് വൃത്തിയാക്കിയതിനു ശേഷമാണ് വാല്യങ്ങൾ അടുക്കിവച്ചത്.

മെഡിക്കൽ കോളേജ് ട്രിഡാ വക കെട്ടിടത്തിൽ നിന്നും ലോഡ് ഒന്നിന് 350 രൂപ നിരക്കിൽ സാധനം എത്തിച്ച ലോറിക്കാരെയാണ് വെയർഹൗസിംഗ് കോർപ്പറേഷനിൽ നിന്നും സാധനം ലോഡ് ഒന്നിന് 300 രൂപ നിരക്കിൽ കൊണ്ടുവരാൻ ചുമതലപ്പെടുത്തിയത്. വളരെ സൂക്ഷിച്ച് കൈകാര്യം ചെയ്യേണ്ട പുസ്തകങ്ങൾ, പേപ്പർ, ഫർണിച്ചറുകൾ, റാക്കുകൾ എന്നിവയാണ് ലോറിയിൽ കയറ്റിക്കൊണ്ട് വന്നത്. ഫയലുകളും ബന്ധപ്പെട്ട രേഖകളും വളരെ സൂക്ഷിച്ച് എത്തിച്ചതിനാലാണ് അതേ ലോറിക്കാരെ തന്നെ വീണ്ടും ചുമതലപ്പെടുത്തിയത്. ആയതിനാൽ ഈ ചെലവ് ഒഴിവാക്കാൻ പറ്റാത്തതായിരുന്നതിനാൽ പ്രസ്തുത പരാമർശം ഒഴിവാക്കേണ്ടതാണ്."

സമിതി യോഗത്തിന്റെ സംക്ഷിപ്തം ചുവടെ ചേർക്കുന്നു :

59. വിജ്ഞാനകോശം വാല്യങ്ങൾ ഏകദേശം 34000-ത്തോളം കോപ്പികൾ ഉണ്ടായിരുന്നുവെന്നും അവ കൂടാതെ 263 റീം പ്രിന്റിംഗ് പേപ്പർ, 57 റാക്കുകൾ, 30 ടിൻ ഷീറ്റ് എന്നിങ്ങനെ ഒരുപാട് സാധനങ്ങൾ ഉണ്ടായിരുന്നുവെന്നും, ക്വട്ടേഷൻ അംഗീകരിച്ചതനുസരിച്ചാണ് കയറ്റിറക്ക് കൂലി നൽകിയിട്ടുളളതെന്നും എൻസൈക്ലോപീഡിയ ഡയറക്ടർ പ്രൊഫ. കെ. പപ്പൂട്ടി സമിതിയിൽ വിശദീകരിച്ചു.

60. ക്വട്ടേഷൻ അംഗീകരിച്ചതനുസരിച്ചാണ് 17,885 രൂപ കയറ്റിറക്ക് കൂലി നൽകിയിട്ടുളളത് എന്ന് പറയുന്നുവെങ്കിലും കെട്ടിടത്തിന്റെ താഴത്തേയും രണ്ടാമത്തേയും നിലകളിൽ ബുക്ക് അടുക്കി വച്ചതിനും കൗണ്ടർ ക്രമീകരിച്ചതിനുമായി 19,260 രൂപ ചെലവായതായി 11-7-2007-ൽ ലഭ്യമാക്കിയ നോട്ടിൽ സൂചിപ്പിച്ചിരുന്നില്ല എന്നും തുക ചെലവായതിനു സാധൂകരിക്കത്തക്കരേഖകൾ യാതൊന്നും ലഭ്യമാക്കിയിട്ടില്ലെന്നും സമിതി വ്യക്തമാക്കി.

61. പുതിയതായി ലഭ്യമാക്കിയിട്ടുളള വൗച്ചറുകളും മറ്റ് അനുബന്ധ രേഖകളും വിശദമായി പരിശോധിച്ച് ധനനഷ്ടമുണ്ടായിട്ടുണ്ടെങ്കിൽ ആയതിന് ഉത്തരവാദി ആരാണെന്ന് കണ്ടെത്തി പ്രസ്തുത ഉദ്യോഗസ്ഥന്റെ പേരുവിവരങ്ങളും ബാദ്ധ്യത തുകയും സഹിതം സമിതിക്ക് റിപ്പോർട്ട് നൽകണമെന്ന് സമിതി ഓഡിറ്റ് വകുപ്പിന് നിർദ്ദേശം നൽകി.

സമിതി നിർദ്ദേശമനുസരിച്ച് സാംസ്കാരികകാര്യ (സി) വകുപ്പ് 3-2-2009-ലെ 704/C1/09/CAD നമ്പർ കത്ത് മുഖേന ലഭ്യമാക്കിയ മറുപടി ചുവടെ ചേർക്കുന്നു:

62. "ഇൻസ്റ്റിറ്റ്യൂട്ടിന്റെ ചാല വെയർഹൗസിംഗ് ഗോഡൗണിൽ നിന്നും മാറ്റിയ സാധനങ്ങളുടെ വിശദവിവരം ചുവടെ ചേർക്കുന്നു :

| | | | |
|---|---|---|---|
| (1) | വിജ്ഞാനകോശം വാല്യങ്ങൾ | .. | 34000 (6800 കെട്ട്) |
| (2) | പ്രിന്റിംഗ് പേപ്പർ | .. | 263 റീം (87 ബണ്ടിൽ) |
| (3) | ആർട്ട് പേപ്പർ | .. | 6 റീം (2 ബണ്ടിൽ) |
| (4) | റാക്ക് | .. | 57 എണ്ണം |
| (5) | ടിൻ ഷീറ്റ് | .. | 30 എണ്ണം |
| (6) | കസേര | .. | 2 എണ്ണം |
| (7) | മേശ | .. | 2 എണ്ണം |

63. ചാല സി.ഐ.ടി.യു. കൺവീനർ നല്കിയ ക്വട്ടേഷൻ അംഗീകരിച്ചതനുസരിച്ച് താഴെ വിവരിക്കുന്ന പ്രകാരമാണ് കയറ്റിറക്കു കൂലി നല്കിയിട്ടുളളത്:

| | | | | |
|---|---|---|---|---|
| വിജ്ഞാനകോശം വാല്യങ്ങൾക്ക് | .. | 6800 X 1.50 | .. | 10,200 രൂപ |
| പ്രിന്റിംഗ് പേപ്പർ | .. | 87 X 5 | .. | 435 രൂപ |
| ആർട്ട് പേപ്പർ | .. | 2 X 5 | .. | 10 രൂപ |
| റാക്ക് | .. | 57 X 50 | .. | 2,850 രൂപ |
| ടിൻ ഷീറ്റ് | .. | 30 X 5 | .. | 150 രൂപ |
| കസേര | .. | 2 X 10 | .. | 20 രൂപ |
| മേശ | .. | 2 X 10 | .. | 20 രൂപ |
| അട്ടി കൂലി | .. | 12 X 350 | .. | 4,200 രൂപ |
| | | ആകെ | = .. | 17,885 രൂപ |

64. സാധനങ്ങൾക്ക് കയറ്റുകൂലിയും അട്ടികൂലിയും ഉൾപ്പെടെ മേൽ വിവരിച്ച പ്രകാരം 17,885 രൂപ ചെലവായി.

65. എന്നാൽ ടി സാധനങ്ങൾ കിള്ളിപ്പാലം രാജധാനി കോംപ്ലക്സിൽ ഇറക്കിയ തിനും കെട്ടിടത്തിന്റെ താഴത്തെ നിലയിലും രണ്ടാമത്തെ നിലയിലുമായി അടുക്കി വച്ചതിനും സെയിൽസ് കൗണ്ടറിൽ ക്രമീകരിച്ചതിനുമായി 19,260 രൂപ ചെലവായി. അപ്രകാരം മൊത്തം 37,145 രൂപ ഗോഡൗൺ സാധനങ്ങൾ മാറ്റിയ വകയിൽ ചെലവായിട്ടുണ്ട്.

66. സ്ഥലപരിമിതിമൂലം വിജ്ഞാനകോശം വാല്യങ്ങൾ തറയിൽ അടുക്കേണ്ടി വന്നു. മഴക്കാലമായാൽ തറയിൽ ഈർപ്പം ഉണ്ടാകാൻ സാദ്ധ്യതയുള്ളതായി അറിയാൻ കഴിഞ്ഞതിനാൽ വെയർഹൗസിംഗ് കോർപ്പറേഷൻ അധികാരികളുടെ വാക്കാലുള്ള നിർദ്ദേശത്തെ തുടർന്ന് തറയിൽ ഉണങ്ങിയ മണൽ നിരത്തി പ്രാണികൾ കടക്കാതിരിക്കു ന്നതിനുള്ള കീടനാശിനി തളിച്ച് അതിനുമുകളിൽ ടിൻ ഷീറ്റ് നിരത്തിയതിനുശേഷമാണ് പുസ്തകങ്ങൾ അടുക്കിവെച്ചത്. ഇപ്രകാരം ചെയ്തതിനാൽ പുസ്തകങ്ങൾ ഈർപ്പം തട്ടാതെ സൂക്ഷിക്കാൻ സാധിച്ചു. രണ്ട് ലോഡ് മണലിന്റെ വില, ഉണക്കുകൂലി, കീടനാശിനി തളിച്ചതിന്റെ ചെലവ്, ടിൻ ഷീറ്റ് നിരത്തി വാല്യങ്ങൾ അടുക്കിവെച്ച കൂലി, എന്നിവയ്ക്കാണ് മൊത്തം 8,750 രൂപ ചെലവായത്. ചെലവുകൾ ന്യായവും നിലവിലു ണ്ടായിരുന്ന നിരക്കനുസരിച്ചായതിനാലുമാണ് തുക അംഗീകരിച്ചു നല്കിയത്.''

67. സമിതി നിർദ്ദേശമനുസരിച്ച് ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ 6-8-2009-ലെ LF 5406/Spl. Cell G3/09 നമ്പർ കത്ത് മുഖേന ലഭ്യമാക്കിയ അധിക വിവരങ്ങൾ ചുവടെ ചേർക്കുന്നു:

68. "ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഹാജരാക്കിയ ഫയലുകൾ പരിശോധിച്ചതിൽ തിരുവനന്തപുരം ജില്ലാ ഹെഡ്ലോഡ് ജനറൽ വർക്കേഴ്സ് യൂണിയൻ ഓഫീസിൽ നിന്നും നൽകിയിട്ടുള്ള 1858-ാം നമ്പർ ബില്ലുപ്രകാരം വിജ്ഞാനകോശ വാല്യങ്ങൾ, റാക്കുകൾ, ഫർണിച്ചറുകൾ എന്നിവയുടെ കയറ്റുകൂലിയിനത്തിൽ 17,885 രൂപയും കേരള ഹെഡ്ലോഡ് വർക്കേഴ്സ് ബോർഡിന്റെ 077268 നമ്പർ ബില്ല് പ്രകാരം മേൽ സാധനങ്ങളുടെ ഇറക്കുകൂലിയിനത്തിൽ 19,260 രൂപയും ചെലവായി ട്ടുണ്ട്.

69. ഫയൽ പരിശോധിച്ചതിൻപ്രകാരം ചാല വെയർഹൗസിംഗ് കോർപ്പറേഷൻ ഗോഡൗണിൽ സൂക്ഷിച്ചിരുന്ന സാധനങ്ങളുടെ വിവരം താഴെപ്പറയുന്നു :

| | | |
|---|---|---|
| (1) വിജ്ഞാനകോശം വാല്യങ്ങൾക്ക് | .. | 34000 കോപ്പികൾ |
| (2) പ്രിന്റിംഗ് പേപ്പർ | .. | 263 റീം |
| (3) ആർട്ട് പേപ്പർ (ഡാമേജ് ഉൾപ്പെടെ) | .. | 6 റീം |
| (4) റാക്ക് | .. | 57 എണ്ണം |
| (5) ടിൻ ഷീറ്റ് | .. | 30 എണ്ണം |
| (6) കസേര | .. | 2 എണ്ണം |
| (7) മേശ | .. | 2 എണ്ണം |

70. ഈ സാധനങ്ങളുടെ കയറ്റുകൂലിയായ 17,885 രൂപയുടെ ഐറ്റം തിരിച്ചുള്ള വിവരം ലഭ്യമാക്കിയിട്ടുണ്ട്. ഇറക്കുകൂലിയിനത്തിൽ ചെലവായ 19,260 രൂപയുടെ ഇനം തിരിച്ചുള്ള കൂലിയുടെ വിവരം ലഭ്യമാക്കിയിട്ടില്ല.

71. ചിതൽ മറ്റുകീട നിവാരണ മാർഗ്ഗങ്ങൾ അവലംബിച്ചത് വെയർഹൗസിംഗ് കോർപ്പറേഷന്റെ നിർദ്ദേശമനുസരിച്ചാണെന്നും കാണുന്നു."

**നിഗമനങ്ങൾ/ശുപാർശകൾ**

**72. സാധനങ്ങളുടെ കയറ്റുകൂലിയായ 17,885 രൂപയുടെ ഇനം തിരിച്ചുള്ള വിവരം ലഭ്യമാക്കിയിട്ടുണ്ടെങ്കിലും ഇറക്കുകൂലിയായ 19,260 രൂപയുടെ ഇനം തിരിച്ചുള്ള വിവരങ്ങൾ ഇൻസ്റ്റിറ്റ്യൂട്ട് നാളിതുവരെ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ലാത്തതായി സമിതി മനസ്സിലാക്കുന്നു. ആയതിനാൽ, ഇറക്കുകൂലി സംബന്ധിച്ച വിശദവിവരങ്ങൾ അടിയന്തിരമായി ഓഡിറ്റിനു ഹാജരാക്കുവാൻ സമിതി ശുപാർശ ചെയ്യുന്നു. ലഭ്യമാക്കിയിട്ടുള്ള വൗച്ചറുകളും മറ്റ് അനുബന്ധ രേഖകളും വിശദമായി പരിശോധിച്ച് സ്ഥാപനത്തിന് ധനനഷ്ടമുണ്ടായിട്ടുണ്ടെങ്കിൽ ആയതിന് ഉത്തരവാദികളാരെന്ന് കണ്ടെത്തി പ്രസ്തുത ബാദ്ധ്യത ഉദ്യോഗസ്ഥരിൽനിന്നും ഈടാക്കി റിപ്പോർട്ട് നൽകണമെന്നും സമിതി ശുപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**ആവശ്യത്തിലുമധികം പ്രിന്റിംഗ് പേപ്പറുകൾ വാങ്ങിയതു സംബന്ധിച്ച്**

സർവ്വവിജ്ഞാനകോശം 12-10 വാല്യം, വിശ്വസാഹിത്യ വിജ്ഞാനകോശം 3-10 വാല്യം എന്നിവ അച്ചടിക്കുന്നതിനുവേണ്ടി പേപ്പറുകൾ നൽകാമെന്നേറ്റിരുന്ന മെ. സ്വസ്തിക കൊമേഴ്സ്യൽ കോർപ്പറേഷൻ നൽകിയ സപ്ലൈ ഓർഡർ പ്രകാരം 1700 റീം പ്രിന്റിംഗ് പേപ്പറാണ് നൽകേണ്ടിയിരുന്നത്. എന്നാൽ ബില്ലുകളുടെ വിശദമായ പരിശോധനയിൽ 1780 റീം പേപ്പർ നൽകിയിട്ടുള്ളതായും അതിന്റെ വിലയായി റീമിന് 924 രൂപ പ്രകാരം 17,10,509 രൂപ ഈടാക്കിയതായും കാണുന്നു. എന്നാൽ ഭരണസമിതിയുടേയും പ്രിന്റിംഗ് കമ്മിറ്റിയുടേയും തീരുമാനം 1700 റീം പ്രിന്റിംഗ് പേപ്പർ അധികമായി വാങ്ങിയത് എന്തിനാണെന്ന് വ്യക്തമാക്കിയിട്ടില്ലാത്തതിനാലും ഇതിന് ഭരണസമിതിയുടെ സാധൂകരണം ലഭിച്ചിട്ടില്ലാത്തതിനാലും ഈ ഇനത്തിൽ അധികം ചെലവഴിച്ച 76,877 രൂപയുടെ ചെലവ് ആഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

[ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2003-04-ലെ സമാഹൃത റിപ്പോർട്ടിലെ ഓഡിറ്റ് ഖണ്ഡിക നമ്പർ 10(1)(4).]

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി ചുവടെ ചേർക്കുന്നു:

"സർവ്വ വിജ്ഞാനകോശം 12, വിശ്വസാഹിത്യ വിജ്ഞാനകോശം 3 എന്നീ വാല്യങ്ങളുടെ അച്ചടിക്കായി 1700 റീം പേപ്പർ വാങ്ങുന്നതിനാണ് ക്വട്ടേഷൻ ക്ഷണിച്ചത്. എന്നാൽ ആവശ്യമുള്ള പേപ്പറിന്റെ ലോഡിൽ 5% കുറവോ കൂടുതലോ വ്യത്യാസം ഉണ്ടാകാൻ സാദ്ധ്യതയുള്ളതായി കരാറിൽ രേഖപ്പെടുത്തിയിട്ടുണ്ട്. സ്റ്റേഷനറി കൺട്രോളർ മുഖേന അച്ചടിക്കാവശ്യമായ പേപ്പർ വാങ്ങിയാലും ഈ വ്യത്യാസം

ഉണ്ടാകുന്നുണ്ട്. അതുകൊണ്ട് 1700 റീം പേപ്പർ ആവശ്യപ്പെട്ടപ്പോൾ 1780 റീം പേപ്പർ സപ്ലൈ ചെയ്യുകയും അതിന്റെ വില നൽകിയതിലും അപാകതയില്ല. ആയതിനാൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കേണ്ടതാണ്".

സമിതി യോഗത്തിന്റെ സംക്ഷിപ്തം ചുവടെ ചേർക്കുന്നു :

73. പ്രസ്തുത ഓഡിറ്റ് പരാമർശം സംബന്ധിച്ച് സമിതി വിശദീകരണം ആരാഞ്ഞതിന്, കരാർ പ്രകാരം പേപ്പറിന്റെ ലോഡിൽ 5% കുറവോ, കൂടുതലോ വ്യത്യാസം ഉണ്ടാകാൻ സാധ്യതയുണ്ടെന്നും, 5% കൂടുതലായാൽ അതിന്റെ വില കൊടുക്കേണ്ടതാണെന്നും അപ്രകാരമാണ് അധികംവന്ന പ്രിന്റിംഗ് പേപ്പറുകൾക്ക് തുക നൽകിയതെന്നും 4-2-2009-ലെ തെളിവെടുപ്പുയോഗത്തിൽ എൻസൈക്ലോപീഡിയ ഡയറക്ടർ വിശദീകരിച്ചു. യഥാസമയം ഓഡിറ്റിന് മറുപടി നൽകിയിരുന്നുവെങ്കിൽ ഈ പരാമർശം ഒഴിവാക്കാമായിരുന്നുവെന്നും എഗ്രിമെന്റിന്റെ കോപ്പി ഓഡിറ്റിന്റെ പരിശോധനയ്ക്ക് നൽകണമെന്നും അതിനു വിധേയമായി പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കാമെന്നും സമിതി നിർദ്ദേശിച്ചു.

സമിതി നിർദ്ദേശമനുസരിച്ച് സാംസ്കാരികകാര്യ (സി) വകുപ്പ് 3-2-2009-ലെ 704/C1/09/CAD നമ്പർ കത്ത് മുഖേന ലഭ്യമാക്കിയ മറുപടി ചുവടെ ചേർക്കുന്നു:

74. "ബോംബെ സ്വസ്തിക കമേഴ്സ്യൽ കോർപ്പറേഷന്റെ 24-6-2002-ലെ ടെന്റർ നോട്ടീസിലെ പേപ്പർ സപ്ലൈ ചെയ്യുമ്പോൾ 5% കുറവോ കൂടുതലോ ഉണ്ടാകാൻ സാദ്ധ്യതയുണ്ടെന്ന് പറഞ്ഞിരുന്നു. പ്രിന്റിംഗ് കമ്മിറ്റി ഇത് അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്."

**നിഗമനങ്ങൾ/ശുപാർശകൾ**

**75. ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന്റെ പരിശോധനാവേളയിൽ ഉന്നയിക്കപ്പെടുന്ന സംശയങ്ങൾക്ക് രേഖകൾസഹിതം കൃത്യമായ മറുപടി നൽകിയാൽ ഒഴിവാക്കാവുന്നതാണ് മിക്ക പരാമർശങ്ങളുമെന്ന് സമിതി നിരീക്ഷിക്കുന്നു. എന്നാൽ, ബന്ധപ്പെട്ട വകുപ്പുകൾ ഇക്കാര്യത്തിൽ ഗുരുതരമായ അലംഭാവമാണ് കാട്ടുന്നത്. ആയതിനാൽ, ഓഡിറ്റ് വേളയിൽ മതിയായ രേഖകൾ യഥാസമയം ഹാജരാക്കുവാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണെന്ന് സമിതി നിഷ്കർഷിക്കുന്നു. ഇവിടെ പരാമർശവിധേയമായ വിഷയത്തിലും ഓഡിറ്റ് വകുപ്പിന്റെ പരിശോധനയ്ക്ക് ആവശ്യമായ രേഖകളും മറ്റ് വിശദാംശങ്ങളും ഇൻസ്റ്റിറ്റ്യൂട്ട് യഥാസമയം ഓഡിറ്റിന് ഹാജരാക്കാത്തതായി സമിതി മനസ്സിലാക്കുന്നു. ഇക്കാര്യത്തിലുള്ള സമിതിയുടെ അതൃപ്തി രേഖപ്പെടുത്തുന്നതോടൊപ്പം മെ. സ്വസ്തിക കൊമേഴ്സ്യൽ കോർപ്പറേഷനുമായുള്ള കരാറിന്റെ പകർപ്പ് ഓഡിറ്റ് വകുപ്പ് മുമ്പാകെ ഹാജരാക്കാൻ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടറോട് ആവശ്യപ്പെടുന്നു. പ്രസ്തുത കരാർ പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കണമെന്ന് ഓഡിറ്റ് വകുപ്പ് ഡയറക്ടറോട് സമിതി നിർദ്ദേശിക്കുകയും ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**ലേഖനം സംഭാവന ചെയ്യുന്ന വ്യക്തികൾക്ക് പ്രതിഫലം നൽകുന്നത് സംബന്ധിച്ച്**

ഇൻസ്റ്റിറ്റ്യൂട്ടിലെ വിവിധ വിഭാഗം എഡിറ്റർമാർ തയ്യാറാക്കുന്ന ലേഖനങ്ങൾക്കുപുറമേ വിദ്യാഭ്യാസ സാഹിത്യ ശാസ്ത്രമേഖലകളിലെ വിദഗ്ദ്ധരിൽ നിന്നും പ്രതിഫലം വ്യവസ്ഥയിൽ ലേഖനങ്ങൾ എഴുതിവാങ്ങി ഇൻസ്റ്റിറ്റ്യൂട്ട് വക വിജ്ഞാനകോശങ്ങളിൽ ഉൾപ്പെടുത്തിയാണ് പ്രസിദ്ധീകരിച്ചുവരുന്നത്. 2001-2002-ൽ ഈ ഇനത്തിൽ 1,24,406 രൂപ ചെലവഴിച്ചിട്ടുണ്ട്.

വിവിധ വിഷയങ്ങളിൽ വിദഗ്ദ്ധരായ മുപ്പതോളം പേർ ഇൻസ്റ്റിറ്റ്യൂട്ട് എഡിറ്റോറിയൽ വിഭാഗത്തിൽ പ്രവർത്തിക്കുന്നു. ഓരോ സാമ്പത്തിക വർഷവും 3,00,000 രൂപ വരെ വിലയ്ക്കുള്ള പുസ്തകങ്ങൾ ഇൻസ്റ്റിറ്റ്യൂട്ട് ലൈബ്രറിയിലേക്ക് വാങ്ങുന്നുണ്ട്. ഈ സാഹചര്യത്തിൽ ലേഖനങ്ങൾ തയ്യാറാക്കുന്നതിനും ശീർഷക ലിസ്റ്റ് പരിശോധിക്കുന്നതിനും ഇൻസ്റ്റിറ്റ്യൂട്ടിന് പുറത്തുള്ളവരെ ചുമതലപ്പെടുത്തിയത് ഉചിതമല്ല. ഈ ഇനത്തിൽ നിയന്ത്രണമില്ലാതെ ചെലവ് ചെയ്യുന്നത് സ്ഥാപനത്തിന്റെ സാമ്പത്തിക അച്ചടക്കത്തെ ബാധിക്കും.

ലേഖനങ്ങൾ തയ്യാറാക്കുന്നതിന് ഇൻസ്റ്റിറ്റ്യൂട്ട് നൽകിവരുന്ന പ്രതിഫലത്തുക 1000 വാക്കിന് 250 രൂപയാണ്. ടി പ്രതിഫലം 350 രൂപയായി ഉയർത്തുന്നതുൾപ്പെടെ 4 ആവശ്യങ്ങൾ ഉൾക്കൊള്ളുന്ന ഒരു അജണ്ട 27-12-2001-ൽ സ്റ്റാന്റിംഗ് കമ്മിറ്റി മുൻപാകെ സമർപ്പിക്കുകയുണ്ടായി. എന്നാൽ മിനിട്സ് പരിശോധിച്ചപ്പോൾ പ്രതിഫലം നൽകുന്നത് സംബന്ധിച്ച നിർദ്ദേശം അംഗീകരിച്ചു എന്നു മാത്രമാണ് പറഞ്ഞിരിക്കുന്നത്. ഇത് തികച്ചും അവ്യക്തമാണ്. അജണ്ടയിലെ ആവശ്യപ്പെട്ട കാര്യങ്ങളിൽ വ്യക്തമായ തീരുമാനങ്ങൾ എടുത്തതായി കാണുന്നില്ല.

ടി തീരുമാനത്തിന്റെ വെളിച്ചത്തിൽ 27-12-2001-ന് മുൻപ് 1,795 രൂപ അധികം പ്രതിഫലമായി നൽകിയിട്ടുണ്ട്. ഇത് ഓഡിറ്റിൽ നിരാകരിക്കുന്നു.

[ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2003-04-ലെ സമാഹൃത റിപ്പോർട്ടിലെ ഓഡിറ്റ് ഖണ്ഡിക നമ്പർ 10(1)(5)]

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി ചുവടെ ചേർക്കുന്നു :

"ഇൻസ്റ്റിറ്റ്യൂട്ടിലെ വിവിധ വിഭാഗം എഡിറ്റർമാർ തയ്യാറാക്കുന്ന ലേഖനങ്ങൾക്കു പുറമേ വിദ്യാഭ്യാസ സാഹിത്യ ശാസ്ത്രമേഖലയിൽ പ്രഗല്ഭരും വിദഗ്ദ്ധരുമായ വ്യക്തികളിൽനിന്നും അതാതു വിഷയങ്ങളുമായി ബന്ധപ്പെട്ട ലേഖനങ്ങൾ എഴുതിവാങ്ങി വിജ്ഞാന കോശങ്ങളിൽ ഉൾപ്പെടുത്തിയാണ് പ്രസിദ്ധീകരിച്ചുവരുന്നത്. ഈ വിഷയം ഒഴിവാക്കി പുസ്തക പ്രസിദ്ധീകരണം സാധ്യമല്ല. ഇത്തരം ലേഖനങ്ങൾ തയ്യാറാക്കുന്നതിന് 1000 വാക്കിന് നിശ്ചയിച്ച 250 രൂപ പ്രതിഫല തുകയാണ് 27-12-2001-ൽ കൂടിയ സ്റ്റാന്റിംഗ് കമ്മിറ്റിയോഗത്തിൽ 350 രൂപയായി വർദ്ധിപ്പിച്ചത്. ഈ നിരക്കിലും ലേഖനങ്ങൾ തയ്യാറാക്കുന്നതിന് പല വിദഗ്ദ്ധരും വിസമ്മതം പ്രകടിപ്പിക്കാറുണ്ട്.

പ്രതിഫലം വർദ്ധിപ്പിക്കേണ്ട സാഹചര്യത്തെക്കുറിച്ച് വിശദമായ നോട്ട് ഉൾപ്പെടെയാണ് സ്റ്റാന്റിംഗ് കമ്മിറ്റി യോഗത്തിൽ സമർപ്പിക്കുന്നത്. എന്നാൽ മിനിട്സിൽ തീരുമാനം മാത്രമാണ് എഴുതുന്നത്. ആയതിനാൽ പുറത്തുള്ള വിദഗ്ദ്ധരെക്കൊണ്ട് ലേഖനം

തയ്യാറാക്കുന്ന വ്യവസ്ഥ ഒഴിവാക്കി പുസ്തക പ്രസിദ്ധീകരണം അസാദ്ധ്യമായതിനാൽ പ്രസ്തുത ആഡിറ്റ് പരാമർശം ഒഴിവാക്കേണ്ടതാണ്."

സമിതി യോഗത്തിന്റെ സംക്ഷിപ്തം ചുവടെ ചേർക്കുന്നു :

76. ലേഖനങ്ങൾ തയ്യാറാക്കുന്നതിന് നൽകിവരുന്ന പ്രതിഫലം 250 രൂപയിൽ നിന്നും 350 രൂപയായി ഉയർത്തിയത് 27-12-2001-ൽ കൂടിയ സ്റ്റാന്റിംഗ് കമ്മിറ്റി സാധൂകരിച്ചിട്ടുണ്ടെന്നും, ഓഡിറ്റ് നടക്കുന്ന 2001-02 വർഷത്തിൽ 250 രൂപയായിരുന്നു പ്രതിഫലമെന്നും സമിതി അഭിപ്രായപ്പെട്ടു.

77. 2001-ൽ ഓഡിറ്റ് നടന്ന സമയത്ത് വിശദീകരണം നൽകാത്തതു കൊണ്ടുണ്ടായ പ്രശ്നമാണിതെന്നും, സ്റ്റാന്റിംഗ് കമ്മിറ്റിയിലെ നിർദ്ദേശം അംഗീകരിച്ചു എന്ന് പറഞ്ഞപ്പോൾ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ അജണ്ടയിൽ പ്രതിപാദിച്ചിരുന്ന നൂറു രൂപ കൂട്ടുന്ന കാര്യമാണ് അംഗീകരിച്ചതായി പറഞ്ഞത് എന്നും സാംസ്കാരികകാര്യ വകുപ്പ് സെക്രട്ടറി സമിതിയിൽ വിശദീകരിച്ചു.

78. സ്റ്റാന്റിംഗ് കമ്മിറ്റിയുടെ അജണ്ടയും മിനിട്സും ഓഡിറ്റ് വകുപ്പ് പുനഃപരിശോധിച്ച് റിപ്പോർട്ട് നൽകുവാൻ സമിതി നിർദ്ദേശിച്ചു.

സാംസ്കാരികകാര്യ (സി) വകുപ്പ് 3-2-2009-ലെ 704/C1/09/CAD നമ്പർ കത്ത് മുഖേന ലഭ്യമാക്കിയ മറുപടി ചുവടെ ചേർക്കുന്നു:

79. "ഇൻസ്റ്റിറ്റ്യൂട്ടിൽ എഡിറ്റർമാരാണുള്ളത്. ഓരോ വിഷയങ്ങളിലും വിദഗ്ദ്ധരായ പുറത്തുനിന്നുള്ള വ്യക്തികളാണ് ലേഖനങ്ങൾ അധികവും എഴുതുന്നത്. ലേഖനങ്ങൾ തയ്യാറാക്കിയവർക്ക് നല്കിവരുന്ന പ്രതിഫലം 250 രൂപയിൽ നിന്നും 350 രൂപയായി മുൻകാല പ്രാബല്യത്തോടെ നല്കിയ ഡയറക്ടറുടെ നടപടി 27-12-2007-ലെ സ്റ്റാന്റിംഗ് കമ്മിറ്റി സാധൂകരിച്ചിട്ടുണ്ട്."

സമിതി നിർദ്ദേശമനുസരിച്ച് ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ 6-8-2009-ലെ LF 5406/Spl. Cell G3/09 നമ്പർ കത്ത് മുഖേന ലഭ്യമാക്കിയ അധിക വിവരങ്ങൾ ചുവടെ ചേർക്കുന്നു:

80. "പ്രൊഫ. എൻ. എൻ. ആനന്ദൻ, ഡോ. ആറന്മുള ഹരിഹരപുത്രൻ, പ്രൊഫ. കെ. എസ്. നാരായണപിള്ള എന്നിവർ എഴുതി നൽകിയ ലേഖനങ്ങൾക്ക് 1000 വാക്കിന് 350 രൂപാ നിരക്കിൽ പ്രതിഫലംനൽകിയിട്ടുള്ള നടപടി അംഗീകരിച്ചു കൊണ്ടു പുറമേനിന്നും ലേഖനങ്ങൾ എഴുതി നൽകുന്ന വിദഗ്ദ്ധർക്ക് 1000 വാക്കിന് 350 രൂപാ പ്രതിഫലം നൽകുന്നതിനും 27-12-2001-ലെ സ്റ്റാന്റിംഗ് കമ്മിറ്റിയിൽ തീരുമാന മായിട്ടുണ്ട് (അജണ്ട ഐറ്റം നമ്പർ 07 തീരുമാനം നമ്പർ 07). അജണ്ട വിഷയവും തീരുമാനത്തിന്റെ പകർപ്പും പരിശോധിച്ചു."

**നിഗമനങ്ങൾ/ശുപാർശകൾ**

81. **സാംസ്കാരികകാര്യ വകുപ്പ് സെക്രട്ടറിയുടെ മറുപടിയുടെയും ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ പുനഃപരിശോധനാ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് തടസ്സം ഒഴിവാക്കാൻ സമിതി ശുപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**1984-ലും എസ്. ഐ. ഇ. പി. ജനറൽ ആന്റ് സബോർഡിനേറ്റ് സർവ്വീസ് റൂൾസിലും സ്പെഷ്യൽ റൂൾസിലും ഉൾപ്പെടുത്താത്തതും നിലവിൽ തുടർന്നു വരുന്നതുമായ തസ്തികകൾ**

എസ്.ഐ.ഇ.പി. ഗവേണിംഗ് ബോഡിയുടെ തീരുമാനപ്രകാരം സൃഷ്ടിക്കപ്പെട്ടതും 1984-ലെ സർവ്വവിജ്ഞാനകോശം കേരള സൊസൈറ്റി ജനറൽ ആന്റ് സബോർഡിനേറ്റ് സർവ്വീസ് റൂൾസിലും സ്പെഷ്യൽ റൂൾസിലും ഉൾപ്പെടുത്താത്തതുമായ ഏഴു തസ്തികകൾ ഇൻസ്റ്റിറ്റ്യൂട്ടിൽ നിലവിലുണ്ട്.

മേൽപ്പറഞ്ഞ തസ്തികകൾ സബോർഡിനേറ്റ് സർവ്വീസിൽ ഉൾപ്പെടുത്തി ഓരോ തസ്തികയ്ക്കും ആവശ്യമായ യോഗ്യത, നിയമനരീതി, പ്രൊബേഷൻ കാലയളവ് എന്നിവ രേഖപ്പെടുത്താത്തതിനാൽ ഓഡിറ്റിൽ ശരിയായ തീരുമാനം കൈക്കൊള്ളുവാൻ സാധിക്കുന്നില്ല.

ജി.ഒ. (പി) 3000/98/എൻ.ആർ.ടി. 25-11-1998 അനുസരിച്ചുള്ള ശമ്പള പരിഷ്കരണം എസ്.ഐ.ഇ.പി.-യിൽ നടപ്പിലാക്കിയ ജി.ഒ.(ആർടി.) 422/99/സി.എ.ഡി/ ആർടി. 23-9-1999-ൽ ടി 7 തസ്തികകളുടെ പുതുക്കിയ സ്കെയിൽ സർക്കാർ ഉത്തരവിന് അനുബന്ധമായി ചേർത്തിട്ടുള്ള പത്രികയിൽ ഉൾക്കൊള്ളിച്ചിട്ടില്ല. മാത്രവുമല്ല ശമ്പള പരിഷ്കരണ ആനുകൂല്യം എസ്.ഐ.ഇ.പി. സ്പെഷ്യൽ റൂൾസിൽ ഉൾപ്പെട്ടിട്ടുള്ള തസ്തികകൾക്ക് മാത്രമാണെന്നും, മറ്റു തസ്തികകളുടെ കാര്യത്തിൽ, ടി തസ്തികകൾക്ക് സർക്കാർ അംഗീകാരം ലഭിച്ചതിനുശേഷം മാത്രമേ നടപ്പിലാക്കാവൂ എന്നും നിഷ്ക്കർഷിച്ചിട്ടുണ്ട്.

മേൽപ്പറഞ്ഞ തസ്തികകളിൽ ജോലിനോക്കുന്ന ജീവനക്കാരുടെ സേവന പുസ്തകം പരിശോധിച്ചതിൽ അവരുടെ ശമ്പളം 1-3-1997-നുശേഷം പുതുക്കിയ സ്കെയിൽ അനുവദിച്ചിട്ടില്ലെങ്കിലും പ്രൊപ്പോസൽ പറഞ്ഞിട്ടുള്ള സ്കെയിലുകളിൽ പരിഷ്കരിച്ചിട്ടുള്ളതായി കാണുന്നു. ഈ സാഹചര്യത്തിൽ മുകളിൽ പറഞ്ഞിട്ടുള്ള തസ്തികകളിൽ ജോലി നോക്കുന്നവരുടേയും സേവനത്തിൽ നിന്നും വിടുതൽചെയ്തവരുടേയും 1-3-1997 മുതലുള്ള സാഹചര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നു.

[ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2003-04-ലെ സമാഹൃത റിപ്പോർട്ടിലെ ഓഡിറ്റ് ഖണ്ഡിക നമ്പർ 10(1)(6)]

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി ചുവടെ ചേർക്കുന്നു:

"ഇൻസ്റ്റിറ്റ്യൂട്ടിന്റെ വികസന പ്രവർത്തനങ്ങൾക്കായി വിവിധ കാലയളവിൽ കൂടിയ ഭരണസമിതി സർക്കാരിന്റെ അനുമതികൂടാതെ സൃഷ്ടിച്ച തസ്തികകളിലാണ് ജീവനക്കാർ ജോലി ചെയ്തിരുന്നത്. ടി ജീവനക്കാർക്ക് പെൻഷൻ ആനുകൂല്യങ്ങൾ നൽകുന്നതിനായി അവയിൽ സേവനം അനുഷ്ഠിച്ചവർ വിരമിച്ച ദിവസംവരെയും ഇപ്പോഴും തുടർന്നുവരുന്ന തസ്തികകൾ ഇപ്പോഴുള്ളവർക്ക് തസ്തികകളിൽ തുടരുന്നതുവരെ മാത്രം സൂപ്പർന്യൂമററിയായി തുടരുന്നതിനും അനുവാദം നൽകിക്കൊണ്ട് 30-3-2007-ലെ സ.ഉ. (കൈ.) 42/2007/സി.എ.ഡി. നമ്പർ ഉത്തരവായിട്ടുണ്ട്."

അതിനാൽ സർക്കാർ അനുമതിയില്ലാതെ ഭരണസമിതി സൃഷ്ടിച്ച തസ്തികകളിൽ ജോലി ചെയ്തിരുന്ന ജീവനക്കാരുടെ നിയമനം സർക്കാർ സാധൂകരിച്ചിട്ടുള്ളതിനാൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കേണ്ടതാണ്."

സമിതി യോഗത്തിന്റെ സംക്ഷിപ്തം ചുവടെ ചേർക്കുന്നു :

82. പ്രസ്തുത ഓഡിറ്റ് ഖണ്ഡികയെക്കുറിച്ച് സമിതി വിശദീകരണം ആരാഞ്ഞതിന്, എസ്.ഐ.ഇ.പി. ജനറൽ ആന്റ് സബോർഡിനേറ്റ് സർവ്വീസ് റൂൾസിലും സ്പെഷ്യൽ റൂൾസിലും ഉൾപ്പെടുത്താത്ത ഏഴ് തസ്തികകൾക്കും 30-3-2007-ൽ സർക്കാരിന്റെ അനുവാദം ലഭിച്ചിട്ടുണ്ടെന്ന് സാംസ്കാരികകാര്യ വകുപ്പ് സെക്രട്ടറി സമിതിയെ അറിയിച്ചു.

83. മേൽ സൂചിപ്പിച്ചതു പ്രകാരം പ്രസ്തുത തസ്തികകൾക്ക് സർക്കാർ അംഗീകാരം ലഭിച്ചിട്ടുണ്ടോ എന്നും ഇതു സംബന്ധിച്ച ഗവ. ഉത്തരവ് (30-3-2007-ലെ സ.ഉ. (കൈ.) 42/2007/സി.എ.ഡി.) ഓഡിറ്റ് വകുപ്പ് പരിശോധിച്ച് സമിതിക്ക് റിപ്പോർട്ട് നൽകണമെന്ന് സമിതി നിർദ്ദേശിച്ചു.

സാംസ്കാരികകാര്യ (സി) വകുപ്പിൽ നിന്നും ലഭ്യമാക്കിയ 3-2-2009-ലെ 704/C1/09/CAD നമ്പർ കത്തിലെ വിവരങ്ങൾ ചുവടെ ചേർക്കുന്നു:

84. സർക്കാരിന്റെ അനുമതികൂടാതെ ഭരണസമിതി സൃഷ്ടിച്ച താഴെപ്പറയുന്ന 6 തസ്തികകൾക്ക് സൂപ്പർന്യൂമറിയായി അനുവാദം നല്കിക്കൊണ്ട് 30-03-2007-ലെ സ.ഉ(കൈ.)42/2007/സി.എ.ഡി. നമ്പരായി സർക്കാർ ഉത്തരവായിട്ടുണ്ട്.

(1) കോപ്പിയിസ്റ്റ്

(2) ഫെയർ കോപ്പി സൂപ്രണ്ട്

(3) ലൈബ്രറി അസിസ്റ്റന്റ്

(4) സെയിൽസ് ഓഫീസർ

(5) ഡയറക്ടറുടെ ഓഫീസ് സെക്രട്ടറി

(6) കോപ്പി ഹോൾഡർ

സമിതി നിർദ്ദേശമനുസരിച്ച് ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ 6-8-2009-ലെ LF5406/Spl.Cell G3/09 നമ്പർ കത്ത് മുഖേന ലഭ്യമാക്കിയ മറുപടി ചുവടെ ചേർക്കുന്നു:

85. "ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ചിട്ടുള്ള 07 തസ്തികകളിൽ സെയിൽസ് ഓഫീസർ 31-12-2007 വരെയും കോപ്പിയിസ്റ്റ് 31-8-2014 വരെയും സർക്കാർ അനുവാദം നൽകി ഉത്തരവായിട്ടുണ്ട്. സെക്രട്ടറി റ്റു ഡയറക്ടർ എന്ന തസ്തികയ്ക്ക് 8-4-1989-നു ശേഷം സർക്കാർ അനുമതി നൽകി കാണുന്നില്ല. ലൈബ്രറി അസിസ്റ്റന്റിനു 21-6-2004 വരെയും തുടരുന്നതിനനുവദിച്ചിട്ടുണ്ട്. കോപ്പിഹോൾഡർ തസ്തിക സൃഷ്ടിച്ച തീയതി മുതൽ ഒഴിഞ്ഞുകിടക്കുകയാണ് [സർക്കാർ ഉത്തരവ് (കൈ.) 42/2007/സി.എ.ഡി. തീയതി 30-3-2007] ഫെയർകോപ്പി സൂപ്രണ്ട് തസ്തികയ്ക്ക് സൂപ്പർ ന്യൂമററിയായും അനുവാദം നൽകിക്കാണുന്നു. പാർട്ട്ടൈം സ്വീപ്പറായി ഇൻസ്റ്റിറ്റ്യൂട്ട് ഭരണസമിതി നിയമിച്ച ശ്രീമതി സരസമ്മയുടെ നിയമനം സർക്കാർ 27-9-1994-ലെ 250/സി1/94/സി.എ.ഡി. ഉത്തരവുപ്രകാരം അംഗീകരിച്ചതായും കാണുന്നുണ്ട്."

**നിഗമനങ്ങൾ/ശുപാർശകൾ**

86. **ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ പുനഃപരിശോധനാ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ടി ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശുപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**എസ്.ഐ.ഇ.പി. ജനറൽ സർവ്വീസിൽ ഉൾപ്പെട്ട സെലക്ഷൻ പോസ്റ്റുകളിൽ മുൻകാല പ്രാബല്യത്തോടെ പ്രൊമോഷനുകൾ നൽകിയത് അനുവദനീയമല്ല**

എസ്.ഐ.ഇ.പി. ജനറൽ ആന്റ് സബോർഡിനേറ്റ് സർവ്വീസ് റൂൾസ് 1984, റൂൾ 10 പ്രകാരം സെലക്ഷൻ കാറ്റഗറിയിൽ ഉൾപ്പെടുന്ന തസ്തികകളിൽ പ്രൊമോഷനും ട്രാൻസ്ഫർ നിയമനവും നൽകേണ്ടത് ഇതിനായി രൂപീകരിച്ച ഡിപ്പാർട്ട്മെന്റൽ പ്രൊമോഷൻ കമ്മിറ്റി ബന്ധപ്പെട്ട ജീവനക്കാരുടെ കോൺഫിഡൻഷ്യൽ റിപ്പോർട്ട് ലോവർ പോസ്റ്റിൽ പൂർത്തിയാക്കിയ പ്രൊബേഷൻ കാലയളവ് എന്നിവ കണക്കിലെടുത്ത് ടി റൂൾ 10(2) പാർട്ട് 1-ലെ അനുബന്ധത്തിൽ പറയുംപ്രകാരം തയ്യാറാക്കുന്ന സെലക്ട് ലിസ്റ്റിൽ നിന്നുമാകണം. ഈ സെലക്ട് ലിസ്റ്റ് പ്രകാരം മുൻകാല പ്രാബല്യത്തോടുകൂടിയുള്ള പ്രൊമോഷൻ അനുവദനീയമല്ല. എസ്.ഐ.ഇ.പി അക്കാദമിക് ബ്രാഞ്ചിലെ ജനറൽ സർവ്വീസിൽ അസിസ്റ്റന്റ് എഡിറ്റർ (ഗ്രേഡ് I&II) ആർട്ട് എഡിറ്റർ, സബ് എഡിറ്റർ (ഗ്രേഡ് I&II) അസിസ്റ്റന്റ് ആർട്ട് എഡിറ്റർ എന്നീ തസ്തികകളാണ് ഉൾപ്പെടുന്നത്.

ടി പോസ്റ്റുകളിൽ പ്രൊമോഷനും തസ്തികമാറ്റം വഴിയുള്ള നിയമനവും നടത്തേണ്ട അധികാരസ്ഥാനം ഗവേണിംഗ് ബോഡിയാണ്. എസ്.ഐ.ഇ.പി. മെമ്മോറാണ്ടം ഓഫ് അസോസിയേഷൻ ആന്റ് റൂൾസിലെ റൂൾ 11(4) പ്രകാരം അക്കാദമിക് ബ്രാഞ്ചിലേയും അഡ്മിനിട്രേറ്റീവ് ബ്രാഞ്ചിലേയും പോസ്റ്റുകൾ സൃഷ്ടിക്കുന്നതിനും അനുമതി നൽകുന്നതിനുമുള്ള അധികാരം ഗവേണിംഗ് ബോഡിക്ക് ഉണ്ടെങ്കിലും ടി റൂൾ 25, 26 എന്നിവ പ്രകാരമുള്ള സർക്കാരിന്റെ വിവേചനാധികാരത്തിന് വിധേയവുമാണ്.

മുകളിൽ പറഞ്ഞ വസ്തുതകളുടെ വെളിച്ചത്തിൽ 15-6-1999-ലെ നമ്പർ 1226/ഇ3/98/ എസ്.ഐ.ഇ.പി. ഉത്തരവ് പ്രകാരം ജനറൽ സർവ്വീസിൽ ഉൾപ്പെട്ട 16 പേർക്ക് മുൻകാല പ്രാബല്യത്തോടെ പ്രൊമോഷൻ നൽകുകയും ഒഫിഷ്യേറ്റ് ചെയ്യാത്ത തസ്തികകളിൽ മുൻകാല പ്രാബല്യത്തോടെ പ്രൊമോഷൻ ഡിക്ലയർ ചെയ്യുകയും ചെയ്തിട്ടുണ്ട്.

ഇത്തരത്തിൽ നിയമവിധേയമല്ലാത്ത നടപടികളിലൂടെ മുൻകാല പ്രാബല്യത്തോടെ നൽകിയ പ്രൊമോഷനുകളും തീർപ്പാക്കിയ പ്രൊബേഷൻ കാലയളവും സർക്കാരിന്റെ അനുമതിയില്ലാതെ ഉയർത്തപ്പെട്ട തസ്തികയിലെ നിയമനങ്ങളും പുനഃപരിശോധനയ്ക്ക് വിധേയമാക്കി അധികം നൽകിയ തുക തിരിച്ചുപിടിക്കേണ്ടതാണ്.

[ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2003-2004-ലെ സമാഹൃത റിപ്പോർട്ടിലെ ഓഡിറ്റ് ഖണ്ഡിക നമ്പർ 10(1)(7)]

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി ചുവടെ ചേർക്കുന്നു :

"പ്രസ്തുത ആഡിറ്റ് പരാമർശത്തിൽ ഉൾപ്പെട്ട ജീവനക്കാർക്ക് 23-2-1999-ൽ കൂടിയ ഡി.പി.സി. യോഗ തീരുമാനപ്രകാരമാണ് പ്രൊമോഷൻ നൽകിയത്. പ്രസ്തുത തീരുമാന പ്രകാരം നൽകിയ പ്രൊമോഷനുകൾ 15-11-1999-ൽ കൂടിയ ഭരണസമിതിയോഗവും

അംഗീകരിക്കുകയുണ്ടായി. ഇപ്രകാരം പ്രൊമോഷൻ നൽകിയ പല ജീവനക്കാരും സർവീസിൽ നിന്നും റിട്ടയർ ചെയ്യുകയുണ്ടായി. എന്നാൽ ഇൻസ്റ്റിറ്റ്യൂട്ടിൽ എഡിറ്റോറിയൽ സ്റ്റാഫിനിടയിൽ രണ്ട് സീനിയോറിറ്റി ലിസ്റ്റാണ് നിലവിലുണ്ടായിരുന്നത്. അതിനെതിരെ ഫയൽ ചെയ്ത OP 3612/91/E-ൽ, ബഹു. ഹൈക്കോടതി, നിലനിന്നിരുന്ന രണ്ടു സീനിയോറിറ്റി ലിസ്റ്റുകളും റദ്ദ് ചെയ്ത് ഒരു പുതിയ കോമൺ സീനിയോറിറ്റി ലിസ്റ്റ് തയ്യാറാക്കുന്നതിന് ഉത്തരവിട്ടു. അതിന്റെ അടിസ്ഥാനത്തിൽ 23-2-1999-ൽ കൂടിയ ഡി.പി.സി. തയ്യാറാക്കിയ ലിസ്റ്റ് പ്രകാരം 15-6-1999-ൽ 1226/ഇ3/98/എസ്ഐ.ഇ.പി. ഉത്തരവ് പ്രകാരം എഡിറ്റോറിയൽ വിഭാഗം ജീവനക്കാർക്ക് പ്രൊമോഷൻ നൽകുകയുണ്ടായി.

മുകളിൽ സൂചിപ്പിച്ച ഡി.പി.സി. ലിസ്റ്റിനെതിരെയും ഡി.പി.സി. ലിസ്റ്റ് തയ്യാറാക്കുന്നതിനുപയോഗിച്ച മാനദണ്ഡങ്ങൾക്കെതിരെയും നിരവധി പരാതികൾ ഉയർന്നതിന്റെ അടിസ്ഥാനത്തിൽ 21-4-2004-ലെ 1932/സി1/04/സി.എ.ഡി. നമ്പർ കത്തിലൂടെ സർക്കാർ പുതിയ സീനിയോറിറ്റി ലിസ്റ്റ് തയ്യാറാക്കുന്നതിന് ആവശ്യപ്പെടുകയും അതിന് ചില മാനദണ്ഡങ്ങൾ നിർദ്ദേശിക്കുകയും ചെയ്തിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ 15-4-2005-ൽ ഡി.പി.സി. കൂടി സർക്കാർ നിർദ്ദേശിച്ച മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ 27-4-2005-ലെ 412/ഇ3/03/എസ്.ഐ.ഇ.പി. നമ്പർ ഉത്തരവ് പ്രകാരം ഇൻസ്റ്റിറ്റ്യൂട്ടിലെ എഡിറ്റോറിയൽ വിഭാഗം ജീവനക്കാർക്ക് പ്രൊമോഷൻ നൽകുകയുണ്ടായി. എന്നിരുന്നാലും ടി തസ്തികകളിൽ ജോലിചെയ്തിരുന്ന പല ജീവനക്കാരും സർവ്വീസിൽ നിന്നും വിരമിച്ചു കഴിഞ്ഞതിനാൽ, ഓഡിറ്റ് പരാമർശം പ്രകാരമുള്ള അപാകതകൾ പരിശോധിച്ച് പരിഹാരം കണ്ടെത്താൻ സർക്കാരിൽനിന്നും രണ്ടു ഉദ്യോഗസ്ഥരുടെ സേവനം ആവശ്യപ്പെട്ടിട്ടുണ്ട്. ടി ഉദ്യോഗസ്ഥരുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഇക്കാര്യത്തിൽ സർക്കാരിന്റെ അനുമതിയോടെ തീരുമാനമെടുക്കുന്നതാണ്."

സമിതി യോഗത്തിന്റെ സംക്ഷിപ്തം ചുവടെ ചേർക്കുന്നു :

87. പ്രസ്തുത ഓഡിറ്റ് ഖണ്ഡിക സംബന്ധിച്ച വിശദീകരണം ആരാഞ്ഞതിന് 16 തസ്തികകളിലാണ് അപ്രകാരം മുൻകാല പ്രാബല്യത്തോടെ പ്രൊമോഷൻ നൽകിയതെന്നും, എന്നാൽ അവർക്ക് കുടിശ്ശിക നൽകിയിട്ടില്ലാത്തതിനാൽ സാമ്പത്തികനഷ്ടം വന്നിട്ടില്ലെന്നും ഡി.പി.സി. കൂടി പഴയ പേയ്മെന്റ് അനുസരിച്ചാണ് തുക നൽകിയിരിക്കുന്നതെന്നും സാംസ്കാരികകാര്യ വകുപ്പ് സെക്രട്ടറി വിശദീകരിച്ചു.

88. ജീവനക്കാർക്ക് മുൻകാല പ്രാബല്യത്തോടെ നൽകിയ പ്രൊമോഷനുകൾക്ക് സാധൂകരണം ലഭിക്കുന്നതിനായി സർക്കാരിലേക്ക് അപേക്ഷ സമർപ്പിച്ചിട്ടുണ്ടോയെന്നും അവർക്ക് മോണിറ്ററി ബെനിഫിറ്റ് നൽകിയിട്ടുണ്ടോയെന്നും ബന്ധപ്പെട്ട ഹൈക്കോടതി ഉത്തരവുകൂടി വകുപ്പ് പരിശോധിച്ച് സമിതിക്ക് റിപ്പോർട്ട് നൽകണമെന്ന് സമിതി നിർദ്ദേശിച്ചു.

സാംസ്കാരികകാര്യ (സി) വകുപ്പ് 3-2-2009-ലെ 704/C1/09/CAD നമ്പർ കത്ത് മുഖേന സർക്കാർ ലഭ്യമാക്കിയ മറുപടി ചുവടെ ചേർക്കുന്നു:

89. "ജീവനക്കാർക്ക് യഥാസമയം ഡി.പി.സി. കൂടി പ്രൊമോഷൻ നല്കിയിരുന്നുവെങ്കിൽ പ്രൊമോഷൻ നല്കിയ തസ്തികകളിലേക്ക് നേരത്തേതന്നെ പ്രൊമോഷൻ ലഭിക്കുമായിരുന്നു. മുൻകാല പ്രാബല്യത്തോടെ പ്രൊമോഷനുകൾ

നല്കിയെങ്കിലും സാമ്പത്തികാനുകൂല്യങ്ങൾ പ്രൊമോഷൻ ഉത്തരവ് തീയതി മുതൽ മാത്രമേ നല്കിയിട്ടുള്ളൂ. ഇൻസ്റ്റിറ്റ്യൂട്ട് ജീവനക്കാർക്ക് നല്കിയ പ്രൊമോഷനുകൾക്കു സാധൂകരണം നല്കണമെന്നാവശ്യപ്പെട്ട് സർക്കാരിലേക്ക് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്."

സമിതി നിർദ്ദേശപ്രകാരം ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ 6-8-2009-ലെ LF5406/Spl.Cell G3/09 നമ്പർ കത്ത് മുഖേന ലഭ്യമാക്കിയ മറുപടി ചുവടെ ചേർക്കുന്നു:

90. "എഡിറ്റോറിയൽ വിഭാഗം ജീവനക്കാരുടെ പ്രൊമോഷൻ സംബന്ധിച്ചുള്ള ഓഡിറ്റ് പരാമർശങ്ങൾ ഒഴിവാക്കണമെന്നു കാണിച്ചുകൊണ്ട് എസ്.ഐ.ഇ.പി. ഡയറക്ടർ 12-2-2008-ൽ 165/എ2/2008 എസ്.ഐ.ഇ.പി. നമ്പരായി സർക്കാരിലേക്ക് കത്തയച്ചതിന്റെ പകർപ്പ് ഓഡിറ്റിന് നൽകിയിട്ടുണ്ട്. ഇതിന്മേൽ സർക്കാർ നാളിതുവരെ സാധൂകരണം നൽകിയിട്ടില്ല.

**നിഗമനങ്ങൾ/ശുപാർശകൾ**

91. **എഡിറ്റോറിയൽ വിഭാഗം ജീവനക്കാരുടെ സ്ഥാനക്കയറ്റത്തിന് സർക്കാർ സാധൂകരണം ലഭിക്കുന്ന മുറയ്ക്ക് പരാമർശം ഒഴിവാക്കുന്നതാണെന്ന് സമിതി ശുപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**ക്രമവിരുദ്ധമായി സ്പെഷ്യൽ അലവൻസ് അനുവദിച്ചു**

ഇൻസ്റ്റിറ്റ്യൂട്ടിൽ ശമ്പള പരിഷ്കരണം നടപ്പിലാക്കിയ ജി.ഒ. (ആർടി.) നമ്പർ 422/99/സി.എ.ഡി./239-ാം നമ്പർ ഉത്തരവിൽ ഡ്രൈവർമാർക്കും പ്യൂണിനുമുള്ള സ്പെഷ്യൽ അലവൻസ് പ്രത്യേകം പരാമർശിച്ചിട്ടില്ലാത്തതിനാൽ ജി.ഒ. (പി) 3000/98/ഫിൻ ആർടി. 25-11-1998-ലെ അനക്സർ 4-ൽ ഉൾപ്പെടുത്തിയിട്ടുള്ള വകുപ്പ് തലവൻമാരുടെ ഡ്രൈവറും പ്യൂണും എന്ന കാറ്റഗറിയിൽ ഉൾപ്പെടുത്തി എസ്.ഐ.ഇ.പി. ഡയറക്ടറുടെ ഡ്രൈവർക്ക് 90 രൂപയും പ്യൂണിന് 30 രൂപയും സ്പെഷ്യൽ അലവൻസ് അനുവദിക്കാവുന്നതാണ്.

എന്നാൽ, ശമ്പളബില്ല് പരിശോധിച്ചതിൽ ശ്രീ. കെ. മുഹസീൻഖാൻ (ഡ്രൈവർ), ശ്രീ. എസ്. രാമചന്ദ്രൻ (പ്യൂൺ) എന്നിവർക്ക് 11/98 മുതൽ 2/03 വരെ പ്രതിമാസം യഥാക്രമം 250 രൂപയും 200 രൂപയും വീതം സ്പെഷ്യൽ അലവൻസ് ഇനത്തിൽ ക്രമവിരുദ്ധമായി നൽകിയിട്ടുണ്ട്.

ഈ ഇനത്തിൽ അധികമായി നൽകിയ 17,000 രൂപ ബന്ധപ്പെട്ടവരിൽ നിന്നും തിരികെ ഈടാക്കേണ്ടതും സ്പെഷ്യൽ അലവൻസ് ഇനത്തിൽ നൽകിവരുന്ന തുക യഥാക്രമം 90 രൂപയും 30 രൂപയുമായി ക്രമീകരിക്കേണ്ടതുമാണ്.

[ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2003-04-ലെ സമാഹൃത റിപ്പോർട്ടിലെ ഓഡിറ്റ് ഖണ്ഡിക നമ്പർ 10(1)(8)]

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി ചുവടെ ചേർക്കുന്നു:

"ഈ സ്ഥാപനത്തിന്റെ മേധാവിയായ ഡയറക്ടർ എന്ന അടിസ്ഥാനത്തിലാണ് 1998-ലെ ശമ്പള പരിഷ്കരണ ഉത്തരവ് പ്രകാരം അദ്ദേഹത്തിന്റെ ഡ്രൈവർ, പ്യൂൺ

എന്നിവർക്ക് അലവൻസ് നല്കിവന്നത്. ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ച ശ്രീ. മുഹസീൻഖാൻ (ഡ്രൈവർ) 28-2-2003-ൽ സർവീസിൽ നിന്നും വിരമിച്ചു. 15-3-2004-ലാണ് ഇത് സംബന്ധിച്ച ഓഡിറ്റ് റിപ്പോർട്ട് ഇൻസ്റ്റിറ്റ്യൂട്ടിൽ ലഭിച്ചിട്ടുള്ളത്. റിപ്പോർട്ടിനുശേഷം ഡ്രൈവർക്കും പ്യൂണിനും അർഹതപ്പെട്ട ആനുകൂല്യം മാത്രമേ നൽകിയിട്ടുള്ളൂ.

പ്യൂണായ ശ്രീ. എസ്. രാമചന്ദ്രൻ ഒരു വികലാംഗ ജീവനക്കാരനാണ്. മാത്രവുമല്ല സാമ്പത്തികമായി വളരെ ബുദ്ധിമുട്ട് അനുഭവിക്കുന്ന ജീവനക്കാരനുമാണ്. ആയതിനാൽ ഡ്രൈവറായ ശ്രീ. മുഹസീൻഖാൻ സർവ്വീസിൽ നിന്നും വിരമിച്ചതിനാലും ശ്രീ. എസ്. രാമചന്ദ്രൻ വികലാംഗ ജീവനക്കാരനായതിനാലും മാനുഷിക പരിഗണന നൽകി പ്രസ്തുത ജീവനക്കാരനിൽ നിന്നും അധികതുക ഈടാക്കാനുള്ള ഓഡിറ്റ് പരാമർശം ഒഴിവാക്കണമെന്ന് അഭ്യർത്ഥിക്കുന്നു.”

സമിതി യോഗത്തിന്റെ സംക്ഷിപ്തം ചുവടെ ചേർക്കുന്നു :

92. ഡ്രൈവർ, പ്യൂൺ എന്നീ ജീവനക്കാർക്ക് ക്രമവിരുദ്ധമായി സ്പെഷ്യൽ അലവൻസ് നൽകിയ ഇനത്തിൽ അധികമായി 17,000 രൂപ ബന്ധപ്പെട്ടവരിൽ നിന്നും ഈടാക്കാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ എന്ന് സമിതി ആരാഞ്ഞതിന് വകുപ്പ് മേധാവിയുടെ പ്യൂണിന് അലവൻസുണ്ടെന്നും, 2004-ൽ ആണ് ഓഡിറ്റ് നടന്നതെന്നും എന്നാൽ 2003-ൽ ഡ്രൈവർ റിട്ടയർ ചെയ്തതിനാൽ തുക തിരിച്ചടയ്ക്കാനായില്ലെന്നും അന്നത്തെ ഡയറക്ടറുടെ തീരുമാനം അനുസരിച്ചാണ് അലവൻസ് നൽകിയതെന്നും ഡയറക്ടർ സമിതിയിൽ വിശദീകരിച്ചു.

93. ഭരണസമിതിയോഗം കൂടാറുണ്ടോ എന്ന് സമിതി ആരാഞ്ഞതിന്, മൂന്നു മാസത്തിലൊരിക്കൽ ബോർഡ് മീറ്റിംഗ് കൂടേണ്ടതാണെങ്കിലും ബഹു. മുഖ്യമന്ത്രിക്ക് കൂടി സൗകര്യപ്രദമായ തീയതി ലഭിക്കാത്തതിനാൽ വർഷത്തിൽ ഒരിക്കൽ മാത്രമാണ് ഭരണസമിതിയോഗം ചേരാറുള്ളത് എന്നും എൻസൈക്ലോപീഡിയ ഡയറക്ടർ സമിതിയെ അറിയിച്ചു.

സമിതി നിർദ്ദേശപ്രകാരം ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ 6-8-2009-ലെ LF5406/Spl.Cell G3/09 നമ്പർ കത്ത് മുഖേന ലഭ്യമാക്കിയ മറുപടി ചുവടെ ചേർക്കുന്നു:

94. “ക്രമവിരുദ്ധമായി സ്പെഷ്യൽ അലവൻസ് കൈപ്പറ്റിയ ശ്രീ. മുഹസീൻഖാൻ (ഡ്രൈവർ) ശ്രീ. എസ്. രാമചന്ദ്രൻ (പ്യൂൺ) എന്നിവരിൽ നിന്നോ ഉത്തരവാദിയായ ഉദ്യോഗസ്ഥരിൽ നിന്നോ അധികം നൽകിയ 17,000 രൂപ ഈടാക്കിയതായി ഓഡിറ്റിന് വിവരം ലഭ്യമാക്കിയിട്ടില്ല. എന്നാൽ അധികം വാങ്ങിയ തുക തിരിച്ചടയ്ക്കണമെന്നു കാണിച്ച് 26-3-2009-ൽ ശ്രീ. മുഹസീൻഖാൻ (ഡ്രൈവർ), ശ്രീ. എസ്. രാമചന്ദ്രൻ (പ്യൂൺ) എന്നിവർക്കു നൽകിയ നോട്ടീസിന്റെ പകർപ്പ് കണ്ടിട്ടുണ്ട്.”

95. 10-11-2010-ലെ 1893/സി1/09/സി.എ.ഡി. എന്ന നമ്പർ കത്തുപ്രകാരം ലഭിച്ച മറുപടിയിൽ സർവ്വവിജ്ഞാനകോശ ഇൻസ്റ്റിറ്റ്യൂട്ടിൽ പ്യൂൺ ആയ ശ്രീ. എസ്. രാമചന്ദ്രൻ സ്പെഷ്യൽ അലവൻസായി അധികം കൈപ്പറ്റിയ തുകയായ 8,840 രൂപ പ്രതിമാസം 340 രൂപ ക്രമത്തിൽ 26 മാസ തവണകളായി 2009 മേയ് മാസത്തെ ശമ്പളം മുതൽ തിരിച്ചുപിടിച്ചുവരുന്നുവെന്നും ശ്രീ. കെ. മുഹസീൻഖാൻ ഇൻസ്റ്റിറ്റ്യൂട്ടിൽ നിന്നും സ്പെഷ്യൽ അലവൻസായി കൈപ്പറ്റിയ 8,160 രൂപ അദ്ദേഹത്തിൽനിന്നും ഈടാക്കി ട്രഷറിയിൽ നിക്ഷേപിച്ചിട്ടുണ്ടെന്നും അറിയിച്ചിരിക്കുന്നു.

**നിഗമനങ്ങൾ/ശുപാർശകൾ**

**96. സ്പെഷ്യൽ അലവൻസ് കൈപ്പറ്റിയവരിൽ നിന്നും പ്രസ്തുത തുക തിരികെ ഈടാക്കിയ സാഹചര്യത്തിൽ ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിന് സമിതി ശുപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**ലൈബ്രറി പുസ്തകങ്ങൾ ക്ലാസിഫിക്കേഷൻ, കാറ്റലോഗ് ചെയ്തു ക്രമീകരിക്കുന്നത് സംബന്ധിച്ച്**

15-3-2002-ലെ ലൈബ്രേറിയൻ-ഇൻ-ചാർജിന്റെ അപേക്ഷയുടെ അടിസ്ഥാനത്തിൽ ഇൻസ്റ്റിറ്റ്യൂട്ട് ലൈബ്രറിയിലെ പുസ്തകങ്ങൾ കാറ്റലോഗ് ചെയ്തു ക്രമീകരിക്കുന്നതിന് രണ്ടുപേരെ നിയോഗിക്കുകയുണ്ടായി. ഇവർക്ക് പ്രതിഫലമിനത്തിൽ 42,970 രൂപ നൽകിയിട്ടുണ്ട്. പുസ്തകങ്ങൾ കാറ്റലോഗ് ചെയ്തു ക്രമീകരിക്കുന്നതിനുവേണ്ടി കാറ്റലോഗ് കാർഡും സ്പൈൻ ലേബലും വാങ്ങുന്നതിന് 26,516 രൂപയും ഓഡിറ്റ് വർഷം ചെലവഴിച്ചിട്ടുണ്ട്.

അവശേഷിക്കുന്ന പുസ്തകങ്ങൾ ക്ലാസിഫിക്കേഷൻ/കാറ്റലോഗിംഗ് ചെയ്യുന്നതിനു വേണ്ടി 2003-2004 വർഷം കൊട്ടേഷൻ ക്ഷണിക്കുകയും പണി ഏറ്റെടുത്ത കരാറുകാരന് 57,645 രൂപ നൽകുകയും ചെയ്തിട്ടുണ്ട്. കൂടാതെ കാറ്റലോഗ് കാർഡു വാങ്ങുന്നതിന് 20,500 രൂപ ചെലവാക്കുകയും ചെയ്തു.

മേൽവിവരിച്ച പ്രകാരം രണ്ടു സാമ്പത്തിക വർഷങ്ങളിലുമായി ആകെ 1,47,631 രൂപ ഈ ഇനത്തിൽ ചെലവാക്കിയിട്ടുണ്ട്. ആകെ എത്ര പുസ്തകങ്ങൾ ക്ലാസിഫിക്കേഷൻ/ കാറ്റലോഗിംഗ് ചെയ്യുവാനുണ്ടായിരുന്നുവെന്നോ അവയിൽ എത്ര എണ്ണം ചെയ്തിട്ടുണ്ടെന്നോ രേഖപ്പെടുത്തിയിട്ടില്ല. ഈ പ്രവൃത്തിക്ക് ഭരണസമിതിയുടെ അംഗീകാരം നേടിയിട്ടുള്ളതായും കാണുന്നില്ല. ടി സാഹചര്യത്തിൽ 2002-03 സാമ്പത്തികവർഷം ഈ ഇനത്തിൽ ചെലവഴിച്ച 69,486 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. (ദിവസവേതനം 42970+കാറ്റലോഗ് കാർഡ്-20500+സ്പൈൻ ലേബൽ 6016=69486).

[ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2003-04-ലെ സമാഹൃത റിപ്പോർട്ടിലെ ഓഡിറ്റ് ഖണ്ഡിക നമ്പർ 10(1)(9)]

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി ചുവടെ ചേർക്കുന്നു:

"ഈ ഇൻസ്റ്റിറ്റ്യൂട്ടിലെ ലൈബ്രറിയിൽ വളരെ വിലകൂടിയ 18,000-ത്തോളം പുസ്തകശേഖരമാണുള്ളത്. ഒരു റഫറൻസ് ലൈബ്രറിയെ സംബന്ധിച്ചിടത്തോളം പ്രാധാന്യമുള്ള പരിപാടിയാണ് കാറ്റലോഗിംഗ്. എഡിറ്റോറിയൽ വിഭാഗം ജീവനക്കാർക്ക്, വിജ്ഞാനകോശം വാല്യങ്ങളുടെ ലേഖനങ്ങൾ തയ്യാറാക്കുന്നതിനായി ലൈബ്രറിയിൽ നിന്നും ഓരോ വിഷയത്തിന്റെയും ധാരാളം പുസ്തകങ്ങൾ യഥാസമയം ലഭ്യമല്ലാതെ വരുന്നതും, ക്രമംതെറ്റിച്ച് ശേഖരിച്ച് വച്ചിരിക്കുന്നതും അവർക്ക് ബുദ്ധിമുട്ടുണ്ടാക്കുകയും എഡിറ്റർമാരുടെ ജോലി തടസ്സപ്പെടുകയും ചെയ്യുന്നു. ഈ വൈഷമ്യം ഒഴിവാക്കുന്നതിനായി ഇൻസ്റ്റിറ്റ്യൂട്ട് ലൈബ്രറിയിൽ പുസ്തകങ്ങൾ ആവശ്യാനുസരണം കണ്ടെത്തുന്നതിനും ഉപയോഗിക്കുന്നതിനും ഉതകുന്ന രീതിയിൽ ശാസ്ത്രീയമായി ക്ലാസിഫിക്കേഷൻ,

കാറ്റലോഗിംഗ് എന്നിവ നടത്തുക അനിവാര്യമായിത്തീർന്നു. ഈ ജോലി ആവുന്നത്ര വേഗം തീർക്കുക എന്നത് എഡിറ്റോറിയൽ പ്രവർത്തനത്തിന്റെ കാര്യക്ഷമതയ്ക്ക് അനിവാര്യമായി വന്നു. ഇപ്രകാരം ജോലി പൂർത്തിയാക്കിയപ്പോൾ ലൈബ്രറിയുടെ ഉപയോഗം കൂടുതൽ സൗകര്യപ്രദമായി തീർന്നിരിക്കുന്നു.

ലൈബ്രറി പുസ്തകങ്ങൾ കാറ്റലോഗിംഗ് ചെയ്യുന്നതിനുള്ള സംവിധാനത്തെക്കുറിച്ച് കേരള സർവ്വകലാശാലയിലെ ലൈബ്രറി സയൻസ് ഡിപ്പാർട്ടുമെന്റിൽ അന്വേഷണം നടത്തുകയും അതിൻപ്രകാരം ലൈബ്രറി സയൻസിൽ മാസ്റ്റർ ബിരുദധാരികളായ രണ്ട് റിസർച്ച് വിദ്യാർത്ഥികളെ കണ്ടെത്തുകയും, കാറ്റലോഗിംഗ് ജോലികൾ ചെയ്യുന്നതിനായി പ്രതിദിനം 140 രൂപ നിരക്കിൽ ദിവസവേതന അടിസ്ഥാനത്തിൽ അവരെ നിയമിക്കുവാൻ തീരുമാനിക്കുകയും ചെയ്തു. ഇത്തരം സാങ്കേതികത്വമുള്ള ജോലികൾ ചെയ്യുവാൻ മറ്റു ജീവനക്കാർ പ്രാപ്തരല്ലാത്തതിനാലാണ് ദിവസവേതനാടിസ്ഥാനത്തിൽ പരിശീലനം സിദ്ധിച്ച വ്യക്തികളെ നിയമിക്കേണ്ടി വന്നത്.

ലൈബ്രറിയിൽ ഏകദേശം 18,000 ത്തോളം പുസ്തകങ്ങളാണ് ഉള്ളത്. ദിവസവേതനാടിസ്ഥാനത്തിൽ നിയമിച്ച ജീവനക്കാർ 5000-ത്തോളം പുസ്തകങ്ങൾ കാറ്റലോഗിംഗ് ചെയ്തതിനുശേഷമുള്ള പുസ്തകങ്ങളുടെ കാറ്റലോഗിംഗ് ചെയ്യുന്നതിനായി ക്വട്ടേഷൻ ക്ഷണിക്കുകയും അതിൻപ്രകാരം കുറഞ്ഞ നിരക്ക്, ജോലി പരിചയം എന്നിവ കണക്കിലെടുത്ത് പ്രസ്തുത ജോലി ചെയ്യുന്നതിനായി ഏറ്റവും കുറഞ്ഞ ക്വട്ടേഷൻ സമർപ്പിച്ച വരെ ചുമതലപ്പെടുത്തുകയുണ്ടായി. ഈ ജോലി പൂർത്തിയാക്കിയതുകൊണ്ട് ലൈബ്രറിയിൽ നിന്നും പുസ്തകങ്ങൾ തിരഞ്ഞെടുക്കുവാൻ ജീവനക്കാർക്ക് വളരെ സൗകര്യപ്രദമായ സംവിധാനം നിലവിൽ വന്നിട്ടുണ്ട്. ഇത് എഡിറ്റോറിയൽ വിഭാഗം ജീവനക്കാരുടെ ജോലിഭാരം ലഘൂകരിക്കുവാൻ വളരെയധികം സഹായമായിട്ടുണ്ട്.

വളരെ അടിയന്തിരമായി ചെയ്തുതീർക്കേണ്ട ജോലിയായതുകൊണ്ടാണ് ഭരണ സമിതിയുടെ അംഗീകാരത്തിനു വിധേയമായി പ്രസ്തുത ജോലി ചെയ്തത്.

ഈ ഇൻസ്റ്റിറ്റ്യൂട്ടിലെ ലൈബ്രറിയിൽ നിയമിച്ചിരുന്ന ലൈബ്രറി സയൻസിൽ യോഗ്യതയുള്ള ജീവനക്കാർ മറ്റു വകുപ്പുകളിൽ ജോലി തേടി പോയതിനുശേഷം, ഇതേവരെ ലൈബ്രേറിയൻ തസ്തികയിൽ ആരെയും നിയമിച്ചിട്ടില്ല. 'ലൈബ്രേറിയൻ' ഒരു ഉയർന്ന തസ്തികയായതുകൊണ്ടാണ് താത്ക്കാലികമായി എഡിറ്റോറിയൽ വിഭാഗത്തിൽ നിന്നും ഒരു സബ് എഡിറ്റർക്ക് ചാർജ് നല്കിയത്. ഈ ജോലിയിൽ സാങ്കേതിക പരിജ്ഞാനമോ പരിചയമോ ഇല്ലാത്തതുകൊണ്ടാണ് ടിയാന്റെ സേവനം ഈ ജോലിക്ക് പ്രയോജനപ്പെടുത്തുവാൻ കഴിയാതെ വന്നത്. ഇൻസ്റ്റിറ്റ്യൂട്ടിന്റെ സാമ്പത്തിക നില ഭദ്രമല്ലാത്തതുകാരണം സ്ഥിരമായി ഒരു ലൈബ്രേറിയനെ നിയമിക്കാൻ കഴിയുന്നില്ല. എന്നാലും നിയമനങ്ങളെല്ലാം പി.എസ്.സി.ക്ക് വിടുകയും നിലവിലുള്ള എസ്.ഐ.ഇ.പി. റൂൾ ഭേദഗതി ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുകയും ചെയ്തു വരുകയാണ്. ഇപ്രകാരം റൂൾ ഭേദഗതി ചെയ്തു കഴിഞ്ഞാലുടൻ ലൈബ്രേറിയനെ നിയമിക്കുന്ന കാര്യം പരിഗണിക്കുന്നതുമാണ്.

ദിവസവേതനാടിസ്ഥാനത്തിൽ നിയമിച്ച ജീവനക്കാർ ചെയ്തതിനുശേഷമുള്ള ജോലികളാണ് ക്വട്ടേഷൻ ക്ഷണിച്ച് പൂർത്തിയാക്കിയത്. ഓഡിറ്റിൽ പരാമർശിച്ചതുപോലെ ഒരേ ജോലി വീണ്ടും ആവർത്തിച്ച് ചെയ്തിട്ടില്ല. ആയതിനാൽ പ്രസ്തുത പരാമർശം ഒഴിവാക്കേണ്ടതാണ്.

7-2-2005-ൽ കൂടിയ ഭരണസമിതി പ്രസ്തുത നടപടിക്ക് സാധൂകരണം നൽകിയിട്ടുണ്ട്. മേൽ വിവരിച്ച സാഹചര്യത്തിൽ ലൈബ്രറി പുസ്തകങ്ങൾ ക്ലാസിഫിക്കേഷൻ, കാറ്റലോഗിംഗ് ചെയ്ത് ക്രമീകരിക്കുന്നതിനുവേണ്ടി ചെലവഴിച്ച 69,486 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തിയ നടപടി റദ്ദാക്കി പ്രവൃത്തി സാധൂകരിക്കണമെന്നും പരാമർശം ഒഴിവാക്കണമെന്നും അഭ്യർത്ഥിക്കുന്നു.

97. പ്രസ്തുത ഓഡിറ്റ് ഖണ്ഡിക സംബന്ധിച്ച് സമിതി വിശദീകരണം ആരാഞ്ഞതിന്, ഇൻസ്റ്റിറ്റ്യൂട്ട് ലൈബ്രറിയിലെ പുസ്തകങ്ങൾ കാറ്റലോഗ് ചെയ്തു ക്രമീകരിക്കുന്നതിന് ദിവസക്കൂലിയടിസ്ഥാനത്തിലാണ് ആദ്യം ആളെ നിയമിച്ചതെന്നും എന്നാൽ ജോലി വളരെ മന്ദഗതിയിലാണെന്ന് കണ്ടപ്പോൾ പിന്നെ കരാർ അടിസ്ഥാനത്തിൽ നിയമനം നടത്തിയെന്നും പ്രസ്തുത പ്രവൃത്തിക്ക് 7-2-2005-ൽ ചേർന്ന ഭരണ സമിതി സാധൂകരണം നൽകിയിട്ടുണ്ടെന്നും എൻസൈക്ലോപീഡിയ ഡയറക്ടർ സമിതിയിൽ വിശദീകരിച്ചു.

98. പ്രസ്തുത പ്രവൃത്തിക്ക് ഭരണസമിതിയുടെ സാധൂകരണം ലഭിച്ചിട്ടുണ്ടോ എന്ന വസ്തുത ഓഡിറ്റ് വകുപ്പ് പരിശോധിക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

സമിതി നിർദ്ദേശപ്രകാരം ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ 6-8-2009-ലെ LF5406/Spl.CellG3/09 നമ്പർ കത്ത് മുഖേന ലഭ്യമാക്കിയ മറുപടി ചുവടെ ചേർക്കുന്നു:

99. "ഇൻസ്റ്റിറ്റ്യൂട്ട് ലൈബ്രറിയിലെ പുസ്തകങ്ങൾ, ക്ലാസിഫിക്കേഷൻ, കാറ്റലോഗ് എന്നിവ ചെയ്തു ക്രമീകരിച്ചതിന്റെ ഭാഗമായി ചെലവു വന്ന 69,486 രൂപ 7-2-2005-ന് കൂടിയ ഭരണസമിതി അംഗീകരിച്ചിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചു (ഐറ്റം നമ്പർ 28, അജണ്ടയും തീരുമാനവും)."

**നിഗമനങ്ങൾ/ശുപാർശകൾ**

**100. ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ പുനഃപരിശോധന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശുപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**ദിവസക്കൂലി വേതനാടിസ്ഥാനത്തിൽ ചട്ടവിരുദ്ധമായി ജീവനക്കാരെ നിയമിച്ചു**

സാംസ്കാരിക വകുപ്പിൻ കീഴിലുള്ള സ്ഥാപനങ്ങളിലെ നിയമനങ്ങൾ എല്ലാം പി.എസ്.സി. മുഖേന നടത്തുവാൻ സർക്കാർ തീരുമാനിക്കുകയും അതിന്മേലുള്ള നടപടികൾ തുടർന്ന് വരികയുമാണ്. ഇതോടനുബന്ധിച്ച് സർവ്വവിജ്ഞാനകോശം ഇൻസ്റ്റിറ്റ്യൂട്ടിൽ നിലവിലുള്ള ഓരോ തസ്തികയിലും നിയമന രീതി, നിർദ്ദിഷ്ട യോഗ്യത തുടങ്ങി നിയമനം സംബന്ധിച്ചുള്ള കൂടുതൽ വിവരങ്ങൾ അയച്ചുകൊടുക്കുവാൻ പി.എസ്.സി. ആവശ്യപ്പെട്ടിരിക്കുകയാണ്. പി.എസ്.സി. തീരുമാനം വൈകുന്ന സാഹചര്യത്തിൽ പി.എസ്.സി.-യിൽ നിന്നും നോൺ അവയബിലിറ്റി സർട്ടിഫിക്കറ്റ് വാങ്ങി എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നിന്നും നിയമനം നടത്തുവാൻ നടപടി സ്വീകരിച്ചിട്ടില്ല. പകരം ഇൻസ്റ്റിറ്റ്യൂട്ടിൽ ദിവസക്കൂലി അടിസ്ഥാനത്തിൽ 2003 ഫെബ്രുവരി മാസം വരെ ആളുകളെ നിയമിച്ചതായി കാണുന്നു. 28-2-1992-ലെ

14396/ഡി.പി.ഇ.2/91/പ്ലാനിംഗ് എന്ന സർക്കാർ സർക്കുലറിന് വിരുദ്ധമാണ് ഈ നടപടി. പ്രസ്തുത സർക്കുലർ പ്രകാരം 1959-ലെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് ആക്ട് കർശനമായി പാലിക്കപ്പെടേണ്ടതാണെന്നും ദിവസക്കൂലി വേതനാടിസ്ഥാനത്തിൽ നടത്തുന്ന നിയമനങ്ങളിൽ മേൽ വരുത്തുന്ന ചെലവുകൾ ക്രമരഹിതമായി കണക്കാക്കേണ്ടതും ഇപ്രകാരം ചെലവാക്കിയ തുക ബന്ധപ്പെട്ട അധികാരികളിൽ നിന്നും ഈടാക്കേണ്ടതാണെന്നും നിഷ്ക്കർഷിച്ചിട്ടുണ്ട്.

[ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2003-04-ലെ സമാഹൃത റിപ്പോർട്ടിലെ ഓഡിറ്റ് ഖണ്ഡിക നമ്പർ 10 (1)(10)]

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി ചുവടെ ചേർക്കുന്നു :

"സർക്കാർ നിശ്ചയിച്ചിട്ടുള്ള അധികാരപരിധി ഉപയോഗിച്ച അത്യാവശ്യഘട്ടങ്ങളിൽ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർക്ക് 15 ദിവസം വരെ ദിവസവേതനാടിസ്ഥാനത്തിൽ ജീവനക്കാരെ നിയമിക്കാൻ അധികാരമുണ്ട്. ഇൻസ്റ്റിറ്റ്യൂട്ടിലെ നിയമനങ്ങളെല്ലാം പി.എസ്.സി.ക്ക് വിട്ടുകൊണ്ട് സർക്കാർ ഉത്തരവായതിനുശേഷം റിട്ടയർ ചെയ്ത ജീവനക്കാരുടെ ഒഴിവുകളിൽ ഒന്നും തന്നെ ജീവനക്കാരെ നിയമിച്ചിട്ടില്ല. ഇൻസ്റ്റിറ്റ്യൂട്ടിൽ 107 ജീവനക്കാരുണ്ടായിരുന്നതിൽ ഇപ്പോൾ 49 ജീവനക്കാർ മാത്രമേ ഉള്ളൂ. ജീവനക്കാരുടെ അഭാവം ഇൻസ്റ്റിറ്റ്യൂട്ടിന്റെ ദൈനംദിന പ്രവർത്തനത്തെ സാരമായി ബാധിച്ചിരുന്നു. ഈ സാഹചര്യത്തിലാണ് സർക്കാർ നിഷ്ക്കർഷിച്ചിട്ടുള്ള അധികാരപരിധിയിൽ ദിവസവേതനാടിസ്ഥാനത്തിൽ ജീവനക്കാരെ നിയമിച്ചത്. [G.O.(Ms.) No.39/89/CAD തീയതി 2-12-1989] സർക്കാരിൽ നിന്നും ദിവസവേതനാടിസ്ഥാനത്തിൽ ജോലി നോക്കുന്ന ജീവനക്കാരെ പിരിച്ചു വിടുന്നതിനുള്ള നിർദ്ദേശം ലഭിച്ചതിന്റെ അടിസ്ഥാനത്തിലും 2002-03 സാമ്പത്തിക വർഷത്തിൽ ഓഡിറ്റ് പരാമർശിച്ചതിന്റെയും വെളിച്ചത്തിൽ ദിവസവേതനാടിസ്ഥാനത്തിൽ ജോലി ചെയ്തവരെ പിരിച്ചുവിട്ടു.

വിജ്ഞാനകോശ വാല്യങ്ങളുടെ പ്രസിദ്ധീകരണത്തിനാവശ്യമായ പ്രൂഫ് റീഡർ ലേഖനങ്ങൾ, ഡി.റ്റി.പി. ചെയ്യുന്ന ഡി.റ്റി.പി. ഓപ്പറേറ്റർ തസ്തികകളിലെ ജീവനക്കാരുടെ സേവനം ഒഴിവാക്കാൻ പറ്റാത്തതാണ്. അതിനാൽ ഡി.റ്റി.പി. ജോലികൾ ചെയ്യുന്നതിനായി കമ്പ്യൂട്ടർ വിഭാഗത്തിൽ ഒഴിവുള്ള ടൈപ്പിസ്റ്റ് തസ്തികയിൽ ഒരാളെ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമിച്ചിരിക്കുകയാണ്. ജീവനക്കാരുടെ അഭാവം ഇൻസ്റ്റിറ്റ്യൂട്ടിന്റെ ദൈനംദിന പ്രവർത്തനങ്ങളെ കാര്യമായി ബാധിച്ചിട്ടുണ്ട്. പി.എസ്.സി. മുഖേന നിയമനം നടത്തുന്നതോടുകൂടി പ്രസ്തുത തസ്തികകളിൽ സ്ഥിരം നിയമനം നടത്തുന്നതാണ്."

സമിതി യോഗത്തിന്റെ സംക്ഷിപ്തം ചുവടെ ചേർക്കുന്നു :

101. സാംസ്കാരിക വകുപ്പിനുകീഴിലുള്ള സ്ഥാപനങ്ങളിലെ നിയമനങ്ങൾ പി.എസ്.സി. മുഖേനയല്ലേ നടക്കുന്നതെന്ന സമിതിയുടെ ചോദ്യത്തിന്, പി.എസ്.സി. മുഖേന നിയമനം നടത്താൻ 1999-ലെ സർക്കാർ തീരുമാനിച്ചുവെങ്കിലും ഇതുവരെ അതിനുള്ള ചട്ടങ്ങളൊന്നും തയ്യാറായിട്ടില്ലെന്നും എൻസൈക്ലോപീഡിയ ഡയറക്ടർ സമിതിയെ അറിയിച്ചു. 107 സാംഗ്ഷൻഡ് പോസ്റ്റുകൾ ഉണ്ടായിരുന്നതിൽ ഇപ്പോൾ 49 സ്ഥിരം ജീവനക്കാർ മാത്രമേയുള്ളുവെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

102. പി.എസ്.സി. നിയമനം വൈകുന്ന സാഹചര്യത്തിൽ പി.എസ്.സി.യിൽ നിന്നും നോ ഒബ്ജക്ഷൻ സർട്ടിഫിക്കറ്റ് വാങ്ങി എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നിന്നും നിയമനം നടത്താനുള്ള നടപടി സ്വീകരിച്ചിട്ടില്ലെന്നും, ദിവസക്കൂലി അടിസ്ഥാനത്തിൽ നടത്തുന്ന നിയമനങ്ങൾ ക്രമരഹിതമായി കാണേണ്ടതാണെന്നും ഇപ്രകാരം ചെലവാക്കിയ തുക ബന്ധപ്പെട്ട അധികാരികളിൽ നിന്നും ഈടാക്കേണ്ടതുമാണെന്നും 28-2-1992-ലെ സർക്കാർ സർക്കുലറിൽ വ്യക്തമായി പ്രതിപാദിക്കുന്നുണ്ടെന്നും ഇവിടെ 2003 ഫെബ്രുവരി മാസം മുതൽ ആളുകളെ നിയമിച്ചതായി കാണുന്നു എന്നും സമിതി കൂട്ടിച്ചേർത്തു.

103. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ നിന്ന് നിയമനം നടത്താതിരുന്നതെന്തുകൊണ്ട് എന്ന് സമിതി ആരാഞ്ഞതിന്, അത്യാവശ്യ കാര്യങ്ങൾക്കായി ഒന്നോ രണ്ടോ ആഴ്ചത്തേക്ക് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി നിയമനം നടത്തുക എന്നത് പ്രായോഗികമല്ലെന്ന് സാംസ്കാരികകാര്യ വകുപ്പ് സെക്രട്ടറി സമിതിയിൽ മറുപടി നൽകി.

104. നിലവിലുള്ള തസ്തികകൾ അംഗീകൃത തസ്തികകളായതിനാൽ നിയമ പ്രകാരം താൽക്കാലിക ജീവനക്കാരെ നിയമിക്കുകയോ, പി.എസ്.സി.യിൽ നിന്ന് നിയമനം നടത്തുന്നതിനുള്ള നടപടി സ്വീകരിക്കുകയോ ചെയ്യണമായിരുന്നെന്നും അപ്രകാരം ചെയ്യാതിരുന്നതെന്തുകൊണ്ടെന്നുമുള്ള സമിതിയുടെ ചോദ്യത്തിന്, പല ഓട്ടോണമസ് ഇൻസ്റ്റിറ്റ്യൂഷനുകളിലും പോസ്റ്റ് ക്രിയേഷൻ ഉണ്ടെങ്കിൽ പോലും ഒഴിവുകൾ നികത്താതെ തന്നെ കിടക്കുമെന്നും ചില പോസ്റ്റുകൾ ഒഴിഞ്ഞുകിടന്നാലും സ്ഥാപനം നടത്തിക്കൊണ്ടുപോകാൻ പറ്റുന്നതാണെങ്കിൽ സാമ്പത്തിക ലാഭം കണക്കാക്കി ഒഴിവു നികത്താറില്ലെന്നും ചെറിയ അറേഞ്ചുമെന്റ്സിൽ കാര്യങ്ങൾ മുന്നോട്ടു കൊണ്ടുപോകാൻ ശ്രമിക്കുകയാണെന്നും സാംസ്കാരികകാര്യ വകുപ്പ് സെക്രട്ടറി സമിതിയിൽ അറിയിച്ചു.

105. പ്രസ്തുത നിയമനങ്ങളെല്ലാം ഭരണ സമിതി അംഗീകരിച്ചിട്ടുണ്ടോ എന്ന് സമിതി ആരാഞ്ഞതിന്, ഒന്നോ, രണ്ടോ ആഴ്ചകളിലേക്ക് മാത്രമായി നിയമമിക്കുന്നതിനാൽ ഭരണസമിതിയുടെ അംഗീകാരം ലഭിച്ചിട്ടില്ലെന്നും അംഗീകാരം ലഭിക്കുന്നതിനായുള്ള നടപടികൾ ആരംഭിക്കാമെന്നും സെക്രട്ടറി മറുപടി നൽകി.

106. പതിനഞ്ച് ദിവസത്തേക്ക് നിയമിക്കുന്ന ആളിനെ ഒരു ദിവസത്തേക്ക് മാറ്റി നിർത്തി വീണ്ടും ടിയാളെ തന്നെയാണ് നിയമിക്കുന്നതെന്നും എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ നിന്ന് നിയമിച്ചാൽ ആറ് മാസമെങ്കിലും ഒരാൾക്ക് സ്ഥിരമായി ജോലി ലഭിക്കുമെന്നും എന്നാൽ ഇവിടെ നടന്നിരിക്കുന്ന നിയമനങ്ങൾ എല്ലാംതന്നെ വ്യക്തിഗത താൽപ്പര്യങ്ങളനുസരിച്ചാണ് നടന്നിരിക്കുന്നതെന്നും സമിതി കുറ്റപ്പെടുത്തി.

107. നിയമനത്തിന്റെ ഇപ്പോഴത്തെ സ്ഥിതി എന്താണെന്ന് സമിതി ആരാഞ്ഞതിന് 107 അംഗീകൃത തസ്തികകൾ ഉള്ളതിൽ 49 സ്ഥിരം ജീവനക്കാരും, കരാർ അടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന ഏഴ് സബ് എഡിറ്റർമാരും ദിവസക്കൂലി ഇനത്തിൽ അഞ്ചു പേരും നിലവിലുണ്ടെന്നും വളരെ അവശ്യ നിയമനങ്ങൾ മാത്രമേ നടത്തിയിട്ടുള്ളുവെന്നും ഗ്രാന്റിൽ ഒതുങ്ങി നിന്നുകൊണ്ടാണ് കാര്യങ്ങൾ ചെയ്യുന്നതെന്നും സാംസ്കാരികകാര്യ വകുപ്പ് സെക്രട്ടറി സമിതിയെ അറിയിച്ചു.

108. കൂടാതെ കൂടുതൽ കാലത്തേക്കുള്ള നിയമനങ്ങൾ ദിവസക്കൂലി അടിസ്ഥാനത്തിൽ ഇപ്പോൾ നടത്തുന്നുണ്ടോ എന്ന് ഗവൺമെന്റ് തലത്തിൽ പരിശോധിച്ച് സെക്രട്ടറി സമിതിക്ക് റിപ്പോർട്ട് നൽകണമെന്നും നിർദ്ദേശിച്ചു.

സമിതി നിർദ്ദേശ പ്രകാരം സാംസ്ക്കാരികകാര്യ (സി) വകുപ്പ് 3-2-2009-ലെ 704/C1/09/CAD നമ്പർ കത്തു മുഖേന ലഭ്യമാക്കിയ മറുപടി ചുവടെ ചേർക്കുന്നു:

109. "എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിലേക്ക് രണ്ടു എൽ.ഡി. ക്ലാർക്ക് തസ്തികയിലേക്ക് ലിസ്റ്റ് അയച്ചുതരുന്നതിന് എഴുതിയെങ്കിലും വളരെ കാലത്തിനുശേഷമാണ് ലിസ്റ്റു കിട്ടിയത്. രണ്ടു പേരെ ഇപ്രകാരം 22-7-2008-ൽ നിയമിച്ചിട്ടുണ്ട്. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നിന്നും ലിസ്റ്റു കിട്ടുന്നതിന് കാലതാമസം നേരിട്ടതിനാലാണ് ഇപ്രകാരം ജീവനക്കാരെ ദിവസവേതനാടിസ്ഥാനത്തിൽ നിയമിക്കാനിടയായത്.

**നിഗമനങ്ങൾ/ശുപാർശകൾ**

**110. ഭരണസമിതിയാണ് സാമ്പത്തിക ബാധ്യത വരുന്ന കാര്യങ്ങൾ സംബന്ധിച്ച തീരുമാനങ്ങൾ എടുക്കേണ്ടതെന്നും വളരെ അടിയന്തരഘട്ടങ്ങളിൽ ഡയറക്ടർക്ക് തീരുമാനങ്ങൾ എടുക്കാൻ അധികാരമുണ്ടെങ്കിലും പ്രസ്തുത തീരുമാനങ്ങൾക്ക് ഭരണസമിതിയുടെ സാധൂകരണം എത്രയുംവേഗം വാങ്ങേണ്ടതാണെന്നും സമിതി അഭിപ്രായപ്പെടുന്നു. മേൽ ഓഡിറ്റ് ഖണ്ഡികയിൽ പരാമർശവിധേയമായതും ഇൻസ്റ്റിറ്റ്യൂട്ട് നടത്തിയതുമായ താൽക്കാലിക നിയമനങ്ങൾക്ക് ഭരണസമിതിയുടെ സാധൂകരണം വാങ്ങി റിപ്പോർട്ട് നൽകുവാൻ സമിതി ആവശ്യപ്പെടുന്നു. കൂടാതെ, സ്പെഷ്യൽ റൂൾസ് രൂപീകരിച്ച് നിയമനങ്ങൾ പി.എസ്.സി.ക്ക് മുഖേനയാക്കുന്നതിനും താൽക്കാലിക നിയമനങ്ങൾ ചട്ടപ്രകാരമുള്ള നടപടിക്രമങ്ങൾ പാലിച്ചു മാത്രം നടത്തുന്നതിനും ആവശ്യമായ അടിയന്തിര നടപടി സ്വീകരിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**2003-2004 സാമ്പത്തികവർഷം ഭരണസമിതി യോഗം ചേർന്നിട്ടില്ല**

മെമ്മോറാണ്ടം ഓഫ് അസോസിയേഷനും കേരള സ്റ്റേറ്റ് എൻസൈക്ലോപീഡിയ എസ്റ്റാബ്ലിഷ്മെന്റ് റൂൾ 12 പ്രകാരം നാലുമാസത്തിനുള്ളിൽ ഒരു പ്രാവശ്യമെങ്കിലും ഭരണസമിതി യോഗം ചേരേണ്ടതാണ്. എന്നാൽ 2003-2004 സാമ്പത്തികവർഷം ഭരണസമിതി യോഗം ചേർന്നിട്ടില്ല. റൂൾ 11(2) പ്രകാരം ഓരോ സാമ്പത്തിക വർഷത്തിലും ഇൻസ്റ്റിറ്റ്യൂട്ട് ചെയ്യുവാൻ ഉദ്ദേശിക്കുന്ന പ്രവർത്തന പരിപാടികൾ വിലയിരുത്തി അതിനുവേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ നൽകേണ്ടത് ഭരണസമിതിയാണ്. നിയമപരമായ ഇത്തരം വീഴ്ച ഇൻസ്റ്റിറ്റ്യൂട്ടിന്റെ കാര്യക്ഷമതയില്ലായ്മയെ സൂചിപ്പിക്കുന്നു.

[ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2004-05-ലെ സമാഹൃത റിപ്പോർട്ടിലെ ഓഡിറ്റ് ഖണ്ഡിക നമ്പർ 6(1)(1)]

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി ചുവടെ ചേർക്കുന്നു :

ഇൻസ്റ്റിറ്റ്യൂട്ടിലെ ഭരണസമിതിയിൽ ബഹു. മുഖ്യമന്ത്രി ചെയർമാനും ബഹു. സാംസ്കാരികകാര്യ വകുപ്പുമന്ത്രി വൈസ് ചെയർമാനുമാണ്. ഭരണ സമിതി ചെയർമാനായ ബഹു. മുഖ്യമന്ത്രിക്ക് സൗകര്യപ്രദമായ ഭരണസമിതി യോഗം കൂടി വരുന്നത്.

എന്നിരുന്നാലും അവസാനമായി ഭരണസമിതി യോഗം 26-3-2007-ലും സ്റ്റാന്റിംഗ് കമ്മിറ്റിയോഗം 31-7-2007-ലും കൂടുകയുണ്ടായി. നിലവിലുള്ള നിയമപ്രകാരം ഭരണ സമിതി/സ്റ്റാന്റിംഗ് കമ്മിറ്റി യോഗം കൃത്യസമയത്തു തന്നെ കൂടുന്നതാണ്. ആയതിനാൽ പ്രസ്തുത പരാമർശം ഒഴിവാക്കേണ്ടതാണ്."

ഓഡിറ്റ് ഖണ്ഡിക

**ബഡ്ജറ്റ് അവതരണം**

റൂൾ 11(3) പ്രകാരം 2003-2004 സാമ്പത്തികവർഷം തുടങ്ങുന്നതിന് മുമ്പായി ഭരണസമിതി അംഗീകരിച്ച് സർക്കാരിലേക്ക് സമർപ്പിക്കേണ്ടതായ 2003-04-ലെ ബഡ്ജറ്റ് അടുത്ത സാമ്പത്തിക വർഷത്തിന്റെ അവസാനത്തിൽ 7-2-2005-ൽ കൂടിയ ഭരണസമിതിയാണ് അംഗീകാരം നൽകിയിട്ടുള്ളത്. ഇതിൽ നിന്നും അംഗീകാരമില്ലാത്ത ബഡ്ജറ്റ് ഉപയോഗിച്ചാണ് 2003-2004-ൽ ഇൻസ്റ്റിറ്റ്യൂട്ട് പ്രവർത്തിച്ചിട്ടുള്ളതെന്ന് വ്യക്തമാണ്. ഭരണസമിതിക്ക് ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനത്തിൽ ആവശ്യമായ ഇടപെടലുകൾ ഇതുമൂലം കഴിയാതെ പോയിട്ടുണ്ട്.

[ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2004-05-ലെ സമാഹൃത റിപ്പോർട്ടിലെ ഓഡിറ്റ് ഖണ്ഡിക നമ്പർ 6(1)(2) ]

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി ചുവടെ ചേർക്കുന്നു :

"ബഹു. മുഖ്യമന്ത്രി, ബഹു. സാംസ്കാരിക വകുപ്പുമന്ത്രി എന്നിവരുടെ അസൗകര്യാർത്ഥം, ഭരണസമിതി കൂടുന്നതിനുള്ള കാലതാമസം നേരിട്ടിരുന്നു. അതുകൊണ്ടാണ് 2003-04 വർഷത്തെ ഭരണസമിതി കൂടി ബഡ്ജറ്റ് അംഗീകരിക്കാൻ കാലതാമസമുണ്ടായത്. 7-2-2005-ൽ കൂടിയ ഭരണസമിതി യോഗം 2003-04 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് അംഗീകരിച്ചിട്ടുണ്ട്. എന്നാൽ ഇപ്പോൾ കൃത്യമായി ഭരണസമിതി യോഗം കൂടി അംഗീകരിച്ച ബഡ്ജറ്റ് പ്രൊപ്പോസലാണ് സർക്കാരിന് നൽകി വരുന്നത്. ആയതിനാൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കേണ്ടതാണ്."

സമിതി യോഗത്തിന്റെ സംക്ഷിപ്തം ചുവടെ ചേർക്കുന്നു :

111. പ്രസ്തുത ഓഡിറ്റ് ഖണ്ഡികകൾ സംബന്ധിച്ച് 4-2-2009-ലെ യോഗത്തിൽ ആരാഞ്ഞതിന് ഭരണസമിതി അദ്ധ്യക്ഷനായ മുഖ്യമന്ത്രിയുടെ അസൗകര്യം കാരണം യഥാസമയം ഭരണസമിതി യോഗം ചേരുവാൻ കഴിയാത്തതുകൊണ്ടാണ് അപ്രകാരം സംഭവിച്ചതെന്ന് സാംസ്കാരികകാര്യ വകുപ്പ് സെക്രട്ടറി സമിതിയിൽ വ്യക്തമാക്കി.

112. ഭരണസമിതിയിൽ മുഖ്യമന്ത്രി അദ്ധ്യക്ഷനും വിദ്യാഭ്യാസ വകുപ്പുമന്ത്രി ഉപാദ്ധ്യക്ഷനുമാണെന്നും നാലു മാസത്തിൽ ഒരിക്കൽ വീതം വർഷം മൂന്ന് പ്രാവശ്യം

ഭരണസമിതി യോഗം ചേരണമെന്നുമാണ് മെമ്മോറാണ്ടം ഓഫ് അസോസിയേഷനിൽ പറയുന്നതെന്നും ഈ വർഷം 10-4-2008-ന് യോഗം ചേർന്നിട്ടുണ്ടെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

113. സമിതി നിർദ്ദേശ പ്രകാരം സാംസ്കാരികകാര്യ (സി) വകുപ്പ് 3-2-2009-ലെ 704/C1/09/CAD നമ്പർ കത്തുമുഖേന ലഭ്യമാക്കിയ മറുപടി ചുവടെ ചേർക്കുന്നു:

114. "ഭരണസമിതിയോഗം കൂടുന്നതിന് അനുയോജ്യമായ തീയതി ബഹു. മുഖ്യമന്ത്രിയിൽ നിന്നും ലഭിക്കുന്നതിന് ബുദ്ധിമുട്ട് ഉണ്ടായ സാഹചര്യത്തിലാണ് ഭരണ സമിതിയോഗം കൂടാൻ കഴിയാതെ വന്നത്."

**നിഗമനങ്ങൾ/ശുപാർശകൾ**

115. **പ്രസ്തുത ഓഡിറ്റ് പരാമർശങ്ങൾ ഒഴിവാക്കാൻ സമിതി ശുപാർശ ചെയ്യുന്ന തോടൊപ്പം ഭരണസമിതി അദ്ധ്യക്ഷനായ മുഖ്യമന്ത്രിയുടെ അസൗകര്യത്താൽ കൃത്യമായി ഭരണസമിതി യോഗം കൂടാൻ കഴിയാതെ വരുന്ന സാഹചര്യത്തിൽ യഥാസമയം ഭരണസമിതി യോഗങ്ങൾ കൂടുന്നതിന് മുഖ്യമന്ത്രിയുടെ അനുമതിയോടെ ഉപാദ്ധ്യക്ഷന്റെയോ മറ്റു ഉത്തരവാദപ്പെട്ട ഉന്നതാധികാരികളുടെയോ അദ്ധ്യക്ഷതയിൽ യോഗം ചേരുന്നതിന് നടപടി സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**ഇൻസ്റ്റിറ്റ്യൂട്ടിന്റെ പരസ്യം അപ്രധാന പ്രസിദ്ധീകരണങ്ങളിൽ നൽകി സാമ്പത്തിക ബാദ്ധ്യത ഉണ്ടാക്കുന്നു**

2003-2004 സാമ്പത്തിക വർഷത്തിൽ എസ്.ഐ.ഇ.പി. പരസ്യചെലവിനത്തിൽ 43,764 രൂപ ചെലവഴിച്ചു. എന്നാൽ പരസ്യങ്ങൾ അധികവും അപ്രധാന പ്രസിദ്ധീകര ണങ്ങളും തിരുവനന്തപുരം നഗരം കേന്ദ്രീകരിച്ച് പ്രസിദ്ധീകരിക്കപ്പെട്ടിട്ടുള്ളവയിലുമാണ്. കേരളം മുഴുവൻ പരസ്യം കിട്ടേണ്ട സർവ്വവിജ്ഞാനകോശം പോലുള്ള പ്രസിദ്ധീകരണ ത്തിന് തിരുവനന്തപുരം നഗരത്തിൽ മാത്രം സർക്കുലേഷനുള്ള പ്രസിദ്ധീകരണങ്ങളിൽ പരസ്യം നൽകുക വഴി വില്പനയിൽ എന്തെങ്കിലും പുരോഗതി ഉണ്ടാക്കാൻ കഴിയുമെന്ന് തോന്നുന്നില്ല. ഈ പ്രവണത ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഉത്തമ താല്പര്യത്തിന് എതിരാണ്.

[ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2004-05-ലെ സമാഹൃത റിപ്പോർട്ടിലെ ഓഡിറ്റ് ഖണ്ഡിക നമ്പർ 6(1)(3)]

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി ചുവടെ ചേർക്കുന്നു :

"21-4-1990-ൽ സ്റ്റാൻഡിംഗ് കമ്മിറ്റി യോഗത്തിൽ ബഡ്ജറ്റ് പ്രൊവിഷന്റെ 10% തുകയ്ക്ക് പരസ്യം നൽകണമെന്ന് തീരുമാനിച്ചിരുന്നു. അതിൻ പ്രകാരമാണ് പരസ്യം നൽകിവരുന്നത്. ഇപ്രകാരം പരസ്യം നൽകുന്നതു കൊണ്ട് വിജ്ഞാനകോശം വാല്യങ്ങളുടെ വില്പനയിലും വർദ്ധനവ് ഉണ്ട്. എന്നിരുന്നാലും ഇൻസ്റ്റിറ്റ്യൂട്ടിന്റെ സാമ്പത്തികനില പരിഗണിച്ചും ഓഡിറ്റ് പരാമർശത്തിന്റെ വെളിച്ചത്തിലും അപ്രധാന പ്രസിദ്ധീകരണങ്ങളിൽ പരസ്യം നൽകുന്ന രീതി ഒഴിവാക്കിവരികയാണ്."

സമിതി യോഗത്തിന്റെ സംക്ഷിപ്തം ചുവടെ ചേർക്കുന്നു :

116. ഓഡിറ്റ് ഖണ്ഡിക സംബന്ധിച്ച് യോഗത്തിൽ സമിതി ആവശ്യപ്പെട്ടതിന് ഇൻസ്റ്റിറ്റ്യൂട്ടിന്റെ സാമ്പത്തിക നില പരിഗണിച്ചാണ് പ്രാദേശിക പരസ്യം നൽകാത്തതെന്ന് ഡയറക്ടർ മറുപടി നൽകി.

**നിഗമനങ്ങൾ/ശുപാർശകൾ**

117. **എസ്.ഐ.ഇ.പി. ഡയറക്ടറുടെ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശുപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**പ്രിന്റിംഗ് പേപ്പർ വാങ്ങിയതിൽ ക്രമക്കേട് : 22,680 രൂപ അധികചെലവ്**

സർവ്വവിജ്ഞാനകോശം 1.6.8 വിശ്വവിജ്ഞാനകോശം 1 എന്നീ വാല്യങ്ങളുടെ 1000 കോപ്പികൾ വീതം പുനർമുദ്രണം ചെയ്യുന്നതിലേക്ക് വേണ്ടി പ്രിന്റിംഗ് പേപ്പർ വാങ്ങുന്നതിനായി ലഭ്യമാക്കിയ ക്വട്ടേഷനുകളിൽ നിന്നും ഏറ്റവും കുറഞ്ഞ നിരക്കു കോട്ട് ചെയ്ത കൗശിക എന്റർപ്രൈസസ് എന്ന സ്ഥാപനം നൽകിയ 3 പേപ്പർ സാമ്പിളുകളുടെയും ഗ്രാമേജ് 75 ജി.എസ്.എം. ആണെന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. എന്നാൽ സ്റ്റേഷണറി ഡിപ്പാർട്ടുമെന്റിന്റെ ലാബ് റിപ്പോർട്ട് പ്രകാരം സാമ്പിളുകളുടെ ജി.എസ്.എം.ൽ വ്യത്യാസം ഉള്ളതായി തെളിഞ്ഞിട്ടുണ്ട്. പേപ്പറുകളുടെ ഗ്രാമേജ് ടെസ്റ്റല്ലാതെ വെൺമ പരിശോധനയോ ഗുണനിലവാര പരിശോധനയോ നടത്തിയിട്ടില്ല. ആദ്യ രണ്ടു സാമ്പിളിന് 899 രൂപയും മൂന്നാമത്തേതിന് 849 രൂപയുമാണ് രേഖപ്പെടുത്തിയിരിക്കുന്നത്. പിന്നീട് രണ്ടാമത്തെ സാമ്പിളിന് 899 രൂപ നിരക്കിൽ പേപ്പർ സപ്ലൈ ചെയ്യാമെന്ന കൗശിക എന്റർപ്രൈസസിന്റെ ഉറപ്പിന്മേൽ ഓർഡർ നൽകുകയുണ്ടായെങ്കിലും 849 രൂപയുമാണ് രേഖപ്പെടുത്തിയിരിക്കുന്നത്. പിന്നീട് രണ്ടാമത്തെ സാമ്പിളിന് 889 രൂപ നിരക്കിൽ പേപ്പർ സപ്ലൈ ചെയ്യാമെന്ന കൗശിക എന്റർപ്രൈസസിന്റെ ഉറപ്പിന്മേൽ ഓർഡർ നൽകുകയുണ്ടായെങ്കിലും 849 രൂപയ്ക്ക് വിതരണം ചെയ്യാമെന്നേറ്റിരുന്ന 3-ാമത്തെ സാമ്പിൾ പേപ്പറാണ് 889 രൂപയ്ക്ക് വിതരണം ചെയ്തിട്ടുള്ളത്. ഈ ഇനത്തിൽ എസ്.ഐ.ഇ.പി.യ്ക്ക് 22,680 രൂപയുടെ സാമ്പത്തിക നഷ്ടം സംഭവിച്ചിട്ടുണ്ട്.

[ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2004-05-ലെ സമാഹൃത റിപ്പോർട്ടിലെ ഓഡിറ്റ് ഖണ്ഡിക നമ്പർ 6(1)(4) ]

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി ചുവടെ ചേർക്കുന്നു :

"ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീകരിക്കുന്ന സർവ്വവിജ്ഞാനകോശ വാല്യങ്ങൾ അച്ചടിക്കുന്നതിനായി ഏറ്റവും ഗുണനിലവാരം കൂടിയതും മേന്മയുള്ളതുമായ പേപ്പറുകളാണ് ഉപയോഗിച്ചുവരുന്നത്. നിലവിലുള്ള നിയമപ്രകാരം ക്വട്ടേഷൻ ക്ഷണിച്ചാണ് പേപ്പർ വാങ്ങുന്നതെങ്കിലും ഏറ്റവും കുറഞ്ഞ നിരക്ക് ക്വാട്ടു ചെയ്ത സ്ഥാപനം സപ്ലൈ ചെയ്യുന്ന പേപ്പർ ഉപയോഗിച്ചല്ല വിജ്ഞാനകോശം അച്ചടിക്കുന്നത്.

സർവ്വവിജ്ഞാനകോശം 1,6,8 സാഹിത്യവിജ്ഞാനകോശം 1 എന്നീ വാല്യങ്ങളുടെ 1000 കോപ്പികൾ വീതം അച്ചടിക്കുന്നതിനായി 600 റീം പേപ്പർ സപ്ലൈ ചെയ്യുന്നതിനായിട്ടാണ് ക്വട്ടേഷൻ ക്ഷണിച്ചത്. വാല്യങ്ങൾ അച്ചടിക്കുന്നതിനുള്ള പ്രിന്റിംഗ് പേപ്പർ/ആർട്ട് പേപ്പർ എന്നിവ വാങ്ങുന്നതും വാല്യങ്ങളുടെ അച്ചടി നൽകുന്നതും ചുവടെപ്പറയുന്ന അംഗങ്ങൾ ഉൾപ്പെട്ട പ്രിന്റിംഗ് കമ്മിറ്റി യോഗമാണ് തീരുമാനിക്കുന്നത്.

(1) അഡീഷണൽ സെക്രട്ടറി, സാംസ്കാരികകാര്യ വകുപ്പ്.

(2) സൂപ്രണ്ട്, ഗവ. പ്രസ്സസ്, തിരുവനന്തപുരം.

(3) സ്റ്റേഷനറി കൺട്രോളർ, തിരുവനന്തപുരം.

(4) അണ്ടർ സെക്രട്ടറി, സ്റ്റോർ പർച്ചേസ് ഡിപ്പാർട്ട്മെന്റ്, തിരുവനന്തപുരം

(5) ഡയറക്ടർ, എസ്.ഐ.ഇ.പി., തിരുവനന്തപുരം.

അതിൻപ്രകാരം 16-6-2003-ന് കൂടിയ പ്രിന്റിംഗ് കമ്മിറ്റി യോഗത്തിൽ ലഭിച്ച ക്വട്ടേഷനുകൾ പരിശോധിക്കുകയും മെ. കൗശികാ എന്റർപ്രൈസസ് നൽകിയ ക്വട്ടേഷൻ പ്രകാരമുള്ള പേപ്പർ റീമൊന്നിന് 899 രൂപ നിരക്ക് കുറവ് ചെയ്യുവാൻ കഴിയുമോ, എന്നും ആരാഞ്ഞതിനു ശേഷം 600 റീം പേപ്പർ വാങ്ങുവാനും, പ്രസ്തുത വിലയ്ക്ക് നിശ്ചിത ഗ്രാമേജ് (75 ജി.എസ്.എം.) സപ്ലൈ ചെയ്യണമെന്ന് ആവശ്യപ്പെടുവാനും തീരുമാനിച്ചു. അതനുസരിച്ച് റീമൊന്നിന് 10 രൂപ കുറവ് ചെയ്ത നിരക്കിൽ സപ്ലൈ ചെയ്യാമെന്ന് അറിയിക്കുകയും പേപ്പർ സപ്ലൈ ചെയ്യാനും അനുമതി നൽകുകയും ചെയ്തു.

സർവ്വവിജ്ഞാനകോശം പോലുള്ള ആധികാരികമായ വിജ്ഞാനകോശം വാല്യങ്ങൾ വളരെക്കാലം സൂക്ഷിക്കേണ്ട ബൃഹത് ഗ്രന്ഥമാണ്. പേപ്പറിന്റെ ഗ്രാമേജ് കൂടുന്തോറും വെണ്മയും കൂടുകയാണ്. അതുകൊണ്ട് പേപ്പറിന്റെ ഗുണനിലവാരത്തിന്റെ കാര്യത്തിൽ അങ്ങേയറ്റം മുൻഗണന നൽകിക്കൊണ്ടാണ് കമ്മിറ്റി തീരുമാനമെടുക്കുന്നത്. വിജ്ഞാനകോശ വാല്യങ്ങളുടെ അച്ചടിക്കാവശ്യമായ പേപ്പറിന്റെ ഗുണനിലവാരം, വെണ്മ എന്നിവയുടെ കാര്യത്തിൽ അങ്ങേയറ്റം കാര്യക്ഷമത പാലിക്കേണ്ടതുണ്ട്. 1972-ൽ അച്ചടിച്ച സർവ്വവിജ്ഞാനകോശം ഒന്നാം വാല്യം പേപ്പറിന്റെ ഗുണനിലവാരത്തിൽ പ്രാധാന്യം നൽകിയതു കൊണ്ട് ഇപ്പോഴും കേടുകൂടാതെയിരിക്കുകയാണ്. ആയതിനാൽ പേപ്പർ വാങ്ങിയത് നഷ്ടമായി കാണരുതെന്നും, പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കണമെന്നും അഭ്യർത്ഥിക്കുന്നു.

118. ക്വാളിറ്റി കുറഞ്ഞ പേപ്പർ വാങ്ങി 22,680 രൂപ നഷ്ടം വരുത്തിയത് ശരിയായ നടപടിയാണോ എന്ന് 4-2-2009-ലെ യോഗത്തിൽ സമിതി ആരാഞ്ഞതിന് 75 ജി.എസ്.എം.ന്റെ തന്നെ രണ്ട് ക്വാളിറ്റി പേപ്പർ ഉണ്ടായിരുന്നെന്നും അതിൽ 849 രൂപ നിരക്കിലുള്ള പേപ്പർ വേണ്ട എന്ന് വയ്ക്കുകയും 899 രൂപ നിരക്കിലുള്ള പേപ്പർ സ്വീകരിക്കുകയും ചെയ്തുവെന്നും അതേ പേപ്പർ തന്നെ 10 രൂപ കുറച്ച് 889 രൂപയ്ക്ക് സപ്ലൈ ചെയ്യാൻ കരാറായെന്നും, എന്നാൽ ഓഡിറ്റുകാർ പറയുന്നത് 849 രൂപ നിരക്കിലുള്ളതു വേണ്ടെന്നുവച്ച മൂന്നാംകിട സാധനമാണ് 889 രൂപയ്ക്ക് വാങ്ങിയതെന്നും ഡയറക്ടർ സമിതിയിൽ വിശദീകരിച്ചു.

119. പ്രസ്തുത പരാമർശം സംബന്ധിച്ച രേഖകൾ ഒന്നുകൂടി പരിശോധിച്ച് വ്യക്തമായ മറുപടി ഓഡിറ്റിന് നൽകണമെന്ന് സെക്രട്ടറിയോടും ടി രേഖകൾ പുനഃപരിശോധിച്ച് സമിതിക്ക് റിപ്പോർട്ട് സമർപ്പിക്കുവാൻ ഓഡിറ്റ് വകുപ്പിനോടും സമിതി നിർദ്ദേശിച്ചു.

**നിഗമനങ്ങൾ/ശുപാർശകൾ**

120. **സമിതിയുടെ തെളിവെടുപ്പ് യോഗത്തിൽ നൽകിയ മറുപടിയുടെ വെളിച്ചത്തിൽ ഓഡിറ്റ് പരാമർശം സംബന്ധിച്ച രേഖകൾ ഒന്നുകൂടി പരിശോധിച്ച് വ്യക്തമായ മറുപടി ഓഡിറ്റിന് നൽകണമെന്ന് സെക്രട്ടറിയോടും ടി രേഖകൾ പുന:പരിശോധിച്ച് സമിതിക്ക് റിപ്പോർട്ട് സമർപ്പിക്കുവാൻ ഓഡിറ്റ് വകുപ്പിനോടും സമിതി നിർദ്ദേശിച്ചിരുന്നു. എന്നാൽ, ഇതു സംബന്ധിച്ച യാതൊരു റിപ്പോർട്ടും നാളിതുവരെ ലഭിച്ചിട്ടില്ല. ആയതിനാൽ, കൗശിക എന്റർപ്രൈസസ് 849 രൂപാ നിരക്കിൽ വിതരണം ചെയ്യാമെന്ന് ഏറ്റിരുന്ന മൂന്നാമത്തെ സാമ്പിൾ പേപ്പറാണോ 889 രൂപാ നിരക്കിൽ ഇൻസ്റ്റിറ്റ്യൂട്ടിന് വിതരണം ചെയ്തത് എന്നത് സംബന്ധിച്ച് വ്യക്തവും ആധികാരികവുമായ മറുപടി ഓഡിറ്റ് മുമ്പാകെ പരിശോധനയ്ക്ക് ഹാജരാക്കുവാൻ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടറോടും ടി രേഖകൾ പുന:പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ ഓഡിറ്റ് വകുപ്പിനോടും സമിതി ശുപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**അനുവാദമില്ലാതെ എസ്.ഐ.ഇ.പി. ഫണ്ടിൽ നിന്നും പ്രതിഫലത്തുക എഴുതി എടുത്ത ഡയറക്ടറുടെ നടപടി നിയമവിരുദ്ധം**

ഡോ. എം. ആർ. തമ്പാൻ സർവ്വവിജ്ഞാനകോശം ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടറായി നിയമിതനാകുന്നത് 28-9-2004-ലെ ജി.ഒ. (എംഎസ്.) 29/04/സി.എ.ഡി. പ്രകാരമാണ്. അതിൻപ്രകാരം 30-9-2004 പൂർവ്വാഹ്നത്തിൽ അദ്ദേഹം ഡയറക്ടറായി ചാർജ്ജെടുത്തു. ഉത്തരവിൽ 3 വർഷത്തേക്കുള്ള നിയമന കാലാവധിയല്ലാതെ മറ്റ് സേവനവേതന വ്യവസ്ഥകളൊന്നും രേഖപ്പെടുത്തിയിട്ടില്ല. ഡോ. എം. ആർ. തമ്പാൻ കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിലെ പെൻഷനറാണ്. അക്കാരണത്താൽ സർവ്വവിജ്ഞാനകോശം ഇൻസ്റ്റിറ്റ്യൂട്ടിലെ സേവനത്തിനുള്ള പ്രതിഫലം തിട്ടപ്പെടുത്തി സർക്കാരിൽ നിന്നും ഉത്തരവുണ്ടാകേണ്ടതാണ്.

എന്നാൽ ഇത്തരത്തിലുള്ള ഉത്തരവ് ഇല്ലാതെ 10/04 മുതൽ 7/05 വരെ പ്രതിമാസം 15,000 രൂപ ക്രമത്തിൽ പ്രതിഫലമായി ഇൻസ്റ്റിറ്റ്യൂട്ട് ഫണ്ടിൽ നിന്നും പിൻവലിച്ചിട്ടുള്ളതായി കാണുന്നു. ഒരു അതോറിറ്റിയും ഇല്ലാതെ പ്രതിമാസം 15,000 രൂപ ക്രമത്തിൽ പ്രതിഫലമായി പിൻവലിച്ച ഡയറക്ടറുടെ നടപടി നിയമവിരുദ്ധവും ധനവിനിയോഗം സംബന്ധിച്ച അടിസ്ഥാന പ്രമാണങ്ങൾക്ക് എതിരുമാണ്.

[ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2004-05-ലെ സമാഹൃത റിപ്പോർട്ടിലെ ഓഡിറ്റ് ഖണ്ഡിക നമ്പർ 6(1)(5)]

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി ചുവടെ ചേർക്കുന്നു:

"ഡോ. എം. ആർ. തമ്പാനെ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടറായി നിയമിച്ചുകൊണ്ട് 30-9-2004-ൽ സർക്കാർ പുറപ്പെടുവിച്ച ഉത്തരവിൽ അദ്ദേഹത്തിന്റെ വേതനവ്യവസ്ഥകൾ പരാമർശിച്ചിരുന്നില്ല. അതുകൊണ്ട് അദ്ദേഹം പ്രതിമാസം 15,000 രൂപ വീതം പ്രതിഫല മായി കൈപ്പറ്റിയിരുന്നു. ഇതിനുമുമ്പ് ഡയറക്ടറായി സേവനമനുഷ്ഠിച്ചിരുന്ന ഡോ. വെള്ളായണി അർജുനന് ശമ്പള നിർണ്ണയം നടത്തി സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുന്നതുവരെ പ്രതിമാസം 15,000 രൂപ വീതം പ്രതിഫലം നൽകിയിരുന്നു. ഈയടിസ്ഥാനത്തിലാണ് എം. ആർ. തമ്പാനും പ്രതിഫലമായി 15,000 രൂപ നൽകിയത്. എന്നാൽ 30-3-2007-ൽ (സ.ഉ.) (കൈയെഴുത്ത് 43/2007/സി.എ.ഡി.) മുൻ ഡയറക്ടറായ ഡോ. എം. ആർ. തമ്പാന്റെ സേവന-വേതന വ്യവസ്ഥകൾ നിർണ്ണയിച്ചുകൊണ്ട് സർക്കാർ ഉത്തരവായിട്ടുണ്ട്. പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത പരാമർശം ഒഴിവാക്കേണ്ടതാണ്.

മുൻ ഡയറക്ടറായ ഡോ. വെള്ളായണി അർജുനന് അധികമായി നൽകിയ ഒരു ദിവസത്തെ ശമ്പളമായ 500 രൂപ ടിയാനിൽ നിന്നും ഈടാക്കിയതിനുശേഷമാണ് അദ്ദേഹത്തിന് നല്കുവാനുണ്ടായിരുന്ന ആനുകൂല്യങ്ങൾ നൽകിയത്."

സമിതി യോഗത്തിന്റെ സംക്ഷിപ്തം ചുവടെ ചേർക്കുന്നു :

121. റിട്ടയർ ചെയ്ത ഉദ്യോഗസ്ഥനെ നിയമിക്കുമ്പോൾ സർക്കാരല്ലേ പ്രതിഫലം നിശ്ചയിക്കേണ്ടതെന്ന് സമിതി ആരാഞ്ഞതിന്, അത് സംബന്ധിക്കുന്ന സർക്കാർ ഉത്തരവ് പ്രാബല്യത്തിൽ വന്നിട്ടുണ്ടെന്നും അപ്രകാരം ഉത്തരവ് വരുന്നതിന് മുമ്പ് നൽകിയ തുകയ്ക്ക് സാധൂകരണം ലഭിച്ചിട്ടുണ്ടെന്നും സാംസ്കാരികകാര്യ വകുപ്പ് സെക്രട്ടറി സമിതിയെ അറിയിച്ചു.

**നിഗമനങ്ങൾ/ശുപാർശകൾ**

122. **സർവ്വവിജ്ഞാനകോശം ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടറുടെ സേവന-വേതന വ്യവസ്ഥകൾ നിർണ്ണയിച്ചുകൊണ്ടുള്ള സർക്കാർ ഉത്തരവിന്റെ പകർപ്പും അപ്രകാരം ഉത്തരവ് വരുന്നതിന് മുമ്പ് നൽകിയ തുകയ്ക്ക് സർക്കാരിന്റെ സാധൂകരണം ലഭിച്ചിട്ടുള്ളതിന്റെ രേഖകളും ഓഡിറ്റ് വകുപ്പ് മുമ്പാകെ പരിശോധനയ്ക്ക് ഹാജരാക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. ആയത് സംബന്ധിച്ച് ഓഡിറ്റ് വകുപ്പ് പരിശോധിച്ച് റിപ്പോർട്ട് നൽകണമെന്നും സമിതി ശുപാർശ ചെയ്യുന്നു.**

## ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്

ഓഡിറ്റ് ഖണ്ഡിക

**'തളിര്' മാസിക വൻസാമ്പത്തിക ബാദ്ധ്യത (2003-2004 ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക-5)**

"തളിര്" മാസികയുടെ പ്രസിദ്ധീകരണമാണ് ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനങ്ങളിൽ പ്രധാനം. 6 രൂപ മുഖവിലയുള്ള ശരാശരി 8600 കോപ്പികൾ ഓരോ മാസവും വിൽപ്പന നടത്തുന്നു. വിറ്റുവരവ് 5,32,626 രൂപ ചെലവ് ഒൻപത്

ലക്ഷത്തോളം രൂപ. കൂടാതെ തളിര് മാസികയുമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ ശമ്പളം, വൈദ്യുതി, വാഹന പ്രചാരണം തുടങ്ങിയവയ്ക്ക് വേണ്ടിയുള്ള ചെലവുകളും കണക്കാക്കിയാൽ നഷ്ടത്തിന്റെ വ്യാപ്തി വളരെ വർദ്ധിക്കും.

[ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2004-05-ലെ സമാഹൃത റിപ്പോർട്ടിലെ ഓഡിറ്റ് ഖണ്ഡിക നമ്പർ 6(2)(1)].

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി ചുവടെ ചേർക്കുന്നു :

“2005-2006 വർഷത്തിൽ തളിര് മാസികയുടെ വില കോപ്പിക്ക് 8 രൂപയായി ഉയർത്തി മാസികയിൽ പരസ്യങ്ങൾ ഉൾപ്പെടുത്തി നഷ്ടം നികത്തി .

2007 ജൂൺ മാസം മുതൽ തളിര് മാസിക പുതിയ വലിപ്പത്തിലും പരസ്യം ഉൾപ്പെടുത്തിയും പുതിയ അച്ചടി നിരക്കിലും അച്ചടിച്ചുവരുന്നു. ഓരോ മാസവും 16000 കോപ്പികൾ വീതം അച്ചടിക്കുന്ന തളിര് മാസികയുടെ വിറ്റുവരവിൽ നിന്ന് 2007 ജൂൺ മുതൽ നവംബർ വരെയുള്ള മാസങ്ങളിലെ ലാഭം 29,000 രൂപയാണ്.”

സമിതി യോഗത്തിന്റെ സംക്ഷിപ്തം ചുവടെ ചേർക്കുന്നു :

123. ‘തളിര്’ മാസികയുടെ പ്രസിദ്ധീകരണം ലാഭകരമാക്കുന്നതിനുള്ള നടപടികൾ ഫലപ്രദമായോ എന്നും ഇപ്പോൾ മാസികയുടെ ഒരു കോപ്പിക്ക് എത്ര രൂപയാണെന്നു മുള്ള സമിതിയുടെ ചോദ്യത്തിന് ജൂൺ മുതൽ നവംബർ മാസം വരെയുള്ള ലക്കം കൊണ്ട് 29,000 രൂപയുടെ ലാഭമുണ്ടായെന്നും 8 രൂപയ്ക്കാണ് ഒരു കോപ്പി വിൽക്കുന്ന തെന്നും ആകെ 16,000 കോപ്പികൾ ഇപ്പോൾ വിൽക്കുന്നുണ്ടെന്നും ജനുവരി മുതൽ 6 പേജുകൾ കൂട്ടി വില 10 രൂപയാക്കുന്നതിനെപ്പറ്റി ആലോചിക്കുന്നുണ്ടെന്നും എസ്.ഐ.സി.എൽ.-ന്റെ ഡയറക്ടർ മറുപടി നൽകി.

124. കേരളത്തിൽ നിന്നുള്ളവരാണോ ഈ മാസികയിൽ എഴുതുന്നത് എന്നും എഴുത്തുകാർക്ക് റോയൽറ്റി കൊടുക്കാറുണ്ടോയെന്നുമുള്ള സമിതിയുടെ ചോദ്യത്തിന് പുറത്തുനിന്നുള്ള പ്രമുഖരായ എഴുത്തുകാരാണ് എഴുതുന്നതെന്നും, ഒരു ലേഖനത്തിന് 400 രൂപയാണ് കൊടുക്കുന്നതെന്നും ഒരു ലക്ഷം കോപ്പികൾ ചെലവാകുന്നതിൽ എഴുതുന്നതിനും വരയ്ക്കുന്നതിനും ഡിസൈൻ ചെയ്യുന്നതിനുമായി 1,00,000 രൂപയിൽ താഴെയാണ് കൂലിയായി കൊടുക്കുന്നതെന്നും എസ്.ഐ.സി.എൽ. ഡയറക്ടർ സമിതിയെ അറിയിച്ചു.

125. മുൻകാലങ്ങളിൽ വിറ്റുവരവ് 5 ലക്ഷം രൂപയും ചെലവ് 9 ലക്ഷം രൂപയു മായിരുന്നോ എന്നുള്ള സമിതിയുടെ ചോദ്യത്തിന് അക്കാലങ്ങളിൽ പരസ്യങ്ങളില്ലായിരുന്നു വെന്നും ഇപ്പോൾ പരസ്യം നൽകുന്നതിലൂടെയാണ് മാസിക ലാഭത്തിലാക്കിയതെന്നും, ബാങ്കുകൾ, ശാസ്ത്രസാങ്കേതിക മ്യൂസിയം തുടങ്ങിയ സ്ഥാപനങ്ങളുടെ പരസ്യമാണ് മാസികയിൽ നൽകുന്നതെന്നും, എസ്.ഐ.സി.എൽ. ഡയറക്ടർ സമിതിയിൽ വിശദീകരിച്ചു.

**നിഗമനങ്ങൾ/ശുപാർശകൾ**

126. **പ്രസിദ്ധീകരണങ്ങളുമായി ബന്ധപ്പെട്ട് ആദ്യകാലങ്ങളിൽ സംഭവിച്ച നഷ്ടം ആവർത്തിക്കാതെ പ്രസിദ്ധീകരണങ്ങൾ കൂടുതൽ ലാഭകരമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**"ലോകരാഷ്ട്രങ്ങൾ"—നഷ്ടത്തിന് ഉത്തരവാദിയായവർക്കെതിരെ നടപടി എടുത്തില്ല (2003-04 ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക-7)**

"ലോകരാഷ്ട്രങ്ങൾ" എന്ന പേരിൽ ഏകദേശം 8 വർഷമെടുത്ത് പതിമൂന്ന് ലക്ഷത്തോളം രൂപ അച്ചടിയ്ക്കു മാത്രം ചെലവാക്കി 2000-ാം വർഷത്തിൽ 5000 കോപ്പികൾ പ്രസിദ്ധീകരിച്ചു. ഉദ്യോഗസ്ഥരുടെ ശമ്പളം, പ്രചാരണം എഴുത്തുകാർക്ക് നൽകിയ പ്രതിഫലം തുടങ്ങിയ ചെലവുകൾ വേറെയും. ഈ പുസ്തകത്തിൽ ധാരാളം തെറ്റുകൾ കടന്നുകൂടി. ഇക്കാരണത്താൽ പുസ്തകവിൽപ്പന നിർത്തിവച്ചു. വീണ്ടും 67,150 രൂപ ചെലവാക്കി തെറ്റുതിരുത്തി ഒരു അനുബന്ധ പുസ്തകം പുറത്തിറക്കി. 800 രൂപ മുഖവിലയുള്ള ഈ പുസ്തകങ്ങൾ ഇപ്പോൾ 400 രൂപ നിരക്കിൽ വിറ്റുവരുന്നു. വിൽപ്പന പൂർത്തിയാവുമ്പോൾ ഇതൊരു വൻനഷ്ടമാവും. പുസ്തകത്തിലെ തെറ്റുകളാണ് അനേകലക്ഷം രൂപ നഷ്ടമായതിന് കാരണം. ഈ പുസ്തകത്തിന്റെ പ്രസിദ്ധീകരണവുമായി ബന്ധപ്പെട്ട് ഗുരുതരമായ കൃത്യവിലോപം കാട്ടിയവർക്കെതിരെ യാതൊരു നടപടിയും എടുത്തിട്ടില്ല.

[ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2004-05-ലെ സമാഹൃത റിപ്പോർട്ടിലെ ഓഡിറ്റ് ഖണ്ഡിക നമ്പർ 6(2)(2)].

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി ചുവടെ ചേർക്കുന്നു :

"ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീകരിച്ചുവരുന്ന ബാലകൈരളി വിജ്ഞാനകോശ പരമ്പരയിലെ അഞ്ചാമത്തെ വാല്യമായാണ് "ലോകരാഷ്ട്രങ്ങൾ" പ്രസിദ്ധീകരിച്ചത്. 624 പേജുകളുള്ള ബൃഹത്തായ ഈ വാല്യത്തിലേക്ക് വേണ്ട വിവരങ്ങൾ സംഘടിപ്പിക്കുന്നതിനും 210 മാപ്പുകൾ തയ്യാറാക്കുന്നതിന് കാർട്ടോഗ്രാഫറെ കണ്ടെത്തുന്നതിനും സ്കാനിംഗിലും ഉണ്ടായ കാലതാമസവുമാണ് ഇതിന്റെ പ്രിന്റിംഗിന് കാലതാമസമുണ്ടാക്കിയത്. ഇതു കൂടാതെ യുഗോസ്ലോവിയ, ചെക്കോസ്ലോവാക്കിയ, സോവിയറ്റ് യൂണിയൻ എന്നീ രാജ്യങ്ങളുടെ ശിഥിലീകരണവും പുതിയതായി രൂപംകൊണ്ട ഇരുപതോളം രാജ്യങ്ങളെപ്പറ്റിയുള്ള വിവരങ്ങളുടെ ലഭ്യതക്കുറവും ഇതിനുകാരണമായി.

ഇതിൽ ചിലതെറ്റുകൾ കടന്നുകൂടിയതായി ശ്രദ്ധയിൽപ്പെട്ടപ്പോൾ ഇതിന്റെ വില്പന നിർത്തിവയ്ക്കുകയും ഇക്കാര്യങ്ങൾ യഥാവസരം ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഭരണ സമിതിയെ ധരിപ്പിക്കുകയും ചെയ്തു. ഭരണസമിതി അംഗങ്ങൾ അടങ്ങുന്ന ഒരു കമ്മിറ്റിയെ ഈ കാര്യങ്ങൾ പഠിക്കുന്നതിന് ചുമതലപ്പെടുത്തി. ടി കമ്മിറ്റി കാര്യങ്ങൾ വിശദമായി പഠിച്ച് തെറ്റുകൾ തിരുത്തുന്നതിനും അപ്പൻഡിക്സ് മുതലായവ ഉൾക്കൊള്ളിച്ചു കൊണ്ട് ഒരു അനുബന്ധ ഗ്രന്ഥംകൂടി പ്രസിദ്ധീകരിച്ച് ഈ ഗ്രന്ഥത്തോടൊപ്പം വില്പന നടത്തുന്നതിന് തീരുമാനിക്കുകയും ചെയ്തു. പ്രസിദ്ധീകരണ സമിതിയുടെ തീരുമാനമനുസരിച്ച് ഗ്രന്ഥത്തിൽ കടന്നുകൂടിയ 47 പിശകുകൾ തിരുത്തുവാനും പുതുതായുണ്ടായ സംഭവവികാസങ്ങൾ കൂടെ ഉൾപ്പെടുത്താനും ഇൻഡക്സ് ചേർക്കാനും കേരളത്തെക്കുറിച്ചും ഇന്ത്യയെക്കുറിച്ചും കൂടുതൽ വിവരങ്ങൾ ചേർക്കാനുമാണ് 52 പേജുള്ള അനുബന്ധം പ്രസിദ്ധീകരിച്ചത്. ഈ പുതിയ അനുബന്ധം ലോകരാഷ്ട്രങ്ങളുടെ വില്പനയെ സഹായിച്ചു. കഴിയുന്നത്ര വേഗത്തിൽ ലോകരാഷ്ട്രങ്ങൾ വിറ്റുതീർക്കാനുള്ള ശ്രമം വിജയിച്ചിട്ടുമുണ്ട്. 5000 കോപ്പി അച്ചടിച്ചതിൽ 2450 ഓളം കോപ്പികളേ ബാക്കിയുള്ളൂ.

പുസ്തകവില്പന രംഗത്ത് സ്വകാര്യ പ്രസ്സുകളോട് മത്സരിക്കേണ്ടി വരുന്ന ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീകരിക്കുന്ന എല്ലാ പുസ്തകങ്ങൾക്കും ഡിസ്കൗണ്ട് നല്കിവരുന്നു. പുസ്തകങ്ങളുടെ മുഖവില നിശ്ചയിക്കുന്നത് ഇതിന് അനുസൃതമായാണ്. ഈ പുസ്തക ത്തിന്റെ മുഖവില 800 രൂപയായി നിശ്ചയിച്ചിരിക്കുന്നത് ഇത് കണക്കിലെടുത്താണ്. ആയതുകൊണ്ടും ഈ പുസ്തകം ഡിസ്ക്കൗണ്ട് കിഴിച്ച് 400 രൂപയ്ക്ക് വില്പന നടത്തുന്നതുകൊണ്ടും ഇൻസ്റ്റിറ്റ്യൂട്ടിന് നഷ്ടം വരുന്നില്ല."

സമിതി യോഗത്തിന്റെ സംക്ഷിപ്തം ചുവടെ ചേർക്കുന്നു :

127. "ലോകരാഷ്ട്രങ്ങൾ" എന്ന പുസ്തകത്തിന്റെ പ്രസിദ്ധീകരണത്തിൽ നഷ്ടം നേരിട്ടോ എന്ന സമിതിയുടെ ചോദ്യത്തിന് പുസ്തകം അച്ചടിച്ചുവരാൻ കാലതാമസ മുണ്ടായിയെന്നും ഇതിനു പ്രധാന കാരണം സോവിയറ്റ് യൂണിയന്റെ ശിഥിലീകരണ ത്തിന്റെ ഫലമായി പുതിയതായി രൂപംകൊണ്ട രാജ്യങ്ങളുടെ പേരും മറ്റു വിവരങ്ങളും ചേർക്കുന്നതിനും 624 പേജുള്ള പുസ്തകത്തിൽ കടന്നുകൂടിയ 41 തെറ്റുകൾ തിരുത്തു ന്നതിനും നേരിട്ട കാലതാമസവുമാണെന്നും എസ്.ഐ.സി.എൽ. ഡയയക്ടർ സമിതിയെ ധരിപ്പിച്ചു. മേൽപ്പറഞ്ഞ തിരുത്തലുകളും പുതിയ വിവരങ്ങളും ചേർത്ത് ഒരു അഡീഷണൽ പുസ്തകംകൂടി ഇറക്കിയെന്നും ഈ ധനകാര്യ വർഷത്തോടുകൂടി ഇത് വിറ്റുതീരുമെന്നാണ് പ്രതീക്ഷിക്കുന്നതെന്നും എസ്.ഐ.സി.എൽ. ഡയറക്ടർ തുടർന്ന് അറിയിച്ചു.

**നിഗമനങ്ങൾ/ശുപാർശകൾ**

128. **എസ്.ഐ.സി.എൽ. ഡയറക്ടറുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് തടസ്സം ഒഴിവാക്കാൻ സമിതി ശുപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**വിപണനസാദ്ധ്യത വിശകലനംചെയ്യാതെ പുസ്തകങ്ങൾ പ്രിന്റു ചെയ്തു (2003-04 ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക-9)**

പുസ്തകങ്ങൾ സ്റ്റോക്ക് പരിശോധിച്ചതിൽ 1993 മുതൽ പ്രിന്റ് ചെയ്ത പുസ്തകങ്ങൾ വിൽപ്പന നടക്കാതെ ഗോഡൗണിൽ സൂക്ഷിച്ചിരിക്കുന്നതായി കാണുന്നു. ഈ പുസ്തകങ്ങളുടെ മുഖവില ഏകദേശം ഒന്നരക്കോടി രൂപ വരും. ഈ പുസ്തകങ്ങൾ വില്പന നടത്തുന്നതിന് ക്രിയാത്മകമായ നടപടികൾ ഒന്നും ബന്ധപ്പെട്ട അധികാരികൾ എടുത്തതായി ഓഡിറ്റിൽ കാണുവാൻ കഴിഞ്ഞില്ല. ശരിയായ വിപണനതന്ത്രവും സാദ്ധ്യതകളും മനസ്സിലാക്കി ദിശാബോധത്തോടെ നടപടികൾ സ്വീകരിച്ചിരുന്നെങ്കിൽ ഭീമമായ നഷ്ടം ഒഴിവാക്കാമായിരുന്നു.

[ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2004-05-ലെ സമാഹൃത റിപ്പോർട്ടിലെ ഓഡിറ്റ് ഖണ്ഡിക നമ്പർ 6(2)(3)]

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി ചുവടെ ചേർക്കുന്നു :

ഏകദേശം ഒന്നരകോടി രൂപയുടെ മുഖവിലയുള്ള പുസ്തകങ്ങൾ ഗോഡൗണിൽ സൂക്ഷിച്ചിരിക്കുന്നതായാണ് 2003-04-ലെ ഓഡിറ്റിൽ കണ്ടെത്തിയത്. എന്നാൽ ഇപ്പോൾ 71 ലക്ഷം രൂപ മുഖവില വരുന്ന പുസ്തകങ്ങൾ മാത്രമാണ് വിറ്റഴിക്കാനുള്ളത്.

ഇൻസ്റ്റിറ്റ്യൂട്ട് പുസ്തകങ്ങൾ സമാന സ്ഥാപനങ്ങളോടു ചേർന്ന് സംസ്ഥാനത്തിന്റെ വിവിധഭാഗങ്ങളിൽ സംഘടിപ്പിക്കുന്ന പുസ്തകപ്രദർശനങ്ങൾ വഴിയും, കേരള ബുക്ക് മാർക്കറ്റിംഗ് സൊസൈറ്റി, കറന്റ് ബുക്സ്, പൂർണ്ണാ പബ്ലിക്കേഷൻസ് മറ്റു സ്വകാര്യ വില്പനക്കാർ വഴിയും, ലൈബ്രറി കൗൺസിൽ സംഘടിപ്പിക്കുന്ന പുസ്തകപ്രദർശനങ്ങൾ വഴിയും എസ്.എസ്.എ. രാജാറാം മോഹൻ റോയ് ലൈബ്രറി മുതലായവ വഴിയുള്ള മൊത്തക്കച്ചവടം വഴിയും വിറ്റുപോകുന്നുണ്ട്. ഇൻസ്റ്റിറ്റ്യൂട്ടിന്റെ ആഭിമുഖ്യത്തിൽ നടപ്പു സാമ്പത്തികവർഷം മുതൽ സ്കൂളുകളിൽ ഇൻസ്റ്റിറ്റ്യൂട്ട് സംഘടിപ്പിക്കുന്ന പുസ്തക പ്രദർശന വില്പന മേളകളിൽക്കൂടി ഇൻസ്റ്റിറ്റ്യൂട്ട് പുസ്തകങ്ങൾ വിറ്റുവരുന്നു. ഇതിന് നല്ല പ്രതികരണമാണ് സ്കൂളുകളിൽ നിന്നും ലഭിക്കുന്നത്. ഇപ്രകാരം ശരാശരി 7 മേളകൾ പ്രതിമാസം നടത്തിവരുന്നു. ഏകദേശം 50,000 രൂപ മുഖവിലയുള്ള പുസ്തകങ്ങൾ ഈ മേളകളിൽക്കൂടി വിറ്റഴിക്കാൻ സാധിക്കുന്നുണ്ട്.

ഇൻസ്റ്റിറ്റ്യൂട്ടിൽ എഴുതിക്കിട്ടുന്ന സ്ക്രിപ്റ്റുകൾ ഇൻസ്റ്റിറ്റ്യൂട്ടിലെ എഡിറ്റർമാർ പരിശോധിക്കുന്നു. അതിൽ പ്രസിദ്ധീകരണയോഗ്യമായത് തെരഞ്ഞെടുത്ത് പിന്നീട് പ്രസിദ്ധീകരണ സമിതിയുടെ പരിശോധനയ്ക്കായി സമർപ്പിക്കുന്നു. പ്രസിദ്ധീകരണ സമിതി തെരഞ്ഞെടുത്ത പുസ്തകങ്ങളാണ് ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീകരിക്കുന്നത്. ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീകരിച്ച മിക്ക പുസ്തകങ്ങളുടെയും പുനഃപ്രസിദ്ധീകരണങ്ങൾ നടത്തിയിട്ടുണ്ട്. എങ്കിലും വളരെ ചുരുക്കം പുസ്തകങ്ങൾ വിറ്റഴിയാതെ അവശേഷിക്കുന്നുണ്ട്. ഇവയും വില്ക്കുന്നതിന് മാർഗ്ഗങ്ങൾ കണ്ടെത്തുന്നതാണ്. ഗവൺമെന്റിന്റെ നയപരിപാടികൾക്കനുസരിച്ചും കുട്ടികളുടെ സാംസ്കാരിക പുരോഗതിക്ക് അത്യാവശ്യമെന്ന് തോന്നുന്ന പുസ്തകങ്ങളും വില്പന സാദ്ധ്യത കണക്കിലെടുക്കാതെ ഇൻസ്റ്റിറ്റ്യൂട്ടിന് പ്രസിദ്ധീകരിക്കേണ്ടതായി വരുന്നുണ്ട്. ലാഭേച്ഛമാത്രം ലക്ഷ്യമാക്കിയിട്ടുള്ള സ്വകാര്യ പ്രസിദ്ധീകരണ സ്ഥാപനങ്ങൾ ഇങ്ങനെയുള്ള പുസ്തകങ്ങൾ പ്രസിദ്ധീകരിക്കാറില്ല. ഇങ്ങനെയുള്ള പുസ്തകങ്ങളുടെ വിപണന സാദ്ധ്യത മറ്റു പുസ്തകങ്ങളെ അപേക്ഷിച്ച് കുറവായിരിക്കും. കുട്ടികൾക്കുവേണ്ടിയുള്ള വിജ്ഞാനകോശം, നിഘണ്ടുക്കൾ, ബാലസാഹിത്യകാരന്മാർക്കുവേണ്ടിയുള്ള റഫറൻസ് ഗ്രന്ഥങ്ങൾ എന്നിങ്ങനെ വിലകൂടിയ പുസ്തകങ്ങളുടെ മുഖവിലയുടെ ആകെത്തുകയാണ് ഓഡിറ്റിൽ കണ്ടെത്തിയ ഒന്നര ക്കോടിയിൽ മുഖ്യമായും പ്രതിഫലിക്കുന്നത്. ഇങ്ങനെയുള്ള പുസ്തകങ്ങൾക്ക് കുട്ടികൾക്കുവേണ്ടിയുള്ള പുസ്തകങ്ങളേക്കാൾ വിപണനസാദ്ധ്യത കുറവാണ്. എങ്കിലും ഇങ്ങനെയുള്ള പുസ്തകങ്ങളും കുട്ടികളുടെ ഉന്നമനം ലക്ഷ്യമാക്കി സ്ഥാപിതമായിട്ടുള്ള ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീകരിക്കേണ്ടതുണ്ട്.

സമിതി യോഗത്തിന്റെ സംക്ഷിപ്തം ചുവടെ ചേർക്കുന്നു :

129. പുസ്തകങ്ങൾ അച്ചടിക്കുമ്പോൾ അതിന്റെ വിപണന സാദ്ധ്യതയെ സംബന്ധിച്ചുള്ള പഠനം നടത്താറുണ്ടോയെന്ന സമിതിയുടെ ചോദ്യത്തിന് പുസ്തക പ്രസാധനത്തിനായി ഒരു പ്രസിദ്ധീകരണ സമിതിയുണ്ടെന്നും ഈ രംഗത്തെ ഏറ്റവും വിദഗ്ദ്ധരായ ആളുകൾ ഉൾക്കൊള്ളുന്ന സമിതിയാണ് പുസ്തകങ്ങൾ തെരഞ്ഞെടുക്കുന്നതെന്നും എസ്.ഐ.സി.എൽ. ഡയറക്ടർ സമിതിയെ അറിയിച്ചു. പുസ്തകങ്ങളുടെ വില്പന വളരെ മുന്നോട്ടുപോയിട്ടുണ്ടെന്നും കെട്ടിക്കിടന്ന ഒന്നരകോടി പുസ്തകങ്ങൾ 71 ലക്ഷമായി കഴിഞ്ഞ മാർച്ചിൽ കുറഞ്ഞിട്ടുണ്ടെന്നും ഇപ്പോൾ അത് ഏതാണ്ട് 50 ലക്ഷമായി വീണ്ടും കുറഞ്ഞിട്ടുണ്ടെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. പുതിയതായി പുസ്തകങ്ങൾ പ്രസിദ്ധീകരിക്കുന്നത് വളരെ ശ്രദ്ധിച്ചാണ് എന്നും എസ്.ഐ.സി.എൽ. ഡയറക്ടർ അറിയിച്ചു.

130. വിപണനസാധ്യത വിശകലനം ചെയ്തശേഷം മാത്രം പുസ്തകങ്ങൾ പ്രിന്റ് ചെയ്യുന്നതായിരുന്നു ഉചിതം എന്ന് സമിതി അഭിപ്രായപ്പെട്ടു.

**നിഗമനങ്ങൾ/ശുപാർശകൾ**

131. **കുട്ടികളുടെ ഉന്നമനത്തിനും സാംസ്കാരിക പുരോഗതിക്കും അത്യാവശ്യമുള്ള പുസ്തകങ്ങൾ ലാഭേച്ഛ കണക്കിലെടുക്കാതെ പ്രസിദ്ധീകരിക്കുന്ന ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഉദ്ദേശ്യശുദ്ധി സമിതി മനസ്സിലാക്കുന്നു. എന്നിരുന്നാലും പുസ്തകങ്ങൾ വില്പന നടത്തുന്നതിന് ക്രിയാത്മകമായ നടപടികൾ സ്വീകരിക്കേണ്ടതിന്റെ ആവശ്യകത സമിതി ചൂണ്ടിക്കാട്ടുന്നു. ആയതിനാൽ, ഭാവിയിൽ വിപണന സാധ്യതകൂടി വിശകലനം ചെയ്തശേഷം മാത്രം പുസ്തകങ്ങൾ അച്ചടിക്കുന്നതാകും ഉചിതം എന്ന് സമിതി അഭിപ്രായപ്പെടുന്നു.**

ഓഡിറ്റ് ഖണ്ഡിക

**പുസ്തകങ്ങളുടെ സ്റ്റോക്കിൽ വൻ കുറവ്—നഷ്ടം 3.16 ലക്ഷം (2003-04 ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക-11)**

2003-04 സാമ്പത്തിക വർഷത്തിൽ വിൽപ്പന വിഭാഗത്തിന്റെ സ്റ്റോക്ക് പരിശോധനയിൽ പുസ്തകത്തിന്റെ സ്റ്റോക്കിൽ വൻകുറവ് വന്നതായി കാണുന്നു. പുസ്തക പ്രദർശനത്തിനായി കൊണ്ടുപോകുന്ന പുസ്തകങ്ങളും വിൽപ്പനയ്ക്ക് ശേഷം തിരികെ കൊണ്ടുവരുന്ന പുസ്തകങ്ങളും പരിശോധന നടത്തി സ്റ്റോക്കിൽ എടുത്തതായി കാണുന്നില്ല. പ്രദർശനത്തിനായി കൊണ്ടുപോകുന്ന പുസ്തകങ്ങളുടെ അക്കൗണ്ടുകൾ എഴുതിസൂക്ഷിച്ചിട്ടില്ല. ലഭ്യമായ കണക്കനുസരിച്ച് സ്റ്റോക്ക് പരിശോധനയിൽ 301 ശീർഷകങ്ങളിലായി 3.16 ലക്ഷം രൂപ വിലയുള്ള പുസ്തകങ്ങൾ കാണാനില്ല.

[ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2004-05-ലെ സമാഹൃത റിപ്പോർട്ടിലെ ഓഡിറ്റ് ഖണ്ഡിക നമ്പർ 6(2)(4)]

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി ചുവടെ ചേർക്കുന്നു :

"2003-04 വർഷത്തിൽ യഥാർത്ഥത്തിൽ വില്പന വിഭാഗത്തിൽ പുസ്തകങ്ങൾ നഷ്ടം വന്നതാവാനിടയില്ല. വില്പന വിഭാഗത്തിലെ കമ്പ്യൂട്ടറിൽ പുതിയ സോഫ്റ്റ്വെയർ ഇൻസ്റ്റാൾ ചെയ്തപ്പോൾ കണക്കുകൾ രേഖപ്പെടുത്തിയതിൽ സ്റ്റോറിൽ നിന്നും ഏറ്റെടുത്ത പുസ്തകങ്ങളുടെ കണക്കിലും വില്പന വിഭാഗത്തിൽ നിന്നും എക്സിബിഷൻ, മറ്റു മൊത്ത വില്പന, ചില്ലറ വില്പന, എന്നിവയ്ക്ക് എടുത്ത പുസ്തകങ്ങളുടെ കണക്കിലും വന്ന ചില പിശകുകളാണ് 15-3-2005-ൽ ലഭിച്ച ഡിഎൽ.എഫ്.എ.-യുടെ റിപ്പോർട്ടിൽ പ്രതിഫലിച്ചിരിക്കുന്നത്.

ഇൻസ്റ്റിറ്റ്യൂട്ടിന്റെ വില്പന വിഭാഗത്തിലെ കമ്പ്യൂട്ടറിൽനിന്നുള്ള റിപ്പോർട്ടുകളിൽ തെറ്റുകൾ കണ്ടെത്തിയതിനാൽ 2001 മുതലുള്ള കണക്കുകൾ മാനുവലായി തയ്യാറാക്കുന്നതിന് നിർദ്ദേശം നല്കുകയും അപ്രകാരം ചെയ്തുകൊണ്ടിരിക്കുകയുമാണ്. അതനുസരിച്ച് എക്സിബിഷൻ സംബന്ധിച്ച കണക്കുകൾ എല്ലാം എത്രയുംവേഗം ക്രമീകരിക്കുന്നതാണ്. ഇതു ക്രമീകരിക്കുന്ന മുറയ്ക്ക് നഷ്ടപ്പെട്ടിരിക്കുന്നതായി കണ്ടെത്തിയ കണക്കുകൾ ക്രമീകരിക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു."

സമിതി യോഗത്തിന്റെ സംക്ഷിപ്തം ചുവടെ ചേർക്കുന്നു :

132. പുസ്തകങ്ങളുടെ സ്റ്റോക്കിൽ വൻകുറവ് വന്നത് എന്തുകൊണ്ടെന്ന സമിതിയുടെ ചോദ്യത്തിന് അത് അക്കൗണ്ടിൽ വന്ന പിശകാണെന്നും പലപ്പോഴും എക്സിബിഷനുകളിലേക്ക് കൊടുത്ത പുസ്തകങ്ങളുടെ കണക്കിനേക്കാൾ കൂടുതലോ കുറവോ ആയിരിക്കും കൊണ്ടുപോകുന്നത് എന്നും 2003-04 മുതലുള്ളത് പരിശോധിച്ചു കൊണ്ടിരിക്കുന്നതേയുള്ളൂ എന്നും ഈ സാമ്പത്തിക വർഷത്തിനകംതന്നെ ഇത് പരിഹരിച്ച് അന്തിമമായിട്ടുള്ള സ്റ്റോക്ക് രജിസ്റ്ററിന്റെ ഡീറ്റെയിൽസ് നൽകാമെന്നും എസ്.ഐ.സി.എൽ. ഡറയക്ടർ സമിതിയെ അറിയിച്ചു.

133. നമ്പർസഹിതം ഓഡിറ്റ് തടസ്സത്തിൽ രേഖപ്പെടുത്തിയിരിക്കുന്ന 3.16 ലക്ഷം രൂപയുടെ പുസ്തകങ്ങൾ സ്റ്റോക്കിൽ ഇല്ലാത്തതിന്റെ കാരണം സമിതി ആരാഞ്ഞതിന് അത് സ്റ്റോക്ക് രജിസ്റ്ററിലെ പിശക് ആണെന്നും ആ പുസ്തകങ്ങൾ ഒന്നുകിൽ വിറ്റു പോയിട്ടുണ്ടാകാം അല്ലെങ്കിൽ ഗോഡൗണിൽ ഉണ്ടാകുമെന്നും അതിന്റെ വിശദമായ ഫിസിക്കൽ പരിശോധന നടന്നുവരികയാണെന്നും അന്നത്തെ ഡയറക്ടർ ശ്രീ. പാലാ കെ. എം. മാത്യു, എം.പി. ആയിരുന്നുവെന്നും എസ്.ഐ.സി.എൽ. ഡയറക്ടർ സമിതിയെ അറിയിച്ചു.

134. എക്സിബിഷന് പുസ്തകങ്ങൾ കൊണ്ടുപോകുമ്പോഴും വില്പന നടത്തുമ്പോഴുമാണ് ക്രമക്കേടുകൾ നടക്കുന്നതെന്നും ഒന്നുകിൽ സ്റ്റോക്ക് രജിസ്റ്ററനുസരിച്ച് പുസ്തകമോ അല്ലെങ്കിൽ വില്പന നടത്തിയതായ രേഖയും വിലയും ഉണ്ടായിരിക്കണമെന്നും അതുമല്ലെങ്കിൽ നശിച്ചുപോയതായി രേഖയുണ്ടായിരിക്കണമെന്നും സമിതി ചൂണ്ടിക്കാട്ടി. എന്നാൽ ഇത്രയും വർഷങ്ങൾക്കുശേഷം പുസ്തകങ്ങൾ നശിച്ചുപോയി എന്ന മറുപടി ഒരിക്കലും സ്വീകരിക്കാൻ പറ്റില്ല എന്ന് ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടർ സമിതിയെ അറിയിച്ചു.

135. പുസ്തകങ്ങൾ അടുക്കിവയ്ക്കാൻ സ്ഥലക്കുറവുണ്ടെന്നും, പുസ്തകങ്ങൾ നോക്കിയെടുത്ത് ബില്ലുമായി താരതമ്യം ചെയ്യണമെന്നും അവിടെയുള്ള ഓരോ പുസ്തകവും ബില്ലുമായി ക്രോസ് ചെക്കിംഗ് നടത്തിയപ്പോഴാണ് കൂടുതലും വിറ്റുപോയതായി കണ്ടെതെന്നും പുസ്തകങ്ങൾ പല കിഴിവുകളനുസരിച്ച് വിൽക്കുന്നതു കാരണം അക്കൗണ്ട് വച്ച് ക്രോസ് ചെക്ക് ചെയ്യാൻ കഴിയുകയില്ലെന്നും എസ്.ഐ.സി.എൽ. ഡയറക്ടർ സമിതിയെ അറിയിച്ചു. ഏതൊക്കെ ബുക്കുകൾ എത്ര ശതമാനം ഡിസ്കൗണ്ടിലാണ് വിറ്റഴിച്ചിട്ടുള്ളത് എന്ന കണക്കുണ്ടാകുമെന്നും, ക്ലാസിഫൈ ചെയ്തിട്ടുള്ളത് എത്രയാണോ അത്രയും പുസ്തകങ്ങൾക്ക് 10% ഉം 35%-ഉം വരെ ഡിസ്ക്കൗണ്ട് ഉണ്ടാകുമെന്നും ലോക്കൽ ഫണ്ട് ഡയറക്ടർ വെളിപ്പെടുത്തി.

136. 3,16,000 രൂപയ്ക്കുള്ള പുസ്തകങ്ങൾ കാൺമാനില്ല എന്നു പറയുമ്പോൾ ആ പുസ്തകങ്ങൾ നഷ്ടപ്പെട്ടതാണോ അതോ വിറ്റുപോയതാണോ എന്നുളളത് ആ പുസ്തകങ്ങൾ എത്രയെണ്ണം വിറ്റുപോയിട്ടുണ്ടെന്ന് ഫിസിക്കലായി വെരിഫൈ ചെയ്തതിനുശേഷമേ അറിയാൻ കഴിയുകയുള്ളൂ എന്ന് എസ്.ഐ.സി.എൽ. ഡയറക്ടർ വ്യക്തമാക്കി.

137. 1,00,000 രൂപ മുഖവിലയുള്ള പുസ്തകത്തിൽ നിന്ന് കിട്ടുന്ന വരുമാനം 80,000 രൂപയോ 40,000 രൂപയോ ആയിരിക്കാമെന്നും കിട്ടിയ വരുമാനം മാത്രംവച്ച് ഈ പുസ്തകങ്ങൾ മുഴുവൻ വിറ്റുപോയതാണോ അതോ സ്റ്റോക്കിൽ ബാക്കിയുള്ള താണോ എന്ന് കണക്കാക്കാൻ കഴിയില്ല എന്നും എസ്.ഐ.സി.എൽ. ഡയറക്ടർ വ്യക്തമാക്കി.

എസ്.ഐ.സി.എൽ. ഡയറക്ടറുടെ 6-12-2007-ലെ 469/എ/07/സി.എൽ. നമ്പർ കത്ത് മുഖേന ലഭ്യമാക്കിയ മറുപടി ചുവടെ ചേർക്കുന്നു:

138. "ഓഡിറ്റിൽ കണ്ടെത്തിയിരിക്കുന്നത് 3.16 ലക്ഷം രൂപയുടെ നഷ്ടം വന്നിട്ടുണ്ട് എന്നാണെങ്കിലും ബന്ധപ്പെട്ട രേഖകൾ/രജിസ്റ്ററുകൾ പരിശോധിച്ചപ്പോൾ 92,460 രൂപ മുഖവിലയുള്ള പുസ്തകങ്ങളുടെ കുറവു മാത്രമേ ഉണ്ടായിട്ടുള്ളൂ എന്നും ഈ പുസ്തകങ്ങൾ ഡിസ്കൗണ്ട് അനുവദിച്ച് വിൽപ്പന നടത്തിയതായി കണക്കാക്കി യാൽ ഏകദേശം 46,230 രൂപയുടെ നഷ്ടമാണ് ഇൻസ്റ്റിറ്റ്യൂട്ടിന് ഉണ്ടായിരിക്കുന്നത്."

**നിഗമനങ്ങൾ/ശുപാർശകൾ**

139. **ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടറുടെ മറുപടിയിൽ നിന്നും ഇനിയും 92,460 രൂപാ മുഖവിലയുള്ള പുസ്തകങ്ങളുടെ കണക്ക് കണ്ടെത്തേണ്ടിയിരിക്കുന്നു എന്നാണ് വ്യക്തമാകുന്നത്. 3.16 ലക്ഷം രൂപയുടെ പുസ്തകങ്ങളുടെ നഷ്ടം സംബന്ധിച്ച വിഷയത്തിൽ സമിതിയുടെ ഇടപെടൽമൂലം മാത്രമാണ് ഇത്രയെങ്കിലും കണക്കുകൾ ശരിയാക്കുന്നതിന് ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് അധികൃതർ നടപടി സ്വീകരിച്ചതെന്ന് സമിതി വിലയിരുത്തുന്നു. പുസ്തക വില്പനയിലൂടെ ലഭിക്കുന്ന വരുമാനം ഇൻസ്റ്റിറ്റ്യൂട്ടിന്റെ തനതു വരുമാനമാണെന്നിരിക്കെ ആയത് കൃത്യമായും സൂക്ഷ്മമായും സൂക്ഷിക്കേണ്ടതും ഓഡിറ്റിനു ഹാജരാക്കേണ്ടതും ഇൻസ്റ്റിറ്റ്യൂട്ട് അധികൃതരുടെ പ്രധാന ഉത്തരവാദിത്വമാണ്. എന്നാൽ ഈ ഉത്തരവാദിത്വം നിറവേറ്റുന്നില്ല എന്നുമാത്രമല്ല വളരെ അലക്ഷ്യമായ ഒരു സമീപനമാണ് ഇക്കാര്യത്തിൽ ഇൻസ്റ്റിറ്റ്യൂട്ട് അധികൃതർ സ്വീകരിച്ചുവരുന്നത്. ഈ ദുഃസ്ഥിതി മാറ്റേണ്ടതാണെന്ന് സമിതി ആവശ്യപ്പെടുന്നു. ആയതിനാൽ, ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീകരിക്കുന്നതും വില്പന നടത്തുന്നതുമായ പുസ്തകങ്ങൾ, വില്പനയിലൂടെ ലഭിക്കുന്ന വരുമാനം എന്നിവ സംബന്ധിച്ച കണക്കുകൾ കൃത്യമായി സൂക്ഷിക്കണ മെന്നും ആയത് ഓഡിറ്റിനു കൃത്യമായി ഹാജരാക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു. കൂടാതെ, 92,460 രൂപയുടെ പുസ്തകങ്ങളുടെ കണക്കും ഓഡിറ്റ് ചൂണ്ടിക്കാണിച്ചി രിക്കുന്ന 3.16 ലക്ഷം രൂപയുടെ കണക്കും അടിയന്തിരമായി ഓഡിറ്റിനെ ബോദ്ധ്യപ്പെടുത്തി റിപ്പോർട്ട് നൽകണമെന്നും സമിതി ശുപാർശ ചെയ്യുന്നു.**

## സംസ്ഥാന ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്

ഓഡിറ്റ് ഖണ്ഡിക

**വിജ്ഞാനമുദ്രണം പ്രസ്സിൽനിന്നും അച്ചടി പൂർത്തിയാക്കി ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് ഗോഡൗണിലേക്ക് മാറ്റിയ പുസ്തകങ്ങൾ സ്റ്റോക്കിൽ ചേർക്കാത്തതിനാൽ നഷ്ടം 2,48,575 രൂപ**

സംസ്ഥാന ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീകരിക്കുന്ന പുസ്തകങ്ങൾ ഇൻസ്റ്റിറ്റ്യൂട്ടിന്റെ തന്നെ സ്ഥാപനമായ വിജ്ഞാനമുദ്രണം പ്രസ്സിലാണ് അച്ചടിക്കുന്നത്. ഇതുമായി

ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചതിൽ നിന്നും 2001-2002-ൽ ഇത്തരത്തിൽ അച്ചടി പൂർത്തിയാക്കി പ്രസ്സിൽ നിന്നും ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രധാന ഗോഡൗണിലേക്ക് മാറ്റിയപ്പോൾ പുസ്തകങ്ങളുടെ എണ്ണത്തിൽ കുറവു വന്നതായി കണ്ടു. ഈയിനത്തിൽ സ്ഥാപനത്തിന് 2,48,575 രൂപ നഷ്ടം സംഭവിച്ചിട്ടുണ്ട്.

[ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2004-05-ലെ സമാഹൃത റിപ്പോർട്ടിലെ ഓഡിറ്റ് ഖണ്ഡിക നമ്പർ 6(3)(1)]

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി ചുവടെ ചേർക്കുന്നു:

"പ്രസ്തുത പരാമർശത്തിൽ പറയുന്ന കാലയളവിൽ ഗോഡൗൺ കീപ്പറായിരുന്ന ശ്രീ. റ്റി. ആർ. അരവിന്ദാക്ഷൻ നായർ മരണപ്പെട്ടിട്ടുളളതാണ്. ടിയാന്റെ കാലഘട്ടത്തിലുളള Stock inward register ലഭ്യമല്ല. ടിയാന്റെ പെൻഷൻ ആനുകൂല്യങ്ങൾ ഇതുവരെയും നൽകിയിട്ടില്ല. പ്രസ്തുത ബാധ്യത പെൻഷൻ ആനുകൂല്യത്തിൽ നിന്നും ഈടാക്കുന്നതാണെന്ന് വിവരം ടിയാന്റെ അവകാശികളെ അറിയിച്ചിട്ടുണ്ട്."

സമിതി യോഗത്തിന്റെ സംക്ഷിപ്തം ചുവടെ ചേർക്കുന്നു:

140. അച്ചടി പൂർത്തിയാക്കി ഗോഡൗണിലേക്ക് മാറ്റിയ പുസ്തകങ്ങളുടെ എണ്ണത്തിൽ കുറവു വന്നതുമൂലം ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന് 2,48,575 രൂപ നഷ്ടം സംഭവിച്ചിട്ടുണ്ടെന്ന് 2004-05-ൽത്തന്നെ ഓഡിറ്റ് ഡിപ്പാർട്ട്മെന്റ് അറിയിച്ചിട്ടും അതിന് വിശദീകരണം നൽകാത്തത് എന്തുകൊണ്ടാണെന്നും ഡയറക്ടർ ചുമതലയേറ്റിട്ട് എത്ര കാലമായെന്നുമുള്ള സമിതിയുടെ ചോദ്യത്തിന് താൻ ചുമതലയേറ്റിട്ട് പതിനൊന്ന് മാസമായെന്നും അന്നത്തെ സ്റ്റോർകീപ്പറായിരുന്ന അരവിന്ദാക്ഷൻ നായർ 2003-ൽ മരിച്ചുപോയെന്നും അദ്ദേഹത്തിന്റെ വിധവ റവന്യൂ റിക്കവറിക്ക് വകയില്ലാത്ത സാധുവാണെന്നും എസ്.ഐ.എൽ. ഡയറക്ടർ അറിയിച്ചു.

141. ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് സ്റ്റോക്ക് രജിസ്റ്റർ, ഇൻവേർഡ്, ഔട്ട്വേർഡ്, തപാൽ ബുക്കുകൾ എന്നിവ കൃത്യമായി സൂക്ഷിക്കാറുണ്ടോ എന്നും അരവിന്ദാക്ഷൻ നായരുടെ തസ്തിക എന്തായിരുന്നുവെന്നും അവിടെ ആകെ എത്ര ഉദ്യോഗസ്ഥരുണ്ട് എന്നുമുള്ള ചോദ്യത്തിന് ശ്രീ. അരവിന്ദാക്ഷൻ ഗോഡൗൺ കീപ്പറായിരുന്നുവെന്നും, പ്രസ്സിൽനിന്നും അച്ചടി പൂർത്തിയാക്കിയ പുസ്തകങ്ങൾ ഗോഡൗണിലേക്ക് മാറ്റിയപ്പോൾ സ്റ്റോക്ക് രജിസ്റ്ററിൽ അതു സംബന്ധിച്ച എൻട്രി വന്നില്ല എന്നുള്ളതാണ് ഓഡിറ്റ് തടസ്സമെന്നും ഇൻസ്റ്റിറ്റ്യൂട്ടിൽ ആകെ 30 ഉദ്യോഗസ്ഥരുണ്ടെന്നും എസ്.ഐ.എൽ. ഡയറക്ടർ വ്യക്തമാക്കി. അച്ചടി പൂർത്തിയാക്കിയ പുസ്തകത്തിന്റെ എണ്ണത്തിൽ കുറവു വന്നിട്ടുണ്ടെങ്കിൽ അത് വിറ്റുപോയി എന്ന് അനുമാനിക്കേണ്ടതാണെന്നും ശ്രീ. അരവിന്ദാക്ഷൻ നായർ സ്റ്റോർകീപ്പർ മാത്രമാണെന്നും പുസ്തകങ്ങൾ പ്രിന്റ് ചെയ്ത് സ്റ്റോക്കിൽ എത്തിക്കുന്നതു വരെ ചുമതലയുള്ള ആളുകൾക്ക് അതിൽ ഉത്തരവാദിത്വമുണ്ടെന്നും സമിതി വ്യക്തമാക്കി. പ്രിന്റ് ചെയ്ത പുസ്തകങ്ങൾ യഥാവിധി സ്റ്റോറിൽ എത്തിച്ചിട്ടുണ്ടോ എന്ന് ഉറപ്പാക്കുന്നതിന് ഡെലിവറി നോട്ട് ഉണ്ടോ എന്ന സമിതിയുടെ ചോദ്യത്തിന് സ്റ്റോക്ക് ഇൻവേർഡ് രജിസ്റ്റർ കാൺമാനില്ല എന്ന് ഡയറക്ടർ സമിതിയെ ധരിപ്പിച്ചു. എന്നാൽ ഇപ്പോൾ എല്ലാം കൃത്യമായി ചെയ്യുന്നുണ്ട് എന്നും അദ്ദേഹം വ്യക്തമാക്കി.

142. ഓഡിറ്റ് തടസ്സത്തിനാധാരമായ സംഭവം നടന്ന കാലഘട്ടത്തിൽ ആർക്കായി രുന്നു ഇതിന്റെ ചുമതല എന്ന സമിതിയുടെ ചോദ്യത്തിന് ഡോ. രാജൻ വർഗ്ഗീസായി രുന്നു ചുമതലക്കാരനെന്നും സൂപ്പർവിഷനും ഉദ്യോഗസ്ഥരുണ്ടായിരുന്നുവെന്നും എസ്.ഐ.എൽ. ഡയറക്ടർ മറുപടി നൽകി.

143. പ്രസ്തുത കാലയളവിൽ സ്റ്റോർ കീപ്പറുടെ സൂപ്പർവൈസിംഗ് അതോറിറ്റി ആരായിരുന്നു, അന്നത്തെ ഡയറക്ടർ ആരായിരുന്നു എന്നും അവരുടെ മേൽവിലാസം ഒരാഴ്ചയ്ക്കകം സമിതിയെ അറിയിച്ചിരിക്കണമെന്നും ഇതു സംബന്ധിച്ച് എന്തെങ്കിലും വിശദീകരണമുണ്ടെങ്കിൽ രേഖകൾ സഹിതം ഒരാഴ്ചയ്ക്കകം ലോക്കൽ ഫണ്ട് ഡയറക്ടറെ ബോധ്യപ്പെടുത്തണമെന്നും സമിതി നിർദ്ദേശിച്ചു.

144. ഡെലിവറി നോട്ട് സ്വീകരിച്ചതും അതിൽ ഒപ്പിട്ടിരിക്കുന്നത് ആരാണ് എന്നും എന്താണ് അതിൽ പറഞ്ഞിരിക്കുന്നതെന്നുമുള്ള സമിതിയുടെ ചോദ്യത്തിന് അത് സംബന്ധിച്ച് രേഖകളൊന്നുമില്ലെന്നും എ.ഒ.-യ്ക്ക് ഇപ്രകാരമുള്ള ഒരു രേഖകളും സമർപ്പിക്കാറില്ലെന്നും അസിസ്റ്റന്റ് ഡയറക്ടർ സെയിൽസാണ് ഇതെല്ലാം കൈകാര്യം ചെയ്യുന്നത് എന്നും എ.ഒ. വ്യക്തമാക്കി.

145. സെയിൽസിന്റെ കാര്യങ്ങൾ നോക്കുന്നത് അസിസ്റ്റന്റ് ഡയറക്ടറാണെന്നും പ്രസ്തുത തസ്തികയും സ്റ്റോർ കീപ്പറുടെ തസ്തികയും യു. ഡി. റാങ്കിലുള്ള അരവിന്ദാക്ഷൻ നായർ തന്നെയാണ് കൈകാര്യം ചെയ്തിരുന്നതെന്നും എസ്.ഐ.എൽ. ഡയറക്ടർ കൂട്ടിച്ചേർത്തു.

146. 150 രൂപ വിലയുള്ള 585 പുസ്തകങ്ങളും 64 രൂപ വിലയുള്ള 1120 പുസ്തക ങ്ങളുമാണ് കാണാതായിട്ടുള്ളതെന്നും ഇത് സംബന്ധിച്ചുള്ള വിവരങ്ങൾ 28-11-2007-ന് കമ്മിറ്റി ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിൽ സന്ദർശനത്തിനുവരുന്നതിന് മുമ്പ് നൽകിയില്ലെങ്കിൽ ഡയറക്ടറുടേയും അന്നത്തെ കൺട്രോളിംഗ് അതോറിറ്റിയുടേയും പേരിൽ ഉത്തരവാദിത്വം ഫിക്സ് ചെയ്യും എന്നും സമിതി വ്യക്തമാക്കി.

147. രണ്ടാഴ്ചയ്ക്കകം രേഖകൾ ലോക്കൽ ഫണ്ട് അധികൃതർ മുൻപാകെ ഹാജരാക്കാമെന്നും എസ്.ഐ.എൽ. ഡയറക്ടർ സമിതിക്ക് ഉറപ്പു നൽകി.

കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ 4-6-2008-ലെ E1/749/08/SIL നമ്പർ കത്ത് മുഖേന സമിതിക്ക് ലഭ്യമാക്കിയ മറുപടി ചുവടെ ചേർക്കുന്നു:

148. "വിജ്ഞാനമുദ്രണം പ്രസ്സിൽ നിന്നും ഗേറ്റ് പാസ്സ് വഴി പുസ്തകങ്ങൾ മെയിൻ ഗോഡൗൺ മാനേജർ ഏറ്റുവാങ്ങേണ്ടതാണ് എന്നതാണ് ഇൻസ്റ്റിറ്റ്യൂട്ടിലെ നടപടിക്രമം. ഇതിന്റെ ഒരു കോപ്പി ഗോഡൗൺ മാനേജർ സൂക്ഷിക്കേണ്ടതാണ്. ആ കാലത്ത് മെയിൻ ഗോഡൗണിന്റെ ചാർജ് വഹിച്ചിരുന്ന ശ്രീ. അരവിന്ദാക്ഷൻ നായർ അത് റിക്കാർഡിൽ സൂക്ഷിച്ചിട്ടില്ല എന്ന് അന്വേഷണത്തിൽ കാണുന്നു. ഗോഡൗണിലെ പുസ്തകങ്ങളുടെ എണ്ണത്തിൽ വന്ന കുറവ് ലോക്കൽ ഫണ്ട് കണ്ടെത്തിയിട്ടുണ്ട്. അതിന്റെ തുക 2,48,575 രൂപയായി തിട്ടപ്പെടുത്തിയിട്ടുണ്ട്. ഇൻസ്റ്റിറ്റ്യൂട്ടിലെ ഉത്തരവാദ പ്പെട്ട ഉദ്യോഗസ്ഥന്റെ അന്വേഷണത്തിൽ ഇതിന്റെ പൂർണ്ണ ഉത്തരവാദിത്വം ശ്രീ. അരവിന്ദാക്ഷൻ നായരാണെന്ന് കണ്ടെത്തിയിട്ടുണ്ട്. ഈ വിവരം സർക്കാരിനെ അറിയിച്ചിട്ടുള്ളതുമാണ്. ശ്രീ. അരവിന്ദാക്ഷൻ നായരുടെ വിധവ മുഖ്യമന്ത്രിയുടെ

സുതാര്യകേരളം പരിപാടിയിൽ പരാതി നൽകുകയും, ടിയാന്റെ പേരിലുണ്ടായിരുന്ന ബാധ്യത ഒഴിവാക്കി പെൻഷൻ ആനുകൂല്യങ്ങൾ നൽകുവാൻ സർക്കാർ ഉത്തരവിട്ടിരുന്നു എന്ന വിവരം ഇതിനാൽ അറിയിച്ചുകൊള്ളുന്നു.”

**നിഗമനങ്ങൾ/ശുപാർശകൾ**

149. **പരാമർശവിധേയനായ സ്റ്റോർകീപ്പർ മരണപ്പെട്ടതിനാൽ ബാധ്യത ചുമത്തപ്പെട്ട അദ്ദേഹത്തിന്റെ വിധവ മുഖ്യമന്ത്രിയുടെ സുതാര്യകേരളം പരിപാടിയിൽ പരാതി നൽകി ബാധ്യതയിൽ നിന്നും സർക്കാർ ഉത്തരവിൻപ്രകാരം ഒഴിവായ സാഹചര്യത്തിൽ ഇതു സംബന്ധിച്ച തുടർനടപടികൾ ഒഴിവാക്കുവാൻ സമിതി ശുപാർശ ചെയ്യുന്നു.**

## ഡയറക്ടറേറ്റ് ഓഫ് സ്പോർട്സ് ആന്റ് യൂത്ത് അഫയേഴ്സ്

ഓഡിറ്റ് ഖണ്ഡിക

### 8-ാമത് നാഷണൽ യൂത്ത് ഫെസ്റ്റിവൽ ലാപ്ടോപ്പ് കമ്പ്യൂട്ടർ വാങ്ങിയത് സംബന്ധിച്ച് (2004-05 ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 6)

ഡയറക്ടറേറ്റ് ഓഫ് സ്പോർട്സ് ആന്റ് യൂത്ത് അഫയേഴ്സ് 12-1-2003 മുതൽ 16-3-2003 വരെ സംഘടിപ്പിച്ച നാഷണൽ യൂത്ത് ഫെസ്റ്റിവലിനോട് അനുബന്ധിച്ച് 2-1-2003-ൽ കെൽട്രോണിൽ നിന്നും 1,32,000 രൂപ ചെലവാക്കി ഒരു ലാപ്ടോപ്പ് കമ്പ്യൂട്ടർ വാങ്ങിയിരുന്നതായി കാണുന്നു. പ്രസ്തുത കമ്പ്യൂട്ടർ സ്റ്റോക്കിൽ എടുത്തിട്ടില്ല. കമ്പ്യൂട്ടറിനെ സംബന്ധിച്ച മറ്റുവിവരങ്ങളൊന്നും ഓഡിറ്റ് സമയത്ത് ലഭ്യമാക്കിയിരുന്നില്ല. ഹയർ എഡ്യുക്കേഷൻ ആന്റ് ചീഫ് കോ-ഓർഡിനേറ്റർ ഓഫ് നാഷണൽ യൂത്ത് ഫെസ്റ്റിവൽ 2003 സ്പെഷ്യൽ സെക്രട്ടറിക്ക് പ്രസ്തുത കമ്പ്യൂട്ടർ നൽകിയതായി 16-10-2004-ലെ മറുപടി കത്തിൽ വ്യക്തമാക്കിയിട്ടുണ്ട്. 20-2-2005-ലെ എൽ.എഫ്.റ്റി.ഡി. മിസ്ക്. II-1502/04-ാം നമ്പർ കത്തു പ്രകാരം കമ്പ്യൂട്ടർ വീണ്ടെടുക്കുന്നതിന് നിർദ്ദേശിച്ചുവെങ്കിലും യാതൊരു മറുപടിയും ലഭ്യമാക്കിയിട്ടില്ല. ഈ സാഹചര്യത്തിൽ ഉത്തരവാദികളായ വ്യക്തികൾക്കെതിരെ സർച്ചാർജ്ജ് നടപടികൾ സ്വീകരിക്കുന്നതിനായി 18-5-2005-ലെ കത്തുമുഖേന നിർദ്ദേശം നൽകിയിട്ടുണ്ട്. വിഷയം സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നു.

[ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2004-05-ലെ സമാഹൃത റിപ്പോർട്ടിലെ ഓഡിറ്റ് ഖണ്ഡിക നമ്പർ 6(4)(1).]

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി ചുവടെ ചേർക്കുന്നു :

“8-ാമത് നാഷണൽ യൂത്ത് ഫെസ്റ്റിവൽ നടത്തിപ്പിന് വാങ്ങിയ ലാപ്ടോപ്പ് കമ്പ്യൂട്ടർ, ഫെസ്റ്റിവലിന്റെ ചീഫ് കോ-ഓർഡിനേറ്റർ ഡോ. സി. വി. ആനന്ദബോസിന് കൈമാറിയിരുന്നു. പ്രസ്തുത ലാപ്ടോപ്പ് കമ്പ്യൂട്ടർ 2007 ഏപ്രിൽ മാസത്തിൽ ഡോ. സി. വി. ആനന്ദബോസ് യുവജനക്ഷേമ ബോർഡ് ഓഫീസിൽ തിരികെ നൽകിയിട്ടുണ്ട്. അതിനാൽ ഇത് സംബന്ധിച്ച ഓഡിറ്റ് പരാമർശത്തിൻമേലുള്ള തുടർനടപടികൾ അവസാനിപ്പിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.”

സമിതി യോഗത്തിന്റെ സംക്ഷിപ്തം ചുവടെ ചേർക്കുന്നു :

150. ഓഡിറ്റ് തടസ്സത്തിന് മറുപടി കൊടുക്കാത്തതെന്താണെന്നും ലാപ്ടോപ്പ് എന്നാണ് തിരികെ ലഭിച്ചതെന്നുമുള്ള സമിതിയുടെ ചോദ്യത്തിന് ലാപ്ടോപ്പ് മുൻ സെക്രട്ടറി ശ്രീ. ആനന്ദബോസിന്റെ കൈവശമായിരുന്നുവെന്നും 2002-ൽ യൂത്ത് ഫെസ്റ്റിവൽ സംഘടിപ്പിച്ചപ്പോൾ അദ്ദേഹം വിദ്യാഭ്യാസ വകുപ്പിലെ സ്പെഷ്യൽ സെക്രട്ടറി കൂടിയായിരുന്നുവെന്നും പ്രസ്തുത കാലഘട്ടത്തിൽ ലാപ്ടോപ്പ് അദ്ദേഹത്തിന്റെ കൈവശമായിരുന്നുവെന്നും പലപ്രാവശ്യം നോട്ടീസ് അയച്ചിട്ടും ഡിപ്പാർട്ട്മെന്റിലേക്ക് അത് തിരികെ നൽകുകയുണ്ടായില്ലെന്നും 2007 ഏപ്രിൽ മാസത്തിൽ മാത്രമാണ് ലാപ്ടോപ്പ് ലഭിച്ചതെന്നും സ്പോർട്സ് ആന്റ് യൂത്ത് അഫയേഴ്സ് സെക്രട്ടറി സമിതിയെ അറിയിച്ചു.

151. ഉന്നത ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നും ഇത്തരം വീഴ്ചകൾ സംഭവിക്കുന്നത് ഏറ്റവും ദൗർഭാഗ്യകരമാണെന്ന് സമിതി അഭിപ്രായപ്പെട്ടു. ലാപ്ടോപ്പ് തിരിച്ചു നൽകിയപ്പോൾ പ്രവർത്തനക്ഷമമായിരുന്നോ എന്നും സ്റ്റോക്ക് രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ എന്നുമുള്ള സമിതിയുടെ ചോദ്യത്തിന് ലാപ്ടോപ്പ് നന്നായി പ്രവർത്തിക്കുന്നുണ്ടെന്നും സ്റ്റോക്ക് രജിസ്റ്ററിൽ എന്റർ ചെയ്തിട്ടുണ്ടെന്നും 'ഇഷ്യൂഡ് റ്റു സെക്രട്ടറി' എന്ന് രേഖപ്പെടുത്തിയിട്ടുണ്ടെന്നും മെമ്പർ സെക്രട്ടറി ഡയറക്ടറേറ്റ് ഓഫ് സ്പോർട്സ് ആന്റ് യൂത്ത് അഫയേഴ്സ് അറിയിച്ചു.

152. ഇക്കഴിഞ്ഞ ജൂലൈ മാസത്തിലാണ് താൻ വകുപ്പിന്റെ ചുമതല ഏറ്റെടുത്തതെന്നും ഇത് ഒരു ഗൗരവമായിട്ടുള്ള വിഷയമായതുകൊണ്ട് വിജിലൻസ് അന്വേഷണത്തിന് ശുപാർശ ചെയ്യാൻ പോവുകയാണെന്ന് ശ്രീ. ആനന്ദബോസിനെ അറിയിക്കുകയും തുടർന്ന് അദ്ദേഹവുമായി സംസാരിക്കുകയും ചെയ്തതിന്റെ ഫലമായാണ് ലാപ്ടോപ്പ് മടക്കി കിട്ടിയത് എന്ന് കൂടി സ്പോർട്സ് ആന്റ് യൂത്ത് അഫയേഴ്സ് സെക്രട്ടറി സമിതിയെ അറിയിച്ചു.

153. 1,32,000 രൂപയുടെ ഓഡിറ്റ് തടസ്സം ഉണ്ടെന്ന് അറിയിച്ചിട്ട് പ്രതികരിക്കാതിരുന്നതും, മനഃപ്പൂർവ്വം ലാപ്ടോപ്പ് കൈവശം വച്ചതും ഉദ്യോഗസ്ഥന്റെ ഭാഗത്തു നിന്നും വന്ന അക്ഷന്തവ്യവും ഗുരുതരവുമായ വീഴ്ചയാണെന്ന് സമിതി വിലയിരുത്തി.

154. 2007-ൽ ശ്രീ. ആനന്ദബോസ് ലാപ്ടോപ്പ് തിരിച്ചുനൽകിയിട്ടുള്ള വിവരത്തിന് കത്ത് നൽകിയിട്ടുണ്ടോയെന്നും കഴിഞ്ഞ 5 വർഷത്തിനുള്ളിൽ ഓഡിറ്റ് ഡിപ്പാർട്ടുമെന്റുമായി ബന്ധപ്പെട്ടിട്ടുണ്ടോ എന്നുമുള്ള സമിതിയുടെ ചോദ്യത്തിന് ഓഡിറ്റ് റിപ്പോർട്ട് കിട്ടിയ അന്നുതന്നെ മറുപടി അയച്ചിട്ടുണ്ട് എന്ന് മെമ്പർ സെക്രട്ടറി, ഡയറക്ടറേറ്റ് ഓഫ് സ്പോർട്സ് ആന്റ് യൂത്ത് അഫയേഴ്സ് സമിതിയെ അറിയിച്ചു.

155. ഓഡിറ്റ് ഡിപ്പാർട്ട്മെന്റ് തടസ്സം ഉന്നയിച്ച് ലാപ്പടോപ്പ് തിരികെ നൽകണമെന്ന് ആവശ്യപ്പെട്ട് 3 വർഷത്തിനുശേഷമാണ് ലാപ്ടോപ് തിരികെ ലഭ്യമാക്കിയിട്ടുള്ളത് എന്നതിൽ നിന്നും ഉദ്യോഗസ്ഥൻ മനഃപ്പൂർവ്വം വരുത്തിയ വീഴ്ചയാണെന്ന് അനുമാനിക്കാമെന്നും ഓഡിറ്റ് വകുപ്പുമായി ആശയവിനിമയം ചെയ്യാതിരിക്കുന്നത് ഗുരുതരമായ വീഴ്ചയാണെന്നും സമിതി വീണ്ടും ഓർമ്മപ്പെടുത്തി.

**നിഗമനങ്ങൾ/ശുപാർശകൾ**

156. **പൊതുഖജനാവിൽ നിന്നും പണം ചെലവഴിച്ച് 2003-ൽ വാങ്ങിയ ലാപ്ടോപ്പ് 2007 വരെ ഒരു ഉദ്യോസ്ഥൻ കൈവശം സൂക്ഷിക്കുകയും ഓഡിറ്റിൽ തടസ്സം ഉന്നയിച്ച അവസരത്തിൽ പോലും മടക്കി നൽകാതിരിക്കുകയും, നിരവധി ഓർമ്മക്കുറിപ്പുകൾ അയച്ചിട്ടും പ്രതികരിക്കാതിരിക്കുകയും ചെയ്തത് ഉചിതമായ നടപടിയല്ലെന്നും, ടി പ്രവൃത്തി ഉദ്യോഗസ്ഥന്റെ ഭാഗത്തുനിന്നും സംഭവിച്ച അക്ഷന്തവ്യമായ വീഴ്ചയാണെന്നും സമിതി വിലയിരുത്തുന്നു. ഭാവിയിൽ ഇത്തരം വിഴ്ചകൾ ഉണ്ടാകാതിരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.**

തിരുവനന്തപുരം,
ഡിസംബർ 18, 2012.

വർക്കല കഹാർ,
*അദ്ധ്യക്ഷൻ,*
*ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി.*

അനുബന്ധം

## പ്രധാനപ്പെട്ട നിഗമനങ്ങളും ശുപാർശകളും

| *ക്രമ നമ്പർ* | *ഖണ്ഡിക നമ്പർ* | *ബന്ധപ്പെട്ട സ്ഥാപനം* | *നിഗമനങ്ങൾ/ശുപാർശകൾ* |
|---|---|---|---|
| (1) | (2) | (3) | (4) |
| 1 | 7 | [സാംസ്കാരികകാര്യ (സി) വകുപ്പ്] കേരള സംസ്ഥാന സർവ്വവിജ്ഞാനകോശം ഇൻസ്റ്റിറ്റ്യൂട്ട് | കേരള സംസ്ഥാന സർവ്വവിജ്ഞാന കോശ ഇൻസ്റ്റിറ്റ്യൂട്ട് വർഷത്തിൽ ഒരു വാല്യം എന്ന പ്രഖ്യാപിത ലക്ഷ്യ ത്തോടെ സർവ്വവിജ്ഞാനകോശ ത്തിന്റെ 20 വാല്യങ്ങളുടെ പ്രസിദ്ധീക രണം പൂർത്തിയാക്കാൻ തീരുമാനിക്കു കയും 1961-ൽ അതിനുള്ള പ്രവർത്ത നങ്ങൾ ആരംഭിക്കുകയുമുണ്ടായി. എന്നാൽ, തീരുമാനിച്ചതിൽനിന്നും വ്യത്യസ്തമായി 1972-ൽ മാത്രമാണ് ഇൻസ്റ്റിറ്റ്യൂട്ടിന് സർവ്വവിജ്ഞാന കോശത്തിന്റെ ആദ്യവാല്യം പ്രസിദ്ധീക രിക്കുവാനായത്. മാത്രമല്ല, അമ്പത് വർഷം പിന്നിട്ടിട്ടും, 20 വാല്യങ്ങളുടെ പ്രസിദ്ധീകരണമെന്ന ലക്ഷ്യം പൂർത്തീകരിക്കുവാൻ സ്ഥാപനത്തിന് ഇതുവരെ കഴിഞ്ഞിട്ടില്ല. വിശ്വ സാഹിത്യ വിജ്ഞാനകോശത്തിന്റെ 10 വാല്യങ്ങളുടെ പ്രസിദ്ധീകരണമെന്ന ലക്ഷ്യമിട്ട് 1984-ൽ പ്രവർത്തനമാരംഭിച്ചു വെങ്കിലും നാളിതുവരെയായിട്ടും പ്രസ്തുത ലക്ഷ്യം കൈവരിക്കുവാനും ഇൻസ്റ്റിറ്റ്യൂട്ടിന് സാധിച്ചിട്ടില്ല എന്ന് സമിതി മനസ്സിലാക്കുന്നു. |
| 2 | 8 | ,, | സ്വന്തമായ ആസ്ഥാനമന്ദിരത്തിന്റെ അഭാവംമൂലം ഓഫീസ് കെട്ടിടങ്ങൾ നിരന്തരം മാറേണ്ടിവന്നതിന്റെ ഫല മായുണ്ടായ പ്രവർത്തനതടസ്സം, അവശ്യംവേണ്ട ജീവനക്കാരുടെ അഭാവം, വിജ്ഞാനകോശങ്ങളിൽ ഉൾക്കൊള്ളിക്കുന്ന വിവരങ്ങളുടെ |

| (1) | (2) | (3) | (4) |
|---|---|---|---|
| | | | പൂർണ്ണതയും ആധികാരികതയും ഉറപ്പ് വരുത്തുവാനാവശ്യമായ സമയം എന്നിവ യാണ് കാലതാമസത്തിന് ഇൻസ്റ്റിറ്റ്യൂട്ട് നിരത്തുന്ന പ്രധാന കാരണങ്ങൾ. കേരള സംസ്ഥാന സർവ്വവിജ്ഞാനകോശ ഇൻസ്റ്റിറ്റ്യൂട്ട് ഏറ്റെടുത്ത വിജ്ഞാന കോശങ്ങളുടെ പ്രസിദ്ധീകരണമെന്നത് അതിബൃഹത്തായ ഒരു പദ്ധതിയാണെന്ന് സമിതി മനസ്സിലാക്കുന്നു. എന്നാൽ, പ്രസ്തുത ലക്ഷ്യം കൈവരിക്കുവാൻ മതിയായ മുന്നൊരുക്കം സ്ഥാപന ത്തിന്റെ ഭാഗത്തുനിന്നുണ്ടായതായി കാണുന്നില്ല. അതിവിപുലമായൊരു കർത്തവ്യം ഏല്പിക്കപ്പെട്ട സ്ഥാപന ത്തിന് അരനൂറ്റാണ്ടായിട്ടും സ്വന്തമായി ഒരു ആസ്ഥാനമന്ദിരമോ ലക്ഷ്യ പ്രാപ്തിക്ക് പര്യാപ്തമാകുംവിധം ജീവനക്കാരെയോ നൽകുന്നതിൽ ഭരണവകുപ്പ് പരാജയപ്പെട്ടതായി സമിതി നിരീക്ഷിക്കുന്നു. വ്യക്തമായ ആസൂത്രണത്തിന്റെയും അർപ്പണബോധ ത്തിന്റെയും അഭാവവും പ്രഖ്യാപിത ലക്ഷ്യത്തിലെത്തുവാൻ വിഘാതമായ തായി സമിതി വിലയിരുത്തുന്നു. വിജ്ഞാനകുതുകികളായ ലക്ഷക്കണ ക്കിനാളുകൾക്ക് പ്രയോജനപ്രദമാകുമാ യിരുന്ന ഒരു സംരംഭം വിജയതീരത്തെ ത്തിക്കുന്നതിൽ ഭരണവകുപ്പിന്റെയും ഇൻസ്റ്റിറ്റ്യൂട്ടിന്റെയും ഭാഗത്തുനിന്നു മുണ്ടായ ഗുരുതരമായ വീഴ്ചയും അനാസ്ഥയും വിലങ്ങുതടിയായി എന്നത് സമിതി ഗൗരവത്തോടെയാണ് കാണുന്നത്. |
| 3 | 9 | [സാംസ്കാരികകാര്യ (സി) വകുപ്പ്] കേരള സംസ്ഥാന സർവ്വവിജ്ഞാനകോശം ഇൻസ്റ്റിറ്റ്യൂട്ട് | ഈ സാഹചര്യത്തിൽ, സർവ്വ വിജ്ഞാനകോശം, വിശ്വസാഹിത്യ വിജ്ഞാനകോശം എന്നിവയുടെ എത്ര വാല്യങ്ങൾ ഇതുവരെ പ്രസിദ്ധീക |

| (1) | (2) | (3) | (4) |
|---|---|---|---|
| | | | രിച്ചിട്ടുണ്ടെന്നും ഇനിയും അവശേഷിക്കുന്നവയുടെ പ്രസിദ്ധീകരണം സംബന്ധിച്ച നിലവിലെ സ്ഥിതിയെന്തെന്നും അറിയിക്കുവാൻ സമിതി ആവശ്യപ്പെടുന്നു. ഇൻസ്റ്റിറ്റ്യൂട്ട് ലക്ഷ്യമിട്ട പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുവാനാവശ്യമായ സത്വരമായ കർശനനടപടികൾ സ്വീകരിച്ച് ആയത് സംബന്ധിച്ച റിപ്പോർട്ട് നൽകുവാൻ സമിതി ശുപാർശ ചെയ്യുന്നു. കൂടാതെ, കേരള സംസ്ഥാന സർവ്വവിജ്ഞാനകോശ ഇൻസ്റ്റിറ്റ്യൂട്ടിന്റെ സുഗമമായ പ്രവർത്തനം സർക്കാർ ഉറപ്പുവരുത്തണമെന്നും ഇൻസ്റ്റിറ്റ്യൂട്ടിന് സ്വന്തമായി ആസ്ഥാന മന്ദിരം നൽകുവാനും ആവശ്യമായ ജീവനക്കാരെ നിയമിക്കുവാനും നടപടി സ്വീകരിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു. |
| 4 | 11 | [സാംസ്കാരികകാര്യ (സി) വകുപ്പ്] കേരള സംസ്ഥാന സർവ്വവിജ്ഞാനകോശം ഇൻസ്റ്റിറ്റ്യൂട്ട് | ഓഡിറ്റ് പരാമർശ വിഷയത്തിൻമേൽ സാധൂകരണം ലഭിച്ചിട്ടുണ്ടെന്ന സാംസ്കാരിക വകുപ്പിന്റെ മറുപടി പരിഗണിച്ച് പ്രസ്തുത ഓഡിറ്റ് തടസ്സം ഒഴിവാക്കാൻ സമിതി ശുപാർശ ചെയ്യുന്നു. |
| 5 | 22 | ,, | സർവ്വവിജ്ഞാനകോശ ഇൻസ്റ്റിറ്റ്യൂട്ടിലെ വിവിധ തസ്തികകളിൽ ദിവസക്കൂലി അടിസ്ഥാനത്തിൽ ജീവനക്കാരെ നിയമിച്ചതിന് നാളിതുവരെ സർക്കാരിന്റെ അംഗീകാരം ലഭിച്ചിട്ടില്ലെന്ന് സമിതി മനസ്സിലാക്കുന്നു. ദിവസക്കൂലി അടിസ്ഥാനത്തിൽ ജീവനക്കാരെ നിയമിച്ചത് ന്യായീകരിക്കാവുന്നതാണെങ്കിൽ ആയതിന് സർക്കാർ സാധൂകരണം നൽകണമെന്നും, അല്ലാത്തപക്ഷം ഇപ്രകാരമുള്ള ദിവസവേതന നിയമനം നടത്തിയ ഉദ്യോഗ |

| (1) | (2) | (3) | (4) |
|---|---|---|---|
| | | | സ്ഥ രിൽനിന്നും ഈയിനത്തിൽ നൽകിയ തുക ഈടാക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു. ഇൻസ്റ്റിറ്റ്യൂട്ടിലെ വിവിധ തസ്തികകളി ലേക്കുളള സ്പെഷ്യൽ ചട്ടങ്ങളും നാളിതുവരെ അംഗീകരിച്ചിട്ടില്ലെന്നും സമിതി മനസ്സിലാക്കുന്നു. ആയതി നാൽ, അടിയന്തിരമായി ഇൻസ്റ്റിറ്റ്യൂ ട്ടിന്റെ സുഗമമായ പ്രവർത്തനത്തിന് സ്പെഷ്യൽ റൂൾസ് അംഗീകരിക്കുന്ന തിനും ആവശ്യമായ തസ്തികകളുടെ എണ്ണം, യോഗ്യത, ശമ്പള സ്കെയിൽ എന്നിവ തിട്ടപ്പെടുത്തി ജീവനക്കാരെ നിയമിക്കുന്നതിനുംവേണ്ട നടപടി സ്വീകരിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു. |
| 6 | 26 | [സാംസ്കാരികകാര്യ (സി) വകുപ്പ്] കേരള സംസ്ഥാന സർവ്വവിജ്ഞാനകോശം ഇൻസ്റ്റിറ്റ്യൂട്ട് | സർവ്വവിജ്ഞാനകോശം ഇൻസ്റ്റി റ്റ്യൂട്ടിന് സ്വന്തമായി മന്ദിരം നിർമ്മി ക്കുന്നതിന് റവന്യൂ വകുപ്പിൽ നിന്നും പാട്ടവ്യവസ്ഥയിൽ തിരുവനന്തപുരം വികാസ് ഭവനുസമീപം അനുവദിച്ച 18 സെന്റ് ഭൂമിക്ക് സ്ഥലത്തിന്റെ മതിപ്പുവിലയുടെ 10% തുകയായ 4½ ലക്ഷം രൂപ അടയ്ക്കുകയും കെട്ടിട നിർമ്മാണത്തിന് ശിലാസ്ഥാപനം നടത്തുകയും ചെയ്തതിനു ശേഷം പ്രസ്തുത ഭൂമി റവന്യൂ വകുപ്പ് തിരിച്ചെടുത്തതായും ഇൻസ്റ്റിറ്റ്യൂട്ട് അടച്ച തുക നാളിതുവരെ തിരികെ നൽകിയിട്ടില്ലെന്നും സമിതി മനസ്സി ലാക്കുന്നു. ഇൻസ്റ്റിറ്റ്യൂട്ടിന് ഭൂമി പാട്ടവ്യവസ്ഥയിൽ അനുവദിച്ചു കൊണ്ടുള്ള ഉത്തരവ് റദ്ദു ചെയ്യുവാ നിടയായ സാഹചര്യവും, ഭൂമി തിരിച്ചെ ടുത്തിട്ടും ഇൻസ്റ്റിറ്റ്യൂട്ട് അടച്ച 4½ ലക്ഷം രൂപ തിരികെ നൽകാതിരിക്കു ന്നതിന്റെ കാരണവും അറിയിക്കുവാൻ |

| (1) | (2) | (3) | (4) |
|---|---|---|---|
| | | | സമിതി ആവശ്യപ്പെടുന്നു. ഈ വിഷയത്തിൽ റവന്യൂ വകുപ്പിന്റെ ഭാഗത്തുനിന്നും ഗുരുതരമായ വീഴ്ചയാണ് സംഭവിച്ചിരിക്കുന്നതെന്ന് സമിതി വിലയിരുത്തുന്നു. മാത്രമല്ല, പ്രസ്തുത തുക റവന്യൂ വകുപ്പിന്റെ പക്കലുണ്ടായിരുന്ന കാലയളവിലെ പലിശയ്ക്ക് ഇൻസ്റ്റിറ്റ്യൂട്ടിന് അർഹതയുണ്ടെന്നും ആയതിനാൽ, റവന്യൂ വകുപ്പിൽ ഇൻസ്റ്റിറ്റ്യൂട്ട് അടച്ച 4½ ലക്ഷം രൂപ സാധാരണ നിരക്കിലുള്ള പലിശ സഹിതം ഇൻസ്റ്റിറ്റ്യൂട്ടിന് തിരികെ നൽകണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. കൂടാതെ, പലിശയിനത്തിൽ നൽകുന്ന തുക, യഥാസമയം ഇൻസ്റ്റിറ്റ്യൂട്ടിന് തുക തിരികെ നൽകുന്നതിൽ വീഴ്ച വരുത്തിയതിന് ഉത്തരവാദികളായ റവന്യൂ വകുപ്പ് ഉദ്യോഗസ്ഥരിൽനിന്നും ഈടാക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു. ഈ വിഷയത്തിൻമേലും, ഇൻസ്റ്റിറ്റ്യൂട്ട് ഇപ്പോൾ പ്രവർത്തിച്ചുവരുന്ന കൽപ്പന ബംഗ്ലാവ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ പേരിൽ സൗജന്യമായി നൽകുന്ന കാര്യത്തിലും സർക്കാർ തലത്തിൽ സ്വീകരിച്ച നടപടികളുടെ റിപ്പോർട്ട് അടിയന്തിരമായി നൽകുവാനും സമിതി ശുപാർശ ചെയ്യുന്നു. |
| 7 | 30 | [സാംസ്കാരികകാര്യ (സി) വകുപ്പ്] കേരള സംസ്ഥാന സർവ്വവിജ്ഞാനകോശം ഇൻസ്റ്റിറ്റ്യൂട്ട് | സാംസ്കാരികകാര്യ വകുപ്പിന്റെ മറുപടിയുടെ വെളിച്ചത്തിൽ പ്രസ്തുത ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിന് സമിതി ശുപാർശ ചെയ്യുന്നു. |
| 8 | 33 | ,, | ഇൻസ്റ്റിറ്റ്യൂട്ടിന്റെ ചെലവുകൾക്കുള്ള തുക ദൈനംദിന വരവിൽ നിന്നും എടുത്തിരുന്ന നടപടി തികച്ചും ക്രമവിരുദ്ധമാണെന്ന് സമിതി വിലയിരുത്തുന്നു. സാമ്പത്തിക അച്ചടക്കത്തിന്റെ |

| (1) | (2) | (3) | (4) |
|---|---|---|---|
| | | | ഭാഗമായി ട്രഷറി നിയന്ത്രണം ഏർപ്പെടുത്തിയിരുന്ന സമയത്ത് ഇൻസ്റ്റിറ്റ്യൂട്ടിലെ ഒഴിച്ചുകൂടാൻ സാധിക്കാത്ത ചെലവുകൾക്കാണ് ദിനവരവിൽനിന്നു തുക എടുത്തിരുന്നതെന്ന് വാദിക്കുന്ന ഇൻസ്റ്റിറ്റ്യൂട്ട്, ട്രഷറി നിയന്ത്രണം ഇല്ലാത്തപ്പോഴും ഈ പ്രവണത തുടർന്നിരുന്നതായി സമിതിക്ക് ബോധ്യമാകുന്നു. ട്രഷറി കോഡിന് വിരുദ്ധമായ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഈ നടപടി അംഗീകരിക്കുവാനാകില്ല. ആയതിനാൽ, പണമിടപാടുകൾ നിലവിലുള്ള ചട്ടങ്ങളിലെ വ്യവസ്ഥകൾ അനുശാസിക്കുംപ്രകാരം തന്നെ നടത്തേണ്ടതാണെന്ന് സമിതി നിഷ്കർഷിക്കുന്നു. കൂടാതെ, ഇവ ലംഘിക്കുന്നവരുടെ പേരിൽ കർശന നടപടി സ്വീകരിക്കേണ്ടതാണെന്നും സമിതി ശുപാർശ ചെയ്യുന്നു. |
| 9 | 42 | [സാംസ്കാരികകാര്യ (സി) വകുപ്പ്] കേരള സംസ്ഥാന സർവ്വവിജ്ഞാനകോശം ഇൻസ്റ്റിറ്റ്യൂട്ട് | ഇൻസ്റ്റിറ്റ്യൂട്ട്, സർക്കാർ/അർദ്ധസർക്കാർ/ബാങ്ക് ജീവനക്കാർക്ക് പുസ്തകം തവണവ്യവസ്ഥയിൽ നൽകിയ ഇനത്തിൽ 31-1-2001 വരെ കുടിശ്ശികയായിരുന്ന 9,63,338 രൂപയിൽ 31-1-2008 വരെ 6,72,271 രൂപ പിരിച്ചെടുത്തതായി ഓഡിറ്റിന് ലഭ്യമാക്കിയ മറുപടിയിൽ വ്യക്തമാക്കുന്നു. എന്നാൽ, അവശേഷിക്കുന്ന കുടിശ്ശികയുടെ കാര്യത്തിൽ ലഭ്യമാക്കിയ മറുപടിയിൽ സൂചിപ്പിച്ചിട്ടുള്ള തുകയും (2,91,067 രൂപ) ഓഡിറ്റിന് ഹാജരാക്കിയ ഡി.സി.ബി. സ്റ്റേറ്റ്മെന്റിലെ തുകയും (2,92,546 രൂപ) തമ്മിൽ 1,479 രൂപയുടെ വ്യത്യാസമുള്ളതായും പിരിച്ചെടുത്ത തുക സംബന്ധിച്ച ഡിമാന്റ് രജിസ്റ്ററോ ഡിമാന്റ് സ്റ്റേറ്റ്മെന്റോ അനുബന്ധ രേഖകളോ പരിശോധനയ്ക്കായി ഓഡിറ്റ് വകുപ്പിന് |

| (1) | (2) | (3) | (4) |
|---|---|---|---|
| | | | ഹാജരാക്കിയിട്ടില്ല എന്നും ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ പുനഃപരിശോധനാ റിപ്പോർട്ടിൽ പരാമർശിച്ചിരിക്കുന്നു. |
| 10 | 43 | [സാംസ്കാരികകാര്യ (സി) വകുപ്പ്] കേരള സംസ്ഥാന സർവ്വവിജ്ഞാനകോശം ഇൻസ്റ്റിറ്റ്യൂട്ട് | ട്രഷറി/ബാങ്ക് എന്നിവ മുഖേന ശമ്പളം കൈപ്പറ്റുന്ന സർക്കാർ/അർദ്ധസർക്കാർ/ ബാങ്ക് ജീവനക്കാർക്ക് വ്യക്തമായ ധാരണാപത്രത്തിന്റെ അടിസ്ഥാനത്തിലാണ് തവണവ്യവസ്ഥയിൽ പുസ്തകം നല്കുന്നത് എന്നിരിക്കെ ഇക്കാര്യത്തിൽ കുടിശ്ശികയുണ്ടായതിന് യാതൊരു ന്യായീകരണവും കാണുവാൻ കഴിയില്ല. സ്ഥാപനങ്ങൾക്ക് തവണ വ്യവസ്ഥയിൽ പുസ്തകം നൽകിയതിലും സ്ഥിതി വ്യത്യസ്തമല്ല. പുസ്തകം തവണ വ്യവസ്ഥയിൽ നല്കിയശേഷം തുക പിരിച്ചെടുക്കുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നും തവണത്തുക ഈടാക്കുന്നതിൽ മതിയായ ശുഷ്കാന്തി ഉണ്ടാകാത്തതാണ് ഇത്രയും ഭീമമായ കുടിശ്ശികയ്ക്ക് ഇടയാക്കിയത് എന്ന് സമിതി നിരീക്ഷിക്കുന്നു. സാമ്പത്തിക ബുദ്ധിമുട്ട് നേരിട്ടിട്ടുപോലും കുടിശ്ശിക സമയബന്ധിതമായി പിരിച്ചെടുക്കുവാനുള്ള ആത്മാർത്ഥമായ യാതൊരു ശ്രമവും ഇൻസ്റ്റിറ്റ്യൂട്ട് നടത്താത്തതിൽ സമിതി കടുത്ത അതൃപ്തി രേഖപ്പെടുത്തുന്നു. പുസ്തകം തവണ വ്യവസ്ഥയിൽ നൽകുന്നത് സംബന്ധിച്ച ഡിമാന്റ് രജിസ്റ്റർ, ഡിമാന്റ് സ്റ്റേറ്റ്മെന്റ്, അനുബന്ധ രേഖകൾ എന്നിവ സൂക്ഷിക്കുന്നതിലും പരിശോധനയ്ക്കായി ഓഡിറ്റ് വകുപ്പിന് ഹാജരാക്കുന്നതിലും സംഭവിച്ച വീഴ്ചയേയും സമിതി ഗൗരവമായി വീക്ഷിക്കുന്നു. |

| (1) | (2) | (3) | (4) |
|---|---|---|---|
| 11 | 44 | [സാംസ്കാരികകാര്യ (സി) വകുപ്പ്] കേരള സംസ്ഥാന സർവ്വവിജ്ഞാനകോശം ഇൻസ്റ്റിറ്റ്യൂട്ട് | ആയതിനാൽ, ഇൻസ്റ്റിറ്റ്യൂട്ട്, സ്ഥാപനങ്ങൾക്കും വ്യക്തികൾക്കും തവണ വ്യവസ്ഥയിൽ പുസ്തകം നൽകിയ ഇനത്തിൽ നാളിതുവരെയുള്ള കുടിശ്ശിക സംബന്ധിച്ച വിശദവിവരങ്ങളടങ്ങിയ സ്റ്റേറ്റുമെന്റും പ്രസ്തുത കുടിശ്ശികതുക പിരിച്ചെടുക്കുവാൻ സ്വീകരിച്ച നടപടി സംബന്ധിച്ച റിപ്പോർട്ടും ലഭ്യമാക്കുവാൻ സമിതി ആവശ്യപ്പെടുന്നു. കൂടാതെ, ഭാവിയിൽ കുടിശ്ശികയുണ്ടാകാതെ തുക പിരിച്ചെടുക്കണമെന്നും ഇവ സംബന്ധിച്ച രേഖകൾ ഓഡിറ്റിന് യഥാസമയം ഹാജരാക്കണമെന്നും അക്കാര്യത്തിൽ വീഴ്ച വരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ കർശന നടപടി സ്വീകരിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു. |
| 12 | 50 | ,, | ഇൻസ്റ്റിറ്റ്യൂട്ട് റിവോൾവിംഗ് ഫണ്ടിൽ നിന്നും 2001-02-ലും (30,84,757 രൂപ) 2002-03-ലും (22,45,732 രൂപ) എടുത്ത വായ്പാതുകയുടെ നാളിതുവരെയുള്ള തിരിച്ചടവ് സംബന്ധിച്ച വിശദാംശം ലഭ്യമാക്കുവാൻ സമിതി ആവശ്യപ്പെടുന്നു. കൂടാതെ, പ്രസ്തുത തുക പൂർണ്ണമായും തിരിച്ചടയ്ക്കാത്ത പക്ഷം ആയതിനുള്ള കാരണമറിയിക്കുവാനും അവശേഷിക്കുന്ന തുക അടച്ചു തീർക്കുവാനുള്ള നടപടി സ്വീകരിക്കുവാനും സമിതി ശുപാർശ ചെയ്യുന്നു. |
| 13 | 51 | ,, | സർക്കാർ വിവിധ ആവശ്യങ്ങൾക്കായി നൽകുന്ന ഗ്രാന്റുകൾ നിർദ്ദിഷ്ട കാര്യത്തിനു വിനിയോഗിക്കാതെ വകമാറ്റി ചിലവാക്കുന്നതായി സമിതി മനസ്സിലാക്കുന്നു. ഇത് പ്രഖ്യാപിത ലക്ഷ്യം നേടുന്നതിന് വിഘാതമാകയാൽ |

| (1) | (2) | (3) | (4) |
|---|---|---|---|
| | | | ഇത്തരം പ്രവണത ആവർത്തിക്കരുതെന്നും ഏതു ലക്ഷ്യത്തിനാണോ ഗ്രാന്റുകൾ നൽകുന്നത് ആയതിനു തന്നെ വിനിയോഗിക്കുന്നു എന്ന് ഉറപ്പുവരുത്തേണ്ടതാണെന്നും സമിതി ശുപാർശ ചെയ്യുന്നു. |
| 14 | 52 | [സാംസ്കാരികകാര്യ (സി) വകുപ്പ്] കേരള സംസ്ഥാന സർവ്വവിജ്ഞാനകോശം ഇൻസ്റ്റിറ്റ്യൂട്ട് | പരസ്യക്കൂലിയിനത്തിൽ രണ്ടുപ്രാവശ്യം പണം നൽകിയതുവഴി 2,500 രൂപ നഷ്ടമുണ്ടായതു സംബന്ധിച്ചും M/S മോഡി സിറോക്സ് ലിമിറ്റഡിന് സർവ്വീസ് ചാർജ്ജിനത്തിൽ നൽകിയ 1,365 രൂപ റ്റി.പി.എ. 230-ാം നമ്പർ അക്കൗണ്ടിൽ രണ്ടുപ്രാവശ്യം ഡെബിറ്റ് ചെയ്തത് സംബന്ധിച്ചുമുള്ള രേഖകൾ/വൗച്ചറുകൾ ഓഡിറ്റ് വകുപ്പ് മുൻപാകെ ഹാജരാക്കുന്നതിനോടൊപ്പം അധികമായി നല്കിയ തുക തിരികെ ഈടാക്കുവാനാശ്യമായ നടപടി സ്വീകരിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു. |
| 15 | 53 | ,, | കേരള സ്റ്റേറ്റ് എൻസൈക്ലോപീഡിയ എസ്റ്റാബ്ലിഷ്മെന്റ് റൂൾ 11(2) പ്രകാരം, ഭരണസമിതി ഓരോ സാമ്പത്തിക വർഷവും ഇൻസ്റ്റിറ്റ്യൂട്ട് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പ്രവർത്തന പരിപാടികൾ വിലയിരുത്തി ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകേണ്ടതാണ്. കൂടാതെ, എസ്റ്റാബ്ലിഷ്മെന്റ് റൂൾ 11(3) പ്രകാരം വാർഷിക ബഡ്ജറ്റ് റൂൾ 11(3) പ്രകാരം വാർഷിക ബഡ്ജറ്റ് എസ്റ്റിമേറ്റ് അംഗീകരിച്ച് സർക്കാരിലേക്ക് അയയ്ക്കേണ്ട ചുമതലയും ഭരണസമിതിയിൽ നിക്ഷിപ്തമാണ്. എന്നാൽ പരാമർശ വിധേയമായ വർഷങ്ങളിൽ ഇക്കാര്യത്തിൽ ഭരണസമിതിക്ക് വീഴ്ച സംഭവിച്ചതായി സമിതി വിലയിരുത്തുന്നു. ഇത്തരം |

| (1) | (2) | (3) | (4) |
|---|---|---|---|
| | | | വീഴ്ചകൾ ഇൻസ്റ്റിറ്റ്യൂട്ടിന്റെ കാര്യക്ഷമ തയില്ലായ്മയെ ആണ് സൂചിപ്പിക്കുന്ന തെന്നും ഭാവിയിൽ ഇതുണ്ടാകാതെ ശ്രദ്ധിക്കേണ്ടതാണെന്നും സമിതി അഭിപ്രായപ്പെടുന്നു. |
| 16 | 54 | [സാംസ്കാരികകാര്യ (സി) വകുപ്പ്] കേരള സംസ്ഥാന സർവ്വവിജ്ഞാനകോശം ഇൻസ്റ്റിറ്റ്യൂട്ട് | ഭരണസമിതി അദ്ധ്യക്ഷനായ മുഖ്യ മന്ത്രിയുടെ അസൗകര്യത്താൽ ഭരണ സമിതിയോഗം കൃത്യമായി കൂടാൻ കഴിയാതെ വരുന്ന സാഹചര്യത്തിൽ, മുഖ്യമന്ത്രിയുടെ അനുമതിയോടെ ഉപാദ്ധ്യക്ഷന്റെയോ മറ്റ് ഉത്തരവാദപ്പെട്ട ഉന്നതാധികാരികളുടേയോ അദ്ധ്യക്ഷത യിൽ യഥാസമയം യോഗം ചേരുന്ന തിന് സർക്കാർ നടപടികൾ സ്വീകരിക്ക ണമെന്നും പ്രസ്തുത യോഗത്തിൽ കൈക്കൊള്ളുന്ന തീരുമാനങ്ങൾക്ക് പിന്നീട് അദ്ധ്യക്ഷന്റെ സാധൂകരണം നേടേണ്ടതുമാണെന്നും സമിതി ശുപാർശ ചെയ്യുന്നു. |
| 17 | 58 | ,, | വാടക വർദ്ധനവ് സംബന്ധിച്ച് ട്രിഡ യുമായി ചർച്ച ചെയ്ത് വാടക കുറയ്ക്കാൻ ശ്രമിക്കാതെ സൗകര്യ ങ്ങൾക്ക് മുൻതൂക്കം നൽകി എന്ന ഒറ്റ കാരണം കാണിച്ച്, പുസ്തകങ്ങൾ സൂക്ഷിക്കുന്നതിന് അനുയോജ്യമാണോ എന്നുപോലും പരിശോധിക്കാതെ ഏറ്റവും കൂടുതൽ തുക ക്വട്ടേഷൻ നൽകിയ വ്യക്തിയുടെ കെട്ടിടം വാടക യ്ക്കെടുത്തത് ന്യായീകരിക്കാനാവില്ല. ആയതിനാൽ, ഇൻസ്റ്റിറ്റ്യൂട്ട് പ്രവർത്തി ക്കുന്നതിന് അനുയോജ്യമാണോയെന്ന് ശരിയായി വിലയിരുത്താതെ ഉയർന്ന നിരക്കിൽ കെട്ടിടം വാടകയ്ക്കെടുത്തത് മുഖേന ഇൻസ്റ്റിറ്റ്യൂട്ടിന് സംഭവിച്ച നഷ്ടം സംബന്ധിച്ച് പരിശോധിച്ച് ഉത്തരവാദികളായ ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കി റിപ്പോർട്ട് നൽകണ മെന്ന് സമിതി ശുപാർശ ചെയ്യുന്നു. |

| (1) | (2) | (3) | (4) |
|---|---|---|---|
| 18 | 72 | [സാംസ്കാരികകാര്യ (സി) വകുപ്പ്] കേരള സംസ്ഥാന സർവ്വവിജ്ഞാനകോശം ഇൻസ്റ്റിറ്റ്യൂട്ട് | സാധനങ്ങളുടെ കയറ്റുകൂലിയായ 17,885 രൂപയുടെ ഇനം തിരിച്ചുള്ള വിവരം ലഭ്യമാക്കിയിട്ടുണ്ടെങ്കിലും ഇറക്കു കൂലിയായ 19,260 രൂപയുടെ ഇനം തിരിച്ചുള്ള വിവരങ്ങൾ ഇൻസ്റ്റിറ്റ്യൂട്ട് നാളിതുവരെ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ലാത്തതായി സമിതി മനസ്സിലാക്കുന്നു. ആയതിനാൽ, ഇറക്കുകൂലി സംബന്ധിച്ച വിശദവിവരങ്ങൾ അടിയന്തിരമായി ഓഡിറ്റിനു ഹാജരാക്കുവാൻ സമിതി ശുപാർശ ചെയ്യുന്നു. ലഭ്യമാക്കിയിട്ടുള്ള വൗച്ചറുകളും മറ്റ് അനുബന്ധ രേഖകളും വിശദമായി പരിശോധിച്ച് സ്ഥാപനത്തിന് ധനനഷ്ടമുണ്ടായിട്ടുണ്ടെങ്കിൽ ആയതിന് ഉത്തരവാദികളാരെന്ന് കണ്ടെത്തി പ്രസ്തുത ബാദ്ധ്യത ഉദ്യോഗസ്ഥരിൽനിന്നും ഈടാക്കി റിപ്പോർട്ട് നൽകണമെന്നും സമിതി ശുപാർശ ചെയ്യുന്നു. |
| 19 | 75 | ,, | ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന്റെ പരിശോധനാ വേളയിൽ ഉന്നയിക്കപ്പെടുന്ന സംശയങ്ങൾക്ക് രേഖകൾ സഹിതം കൃത്യമായ മറുപടി നൽകിയാൽ ഒഴിവാക്കാവുന്നതാണ് മിക്ക പരാമർശങ്ങളുമെന്ന് സമിതി നിരീക്ഷിക്കുന്നു. എന്നാൽ, ബന്ധപ്പെട്ട വകുപ്പുകൾ ഇക്കാര്യത്തിൽ ഗുരുതരമായ അലംഭാവമാണ് കാട്ടുന്നത്. ആയതിനാൽ, ഓഡിറ്റ് വേളയിൽ മതിയായ രേഖകൾ യഥാസമയം ഹാജരാക്കുവാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണെന്ന് സമിതി നിഷ്കർഷിക്കുന്നു. ഇവിടെ പരാമർശവിധേയമായ വിഷയത്തിലും ഓഡിറ്റ് വകുപ്പിന്റെ പരിശോധനയ്ക്ക് ആവശ്യമായ രേഖകളും മറ്റ് വിശദാംശങ്ങളും ഇൻസ്റ്റിറ്റ്യൂട്ട് യഥാസമയം |

| (1) | (2) | (3) | (4) |
|---|---|---|---|
| | | | ഓഡിറ്റിന് ഹാജരാക്കാത്തതായി സമിതി മനസ്സിലാക്കുന്നു. ഇക്കാര്യത്തിലുള്ള സമിതിയുടെ അതൃപ്തി രേഖപ്പെടുത്തുന്നതോടൊപ്പം മെ. സ്വസ്തിക കൊമേഴ്സ്യൽ കോർപ്പറേഷനുമായുള്ള കരാറിന്റെ പകർപ്പ് ഓഡിറ്റ് വകുപ്പ് മുമ്പാകെ ഹാജരാക്കാൻ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടറോട് ആവശ്യപ്പെടുന്നു. പ്രസ്തുത കരാർ പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കണമെന്ന് ഓഡിറ്റ് വകുപ്പ് ഡയറക്ടറോട് സമിതി നിർദ്ദേശിക്കുകയും ചെയ്യുന്നു. |
| 20 | 81 | [സാംസ്കാരികകാര്യ (സി) വകുപ്പ്] കേരള സംസ്ഥാന സർവ്വവിജ്ഞാനകോശം ഇൻസ്റ്റിറ്റ്യൂട്ട് | സാംസ്കാരികകാര്യ വകുപ്പ് സെക്രട്ടറിയുടെ മറുപടിയുടെയും ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ പുനഃപരിശോധനാ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് തടസ്സം ഒഴിവാക്കാൻ സമിതി ശുപാർശ ചെയ്യുന്നു. |
| 21 | 86 | ,, | ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ പുനഃപരിശോധനാ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ടി ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശുപാർശ ചെയ്യുന്നു. |
| 22 | 91 | ,, | എഡിറ്റോറിയൽ വിഭാഗം ജീവനക്കാരുടെ സ്ഥാനക്കയറ്റത്തിന് സർക്കാർ സാധൂകരണം ലഭിക്കുന്ന മുറയ്ക്ക് പരാമർശം ഒഴിവാക്കുന്നതാണെന്ന് സമിതി ശുപാർശ ചെയ്യുന്നു. |
| 23 | 96 | ,, | സ്പെഷ്യൽ അലവൻസ് കൈപ്പറ്റിയവരിൽ നിന്നും പ്രസ്തുത തുക തിരികെ ഈടാക്കിയ സാഹചര്യത്തിൽ ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിന് സമിതി ശുപാർശ ചെയ്യുന്നു. |

| (1) | (2) | (3) | (4) |
|---|---|---|---|
| 24 | 100 | [സാംസ്കാരികകാര്യ (സി) വകുപ്പ്] കേരള സംസ്ഥാന സർവ്വവിജ്ഞാനകോശം ഇൻസ്റ്റിറ്റ്യൂട്ട് | ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്റുടെ പുനഃപരിശോധന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശുപാർശ ചെയ്യുന്നു. |
| 25 | 110 | ,, | ഭരണസമിതിയാണ് സാമ്പത്തിക ബാധ്യത വരുന്ന കാര്യങ്ങൾ സംബന്ധിച്ച തീരുമാനങ്ങൾ എടുക്കേണ്ടതെന്നും വളരെ അടിയന്തിര ഘട്ടങ്ങളിൽ ഡയറക്ടർക്ക് തീരുമാനങ്ങൾ എടുക്കാൻ അധികാരമുണ്ടെങ്കിലും പ്രസ്തുത തീരുമാനങ്ങൾക്ക് ഭരണസമിതിയുടെ സാധൂകരണം എത്രയും വേഗം വാങ്ങേണ്ടതാണെന്നും സമിതി അഭിപ്രായപ്പെടുന്നു. മേൽ ഓഡിറ്റ് ഖണ്ഡികയിൽ പരാമർശ വിധേയമായതും ഇൻസ്റ്റിറ്റ്യൂട്ട് നടത്തിയതുമായ താൽക്കാലിക നിയമനങ്ങൾക്ക് ഭരണസമിതിയുടെ സാധൂകരണം വാങ്ങി റിപ്പോർട്ട് നൽകുവാൻ സമിതി ആവശ്യപ്പെടുന്നു. കൂടാതെ, സ്പെഷ്യൽ റൂൾസ് രൂപീകരിച്ച് നിയമനങ്ങൾ പി.എസ്.സി.ക്ക് മുഖേനയാക്കുന്നതിനും താൽക്കാലിക നിയമനങ്ങൾ ചട്ടപ്രകാരമുള്ള നടപടിക്രമങ്ങൾ പാലിച്ചു മാത്രം നടത്തുന്നതിനും ആവശ്യമായ അടിയന്തിര നടപടി സ്വീകരിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു. |
| 26 | 115 | ,, | പ്രസ്തുത ഓഡിറ്റ് പരാമർശങ്ങൾ ഒഴിവാക്കാൻ സമിതി ശുപാർശ ചെയ്യുന്നതോടൊപ്പം ഭരണസമിതി അദ്ധ്യക്ഷനായ മുഖ്യമന്ത്രിയുടെ അസൗകര്യത്താൽ കൃത്യമായി ഭരണസമിതി യോഗം കൂടാൻ കഴിയാതെ വരുന്ന സാഹചര്യത്തിൽ യഥാസമയം ഭരണസമിതി യോഗങ്ങൾ കൂടുന്നതിന് മുഖ്യമന്ത്രിയുടെ അനുമതിയോടെ |

| (1) | (2) | (3) | (4) |
|---|---|---|---|
| | | | ഉപാദ്ധ്യക്ഷന്റെയോ മറ്റു ഉത്തരവാദപ്പെട്ട ഉന്നതാധികാരികളുടെയോ അദ്ധ്യക്ഷതയിൽ യോഗം ചേരുന്നതിന് നടപടി സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. |
| 27 | 117 | [സാംസ്കാരികകാര്യ (സി) വകുപ്പ്] കേരള സംസ്ഥാന സർവ്വവിജ്ഞാനകോശം ഇൻസ്റ്റിറ്റ്യൂട്ട് | എസ്.ഐ.ഇ.പി. ഡയറക്ടറുടെ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശുപാർശ ചെയ്യുന്നു. |
| 28 | 120 | ,, | സമിതിയുടെ തെളിവെടുപ്പ് യോഗത്തിൽ നൽകിയ മറുപടിയുടെ വെളിച്ചത്തിൽ ഓഡിറ്റ് പരാമർശം സംബന്ധിച്ച രേഖകൾ ഒന്നുകൂടി പരിശോധിച്ച് വ്യക്തമായ മറുപടി ഓഡിറ്റിന് നൽകണമെന്ന് സെക്രട്ടറിയോടും ടി രേഖകൾ പുനഃപരിശോധിച്ച് സമിതിക്ക് റിപ്പോർട്ട് സമർപ്പിക്കുവാൻ ഓഡിറ്റ് വകുപ്പിനോടും സമിതി നിർദ്ദേശിച്ചിരുന്നു. എന്നാൽ, ഇതു സംബന്ധിച്ച യാതൊരു റിപ്പോർട്ടും നാളിതുവരെ ലഭിച്ചിട്ടില്ല. ആയതിനാൽ, കൗശിക എന്റർപ്രൈസസ് 849 രൂപാ നിരക്കിൽ വിതരണം ചെയ്യാമെന്ന് ഏറ്റിരുന്ന മൂന്നാമത്തെ സാമ്പിൾ പേപ്പറാണോ 889 രൂപാ നിരക്കിൽ ഇൻസ്റ്റിറ്റ്യൂട്ടിന് വിതരണം ചെയ്തത് എന്നത് സംബന്ധിച്ച് വ്യക്തവും ആധികാരികവുമായ മറുപടി ഓഡിറ്റ് മുമ്പാകെ പരിശോധനയ്ക്ക് ഹാജരാക്കുവാൻ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടറോടും ടി രേഖകൾ പുനഃപരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ ഓഡിറ്റ് വകുപ്പിനോടും സമിതി ശുപാർശ ചെയ്യുന്നു. |
| 29 | 122 | ,, | സർവ്വവിജ്ഞാനകോശം ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടറുടെ സേവനവേതന വ്യവസ്ഥകൾ നിർണ്ണയിച്ചുകൊണ്ടുള്ള |

| (1) | (2) | (3) | (4) |
|---|---|---|---|
| | | | സർക്കാർ ഉത്തരവിന്റെ പകർപ്പും അപ്രകാരം ഉത്തരവ് വരുന്നതിന് മുമ്പ് നൽകിയ തുകയ്ക്ക് സർക്കാരിന്റെ സാധൂകരണം ലഭിച്ചിട്ടുള്ളതിന്റെ രേഖ കളും ഓഡിറ്റ് വകുപ്പ് മുമ്പാകെ പരി ശോധനയ്ക്ക് ഹാജരാക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. ആയത് സംബന്ധിച്ച് ഓഡിറ്റ് വകുപ്പ് പരിശോ ധിച്ച് റിപ്പോർട്ട് നൽകണമെന്നും സമിതി ശുപാർശ ചെയ്യുന്നു. |
| 30 | 126 | [സാംസ്കാരികകാര്യ (സി) വകുപ്പ്] ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് | പ്രസിദ്ധീകരണങ്ങളുമായി ബന്ധപ്പെട്ട് ആദ്യകാലങ്ങളിൽ സംഭവിച്ച നഷ്ടം ആവർത്തിക്കാതെ പ്രസിദ്ധീകരണങ്ങൾ കൂടുതൽ ലാഭകരമാക്കുന്നതിനാവശ്യ മായ നടപടികൾ സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. |
| 31 | 128 | ,, | എസ്.ഐ.സി.എൽ. ഡയറക്ടറുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് തടസ്സം ഒഴിവാക്കാൻ സമിതി ശുപാർശ ചെയ്യുന്നു. |
| 32 | 131 | ,, | കുട്ടികളുടെ ഉന്നമനത്തിനും സാംസ്കാ രിക പുരോഗതിക്കും അത്യാവശ്യമുള്ള പുസ്തകങ്ങൾ ലാഭേച്ഛ കണക്കിലെടു ക്കാതെ പ്രസിദ്ധീകരിക്കുന്ന ഇൻസ്റ്റിറ്റ്യൂ ട്ടിന്റെ ഉദ്ദേശശുദ്ധി സമിതി മനസ്സിലാ ക്കുന്നു. എന്നിരുന്നാലും പുസ്തക ങ്ങൾ വില്പന നടത്തുന്നതിന് ക്രിയാ ത്മകമായ നടപടികൾ സ്വീകരിക്കേണ്ട തിന്റെ ആവശ്യകത സമിതി ചൂണ്ടിക്കാ ട്ടുന്നു. ആയതിനാൽ, ഭാവിയിൽ വിപ ണന സാധ്യതകൂടി വിശകലനം ചെയ്തശേഷം മാത്രം പുസ്തകങ്ങൾ അച്ചടിക്കുന്നതാകും ഉചിതം എന്ന് സമിതി അഭിപ്രായപ്പെടുന്നു. |
| 33 | 139 | ,, | ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടറുടെ മറുപടി യിൽനിന്നും ഇനിയും 92,460 രൂപാ മുഖവിലയുള്ള പുസ്തകങ്ങളുടെ |

| (1) | (2) | (3) | (4) |
|---|---|---|---|
| | | | കണക്ക് കണ്ടെത്തേണ്ടിയിരിക്കുന്നു എന്നാണ് വ്യക്തമാകുന്നത്. 3.16 ലക്ഷം രൂപയുടെ പുസ്തകങ്ങളുടെ നഷ്ടം സംബന്ധിച്ച വിഷയത്തിൽ സമിതിയുടെ ഇടപെടൽമൂലം മാത്രമാണ് ഇത്രയെങ്കിലും കണക്കുകൾ ശരിയാക്കുന്നതിന് ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് അധികൃതർ നടപടി സ്വീകരിച്ചതെന്ന് സമിതി വിലയിരുത്തുന്നു. പുസ്തക വില്പനയിലൂടെ ലഭിക്കുന്ന വരുമാനം ഇൻസ്റ്റിറ്റ്യൂട്ടിന്റെ തനതു വരുമാനമാണെന്നിരിക്കെ ആയത് കൃത്യമായും സൂക്ഷ്മമായും സൂക്ഷിക്കേണ്ടതും ഓഡിറ്റിനു ഹാജരാക്കേണ്ടതും ഇൻസ്റ്റിറ്റ്യൂട്ട് അധികൃതരുടെ പ്രധാന ഉത്തരവാദിത്വമാണ്. എന്നാൽ ഈ ഉത്തരവാദിത്വം നിറവേറ്റുന്നില്ല എന്നുമാത്രമല്ല വളരെ അലക്ഷ്യമായ ഒരു സമീപനമാണ് ഇക്കാര്യത്തിൽ ഇൻസ്റ്റിറ്റ്യൂട്ട് അധികൃതർ സ്വീകരിച്ചുവരുന്നത്. ഈ ദുഃസ്ഥിതി മാറ്റേണ്ടതാണെന്ന് സമിതി ആവശ്യപ്പെടുന്നു. ആയതിനാൽ, ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീകരിക്കുന്നതും വില്പന നടത്തുന്നതുമായ പുസ്തകങ്ങൾ, വില്പനയിലൂടെ ലഭിക്കുന്ന വരുമാനം എന്നിവ സംബന്ധിച്ച കണക്കുകൾ കൃത്യമായി സൂക്ഷിക്കണമെന്നും ആയത് ഓഡിറ്റിനു കൃത്യമായി ഹാജരാക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു. കൂടാതെ, 92,460 രൂപയുടെ പുസ്തകങ്ങളുടെ കണക്കും ഓഡിറ്റ് ചൂണ്ടിക്കാണിച്ചിരിക്കുന്ന 3.16 ലക്ഷം രൂപയുടെ കണക്കും അടിയന്തിരമായി ഓഡിറ്റിനെ ബോദ്ധ്യപ്പെടുത്തി റിപ്പോർട്ട് നൽകണമെന്നും സമിതി ശുപാർശ ചെയ്യുന്നു. |

| (1) | (2) | (3) | (4) |
|---|---|---|---|
| 34 | 149 | [സാംസ്കാരികകാര്യ (സി) വകുപ്പ്] സംസ്ഥാന ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് | പരാമർശവിധേയനായ സ്റ്റോർകീപ്പർ മരണപ്പെട്ടതിനാൽ ബാധ്യത ചുമത്തപ്പെട്ട അദ്ദേഹത്തിന്റെ വിധവ മുഖ്യമന്ത്രിയുടെ സുതാര്യകേരളം പരിപാടിയിൽ പരാതി നൽകി. ബാധ്യതയിൽ നിന്നും സർക്കാർ ഉത്തരവിൻ പ്രകാരം ഒഴിവായ സാഹചര്യത്തിൽ ഇതുസംബന്ധിച്ച തുടർ നടപടികൾ ഒഴിവാക്കുവാൻ സമിതി ശുപാർശ ചെയ്യുന്നു. |
| 35 | 156 | (ടൂറിസം എ വകുപ്പ്) ഡയറക്ടറേറ്റ് ഓഫ് സ്പോർട്സ് ആന്റ് യൂത്ത് അഫയേഴ്സ് | പൊതുഖജനാവിൽ നിന്നും പണം ചെലവഴിച്ച് 2003-ൽ വാങ്ങിയ ലാപ്ടോപ്പ് 2007 വരെ ഒരു ഉദ്യോസ്ഥൻ കൈവശം സൂക്ഷിക്കുകയും ഓഡിറ്റിൽ തടസ്സം ഉന്നയിച്ച അവസരത്തിൽ പോലും മടക്കി നൽകാതിരിക്കുകയും, നിരവധി ഓർമ്മക്കുറിപ്പുകൾ അയച്ചിട്ടും പ്രതികരിക്കാതിരിക്കുകയും ചെയ്തത് ഉചിതമായ നടപടിയല്ലെന്നും, ടി പ്രവൃത്തി ഉദ്യോഗസ്ഥന്റെ ഭാഗത്തുനിന്നും സംഭവിച്ച അക്ഷന്തവ്യമായ വീഴ്ചയാണെന്നും സമിതി വിലയിരുത്തുന്നു. ഭാവിയിൽ ഇത്തരം വീഴ്ചകൾ ഉണ്ടാകാതിരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. |